# ഖിലാഫത്ത് സ്മരണകൾ

V215:1:N21
32K5

NATIONAL BO
LTD
KOTVA

# ഖിലാഫത്ത് സ്മരണകൾ

# ഖിലാഫത്ത് സ്മരണകൾ

മോഴികുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്

പ്രസാധകർ:

നവകേരള കോ-ഓപ്പറേററീവ് പബ്ലിഷിംഗ്

ഹൌസ് ലിമിററഡ്,

കോഴിക്കോട്ട്

University Grants Commission

MADRAS UNIVERSITY LIBRARY
APR 2003
CHENNAI-600 005
284414
V215:1:N21
32K5

*Malayalam:*
**'Khilaphat Smaranakal'**

*Author:*
MOZHIKUNNATH BRAHMADATHAN NAMBUDIRIPAD

*Publishers & Distributors:*
THE NAVAKERALA CO-OPERATIVE PUBLISHING HOUSE, LTD.
KOZHIKODE.

*Printers:*
SAVIO PRINTING WORKS, AMALAPURI, KOHIKODE-1.

*First impression:*
JULY, 1965

*Copies:* 1000

*Price:* Rs. 4/-

MUL
284414

*Copy Right:*
MOZHIKUNNATH NARAYANAN NAMBUDIRIPAD.



ഗ്രന്ഥകർത്താ

# അവതാരിക

1921-ൽ നിസ്സഹകരണപ്രസ്ഥാനത്തിൻെറ ആരംഭകാലത്തു് മലബാറിലുണ്ടായ ലഹളയുടെ ഒരു വിവരണവും അതുസംബന്ധിച്ചു് ഗ്രന്ഥകർത്താവിന്നുണ്ടായ അനുഭവങ്ങളും ആണു് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതു്. ലഹള കഴിഞ്ഞിട്ടു് ഇപ്പോൾ 44 കൊല്ലമായി. അതിൻെറ ഓർമ്മകൾ മിക്കതും മാഞ്ഞുതുടങ്ങി. ഈ ദീർഘകാലത്തിന്നിടയിൽ മലബാർ ലഹളയെപ്പററി മൂന്നോ നാലോ പുസ്തകങ്ങൾ മാത്രമേ പുറത്തു വന്നിട്ടുള്ളൂ. ലഹളയെപ്പററി നമുക്കറിയേണ്ടതായ പല വസ്തുതകളും ഈ ഗ്രന്ഥങ്ങളിൽ നിന്നു് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു പറവാൻ വയ്യ. വസ്തുനിഷ്ഠമായി ചരിത്രസംഭവങ്ങൾ വിവരിക്കുവാൻ കഴിവുള്ളവർ തുലോം ചുരുക്കമാണു്—വസ്തുതകൾ ശരിയായി അവക്ക് അറിയാൻ കഴിഞ്ഞാൽത്തന്നെ. ഈ നിലക്കു നോക്കുമ്പോൾ ശ്രീ. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്ടു് രചിച്ചിട്ടുള്ള ഈ ഗ്രന്ഥം മലബാർലഹളയെ സംബന്ധിച്ചു് സ്വാഗതാർഹമായ ഒരു സംഭാവനയാണു് എന്നുള്ളതിന്നു് സംശയമില്ല.

ലഹളക്കു കാരണമായ സംഭവങ്ങൾ വിവരിക്കുന്നതിൽ, ഗ്രന്ഥകർത്താവ് സ്വാനുഭവത്തെയാണു് പ്രധാനമായി അടിസ്ഥാനമാക്കിയിരിക്കുന്നതു്. തനിക്കു് അറിയാത്തതോ, വിശ്വസിക്കാൻ പ്രയാസമായതോ ആയ സംഗതികൾ ഒന്നും അദ്ദേഹം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുവാൻ മുതിർന്നി

ട്ടില്ല. ശ്രീ. നമ്പൂതിരിപ്പാടിന്റെ അനുഭവങ്ങൾതന്നെ അതിഭയങ്കരവും, അസാധാരണവുമാണ്. ഒട്ടും അതിശയോക്തിയില്ലാതെ അവ അദ്ദേഹം വിവരിച്ചിട്ടുണ്ട്.

സാധാരണക്കാൎക്ക് മനസ്സിലാവുന്ന ലളിതഭാഷയിൽ എഴുതിയിട്ടുള്ള ഈ പുസ്തകത്തിന്നു് അൎഹിക്കുന്ന പ്രചാരം ലഭിക്കുമെന്നു് പ്രതീക്ഷിക്കാം. ഗ്രന്ഥകൎത്താവു് ഇപ്പോൾ ജീവിച്ചിരിപ്പില്ല; എന്നിരിക്കിലും അദ്ദേഹം എഴുതിവെച്ച ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്താനൊരുങ്ങിയ അദ്ദേഹത്തിന്റെ പുത്രൻ ശ്രീ. എം. ബി. നീലകണ്ഠനെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു.

മാതൃഭൂമി ആപ്പീസ്,
കോഴിക്കോട്ട്.
24—1—1965.

കെ. പി. കേശവമേനോൻ.

# കുറിപ്പ്

1921-ൽ മലബാറിൽ നടന്ന രാഷ്ട്രീയപ്രക്ഷോഭം ഒരു കലാപത്തിൽ എത്തിച്ചേൎന്നതിൻേറയും, അതിൽ ഞാനനുഭവിച്ച പോലീസ്മൎദ്ദനത്തിൻേറയും ഒരു അവലോകനമാണ് ഈ പുസ്തകത്തിൽ ചേൎത്തിരിക്കുന്നതു്. മേൽപ്പറഞ്ഞ കലാപത്തിൻെറ ചരിത്രം പ്രസിദ്ധീകരിക്കുന്ന കാൎയ്യം എൻെറ പല മാന്യസുഹൃത്തുക്കളോടും ഞാൻ ആലോചന നടത്തുകയുണ്ടായി. ഈ ദുരന്തസംഭവത്തിൻെറ യഥാൎത്ഥചരിത്രം വിശദമായി മനസ്സിലാക്കുവാൻ പലൎക്കും വലിയ ഉൽക്കണ്ഠയുണ്ടു്—പ്രത്യേകിച്ചു് അനുഭവസ്ഥന്മാരല്ലാത്തവൎക്കു്. അവരുടെ പ്രോത്സാഹനം എനിക്കു് പരിപൂൎണ്ണമായി ലഭിച്ചിട്ടുണ്ടു്. അവൎക്കിപ്പോൾ അതൊരു യക്ഷികഥ മാത്രമാണു്.

എന്നാൽ ഈ അനിഷ്ടസംഭവം ജനങ്ങളുടെ മുമ്പിൽ വീണ്ടും കൊണ്ടുവരുന്നതിൽ വിസമ്മതം പ്രകടിപ്പിക്കുന്നവരുമുണ്ടു്. ഇതിലേക്കു് ഒന്നു് എത്തിനോക്കുന്നതു് സാമുദായികസൌഹാൎദ്ദത്തെ പ്രതികൂലമായി ബാധിക്കുമെന്നാണു് അവരുടെ ആശങ്ക. ഇതൊരു സാമുദായികലഹളയാണെന്നുള്ള ബോധമാണു് ഈ ധൎമ്മഭീരുത്വത്തിന്നുള്ള കാരണം.

ഏറനാട്ടു് പല സാമുദായിക ലഹളകളും നടന്ന ദിക്കാണു്. അതുപോലുള്ള ഒരു ലഹളയല്ല ഇതു് എന്നും ഇതൊരു രാഷ്ട്രീയവിപ്ലവമാണെന്നും ബ്രിട്ടീഷ്ഗവൎമ്മേണ്ടുകൂടി അഭിപ്രായപ്പെട്ടതാണു്. ആ നിലക്കാണു് അവർ അതിനെ

കൈകാര്യംചെയ്യുതും, അടിച്ചമർത്തിയതും. നാട്ടുകാർ തമ്മിൽ നടന്ന ലഹളകളിൽ കാണിച്ച ഉപേക്ഷയല്ല അവർ ഇവിടെ കാണിച്ചതു്. അഭ്യന്തരവിപ്ലവക്കാരോടു് കാണിക്കുന്ന ഒരു ഈർഷ്യയാണു് അവർ ഇവിടെ പ്രകടിപ്പിച്ചതു്. ഫിററ്ലരുടെ സ്വേച്ഛാധിപത്യഭരണകാലത്തു് നാസിഭടന്മാർ രാഷ്ട്രീയത്തടവുകാരോടു കാണിച്ച കൊടുംക്രൂരതകളാണു് അവർ ഇവിടെ പ്രകടിപ്പിച്ചതു്. സ്വാതന്ത്ര്യസമരത്തെ തവിടുപൊടിയാക്കാനാണു് അവർ ഈ അവസരം ഉപയോഗപ്പെടുത്തിയതു്.

സാമുദായികവഴക്കുകളല്ല ഈ ലഹളയുടെ മൂലകാരണം. രാഷ്ട്രീയ മർദ്ദനത്തിൽ നിന്നാണു് ഇതിൻെറ ഉത്ഭവം. പോലീസ് മർദ്ദനമാണു് ഈ മാരണത്തിനു് കാരണം. ഈ ലഹള സ്വാതന്ത്ര്യസമരത്തിൻെറ ഒരു ഭാഗം മാത്രമാണു്. പോലീസാക്രമത്തിൻെറ ദൂഷിച്ചഫലമായി. സ്വാതന്ത്ര്യസമരം മുറുകിയ ഘട്ടത്തിൽ അതിലെ ഒരു വിഭാഗം ജനങ്ങൾ അച്ചടക്കം ഉപേക്ഷിച്ചു കൈവിട്ടുപോയതാണു് ഈ അനിഷ്ടസംഭവം അവർ കൈവിട്ടുപോയതിൻെറ ഫലമായി മററുള്ളവർക്കും അരക്ഷിതാവസ്ഥ നേരിട്ടു. അവരും പോലീസ്മർദ്ദനത്തിന്നു പാത്രമായി

ഈ ചരിത്രസംഭവം രേഖപ്പെടുത്താതിരിക്കുന്നതാണു് അനർത്ഥമായിത്തീരുന്നതു്. രേഖപ്പെടുത്തുവാൻ വിസമ്മതിക്കുന്നവർ ഈ അനിഷ്ടസംഭവത്തെ മാച്ചുകളയുവാനും, മറക്കുവാനുമാണു് ആഗ്രഹിക്കുന്നതു്. അതു് എളുപ്പത്തിൽ സാധിക്കുന്ന കാര്യമല്ല. പൊതുജനസ്മരണ ഹ്രസ്വമാണെന്നുള്ളതു് വാസ്തവംതന്നെ. എന്നിരുന്നാലും ഈ ലഹളകൾ കാരണം ആയിരക്കണക്കിലാളുകൾക്കു ജീവാപായം നേരിട്ടിട്ടുള്ളതുകൊണ്ടു് അവരുടെ സന്താനപരമ്പരകളുടെ മനസ്സിൽനിന്നു് ഇതിന്റെ വ്രണം കാലാകാലം മാഞ്ഞുപോകുന്ന

തല്ല എന്നുമാത്രമല്ല അന്യോന്യം തെററിദ്ധാരണകൾ ഉണ്ടാകത്തക്കവണ്ണം ചില ചരിത്രരേഖകൾ രേഖപ്പെടുത്തിവെച്ചിട്ടും ഉണ്ട്. സമരം ത്രികോണമത്സരത്തിൽ ചെന്നുചാടി നാട്ടിൽ നടന്ന ക്രൂരകൃത്യങ്ങളുടേയും, ഹിംസകളുടേയും ഫലമായി പല കെട്ടുകഥകളും തെററിദ്ധാരണകളും ഇന്നും പ്രചരിച്ചുവരുന്നുണ്ട്, ആ സ്ഥിതിക്ക് അതിന്റെ ഒരു യഥാർത്ഥചിത്രം വരച്ച് കാണിക്കേണ്ടതു് അനുഭവസ്ഥനായ എന്റെ കടമയാണെന്നു് പല സുഹൃത്തുക്കളും എന്നോടു് അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ എന്റെ ഒരു ചിരകാലാഭിലാഷവും കൂടിയാണു് ഇതു്. അതിന്നു അവസരം ഇതുവരെ കിട്ടിയില്ലെന്നുമാത്രം. ഇതിന്നു വേണ്ട വിവരങ്ങൾ ഞാൻ അന്വേഷിച്ചുവരികയായിരുന്നു. അടുത്തകാലത്തുമാത്രമാണു് അധികൃതമായ ചില രേഖകൾ എനിക്കു പരിശോധിക്കുവാൻ സാധിച്ചതു്.

ഒടുവിൽ ചേർത്ത "എന്റെ അനുഭവങ്ങൾ" മുപ്പത്തിനാലുകൊല്ലംമുമ്പു് "ഉണ്ണിനമ്പൂതിരി" പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതാണു്. അതു അന്നുതന്നെ ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തണമെന്നു് എന്റെ മാന്യസ്നേഹിതന്മാർ എന്നെ ഉപദേശിക്കുകയുണ്ടായി. എന്നാൽ അതിന്റെ പിന്നിലുള്ള സംഭവത്തിന്റെ ചരിത്രത്തോടനുബന്ധിച്ചു് അതൊരു പുസ്തകമാക്കണമെന്നാണു് എനിക്കു് ഉദ്ദേശമുണ്ടായിരുന്നതു്.

ഒരു മുസ്ലിമിനേക്കാൾ കൂടുതൽ പോലീസ്മർദ്ദനമനുഭവിച്ച ഒരു ഹിന്ദുവാണു് ഞാൻ എന്നു് "എന്റെ അനുഭവങ്ങളിൽ"നിന്നു് മനസ്സിലാകുന്നതാണു്. എന്റെ ആയുസ്സ് ശേഷിച്ചതുതന്നെ ആശ്ചര്യകരമായ ഒരു സംഭവമാണു്. അവരോടൊപ്പം കഷ്ടപ്പാടുകൾ സ്നേഹപൂർവ്വം അനുഭവിച്ച

ഞാൻ ആ സംഭവങ്ങൾ വിവരിക്കുമ്പോൾ അതിൽ സമുദായസ്പർദ്ധ ബാധിക്കുകയില്ല എന്നു് എനിക്കു് ഉറപ്പുണ്ടു്. ഒരുമിച്ചു് കഷ്ടപ്പെട്ടവർ തമ്മിൽ അന്യോന്യം സൌഹൃദം ഉണ്ടായിരിക്കുന്നതു് സ്വാഭാവികമാണു്. ആ സൌഹൃദത്തെ മുൻനിർത്തിക്കൊണ്ടാണു് ഞാൻ ഇതിൽ കൈവെക്കുന്നതു്.

മനോരമ, പട്ടാമ്പി,
4—5—1964

ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടു്.

# ഉള്ളടക്കം


പേജ്

ആമുഖം

ഖിലാഫത്ത് വിപ്ലവം 1

തൃശ്ശൂർ ലഹള 5

വിപ്ലവസന്നാഹം 12

പോലീസ് മർദ്ദനം 17

അടിയന്തരാവസ്ഥ എത്തിച്ചേർന്നു 21

പട്ടാളസന്നാഹം 27

ശ്രീ. കെ. മാധവൻനായക്കും മററും കോഴിക്കോട്ട് പൊതുജനസ്വീകരണം 38

പടപുറപ്പാട് 40

വിധ്വംസകമായ വിപ്ലവം 43

ത്രികോണമത്സരം 57

ലഹളയും അഖിലേന്ത്യാ കോൺഗ്രസ്സും 65

നാവികസേന കോഴിക്കോട്ട് 71

സ്സിശ്ധമസൃണമായ കൂടിക്കാഴ്ച 75

ആലിമുസലിയാരുടെ അറസ്റ്റ് 80

എൻെറ അനുഭവങ്ങൾ 86

വിവാഹാലോചന 91

ചെപ്പുളശ്ശേരിയിലെ ദേശവഴക്ക് 98

എന്നെ കുടുക്കുവാനുള്ള ഗൂഢാലോചന 103
അറസ്റ്റ് 113
ത്രികോണമത്സരം (തുടർച്ച) 163
സ്വന്തം അനുഭവങ്ങൾ വീണ്ടും 169
ഭ്രഷ്ട് 206
അമ്മയുടെ മരണം 221
അമ്മയുടെ മരണശേഷം 227
കാലം തെളിഞ്ഞുതുടങ്ങി 233
പിൻകുറിപ്പ് 236

# ആമുഖം

1921-ൽ മലബാറിൽ നടന്ന സമരത്തെ മാപ്പിള ലഹളയെന്നോ, മലബാർ ലഹളയെന്നോ പറയുന്നതു് ശരിയല്ല. "മാപ്പിളവിപ്ലവം" അഥവാ "ഖിലാഫത്തു വിപ്ലവം" എന്നു പറഞ്ഞാൽ അതു ഏറെക്കുറെ ശരിയായിരിക്കും. ഒരു ലഹളയല്ല ഇവിടെ നടന്നതു്; ഒരു അഭ്യന്തരവിപ്ലവമാണു്. ഖിലാഫത്തു പ്രക്ഷോഭം പ്രബലമായി നടത്തിക്കൊണ്ടിരുന്ന ഒരു അടിയന്തിരഘട്ടത്തിൽ, പ്രവൎത്തകന്മാരുടെ നേൎക്കു് ബ്രിട്ടീഷ് പട്ടാളം കയ്യേററത്തിന്നു് ഒരുങ്ങിവന്നപ്പോൾ അവരുടെ നേൎക്കു് അററകയ്യിന്നു് ആത്മരക്ഷക്കു് ഒരു ബലപരീക്ഷ പ്രയോഗിച്ചുനോക്കിയതാണു്. "അള ഇളക്കിയാൽ ചേരയും കൊത്തും." അടിയന്തിരഘട്ടം ഉണ്ടാക്കിയതു് പോലീസ് മൎദ്ദനമാണു്. മൎദ്ദനം കൊണ്ടു് പൊറുതി മുട്ടിയപ്പോൾ അതിൽ നിന്നു് രക്ഷപ്പെടുവാൻ അവർ ആഗ്രഹിച്ചു; അതോടൊപ്പം അവൎക്കനുകൂലമായ ഒരു ഭരണം ഏൎപ്പെടുത്തുവാനും. അതവരുടെ പരമ്പരാഗതമായ ഒരു ചിരാഭിലാഷമാണുതാനും.

ഇത്തരത്തിലൊരു ഘോരമായ അടിയന്തിരാവസ്ഥ ബ്രിട്ടീഷ് ഭരണകാലത്തു ഇതിന്നു മുമ്പും തിരൂരങ്ങാടിയിൽ സംഭവിച്ചിട്ടുണ്ടു്. അതിൻെറ കലാശം മമ്പ്രത്തുതങ്ങളെ മക്കത്തേക്കു് നാടുകടത്തലും അതിൻെറ ഫലമായി മലബാർ കലക്ടറർ കനോലിയെ വെട്ടിക്കൊല്ലലുമായിരുന്നു്.

ഇത്രയും വിപുലമായ ഒരു ബഹുജന പ്രക്ഷോഭത്തിൻെറ പശ്ചാത്തലമില്ലാതിരുന്നതുകൊണ്ടു്, അന്നു് അതൊരു വിധ്വംസകമായ ലഹളയിൽ കലാശിച്ചില്ലെങ്കിലും, മർദ്ദന നിയമങ്ങൾ നടപ്പാക്കുകയും വളരെ പേരെ ശിക്ഷിക്കുകയും ഉണ്ടായി. ആ നിയമങ്ങൾ പിൻവലിച്ചതു് മദ്രാസ് സംസ്ഥാനത്തിൽ കോൺഗ്രസ്സു് മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷമാണു്. മേൽപ്പറഞ്ഞ മർദ്ദനനിയമങ്ങൾ അടിസ്ഥാനപ്പെടുത്തിയാണു് ആലിമുസലിയാരെയും, കൂട്ടുകാരെയും പിടിക്കുവാനും, ആയുധം വെപ്പിക്കുവാനും ഇത്തവണയും പോലീസ് ഒരുങ്ങിപ്പുറപ്പെട്ടതു്.

ഏറനാടിൻെറ പടിഞ്ഞാറുഭാഗത്തു് തിരൂരങ്ങാടിയിൽ കൊളുത്തിയ തീ കിഴക്കു പ്രദേശത്തു് പന്തലൂർ മലയിലും പരിസരങ്ങളിലുമാണു് പരന്നു പിടിച്ചതു്. ആ സ്ഥലത്തിന്നു് "മതഭ്രാന്തൻ" പ്രദേശം എന്നാണു് ബ്രിട്ടീഷുകാർ പണ്ടേ പേർകൊടുത്തിരിക്കുന്നതു്. അവിടങ്ങളിൽ ഭയങ്കരമായ പല ലഹളകളും 19-ാം നൂറ്റാണ്ടിൻെറ പൂർവ്വാർദ്ധത്തിൻെറ അവസാനത്തിൽ നടന്നിട്ടുണ്ടു്. അവിടെ കരം പിരിവിന്നു് മാത്രമാണു് ബ്രിട്ടീഷ് ഭരണം നടപ്പിലുണ്ടായിരുന്നതു്. ബാക്കിയെല്ലാം മാപ്പിളമാരുടെ അധീനത്തിലായിരുന്നു.

മലബാറിലെ ഖിലാഫത്ത് പ്രസ്ഥാനത്തിൽ ഏറനാട്ടിലെ മാപ്പിളമാർ സജീവമായി പങ്കെടുത്തു. അവരുടെ അത്യുത്സാഹം അധൃഷ്യമായിരുന്നു. അവരുടെ ശൌര്യം ശത്രുക്കളും പ്രശംസിക്കപ്പെട്ടു. ആലിമുസലിയാരെയാണു് അതിൻെറ നേതാവായി അവരോധിച്ചതു്. കാരണം മമ്പ്രത്തുപള്ളിയാണു് മലബാർ മാപ്പിളമാരുടെ സാമൂഹ്യകേന്ദ്രം. അതിൻെറ അധിപതി മമ്പ്രത്തു് തറമൽതങ്ങളാണു്.

തങ്ങൾ ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ നേതൃത്വം സ്വീകരിപ്പാൻ തികച്ചും തയ്യാറായില്ല. ബ്രിട്ടീഷ് ഗവൺമെണ്ടിനെ എതിർത്തതിൽ തൻെറ പൂർവ്വികന്മാർക്കുളവായ അനുഭവം തങ്ങൾക്ക് ഓർമ്മയുണ്ട്. താമൽ തങ്ങൾ രണ്ടുതോണിയിലും കാലിട്ടുനിന്നതേയുള്ളു. തങ്ങളെ കഴിച്ചാൽ പള്ളിയിലെ പിന്നത്തെ പ്രധാനി ആലിമുസലിയാരാണ്. ആലിമുസലിയാർക്ക് രാഷ്ട്രീയമായി യാതൊരു പൂർവ്വചരിത്രവുമില്ല. എന്നാൽ മുസലിയാർ ഒരു മാതൃകാപുരോഹിതനും മതപണ്ഡിതനുമാണ്.

പെരുമാററത്തിൽ അദ്ദേഹം ഒരു മയം ചേർന്നമട്ടുകാരനാണ്. ആലിമുസലിയാർ മമ്പ്രത്തു് പള്ളിയിലെ പ്രധാനദ്ധ്യാപകനുമാണ്. അദ്ദേഹത്തിനു് അനേകം ശിഷ്യന്മാരുണ്ട്. അവർക്കെല്ലാം അചഞ്ചലമായ ഗുരുഭക്തിയും ഉണ്ട്. രാഷ്ട്രീയബോധം കുറവായിരുന്നു. മതവികാരമായിരുന്നു കവിഞ്ഞുനിന്നിരുന്നതു്. അവർ അഹിംസ ഒരു വ്രതമായി അനുഷ്ഠിച്ചിരുന്നില്ല അക്രമത്തിൻെറ നേർക്ക്, തെമ്മാടിത്തത്തിൻെറ നേർക്ക്, ബലപ്രയോഗം അവർക്ക് അവിഹിതമായിരുന്നില്ല.

പോലീസ്സിൻെറ തെമ്മാടിത്തത്തിന്നു് അവർ തക്ക പ്രതിഫലം കൊടുത്തു തുടങ്ങി. ഇതൊരു ലഹളയിൽ എത്തിച്ചേർന്നു. രാജേന്ദ്രബാബുജി പറയുന്നതു നോക്കുക.:—

"1921-ൽ ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിലുള്ള ബന്ധം എത്രയും ഹാർദ്ദമായിരുന്നു. അക്കൊല്ലത്തെ ബക്രീദിനു് മുസൽമാൻമാർ സ്വന്തം മനസ്സാലെ പല സ്ഥലങ്ങളിലും പശുബലി നിർത്തി. ഖിലാഫത്ത് പ്രക്ഷോഭത്തിൽ ഹിന്ദുക്കളുടെ സഹകരണം ഹിന്ദുമുസ്ലീം ഐക്യത്തെ ദൃഢപ്പെടുത്തിയതായിത്തോന്നി. എങ്കിലും ആ ബന്ധത്തെ ക്ഷതപ്പെടു

ത്തുന്ന ചില സംഭവങ്ങൾ ഉണ്ടായി ഖിലാഫത്ത് പ്രക്ഷോഭണം മലബാർ ജില്ലയിൽ എത്രയും സുശക്തമായിരുന്നു. മലബാറിലെ ജനസംഖ്യയിൽ വലിയൊരുഭാഗം മുസൽമാൻമാരാണ്. മാപ്പിളമാരെന്നാണ് അവരെ വിളിക്കുന്നത്. അവിടെയും ഹിന്ദുക്കൾ മററു പ്രദേശത്തെപ്പോലെ ഖിലാഫത്തിൽ ചേർന്നു. അഹിംസാപാഠം മററു പ്രദേശങ്ങളിലുള്ളത്ര അവർ പഠിച്ചില്ല. പ്രക്ഷോഭണം അക്രമത്തിലേക്ക് കടന്നു.''

(വിഭക്തഭാരതം—പുറം 207)

1921 ആഗസ്റ്റ് 20-ാംനു വെളുപ്പാൻ കാലത്ത് പട്ടാള സന്നാഹത്തോടുകൂടി ജില്ലാധിപന്മാർ, തിരൂരങ്ങാടിയിൽ എത്തിച്ചേർന്നു. ആലിമുസലിയാരെയും, അദ്ദേഹത്തിൻെറ ശിഷ്യന്മാരായ 8 പേരേയും അറസ്റ്റു ചെയ്യുവാനായിരുന്നു ഈ പടയൊരുക്കം. സൂര്യോദയത്തോടുകൂടി അവർ ഭവന പരിശോധന ആരംഭിച്ചു. മമ്പ്രത്ത് കിഴക്കേപള്ളി പട്ടാളം വളഞ്ഞു. അവിടെയും പരിശോധന നടത്തി. ആലിമുസലിയാരുടെ സ്ഥിരതാമസം അവിടെയാണ്. ഈ പട്ടാളനടപടികൾ ആരംഭിച്ചപ്പോൾ അവിടെയുള്ള ജനങ്ങൾ ക്ഷോഭിച്ചു. മമ്പ്രത്തുപള്ളി പട്ടാളം വെടിവെച്ചു വീഴ്ത്തിയെന്നൊരു കിംവദന്തി നാടെല്ലാം പരത്തി. കേട്ടവർ കേട്ടവർ മമ്പ്രത്തേക്ക് കുതിച്ചുകയറിച്ചെന്നു. അവിടെ ആയിരക്കണക്കിൽ ജനങ്ങൾ തടിച്ചുകൂടി. നിയന്ത്രണാതീതമായപ്പോൾ പട്ടാളം വെടിവെപ്പുനടത്തി. അതോടെ നാടൊട്ടുക്ക് ലഹളയാരംഭിച്ചു.

രാഷ്ട്രീയോദ്ദേശം മുൻനിർത്തി മതത്തിൻെറ നേക്ക്, മമ്പ്രത്ത് പള്ളിയുടെമേൽ, കയ്യേററം നടത്തിയതിനാലാണ് ജനങ്ങൾ ക്ഷോഭിച്ച് ഇളകിവശായത്. അറേബിയയിൽ തുർക്കിസുൽത്താൻെറ കീഴിലുണ്ടായിരുന്ന മുസ്ലിം പുണ്യസ്ഥലങ്ങളുടെനേക്ക് ബ്രിട്ടീഷ് ഗവമെൻെറ് കയ്യേററം

നടത്തിയതാണ് ഖിലാഫത്ത് പ്രക്ഷോഭത്തിന്നു മൂല കാരണം.

സാമുദായിക വഴക്കുകളാണ്, കാർഷിക കുടിയാൻ വഴക്കുകളാണ് ഈ ലഹളയുടെ ഉൽഭവമെന്നു് ചിലർ തെററിദ്ധരിക്കുന്നുണ്ട്. അതെല്ലാം അടിസ്ഥാനരഹിതമാണ്. അത്തരത്തിലുള്ള നാടൻ ലഹളകളിൽ യൂറോപ്യൻമാർക്ക് അരക്ഷിതാവസ്ഥ ഉണ്ടായിരുന്നില്ല. ഇവിടെ ഉണ്ടായ മാതിരിയിൽ അവർക്ക് അപായം നേരിട്ടത് 1857–ലെ പട്ടാള ലഹളയിൽ മാത്രമാണ്. ഭരണാധികാരികളുടെ അക്രമമായ കയ്യേററത്തിൻെറ നേർക്ക് സുസംഘടിതമായ ഒരു വമ്പിച്ച ബലപ്രയോഗമാണിവിടെ നടന്നതു്. പക്ഷേ ഒരു മതവിഷയം മുൻനിർത്തി ചെയ്തതായതുകൊണ്ട്, അത് ഒരു ത്രികോണമത്സരത്തിൽ എത്തിച്ചേർന്നതാണ് നാടിന്നു് തീരാത്ത അനർത്ഥം വരുത്തിവെച്ചത്.

അക്കാലത്തു ദേശീയ പ്രക്ഷോഭവും കുടിയാൻ പ്രക്ഷോഭവും ഒരേ നുകത്തിൽ കൂട്ടിക്കെട്ടികൊണ്ടാണ് മുന്നോട്ടുകുതിച്ചിരുന്നതു്. രണ്ടിനും തുല്യപ്രാധാന്യമുണ്ടായിരുന്നു. രണ്ടും കൂടിചേർന്ന ഒരു പ്രക്ഷുബ്ധവേളയിലാണ് ഇവിടെ ലഹള നടന്നതു്. അപ്പോൾ അതിനുള്ള കാരണം വിവാദവിഷയമാകുവാൻ വഴിയുണ്ട്.

എങ്കിലും പരമാർത്ഥം ഒരു പരമാർത്ഥം തന്നെയാണ്. ഒരു തീവ്രമായ വിമോചനസമരം ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുമ്പോൾ അതിലെ വീരഭടന്മാരുടെ മതവികാരം ഇളക്കിവിട്ടതാണ് ലഹളക്കുള്ള കാരണം എന്ന വാസ്തവം പകൽവെളിച്ചം പോലെ വ്യക്തമാണ്.

1857ലെ പട്ടാളലഹള കഴിച്ചാൽ 1921–ൽ ഏറനാട്ടിലുണ്ടായ ലഹള ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിൽ

നടന്ന ലഹളകളിൽ ഏററവും പ്രധാന്യമായ ഒന്നാണ്. ആൾനാശം, അത്ഥനാശം, ലഹളയുടെ സ്വഭാവം, കാലദൈർഘ്യം, സ്ഥലവ്യാപ്തി ഇവയെല്ലാംകൊണ്ടും ഈ ലഹള അപ്രധാനമായ ഒന്നല്ല. മലബാറിൽ ഈ ലഹള ഒരു യുഗമാററം തന്നെ വരുത്തിവെച്ചിട്ടുണ്ട്. "ഖിലാഫത്ത്കാലം" എന്നാണതിനെ നാടൻഭാഷയിൽ പറയുക. ഓരോ വിശേഷസംഭവത്തെപ്പററി കാലം കുറിച്ചു സംസാരിക്കുമ്പോൾ, ഖിലാഫത്തിന്നുമുമ്പ്, അതിന്നുശേഷം എന്നൊക്കെയാണ് ജനങ്ങളുടെ സംസാരരീതി.

ഈ ലഹളയുടെ ഫലമായി ഇന്ത്യയുടെ ചരിത്രം തന്നെ മാററി എഴുതപ്പെട്ടു. അതു് ഭാരതഭൂമിയെ രണ്ടാക്കി ഭാഗിക്കുവാൻ ഇടവരുത്തിയെന്നു് അനന്തരസംഭവങ്ങളെ കണക്കിലെടുത്തു് രാജൻ ബാബു അദ്ദേഹത്തിൻെറ "വിഭക്തഭാരത"ത്തിൽ വ്യക്തമായി സമത്ഥിച്ചിരിക്കുന്നു. അതു് വഴിയെ ഇതിൽ ഉദ്ധരിക്കുന്നുണ്ടു്.

സുമാർ നാലുമാസത്തിലധികം നീണ്ടുനിന്ന ഒരഭ്യന്തരയുദ്ധമാണിതു്. രണ്ടു ഖജാനകൾ കൊള്ളയടിച്ചു; അനവധി പോലീസുസ്റ്റേഷനുകൾ കയ്യേറി; ആയുധങ്ങൾ കൈവശപ്പെടുത്തി; നാലു് മുൻസീഫ് കോടതികളിലേയും, ഒട്ടുറെ റജിസ്ത്രാഫീസുകളിലേയും റിക്കാർഡുകൾ ചുട്ടുകരിച്ചു. പാലങ്ങൾ പൊളിച്ചുതള്ളിയും, നടക്കാവുവൃക്ഷങ്ങൾ മുറിച്ചും റയിലുകൾ നീക്കം ചെയ്തും അനേകം നാഴിക ഗതാഗതമാഗ്ഗങ്ങൾ തടസ്ഥപ്പെടുത്തി. കമ്പിത്തപാൽ മുറിച്ചു. തപാൽ സ്തംഭിപ്പിച്ചു. പലതവണ പട്ടാളക്യാമ്പുകൾ അക്രമിക്കപ്പെട്ടു. നിരവധി പട്ടാളക്കാരേയും ഒരു ഡസൻ യൂറോപ്യന്മാരേയും കൊന്നൊടുക്കി.

നൂറുകണക്കിന്നു് നാട്ടുകാരെ ലഹളക്കാർ കൊന്നൊ

ട്ടക്കി. ആയിരക്കണക്കിന്നു് ലഹളക്കാരെ പട്ടാളക്കാർ വെടിവെച്ചുകൊന്നു. നാലുമാസക്കാലം തികച്ചും പട്ടാളക്കാരും പോലീസുകാരും നാട്ടുകാരെ കാട്ടുമൃഗങ്ങളെപ്പോലെ വേട്ടനടത്തി.

ആറുമാസത്തിലധികകാലം പട്ടാളക്കോടതി ഇവിടെ നടന്നു. നൂറുകണക്കിന്നു് വധശിക്ഷകൾ നടത്തി. ഹിന്ദുക്കളടക്കം പതിനായിരക്കണക്കിന്നു് ആളുകളെ കഠിനമായി ശിക്ഷിച്ചു. ശിക്ഷകൾ അധികവും പത്തുകൊല്ലത്തിന്നു് മീതെയുള്ളതാണു്. ഞാൻ കിടന്നിരുന്ന ബല്ലാറികാമ്പു് ജെയിലിൽ എന്റെ നമ്പർ 6061 ആയിരുന്നു. എന്റെ ശിക്ഷ ജീവപര്യന്തമായിരുന്നു. ഈ ലഹളയുടെ ചരിത്രം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു ഇരുളടഞ്ഞ അദ്ധ്യായമാണു്. അതിനെ വിസ്മരിക്കുന്നതു് ഒരിക്കലും വിഹിതമല്ല.

ഒന്നു്

# ഖിലാഫത്ത് വിപ്ലവം

1921-ന്റെ തുടക്കത്തോട്ടുകൂടി ഏറനാട്ടിൽ ഒരു മാപ്പിള വളണ്ടിയർകോർ സംഘടിപ്പിച്ചു. വിമുക്തഭടന്മാരായിരുന്നു അതിലെ അധികഭാഗവും. അവരുടെ നേതൃത്വത്തിലായിരുന്നു അതിൻെറ സംവിധാനം. മേൽപ്പറഞ്ഞ വളണ്ടിയർ സംഘടനയ്ക്കു് ഒരു കാലാൾപ്പടയുടെ ഗൌരവം തോന്നിച്ചിരുന്നു. കാക്കി ഉടുപ്പാണു് അവർ ധരിച്ചിരുന്നതു്. അതിലെ പ്രധാനഭാഗം വഹിച്ചിരുന്ന വിമുക്തഭടന്മാർ 1914-18 കാലത്തു നടന്ന ഒന്നാം ലോകമഹായുദ്ധത്തിൽ അന്യരാജ്യങ്ങളിൽ പോയി യുദ്ധം നടത്തി വിജയംവരിച്ചുവന്നവരായിരുന്നു. പോർക്കളത്തിലെ പ്രതാപലഹരി അവരിൽ കെട്ടടങ്ങിയിരുന്നില്ല. പട്ടാളത്തിൽ നിന്നു പിരിഞ്ഞു വന്നു് ബുദ്ധിമന്ദിച്ചിരിക്കുകയായിരുന്നു അവർ. ആ സമയത്താണു് ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചതു്. അവർ അതിലേക്കു് കുതിച്ചുകയറി. അതിൽ വളണ്ടിയർമാരായിച്ചേർന്നു. അവരുടെ ഉത്സാഹശക്തി അത്യുജ്ജ്വലമായിരുന്നു.

ചന്ദ്രക്കലപതിച്ച തുർക്കിത്തൊപ്പിയാണു് അവരുടെ ഔദ്യോഗിക ചിഹ്നം, ഖുർ-ആനിലെ പുണ്യവചനങ്ങളാണു് അവരുടെ മുദ്രാവാക്യങ്ങൾ. "തക്ക്ബീർ" ആണു് അവരുടെ ജയ്‌വിളി. ഖുർ-ആനിലെ പുണ്യവചനങ്ങളെഴുതിയ വെള്ളക്കൊടിയാണു് അവരുടെ പതാക. ഇതെല്ലാം ഇസ്ലാംമതത്തിൻെറ ചിഹ്നങ്ങളാണു്.

ആദ്യത്തെ ലോകമഹായുദ്ധത്തിൽ 77 മാപ്പിള റൈഫിൾസ് (77th Mappila Rifles) എന്നൊരു പട്ടാളയൂണിററുണ്ടായിരുന്നു. അതിലെ സുബേദാരായിരുന്നു റാവുസാഹിബ് ചേക്കുട്ടി ഇൻസ്പെക്ടരുടെ മകൻ അഹമ്മതുകുട്ടി. ആയാളെ പട്ടാളത്തിൽ നിന്നു പിരിച്ചശേഷം പോലീസ് സബ് ഇൻസ്പെക്ടറായി നിയമിച്ചു. ആയാൾക്ക് ലഹളയിൽ വല്ലാതെ ക്ഷതം ഏററിട്ടുണ്ട്. 2/73 മലബാർ ഇൻഫന്ററി (2/73rd Malabar Infantry) എന്നൊരു പട്ടാളസംഘം ഉണ്ടായിരുന്നു. അതിലെ ഒരു ഹവിൽദാർ കുണ്ടോട്ടിക്കാരനായിരുന്നു. ആയാളാണ് കുണ്ടോട്ടിയിലെ ഖിലാഫത്ത് വളണ്ടിയർ കോറിനെ ഡ്രിൽ എടുപ്പിച്ചിരുന്നതു്.

88 കർണ്ണാട്ടിക്ക് ഇൻഫന്ററി (88 Karnnatic Infantry) എന്നൊരു പട്ടാളസംഘവും ഉണ്ടായിരുന്നു. ഇവയിലെല്ലാം കൂടി അനേകം മാപ്പിളമാർ ചേർന്നിരുന്നു. യുദ്ധം അവസാനിച്ചപ്പോൾ അവരെയെല്ലാം പിരിച്ചുവിട്ടു. അവർ എല്ലാം ഖിലാഫത്ത് വളണ്ടിയർകോറിൽ ചേർന്നിരുന്നു. അവരുടെ നേതൃത്വത്തിൽ ഖിലാഫത്ത് സന്നദ്ധസേന ഒരു പട്ടാളത്തിന്റെ രൂപം കൈക്കൊണ്ടു.

മാപ്പിളമാരുടെ സന്നദ്ധസേനാപ്രസ്ഥാനം നിസ്സഹകരണപ്രസ്ഥാനത്തിൽ നിന്നും വിരുദ്ധമായിരുന്നില്ലെങ്കിലും, തികച്ചും വിഭിന്നമായിരുന്നു ("The Mappila valunteer movement which was quite separate form non-co-operation movement, if not antigonistic to it") എന്നു് പോലീസ്

റിപ്പോർട്ടിൽ കാണുന്നു. പിരിച്ചുവിട്ട പട്ടാളക്കാർ സ്വാതന്ത്ര്യസമരത്തിൽ കുതിച്ചുകയറുന്ന കാലമായിരുന്നു അത്. പഞ്ചാബിലും ഇവരാണ് വിപ്ലവംനടത്തിയത്. *

പോലീസുകാരും അവരുടെ സിൽബന്ധികളും മാപ്പിളമാർ ലഹളയുണ്ടാക്കും, അവർ ഹിന്ദുക്കളുടെ തലയെടുക്കും, അവർ ഹിന്ദുസഹോദരിമാരെ ബലാൽസംഗം ചെയ്യുന്നത് കണ്ടുനില്ക്കേണ്ടിവരും † എന്നും മററും ഭീഷണിയും താക്കീതും ചെയ്തുതുടങ്ങി. അന്നത്തെ പോലീസ് റിപ്പോർട്ടുകളിൽ സമരസന്നാഹം ഊർജ്ജിതപ്പെട്ടുവരുന്നുണ്ടെന്ന് ശക്തിയായി പറഞ്ഞുകാണുന്നു. എന്നാൽ ഇത്തരത്തിൽ ഒരു അനിഷ്ടസംഭവം അന്നാരും സ്വപ്നത്തിൽ പോലും ഓർത്തിട്ടില്ല. മററുള്ളവർ ഇതൊരു "പൊന്തമേൽത്തല്ലൽ" ആയിട്ടേ കണക്കിലെടുത്തുള്ളു. ഒററപ്പാലം രാഷ്ട്രീയ കോൺഫറൻസിൽ പലരും ആ നിലയ്ക്കു് സംസാരിച്ചു. ഇത്തരത്തിലൊരു ദുരന്തനാടകം കെട്ടിച്ചമയ്ക്കുവാൻ പോലീസിനെക്കൊണ്ടു സാധിക്കുമെന്ന് അന്നാരും പ്രതീക്ഷിച്ചിട്ടില്ല.

---

* ഇക്കുറി ഉണ്ടായ ലഹള മുമ്പുണ്ടായിരുന്നതിൽ കുറെ അധികം പ്രദേശങ്ങളിലേക്കു് വ്യാപിച്ചിട്ടുണ്ടെന്നും ലഹളക്കാർ വലിയ പരിഷ്കാരത്തോടെ ലഹളനടത്തിയിട്ടുണ്ടെന്നും മാത്രമാണ് ഒരു വ്യത്യാസം ഞങ്ങൾ കാണുന്നതു്. പട്ടാളത്തിൽ ചേർന്നു ബ്രിട്ടീഷുഗവർമ്മെണ്ടിന്നു വേണ്ടി വിദേശരാജ്യങ്ങളിൽ പോയി യുദ്ധം നടത്തി യുദ്ധസാമർത്ഥ്യം സമ്പാദിച്ച കുട്ടനവധി മാപ്പിളമാരെ സൈനികവകുപ്പിൽ നിന്നും പിരിച്ചയയ്ക്കുകകാരണം അവരൊക്കെ ലഹളക്കാരുടെ കൂട്ടത്തിൽ കൂടുകയാലാണ് ഇക്കുറിയത്തെ ലഹള കുറേ പരിഷ്കാരത്തിൽ നടത്തിയതു്. ('യോഗക്ഷേമ'പുസ്തകം 11 ലക്കം 4)

† ഒടുവിൽ പറഞ്ഞതു് എന്നോടു് ഒരു പോലീസ് സബ് ഇൻസ്പെക്ടർ നേരിട്ടുപറഞ്ഞതാണ്.

ലഹള തുടങ്ങിയപ്പോൾ അതിനെ ഓർമ്മപ്പെടുത്തി ക്കൊണ്ടു് ഒരു റിപ്പോർട്ട് "യോഗക്ഷേമ"ത്തിൽ പ്രസിദ്ധ പ്പെടുത്തി. ഈ രാജ്യത്ത് ലഹളയുണ്ടാവില്ല. കലക്ടർ തോമസിൻെറ മനോരാജ്യത്തിലാണു് ലഹളയുണ്ടാവുക യെന്നു് ഒററപ്പാലം കോൺഫ്രൻസിൽ പ്രസംഗിച്ച ആൾ ഇപ്പോഴും ജീവിച്ചിരിപ്പില്ലേ? (പുസ്തകം 12 ലക്കം 8) ശ്രീ. കെ. വി. രാഘവൻ നായരാണു് ഇതു് പ്രസംഗിച്ചതു്.

രണ്ട്

# തൃശ്ശൂർ ലഹള

ഒരാഴ്ചയിൽ അധികകാലം നീണ്ടുനിന്നതും അന്നു കേരളത്തെ മുഴുവൻ പിടിച്ചുകുലുക്കിയതുമാണും തൃശ്ശൂർ ലഹള.

1921 ഫിബ്രുവരി 16-ാംനു-ക്കു് ശരിയായ കൊല്ലവഷം 1090 കുംഭം 5-ാംനു ശ്രീ. കെ. മാധവൻനായർ, യാക്കൂബ്ഹുസൈൻ, യു. ഗോപാലമേനോൻ, മൊയ്തീൻകോയ എന്നീനാലുപേരെ മലബാർ ജില്ലാ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു കോഴിക്കോട്ടു ഹുസ്സൂരിലേക്കു് വാറണ്ടു് അയച്ചുവരുത്തി അന്നത്തെ രാഷ്ട്രീയപ്രക്ഷോഭത്തിൽ പങ്കെടുക്കരുതെന്നു് അവരോടു കല്പിച്ചു. അതിന്നു് നല്ല നടപ്പുജാമ്യവും ചോദിച്ചു. അവർ കല്പന നിരസിച്ചു. അവരെ ആറുമാസം ശിക്ഷിച്ചു.

മേൽപ്പറഞ്ഞ ധീരകൃത്യത്തെ അഭിനന്ദിക്കുവാനായി തൃശ്ശൂരിൽ കുംഭം 9-ാംനു ഞായറാഴ്ച വൈകുന്നേരം തേക്കിൻകാട്ടു് മൈതാനത്തുവെച്ചു് ഒരു പൊതുയോഗം ചേൎന്നു. യോഗസ്ഥലത്തു് ക്രിസ്ത്യാനികൾ ലഹളയുണ്ടാക്കി. ബെഞ്ചും കസാലകളും വലിച്ചിട്ടു് മണ്ണെണ്ണ ഒഴിച്ചുതീക്കൊളുത്തി.

തിങ്കളാഴ്ചയും, ചൊവ്വാഴ്ചയും അവിടെ യോഗം കൂടുവാൻ സാധിച്ചില്ല. കുംഭം 15-ാംനു ശനിയാഴ്ച അവിടെ വെച്ചു് ഒരു യോഗം ചേൎന്നു. പാലിയത്തു് ചെറിയകുഞ്ഞുണ്ണി അച്ചൻ ഒരു ഗംഭീര പ്രസംഗം ചെയ്തു.

കുംഭം 16–ാംനു- ഞായറാഴ്ച പകൽ സുമാർ മൂന്നുമണി യോടുകൂടി ഒരു വലിയ "ലോയൽടി പ്രൊസഷൻ" (രാജഭക്തന്മാരുടെ പട്ടണപ്രവേശം) ക്രിസ്ത്യാനികൾ ആരംഭിച്ചു. അതിൽ സുമാർ 1500റോളം ക്രിസ്ത്യാനികളുണ്ടായിരുന്നു. ബാൻറുവാദ്യം മുതലായവ മുഴക്കിക്കൊണ്ടിരുന്നു. പോലീസ്സൂപ്രഡൻറ് മി. ചാക്കോ, ഇൻസ്പെക്ടർമാർ, കോൺസ്റ്റബിൾമാർ മുതലായവർ സമാധാനരക്ഷക്ക് ഒപ്പം നടന്നിരുന്നു. കിഴക്കെ അങ്ങാടിയിൽ നിന്നു തുടങ്ങിയ ഘോഷയാത്ര തെക്കെ ഗോപുരത്തിൻെറ തെക്കുവശത്തുള്ള മുഹമ്മദീയരുടെ പള്ളിയിൽ എത്തി. ആ പള്ളിയുടെ മുമ്പിൽക്കൂടി ആഘോഷപൂർവ്വം കൊട്ടിക്കൊണ്ട് പോകണമെന്ന് ഉദ്ദേശിച്ച ഘോഷയാത്ര മുഹമ്മദീയരാൽ തടയപ്പെട്ടു. വളരെ ശ്രമിച്ചിട്ടും പള്ളിയുടെ മുൻവശത്തുകൂടെ ആ ഘോഷയാത്രക്കു പോകുവാൻ സാധിച്ചില്ല. അവിടെവെച്ചു് ഒരു സംഘട്ടനം നടക്കുകയും ചിലൎക്കു പരിക്കുകൾ പററുകയും ചെയ്തു. നാലു മുഹമ്മദീയ ഭവനങ്ങൾ ഘോഷയാത്രക്കാർ തീവെച്ചുകളഞ്ഞു. മേൽവിവരിച്ച പോലീസ് സംഘത്തിൻെറ സന്നിധിയിൽ വെച്ചാണ് ഇതു് നടന്നതു്. അവൎക്കു് അതു തടയുവാൻ സാധിച്ചില്ല.

ആ ജാഥ നടക്കാവിൽക്കയറി പടിഞ്ഞാട്ടുതിരിച്ചു. പ്രദക്ഷിണമായി വടക്കെ നടക്കാവിൽക്കൂടെ കിഴക്കെ നടക്കാവിൽ ആസ്പത്രിക്കുസമീപം എത്തി. വഴിക്കുള്ള മുഹമ്മദീയരുടെ പുരകളും, കച്ചവടസ്ഥലങ്ങളും, ഷാപ്പുകളും തട്ടിത്തകർത്തുകൊണ്ടാണ് ഘോഷയാത്ര പോയിരുന്നതു്. ഇതിനെ തടസ്സപ്പെടുത്തുവാൻ പോലീസിനു് സാധിച്ചില്ല. ഘോഷയാത്ര 3മണിക്കു് തുടങ്ങി 5½മണിക്കാണ് ആസ്പത്രിക്കു സമീപം എത്തിച്ചേന്നതു്. അവിടെവെച്ചു് ഒരു

പൊതുയോഗം ചേന്നു. വക്കീൽ മിസ്റ്റർ ഇയ്യുണ്ണി എം. എ., ബി. എൽ. രാജഭക്തിയെപ്പററി ഒരു പ്രസംഗം ചെയ്തു. കരാറുകാർ, കച്ചവടക്കാർ തുടങ്ങിയ പൌരപ്രമാണികൾ അതിൽ പങ്കെടുത്തു.

അപ്പോഴേക്കും, കിഴക്കുഭാഗം ക്രിസ്ത്യാനികളും പടിഞ്ഞാറുവശത്ത് ഹിന്തുക്കളും മുഹമ്മദീയരും ചേരി ചേന്നു കഴിഞ്ഞു. മുണ്ടൻ വടികളും കത്തികളും എല്ലാവരുടേയും കയ്യിലും ഉണ്ടായിരുന്നു.

ഹിന്തുനേതാക്കന്മാർ ഹിന്തുക്കളുടെ രക്ഷ നോക്കിത്തുടങ്ങി ഡോ. എ. ആർ. മേനോനായിരുന്നു അതിൻെറ നേതാവ്. അന്നു രാത്രി 600 ഓളം പേർ ചേന്നു് ഹിന്തുക്കളുടെ ഭവനങ്ങൾ കാത്തുനിന്നു. ക്രിസ്ത്യാനികൾ അവരുടെ ഭാഗവും കാത്തുനിന്നിരുന്നു.

പിറെറ ദിവസം എല്ലാവരും തേക്കിൻ കാട്ട പറമ്പിൽ തന്നെ ഇരുന്നു. സ്കൂളുകളെല്ലാം പൂട്ടി. കച്ചവടസ്ഥലങ്ങൾ തുറന്നിട്ടില്ല. ദിവാൻ സ്ഥലത്തെത്തിച്ചേന്നു. തൽസമയം പോലീസുകാർ ഉണ്ടയില്ലാത്ത വെടിയൊഴിച്ചു. ഈ സന്ദർഭത്തിൽ അവിടെ ചേരിചേന്നവർ അന്യോന്യം കല്ലേറു തുടങ്ങി. ദിവാൻജിയും, എൻജിനിയർ മി. ബ്രൌണിങ്ങ് സായ്പും ഈ ലഹളയുടെ ഇടയിൽക്കൂടി നടന്നിരുന്നു. ദിവാൻ ജനങ്ങളെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു തുടങ്ങി. അതുവരെ നടന്ന സംഭവങ്ങളെ—സ്ത്രീകളെ അപമാനിച്ചതു—കുറിച്ചു് ഡോ. എ. ആർ. മേനോൻ ഇംഗ്ലീഷിൽ ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗം കേട്ടപ്പോൾ "നിങ്ങളെന്നെ അപമാനിക്കുകയാണു്" എന്നു് ദിവാൻജി തന്നത്താൻ പറഞ്ഞു. ജനങ്ങളോട്ട് സമാധാനവാക്കുകൾ പറഞ്ഞു്

ദിവാൻജി അങ്ങോട്ടുമിങ്ങോട്ടും കാറിൽ കയറി സഞ്ചരിച്ചു. കുറച്ചുസമയത്തെ ശ്രമംകൊണ്ടു് ജനങ്ങൾ തല്ക്കാലം പിരിഞ്ഞുപോയി.

## ചൊവ്വാഴ്ച

18-ാംനു ചൊവ്വാഴ്ച വലിയ ആക്രമണം പടിഞ്ഞാറെ ചേരിയിൽ കാവലുണ്ടായിരുന്നില്ല. ഈ സന്ദർഭത്തിൽ ക്രിസ്ത്യാനികൾ ഹിന്ദുക്കളുടെനേക്കു് വലിയ ആക്രമണം നടത്തി. പോലീസ് സുപ്രണ്ടന്റ് ചാക്കോ ഈ ലഹള സമയത്തു് സ്ഥലത്തുണ്ടായിരുന്നു. ലഹളക്കാർ വടിയും കത്തിയും എടുത്തു പുരകളും മററു ഷാപ്പുസാമാനങ്ങളും എറിഞ്ഞും തല്ലിയും ഉടച്ചും ആർപ്പു വിളിച്ചുകൊണ്ടാണു് വന്നതു്. നിസ്സഹകരണക്കാർ അവരുടെനേക്കു് കല്ലെറിഞ്ഞുവെന്നു് പറയപ്പെടുന്നു. (സ്വാതന്ത്ര്യസമരകാലത്തു് പോലീസ് നടപടികൾ എടുത്തസമയത്തെല്ലാം ഇത്തരത്തിലൊരു കുററം പ്രക്ഷോഭക്കാരുടെ തലക്കു ചുമത്തപ്പെട്ടിരുന്നു.) ചില്ലു്, കുപ്പിക്കഷ്ണം, ഇരുമ്പാണി മുതലായവ നിറച്ചിട്ടുള്ള ഏറുപടക്കം എറിഞ്ഞു മുഴക്കിയിരുന്നു. ചില്ലുവാതിലുകൾ, റിക്ഷാവണ്ടികൾ, ഷാപ്പുസാമാനങ്ങൾ, ബാങ്കു് റിക്കാർഡുകൾ, പുരകൾ എന്നിവ തകത്തു. പടിഞ്ഞാറെ നടക്കാവിലുള്ള ക്രിസ്ത്യാനികളുടെ ഷാപ്പുകൾ ഒഴികെ, ബാക്കിമിക്കവാറും തല്ലിതകത്തു. ഒരു ലക്ഷം ഉറുപ്പികയുടെ നഷ്ടം വരുത്തിയിട്ടുണ്ടെന്നു് "യോഗക്ഷേമ" (പുസ്തകം 11 ലക്കം 23) ത്തിൽ കാണുന്നു. ഈ അക്രമങ്ങളെല്ലാം ചെയ്തതു് "ലോയൽടി" ക്കാരാണു്. അതുകൊണ്ടു പോലീസിന്നു അവരെ തടസ്സപ്പെടുത്തുവാൻ സാധിച്ചില്ല. 16-ാംനു ഞായറാഴ്ച "ലോയൽടി പ്രൊസഷൻ" (Loyalty Procession) ഏറ്റെടുത്തിയതു ഗവർമ്മെൻറിൻെറ നിർദ്ദേശപ്രകാര

മാണ്. നിസ്സഹകരണക്കാരെ നിരുത്സാഹപ്പെടുത്തുകയും സഹകരണക്കാരെ പ്രോത്സാഹിപ്പിക്കയും വേണമെന്ന ഇന്ത്യാഗവമ്മേണ്ടിൻെറ സക്കുലർ നാട്ടുരാജ്യങ്ങൾക്കും സംസ്ഥാനഗവമ്മേണ്ടുകൾക്കും അയച്ചിരുന്നു. അവരുടെ ആൾക്കാരുടെ തെമ്മാടിത്തം നിത്തുവാൻ അവക്ക് സാധിച്ചില്ല. ഈ ആക്രമണത്തെ ചെറുക്കുവാൻ മലബാറിൽനിന്നു് ജോനകരെ (മാപ്പിളമാരെ) വരുത്തുവാൻ ഹിന്ദുനേതാക്കന്മാർ തീച്ച്പ്പെടുത്തി. അവരെ മലബാറിൽനിന്നു് കമ്പിയടിച്ചു വരുത്തി.

## പട്ടണവാസികൾ ഒഴിയുന്നു:

19-ാംനു ബുധനാഴ്ച പട്ടണവാസികൾ ഒഴിഞ്ഞു തുടങ്ങി. തെക്കോട്ടും, വടക്കോട്ടും വണ്ടിക്കു് 1500 ഓളം സ്ത്രീകളും കുട്ടികളും ഒഴിഞ്ഞുപോയി ഭക്ഷണക്ഷാമവും സാധനദുർഭിക്ഷവും വദ്ധിച്ചു. ഹോട്ടലുകൾ പൂട്ടിക്കഴിഞ്ഞു.

## മുഹമ്മദീയർ വന്നു നിറഞ്ഞു:

19-ാംനു ബുധനാഴ്ച കാലത്തുമുതൽ വടക്കുനിന്നു വരുന്ന എല്ലാവണ്ടികളിലും മുഹമ്മദീയർ നൂറുകണക്കിൽ വന്നിറങ്ങിത്തുടങ്ങി. അവക്കു് തിരുവമ്പാടിക്ഷേത്രത്തിന്നു സമീപമുള്ള സത്രത്തിൽ താമസത്തിന്നു് ഏപ്പാടുകൾ ചെയ്തിരുന്നു. തൃശ്ശൂർ സ്റ്റേഷനിലാണു് അവർ വന്നിറങ്ങിയതു്. അന്നു് പൂങ്കുന്നു് സ്റ്റേഷൻ ഇല്ല. ഉച്ചവണ്ടിക്കു് ആയിരക്കണക്കിൽ വടക്കുനിന്നു മുഹമ്മദീയർവന്നു ഇറങ്ങി. അവരെ സ്വീകരിപ്പാൻ ആയിരത്തിലധികം ആളുകൾ സ്റ്റേഷനിലുണ്ടായിരുന്നു. മുഹമ്മദീയരുടെ വരവിൻെറ വത്തമാനം അറിഞ്ഞു് റസിഡണ്ടും, ദിവാൻജിയും സ്ഥലത്തെത്തി. ഉച്ചവണ്ടിക്കു് അമ്പതോളം ബ്രിട്ടീഷ് റിസവ്വ്പോലീസും

സ്ഥലത്തെത്തിച്ചേൻനു. ഉച്ചവണ്ടിക്കിറങ്ങിയ ആയിരത്തി എണ്ണൂറോളം മുഹമ്മദീയർ ഉച്ചത്തിൽ പാട്ടുപാടി തഗ്ബീർ മുഴക്കിക്കൊണ്ടും, കൊക്കാലെനിന്നും, തിരുവമ്പാടി സത്രത്തിലേക്ക് പടിഞ്ഞാറെ നടക്കാവിൽക്കൂടെ ഒരു ഘോഷയാത്രപോയി അതിൻെറ മുഴക്കംകൊണ്ടു് തൃശ്ശൂർ പട്ടണം കുലുങ്ങിപ്പോയി. വൈകുന്നേരത്തെവണ്ടിക്കും രാത്രിവണ്ടിക്കും പിന്നെയും അനേകം മുഹമ്മദീയർ എത്തിച്ചേൻനു. സത്രത്തിൽ അനേകായിരം മുഹമ്മദീയർ നിറഞ്ഞു. അവർ തൃശ്ശൂർ പട്ടണം തമത്തുവാനുള്ള യജമാനന്മാരുടെ കല്പന കിട്ടുവാൻ അക്ഷമരായിനിന്നു. ലങ്കാമർദ്ദനത്തിനു് ഒരുമ്പെട്ടു വന്നവരാണവർ. ചാകുവാൻ ഒരുങ്ങിയവക്കു് ഊണു്, ഉറക്കം എന്നിതുകളിൽ ശ്രദ്ധയുണ്ടാകുമോ? എന്നു "യോഗക്ഷേമ"ത്തിൽ (പുസ്തകം 11, ലക്കം 23) അനുമാനം കാണുന്നു. ഡോ. എ. ആർ. മേനോനും, മാറായി കൃഷ്ണമേനോനുമായിരുന്നു അവരുടെ നായകന്മാർ. അവർ മുഹമ്മദീയരെ ഒതുക്കി നിത്തിയിരുന്നു. അവിടെ കൂടിയവരുടെ ഒരു നേരത്തെ ഭക്ഷണത്തിനു് അമ്പതും അറുപതും പറ അരി ചിലവായിരുന്നു.

ഇവരെയെല്ലാം കമ്പിയടിച്ചുവരുത്തിയതാണു്. കമ്പി ആപ്പീസിൽ നിന്നു് അതിൻെറ വിവരങ്ങളെല്ലാം റസിഡൻറും ദിവാൻജിയും ശേഖരിച്ചു.

ഒടുവിൽ അന്നുരാത്രി ഇരുഭാഗക്കാരും റസിഡൻറും ദിവാൻജിയും മററും ഒരു സൌഹാർദ്ദസമ്മേളനം നടത്തി ഇരുഭാഗക്കാരും ലഹളയിൽനിന്നു് പിൻവലിക്കുവാൻ തീച്ച്പ്പെടുത്തി.

വ്യാഴാഴ്ച കാലത്തു് മുഹമ്മദീയരെ സമാധാനിപ്പിച്ച് സന്തോഷത്തോടെ മടക്കി അയപ്പാൻ തീച്ച്പ്പെടുത്തി. അവരെ മടക്കി അയക്കാൻ ടിക്കററിന്നു 480 ക. ചിലവായി

എന്നാണു "യോഗക്ഷേമ"ത്തിൽ (പുസ്തകം 11, ലക്കം 23) കണക്ക കാണുന്നതു്. ഇവർ ഇങ്ങോട്ടു വന്നതു് മിക്കവാറും ടിക്കററില്ലാതെയാണു. റെയിൽവെ ഉദ്യോഗസ്ഥന്മാർ മിക്കവരും ഹിന്ദുക്കളാണു്. അവർ ഇവരെക്കൊത്താശയും ആണു്.

മുഹമ്മദീയർ മടങ്ങിപ്പോരുന്ന സമയം തൃശ്ശൂരിൽ ഒരു ജൈത്രയാത്ര നടത്തി. അതിനെ (കുംഭം 28-ാംനു) ക്കുറിച്ചു "യോഗക്ഷേമ"ത്തിൽ ഇങ്ങനെ കാണുന്നു (പുസ്തകം 11, ലക്കം 23)

"അതിന്നുശേഷം റിസര്‍വ്പോലീസിന്റെ അകമ്പടിയോട്ടം, അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് വൈദ്യനാഥയ്യർ 2-ാംക്ലാസ്സ് മജിസ്ട്രേട്ട് ഗോവിന്ദൻനായർ, ഹിന്ദു മുഹമ്മദീയ സൈന്യനേതാക്കന്മാർ, പത്തുപതിനഞ്ചു് മററുള്ള പ്രമാണികൾ എന്നിവരുടെ സാന്നിദ്ധ്യത്തോട്ടുകൂടി തിരുവമ്പാടിക്ഷേത്രത്തിന്റെ സമീപത്തിൽനിന്നു് തെക്കോട്ടു വന്നു് പടിഞ്ഞാറെ നടക്കാവിൽക്കൂടി ഹിന്ദുമുഹമ്മദീയ സൈന്യം റെയിൽവേസ്റ്റേഷനിലേക്കു ആനയിക്കപ്പെട്ടു പടിഞ്ഞാറെ നടക്കാവിൽ തെക്കെ അററം വന്നപ്പോൾ റിസര്‍വ്പോലീസ് കിഴക്കോട്ടു ക്രിസ്ത്യസൈന്യത്തെ പിരിച്ചുവിട്ടുവാൻ പോയി നേരെ റെയിൽവേസ്റ്റേഷനിലേക്കു പോയവരെ വരിവരിയായി നിൎത്തി ടിക്കററു നൽകി. 480ക. യോളം ടിക്കററിന്നു വേണ്ടിവന്നു."

മലപ്പുറം പൂക്കോട്ടുകാരാണിതിൽ മുന്നിട്ടുനിന്നതു്. പട്ടാമ്പിയിൽനിന്നും ഈ ലഹളക്കു പോയവർ ഇന്നും ഇവിടെയുണ്ടു്. അവർ പറഞ്ഞ വൎത്തമാനമാണിതു്. ഇതൊരു സാമുദായിക ലഹളയായിട്ടാണു് എല്ലാവരും കണക്കിൽ എടുത്തിരിക്കുന്നതു്. എന്നാൽ ഇതില്പം കാൎയ്യം കിടക്കുന്നതു് തികച്ചും രാഷ്ട്രീയം തന്നെ.

മൂന്നു്

# വിപ്ലവസന്നാഹം

വളണ്ടിയർ കോറിന്റെ അത്യുത്സാഹം കുലംകഷമായിത്തുടങ്ങി. ഡ്രില്ലും, പരേഡും, മാർച്ചും പരസ്യമായി ചെയ്തുതുടങ്ങി. പള്ളികളുടെ പരിസരത്തിലാണു് വളണ്ടിയർ കോറിന്റെ പരിശീലനം നടത്തിയിരുന്നതു്. ആ സൈന്യത്തിന്റെ ശക്തി വൎദ്ധിച്ചുതുടങ്ങി. അതൊരു യഥാൎത്ഥ മാപ്പിളക്കുപ്പിണിയായി വളൎന്നുവന്നു. മാപ്പിളമാർ അവരെ വന്ദിച്ചുതുടങ്ങി. പോലീസ്സിനെ കണ്ടാൽ പഴയമാതിരി തലക്കെട്ടഴിച്ചു് പഞ്ചപുച്ഛമടക്കി മുഖം താഴ്ത്തി ഓച്ഛാനിച്ചു് നില്ക്കാതായി. അവരുടെ മുമ്പിൽക്കൂടി മീശമുറുക്കി തല പൊക്കിപ്പിടിച്ചു് കയ്യും വീശി നടന്നുതുടങ്ങി. ഈ പ്രകൃതമാററം പോലീസുകാരെ അരിശംകൊള്ളിച്ചു.

1921 ഏപ്രിൽ 25-ാംനു ഒററപ്പാലത്തുചേൎന്ന ഉന്നാം സംസ്ഥാന ഖിലാഫത്തു് കോൺഫ്രൻസിൽ വളണ്ടിയർ കോറിന്നു് "പട്ടാളം" എന്ന പേരു സിദ്ധിച്ചു. "മേടം പതിമൂന്നാംതിയതി (ഏപ്രിൽ 25-ാംനു) ഖിലാഫത്തു് പട്ടാളത്തിന്റെ അകമ്പടിയോടുകൂടി ശ്രീ മൂത്തഘലാഷ അദ്ധ്യക്ഷൻ പന്തലിൽ പ്രവേശിച്ചു" എന്നു് 'യോഗക്ഷേമ'ത്തിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ടു് (പുസ്തകം 2, ലക്കം 34).

## ഖിലാഫത്തു് പ്രസ്ഥാനത്തിന്നു് ശക്തി കൂട്ടുന്നു:

1921 ജൂലായ് മാസത്തിൽ കറാച്ചിയിൽ ഒരു ഖിലാഫത്തു് കോൺഫ്രൻസ് ചേൎന്നു. അതിലെ നാലാമത്തെ പ്രമേയത്തിന്റെ ആദ്യഭാഗം താഴെ ചേൎക്കുന്നു:

"ഖിലാഫത്തിൻെറ ഉൽഗ്രഥനവും ജസറത്തു്—ആൾ—അറബിൻേറയും മററു മുസ്ലീം പുണ്യസ്ഥലങ്ങളുടേയും പരിപാവനതയും പുനസ്ഥാപിക്കണം എന്നുള്ള ഇന്ത്യയിലെ മുസൽമാന്മാരുടെ മതാധിഷ്ഠിതമായ ആവശ്യങ്ങൾ നിറവേററുന്നതുവരെ അവർ അടങ്ങിയിരിക്കുകയോ ശത്രുവിന്നു് സൈ്വരം കൊടുക്കുകയോ ചെയ്യില്ല."

മേൽപ്പറഞ്ഞ പ്രമേയത്തിൻെറ പ്രതികരണം ഏറനാട്ടിൽ വലിയ പ്രതിദ്ധ്വനിയുണ്ടാക്കി. ആ പ്രമേയത്തിൻെറ മലയാള തർജ്ജിമ പള്ളികളിൽ അച്ചടിപ്പിച്ചു് പ്രചരിപ്പിച്ചു.

## സ്വരാജ്യം ഒരു കൊല്ലത്തിന്നുള്ളിൽ:

'സ്വരാജ്യം ഒരു കൊല്ലത്തിന്നുള്ളിൽ' എന്ന ലോകപ്രസിദ്ധമായ മുദ്രാവാക്യം മഹാത്മജി പ്രഖ്യാപിച്ചു. ആ ധീരപ്രഖ്യാപനം ജാലവിദ്യക്കാരൻെറ പിഞ്ഞരികോച്ചാലനം പോലെ ജനങ്ങളുടെ മനസ്സിൽ അമിതമായ ആശയും ആവേശവും ഉൾക്കൊള്ളിച്ചു, അതൊരു ആൾകാടലായിട്ടല്ല, യാഥാർത്ഥ്യമായി എല്ലാവരും കണക്കിലെടുത്തു. നേതാക്കന്മാരും സാധാരണക്കാരും അതു് ഒരുപോലെ വിശ്വസിച്ചു. കൈ നീട്ടിയാൽ തൊടത്തക്കവണ്ണം സ്വരാജ്യം അടുത്തെത്തിക്കഴിഞ്ഞു. ബ്രിട്ടീഷുകാർ കെട്ടും ഭാണ്ഡവും ഒരുക്കി തിരിച്ചുപോകുവാൻ പുറപ്പെട്ടുകഴിഞ്ഞുവെന്ന ഒരു തോന്നൽ ജനങ്ങളുടെ ഉള്ളിൽവന്നുകഴിഞ്ഞു ഈ ഒരു അഭിപ്രായഗതി സാധാരണക്കാരെ മാത്രമല്ല നേതാക്കന്മാരേയും ബാധിച്ചിരുന്നു.

ലഹളയ്ക്കുശേഷം ശ്രീ. കെ. മാധവൻനായർ പ്രാക്ടീസു തുടങ്ങിയപ്പോൾ "മാതൃഭൂമി" ആക്ഷേപിച്ചു. അതിന്നു്

കൊടുത്ത മറുപടിയിൽ താൻ ഒരു കൊല്ലത്തിന്നിടക്കു് സ്വരാജ്യം കിട്ടുമെന്ന വിശ്വാസത്തിലാണു് പ്രാക്ടീസ് നിൎത്തിയതെന്നും, എന്നെന്നേക്കുമായി നിൎത്തിയതല്ലെന്നും അദ്ദേഹം പറഞ്ഞിരുന്നു.

സൌഭാഗ്യസമ്പൂൎണ്ണമായ സ്വരാജ്യത്തിൻെറ സമാഗമത്തിൽ ജനങ്ങൾ ഉൽക്കണ്ഠാഭരിതരും അക്ഷമരുമായി. ഒരു മഹത്തായ ജനതയുടെ ജീവിതകാലത്തിൽ ഒരു കൊല്ലക്കാലം ഒരു നിമിഷത്തിന്നു തുല്യമാണ്. ജനങ്ങൾ ആവേശപരവശരായി. ഒരു വിപ്ലവത്തിൻെറ ഹാവഭാവങ്ങൾ പ്രകടമായി കണ്ടു തുടങ്ങി.

പോലീസുകാർ വെപ്രാളം കാണിച്ചുതുടങ്ങി. അവർ പൊതുയോഗങ്ങൾ മുടക്കുവാനുള്ള ശ്രമങ്ങൾ നോക്കിത്തുടങ്ങി, ആദ്യം 144 പാസ്സാക്കി. (സി. പി. 144) യോഗങ്ങൾ മുടക്കിനോക്കി. മുടക്കുംതോറും മീററിംഗിന്നു് ശക്തി കൂടിത്തുടങ്ങി. പിന്നീടു് ജൂലായ് മാസത്തോടുകൂടി ആ പരിപാടി നിൎത്തിവെച്ചു. വേറെവഴിക്കായി അവരുടെ തന്ത്രപ്രയോഗം. ഭൂവുടമകളെ മുൻനിൎത്തിയായി പിന്നത്തെ പുറപ്പാട്. അവരോടു് അവരുടെ സ്ഥലത്തുവെച്ചു് പൊതുയോഗങ്ങൾ കൂടുന്നതിൽ വിരോധം എഴുതിവാങ്ങി. അതിന്മേലാണു് പോലീസ് പൊതുയോഗങ്ങൾ തടസ്സപ്പെടുത്തിത്തുടങ്ങിയത്.

## സംഘട്ടനം:

1921 ജൂലായ് 24-ാംനു പുതിയ പൊന്നാനിയിൽ വെല്ലൂർ ലത്തീഫിയ മദ്രസ പ്രിൻസിപ്പാൾ ജ. അബ്ദുൾ അസീസ് മൌലവി സാഹിബിൻെറ മഹനീയാദ്ധ്യക്ഷതയിൽ ഒരു ഖിലാഫത്തു് സമ്മേളനം വിളിച്ചുകൂട്ടി. അതു്

വമ്പിച്ച ഒരുക്കങ്ങളോടുകൂടി ചെയ്യുതായിരുന്നു. എതിരാളികളുടെ കോട്ടയിൽ ഒരു ബോമ്പിടലായിരുന്നു അതു്. അന്നുതന്നെ അതിന്നെതിരായി പൊന്നാനി പാതാരിന്മേൽ രാജഭക്തന്മാർ വേറൊരു പൊതുയോഗം വിളിച്ചുകൂടി. അവിടെ ഖിലാഫത്തു് പ്രസ്ഥാനത്തിന്നു് ശക്തിയായ എതിർപ്പുണ്ടായിരുന്നു. അവിടത്തെ പ്രമാണികളാണു് അതു വിളിച്ചുകൂട്ടിയതു്. അവക്കു ഗവമ്മേണ്ടിൻെറ പ്രേരണയും, പിൻബലവും ഉണ്ടായിരുന്നു. ആ മീററിങ്ങിനെക്കുറിച്ചു് "നമ്മുടെ മീററിങ്ങ് വിജയിച്ചു" എന്നാണു് സി. ഐ. ഡി. റിപ്പോർട്ടിൽ പറഞ്ഞുകാണുന്നതു്. രാജകീയ കക്ഷികളെ പ്രോത്സാഹിപ്പിക്കുകയും, നിസ്സഹകരണ കക്ഷിക്കാരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യണമെന്നു് ഇന്ത്യാഗവമ്മേണ്ടിൻെറ ഒരു രഹസ്യസക്കുലർ ഉണ്ടായിരുന്നതു്. തൃശ്ശൂർ ലഹളയുടെ ഘട്ടത്തിൽ ഇതിന്നുമുമ്പെ ചേർത്തിട്ടുള്ളതു് ഇവിടെ ഓക്കേണ്ടതാണു്. ആ യോഗത്തെ സംരക്ഷിക്കാനെന്നപേരിൽ പോലീസ്സു് ഒരുക്കങ്ങൾ ഉണ്ടായിരുന്നു.

ആലിമുസലിയാരേയും സന്നദ്ധഭടന്മാരേയും അന്നത്തെ ഖിലാഫത്ത്യോഗത്തിന്നു ക്ഷണിച്ചിരുന്നു. അവരുടെ വരവുകാത്തുകൊണ്ടു് ഒരു സംഘം പോലീസ്സുകാർ പൊന്നാനി പാലത്തിന്മേൽ കാവൽനിന്നിരുന്നു. പൊന്നാനി നഗരത്തിൽ ഒരു മൈൽ കിഴക്കായി തെക്കുവടക്കു് ഒരു തോടുണ്ടു്. അതിൻെറ പാലത്തിന്മേലാണു് പോലീസ്സുകാർ കാവൽനിന്നതു്. കാലത്തു് സുമാർ 11 മണിക്കു് ആലിമുസലിയാരും ലവക്കുട്ടി, കുഞ്ഞലവി മുതലായവരും തിരൂരങ്ങാടി, പൂക്കോട്ടൂർ, വളണ്ടിയർമാരും അടങ്ങിയ സംഘം അവിടെ എത്തിചേർന്നു. അവർ പ്രത്യേക ക്ഷണനമനുസരിച്ചാണു് യോഗത്തിൽ എത്തിച്ചേർന്നതു്. പോലീസ് മേൽപറഞ്ഞ സ്ഥലത്തുവെച്ചു് വഴി തടസ്സംചെയ്തു. അവർ ത

ട്സ്സും വകവെക്കാതെ പാലം കടന്നു. അവിടെവെച്ചു ഒരു സംഘട്ടനം നടന്നു. അതിൽ സബ്ബ്ഇൻസ്പെക്ടൎക്കു് ചെകിടത്തു് അടികിട്ടി. തൊപ്പി തോട്ടിൽച്ചാടി കുട്ടികളുടെ കപ്പൽപ്പോലെ ഒലിച്ചുപോയി എന്നും മററും നാട്ടിൽ വൎത്തമാനം പരന്നു. പോലീസുകാരെ തട്ടിനീക്കി പാലം കടന്നതിന്നുശേഷം ആലിമുസലിയാരും കൂട്ടരും നഗരത്തിൽ കൂടിയല്ല സമ്മേളനസ്ഥലത്തേക്കു പോയതു്. വളഞ്ഞുതിരിഞ്ഞ ഒരു ഇടവഴിയിൽക്കൂടിയാണു്. നേർവഴിക്കു് പോയാൽ സംഘട്ടനം ഉണ്ടാവുമെന്നു്കണ്ടു്ഇടവഴിക്കുതിരിച്ചാതാണു്, ആ സമ്മേളനം ഗംഭീരമായി നടത്തി. അതിലെ സാമാന്യമായുള്ള അഭിപ്രായഗതി സമരത്തിന്നു് ആയുധങ്ങൾ ശേഖരിക്കണമെന്നായിരുന്നുവെന്നു് സി. ഐ. ഡി. റിപ്പോൎട്ടുണ്ടായിരുന്നു. അതു് അവരെ കുടുക്കുവാൻ മനഃപൂൎവ്വം പററിച്ചതായിരിക്കണം.

അന്നു് അവിടെവെച്ചു് സംഘട്ടനത്തിന്റെ പതാക ഉയൎത്തിക്കഴിഞ്ഞു, പോലീസുകാരുടെ കയ്യേററങ്ങൾ കണക്കില്ലാതെ നടന്നുതുടങ്ങി. നാട്ടിൻപുറത്തു് രാഷ്ട്രീയപ്രവൎത്തകന്മാൎക്കു് അരക്ഷിതാവസ്ഥ ബാധിച്ചു.

നാല്

# പോലീസ് മർദ്ദനം

നിസ്സഹകരണപ്രസ്ഥാനത്തിൻെറ നേക്കു് പൊതുവിലും ആലിമുസലിയാരുടെ സംഘത്തിൻെറ നേക്കു് പ്രത്യേകിച്ചും പോലീസുകാരുടെ അക്രമങ്ങളും അഴിമതികളും കൂടിതുടങ്ങി. നിസ്സഹകരണക്കാർ പ്രസ്ഥാനത്തിൻെറ പ്രഖ്യാപിതനയം ദൃഢമായി പിടിച്ചുനിന്നു. അവർ മർദ്ദനങ്ങൾ എല്ലാം സഹിച്ചു. മുസലിയാരുടെ സംഘക്കാക്കു് അതു സഹിക്കാൻ സാധിച്ചില്ല. അവർ ബലം പ്രയോഗിച്ചു് പോലീസിൻെറ അഴിമതികളെ തടസ്ഥപ്പെടുത്തിത്തുടങ്ങി. അവരെ, ഇല്ലാത്ത കുററങ്ങൾ ചുമത്തി പോലീസുകാർ അറസ്റ്റു ചെയ്യുവാൻ തുടങ്ങി. അവർ അറസ്റ്റിനെ ബലംപ്രയോഗിച്ചു് തടസ്ഥപ്പെടുത്തിത്തുടങ്ങി.

ഈ ഘട്ടത്തിൽ ഒരു വിഷമം നേരിട്ടു. പോലീസുകാർ ന്യായരഹിതമായ വഴിക്കാണു് പോകുന്നതു്. നിയമത്തിൻെറ പേരിൽ തെമ്മാടിത്തം കാണിക്കുകയാണു് അവർ ചെയ്യുന്നതു്. അവർ മുസലിയാരുടെ സംഘക്കാരുടെ പേരിൽ ഭവനഭേദനം, തട്ടിപ്പറി, കൊള്ള മുതലായ ഹീനകൃത്യങ്ങൾ നടത്തുകയാണും ചെയ്യുന്നതു്. ഈ അക്രമപ്രവൃത്തികളെ ഏതു തരത്തിൽ തടസ്സപ്പെടുത്തുന്നതും ഒരു കണക്കിൽ ന്യായമാണു്. അതിനെ ആക്ഷേപിക്കുവാൻ അവകാശമില്ല.

ആത്മരക്ഷക്കുവേണ്ടി ചെയ്യുന്ന ഏതു പ്രവൃത്തിയും അക്രമമല്ല. അതു തികച്ചും പൌരാവകാശത്തിൽ പെട്ടതാണ്.

ആത്മരക്ഷക്കുള്ള പരിശ്രമം കുറ്റകരമല്ലെങ്കിലും തന്മൂലം കൂടുതൽ അനർത്ഥങ്ങൾക്ക് ഇടയാകുമോ എന്നു ശ്രദ്ധിക്കേണ്ടതുണ്ട്. പോലീസു ആക്രമണത്തെ ബലംപ്രയോഗിച്ച് തടുത്തുനിർത്തുവാൻ അവക്കു ശക്തിയില്ല. അതാണ് ഇവിടെ പ്രധാനമായി ആലോചിക്കേണ്ടിയിരുന്ന സംഗതി. സുസംഘടിതമായ ബ്രിട്ടീഷ് സംഹാരശക്തിയോട്ട് ശിഥിലമായ മുസലിയാരുടെ ഈ സന്നദ്ധസേനക്ക് എതിർത്തുനില്ക്കുവാൻ സാധിക്കുന്നതല്ലല്ലൊ. അങ്ങോട്ടു ബലംപ്രയോഗിച്ചാൽ അവരുടെ പേരിൽ കുററം ചുമത്തുവാൻ കൂടുതൽ സൌകര്യം കിട്ടുന്നതാണ്. അതുകൊണ്ട് ആ എതിർപ്പു തെററല്ലെങ്കിലും കൂടുതൽ അനർത്ഥങ്ങൾക്കു കാരണമായി.

ഏതെങ്കിലും കള്ളശ്ശസ്ത്രം പ്രയോഗിച്ച് മുസലിയാരേയും, സംഘക്കാരേയും, ഇളക്കിവിട്ട് ലഹളയിൽ ചാടിച്ച് നിസ്സഹകരണപ്രസ്ഥാനത്തെക്കൂടി തകക്കണമെന്നായിരുന്നു പോലീസിൻെറ ദുരുദ്ദേശം. നിയമത്തിൻെറ പിടിയിൽ പെടാതെ അതിൽനിന്നും വിട്ടുമാറിനിന്ന് ഗവമ്മേണ്ടിനെ വിഷമിപ്പിക്കുന്ന നിസ്സഹകരണപ്രസ്ഥാനത്തെ നിയമത്തിൻെറ പിടിയിൽ കൊണ്ടു ചാടിച്ച് കുടുക്കിവിടണം എന്നായിരുന്നു പോലീസ് കണ്ടുപിടിച്ച കള്ളശ്ശസ്ത്രം. അതിനെ അറിഞ്ഞു പെരുമാറുവാൻ അവക്ക് ക്ഷമപോരാതെവന്നു. അവർ പോലീസ്സിൻെറ കള്ളശ്ശസ്ത്രത്തിന്നു കരുക്കളായി പോലീസ്സുമദ്ദനങ്ങൾ ഊജ്ജിതപ്പെട്ടത്തിത്തുടങ്ങി. അതിനെ ആലിമുസലിയാരും കൂട്ടുകാരും ബലം പ്രയോഗിച്ച് തടുത്തുതുടങ്ങി. അതിന്നു ആയുധങ്ങൾ നിമ്മിച്ചുതുടങ്ങി. ഈ സംഘട്ടനത്തിൻെറ മൂദ്ധന്യദശയിലാണ് ഖിലാഫത്ത് പ്രസ്ഥാനം യുദ്ധത്തിൽ ചെന്നു കലാശിച്ചതു്.

## എൻെറ അനുഭവം:

1921 ആഗസ്റ്റ് ഒന്നാംതിയ്യതി, ലോകമാന്യ തിലകൻെറ പ്രഥമ ചരമദിനവാർഷികം എൻെറ സ്ഥലത്തുവെച്ചു വിജയകരമായി കൊണ്ടാടി. എൻെറ വക പുത്തനാല്ക്കൽ കാവുഭഗവതിക്ഷേത്രസന്നിധിയിൽ വെച്ചാണു് അതു കൊണ്ടാടിയതു്. അവിടെ മുസ്ലീംങ്ങൾക്കു് സാന്നിദ്ധ്യം കൊടുത്തു. ക്ഷേത്രസന്നിധിയിൽ മുസ്ലീങ്ങളെ പ്രവേശിപ്പിച്ചതിൻെറ ഫലമായുള്ള ദൈവകോപം നിമിത്തമാണു് എനിക്കു് പിന്നീടു് സംഭവിച്ച ആപത്തുകൾ എന്നുകൂടി പഴമക്കാർ പറഞ്ഞിട്ടുണ്ടു്. ഞാൻ അവിടത്തെ കോൺഗ്രസ്സ് കമ്മിററി പ്രസിഡണ്ടായിരുന്നു. സിക്രട്ടറി ശ്രീ. ടി. കേശവൻ നായരായിരുന്നു. കേശവൻനായർ ഉത്സാഹിയും സന്നദ്ധനുമാണു്. അന്നത്തെ യോഗം തടയുവാൻ പോലീസ്സിന്നു് സാധിച്ചില്ല. കാരണം സ്ഥലത്തിൻെറ ഉടമ ഞാൻ തന്നെയാണു്. സ്ഥലമുടമയെ സ്വാധീനിച്ചു് മുടക്കംചെയ്യുവാൻ നിവൃത്തിയില്ല പോലീസ്സുകാൎക്കു് ഇതിലധികം പരിഭവം വരേണ്ടതില്ല. വാർഷികം കൊണ്ടാടുന്നതിൽ പോലീസ്സുകാർ പലേ തടസ്സങ്ങളും ഉണ്ടാക്കി. എന്നാൽ അന്നത്തെ യോഗം ഒരു വിജയംതന്നെയായിരുന്നു. സ്വാഗതവും, നന്ദിപ്രകടനവും ഞാനാണു് നടത്തിയതും. നന്ദിപ്രകടത്തിൽ ഞാൻ ചെയ്ത പ്രസംഗം രാജ്യദ്രോഹത്തിലേക്കു് കടന്നുവെന്നു് എൻെറ സ്നേഹിതന്മാർ എന്നോടു പറഞ്ഞു. ഒരു നമ്പൂതിരിക്കു് രാജ്യദ്രോഹത്തിന്നു രണ്ടു ശിക്ഷയുണ്ടു്. ഒന്നു് എല്ലാവൎക്കുമുള്ള കോടതിശിക്ഷയാണു്. മറേറതു് ജയിൽവാസം ചെയ്താലുള്ള സമുദായത്തിൻെറ ജ്ഞാതിശ്യാസം. രണ്ടാമതു പറഞ്ഞിതിനെ കൂടുതൽ ഭയമുണ്ടു് രണ്ടിനെയും കൂസാതെ നിർഭയമായി ഞാൻ വെട്ടിത്തുറന്നു സംസാരിച്ചു. അതു് എൻ്റെ ഒരു അസ്വാതീയ സ്നേഹിതന്നു്

ഭയം ജനിപ്പിച്ചു. അദ്ദേഹമാണ് എന്റെ പ്രസംഗം രാജ്യദ്രോഹത്തിലേക്ക് കടന്നുവെന്ന് ആശങ്ക പ്രകടിപ്പിച്ചത്.

മുൻപറഞ്ഞ സംഭവത്തിനുശേഷം പോലീസുകർ എന്നെ ദ്രോഹിക്കുവാൻ തുടങ്ങി. അടുത്തദിവസം എൻെറ ആട്ടിൻകൂട്ടം മുഴുവൻ കളവുപോയി. പോലീസാണ് കളവുചെയ്യിച്ചത്. ആഗസ്റ്റ് 4–ാംനു-യോ 5–ാംനു-യോ ആണ് അത് നടന്നത്. ഉച്ചക്ക് ഊണുകഴിഞ്ഞത് ഞാൻ പട്ടാമ്പിക്കുപോന്നു. ഒരു സ്നേഹിതൻെറ കാളവണ്ടിയിലാണ് പോന്നത്. മടങ്ങിയെത്തിയപ്പോഴേയ്ക്കും സുമാർ രാത്രി 11 മണിയായിരിക്കും. അതിന്നിടയ്ക്കാണ് ഇതുപററിച്ചത്. പിറേറന്നാൾ കാലത്താണ് സംഗതി വെളിച്ചത്തു വന്നത്. പട്ടാമ്പിയിലുള്ള എൻെറ കെട്ടിടത്തിന് വെള്ളപ്പൊക്കത്തിൽ കേടുതട്ടിയ വിവരം അറിഞ്ഞു് അതു് പരിശോധിച്ചറിവാനാണ് പട്ടാമ്പിക്കുപോയത്. ആട്ടിൻകൂട്ടം കളവുപോയതു് ഞാൻ ക്ഷമിച്ചു. അതിലും വലിയ ത്യാഗത്തിന് ഞാൻ ഒരുങ്ങിക്കഴിഞ്ഞിരുന്നു. എന്നാൽ ഏറനാട്ടിലെ സാധാരണക്കാരനായ ഒരു മാപ്പിള ഇത്തരം ധിക്കാരപ്രവൃത്തികൾ പൊറുപ്പിക്കയില്ല.

"എടാ നീ ടിലാക്കിൻെറ പിണ്ഡം വെച്ചില്ലേ?" എന്നാണ് ക്ഷുദ്രനായ അന്നത്തെ പോലീസ്സ് ഇൻസ്പെക്ടർ തടവുമുറിയിൽ വെച്ച് പിന്നീട് എന്നെ ഭീഷണിപ്പെടുത്തിയതു്.

ഒററപ്പാലം സമ്മേളനത്തിൽ നിന്നു് കോൺഗ്രസ്സിനെ ആവാഹിച്ച് ചെരുപ്പുളശ്ശേരിയിൽ കൊണ്ടുവന്നു പ്രതിഷ്ഠിച്ചു എന്നായിരുന്നു എൻെറ പേരിലുള്ള രാജ്യദ്രോഹകുററം.

അഞ്ച്

# അടിയന്തരാവസ്ഥ എത്തിച്ചേർന്നു

## പൂക്കോട്ടൂർ സംഭവം:

ആഗസ്റ്റ് 1-ാംനു മറെറാരു ഗൌരവസംഭവംകൂടി ഉണ്ടായി. അതാണു് ലഹളയുടെ ആരംഭം. യഥാൎത്ഥത്തിൽ ലഹള അന്നു ആരംഭിച്ചുകഴിഞ്ഞിരുന്നു. 20-ാംനു യാണു് തിരശ്ശീല നീക്കിയതെന്നേയുള്ളു. അതുവരെ ലഹളയുടെ ആരംഭം അണിയറയിൽ ആയിരുന്നു എന്നു മാത്രം. ആഗസ്റ്റ് 1-ാംനു വടക്കെ വീട്ടിൽ മമ്മദ് വലിയ സന്നാഹത്തോടുകൂടി ഇൻസ്പെക്ടർ നാരായണമേനോനെ സമീപിച്ചതാണു് ലഹളയുടെ ആരംഭം.

മമ്മദ് നിലമ്പൂർ കോവിലകം വക പൂക്കോട്ടൂർ കളത്തിലെ കാര്യസ്ഥനായിരുന്നു, നിലമ്പൂർ ആറാംമുറ ചിന്നനുണ്ണി തിരുമുൽപ്പാടായിരുന്നു അവിടുത്തെ മാനേജർ. അദ്ദേഹം ശ്രീ. മായങ്ങോട്ട് നാരായണമേനോൻെറ (ഇൻസ്പെക്ടർ) ചട്ടുകമായിരുന്നു. അദ്ദേഹത്തിൻെറ പ്രിയപ്പെട്ട ഭൃത്യനായിരുന്നു മമ്മദ്. മമ്മത് ഖിലാഫത്തിൽ ചേന്നപ്പോൾ തമ്പാൻ അയാളെ പ്രവൎത്തിയിൽനിന്നു് പിരിച്ചയച്ചു. പിന്നീട്ടു പോലീസ്സും തമ്പാനുംകൂടി പല ദ്രോഹവും അയാൾക്കു വരുത്തിവെച്ചു. അയാളുടെ തോക്കുലൈസൻസ് എടുത്തു കളഞ്ഞു.

ജൂലായ് അവസാനത്തിൽ അയാൾ തമ്പാൻെറ അടുക്കൽ ചെന്നു് തനിക്കു ശമ്പളബാക്കിയും മററുമായി 350ക.

യോളം വരുന്ന ഒരു സംഖ്യ കിട്ടുവാനുള്ളത് ആവശ്യപ്പെട്ടു. തമ്പാൻ അതു കൊടുക്കുവാൻ ആദ്യം വിസമ്മതം കാണിച്ചു. മമ്മത് അതു നിർബ്ബന്ധിച്ചുവാങ്ങി, തമ്പാൻ ഭയപ്പെട്ടു. വേഗം കളത്തിൽനിന്നും ആത്മരക്ഷയ്ക്കായി ഒളിച്ചോടി. കക്കാടിൻെറ ഇല്ലത്തു പോയി അന്നുരാത്രി കഴിച്ചുകൂട്ടി അവിടെനിന്നും രക്ഷപ്പെട്ടു.

അതിനുശേഷം തമ്പാൻ മമ്മദിൻേറയും മററും പേരിൽ പോലീസ്സിൽ ഒരു പരാതി ബോധിപ്പിച്ചു. ഭവനഭേദനം കളവ് മുതലായവയായിരുന്നു ചാർജ്ജ്. അതിനെപ്പററി അന്വേഷിപ്പാനായി 1921 ആഗസ്റ്റ് 1-ാംനു ഇൻസ്പെക്ടർ മായഞ്ചോട്ടു നാരായണമേനോൻ നിലമ്പൂർ കോവിലകം വക പൂക്കോട്ടൂർ കളത്തിലേക്കു വടക്കെ വീട്ടിൽ മമ്മദിനെ ആളയച്ചു വരുത്തി.

മുഹമ്മത് അവിടെ തൻെറ വിശ്വരൂപം കാണിച്ചു. ഇൻസ്പെക്ടരോടു സമാധാനം പറയുവാൻ മാത്രമല്ല അയാൾ ഒരുങ്ങിച്ചെന്നത്. ഇൻസ്പെക്ടരെക്കൊണ്ടു സമാധാനം പറയിപ്പിക്കുവാനും ആ ധീരയോദ്ധാവ് ഒരുക്കംകൂട്ടി. ആ ഖിലാഫത്ത് നേതാവ് അവിടെ വന്നപ്പോൾ തൻെറ കൂടെ രണ്ടായിരത്തോളം അംഗഭടന്മാർ അകമ്പടിക്കുണ്ടായിരുന്നു. സ്ഥിതിഗതികൾ അപായകരമെന്നു് കണ്ടപ്പോൾ ഇൻസ്പെക്ടർ അവിടെ ബുദ്ധിചാതുര്യം പ്രകടിപ്പിച്ചു. ആ അത്ഭുത പ്രതിഭാശാലി അവിടെ ഒരാൾമാറാട്ടം കാണിച്ചു. തന്നെ ഭയപ്പെടുത്തുവാൻ വന്നവരെ ആ വിരുതൻ സഹർഷം സ്വാഗതം ചെയ്തു. ഖിലാഫത്തിനു വിരോധമായി മേലാൽ താൻ യാതൊന്നും ചെയ്യില്ലെന്നു മമ്പ്രത്തു തങ്ങളുടെ കാൽപിടിച്ചു സത്യം ചെയ്തു. അങ്ങിനെ മമ്മതിനെ പിടിക്കുവാൻ ഭാവിച്ച ഇൻസ്പെക്ടർ മമ്മതിൻെറ പിടിയിൽനിന്നും ഭാഗ്യവശാ

ലോ നിർഭാഗ്യവശാലോ വിമുക്തനായി. തത്സമയം അദ്ദേഹം തൻെറ വെള്ളത്തുവൽ പുറത്തു കാണിച്ചിരുന്നുവെങ്കിൽ തൽക്ഷണം കഥ കഴിഞ്ഞേനേ എന്നാണ് ഗവൺമെണ്ട്പക്ഷം റിപ്പോർട്ട കാണുന്നതു്. അന്നു അവിടെവെച്ചു ശ്രീ. നാരായണമേനോൻെറ കഥ കഴിഞ്ഞിരുന്നുവെങ്കിൽ അതിനുശേഷമുണ്ടായ അനിഷ്ടസംഭവങ്ങൾക്കൊന്നും ഇടവരികയില്ലായിരുന്നു എന്നൊരു സംശയവും ഗവൺമെണ്ട് റിപ്പോർട്ടിൽ പ്രകടിപ്പിച്ചുകാണുന്നുണ്ട്. ശ്രീ. നാരായണമേനോൻെറ കഥ അവിടെവെച്ചു കഴിഞ്ഞിരുന്നുവെങ്കിൽ അതിനെത്തുടൎന്നു എടുത്ത മൎദ്ദനനടപടികളുടെ ഫലമായിട്ടുതന്നെ ഈ മാരണം അവസാനിക്കുമായിരുന്നു എന്നാണ് അതിന്നു കാരണം പറയുന്നതു്. പൂക്കോട്ടൂരിലെ സംഭവം കഴിഞ്ഞതോടുകൂടി ഏറനാട്ടിൽ അടിയന്തരാവസ്ഥ ഉത്ഭവിച്ചു.

ശ്രീ. മായഞ്ഞോട്ട നാരായണമേനോൻ ചില്ലറക്കാരനല്ല. അദ്ദേഹത്തിൻെറ മായാപ്രയോഗം അമേയമാണ്. അമൎദ്ദനം ഈ ദുരന്തനാടകത്തിലെ സൂത്രധാരകനാണ്. പ്രതിസന്ധിഘട്ടങ്ങളിൽ ആ സൂത്രധാരി കാണിച്ചിരുന്ന പ്രതിഭാകൗശലം അത്ഭുതാവഹമായിരുന്നു. തന്നെ അപമാനിച്ചതിന്ന് ഏറനാട്ട മാപ്പിളമാരെ നല്ലൊരു പാഠം പഠിപ്പിക്കുവാൻ ആ പോലീസ് ഉദ്യോഗസ്ഥൻ തീരുമാനിച്ചു

തിരശ്ശീലക്കുള്ളിൽ ഒരു തുറന്ന യുദ്ധത്തിന്നുള്ള ഒരുക്കങ്ങൾ തിരക്കിട്ടുതുടങ്ങി. അതിൻെറ അനക്കവും അടയാളവും പുറത്തു കണ്ടിരുന്നില്ല.

ലോകത്തിൽ നടന്ന പല വിപ്ലവങ്ങളുടേയും ജനനരാശിയായ ആഗസ്റ്റ് മാസം പിറന്നു കഴിഞ്ഞു.

## സംഘർഷാവസ്ഥയിൽ സമാധാനസമ്മേളനം:

1921 ആഗസ്റ്റ്മാസത്തിൽ ആദ്യത്തെ ആഴ്ചയുടെ അവസാനത്തോടുകൂടി തിരൂരങ്ങാടിയിൽവെച്ചു ഒരു ഖിലാഫത്തു സമ്മേളനം ചേർന്നു. ശ്രീ. കെ. പി. കേശവമേനോനായിരുന്നു അദ്ധ്യക്ഷൻ. ആലിമുസലിയർ സഭാമണ്ഡലത്തിൽ അദ്ധ്യക്ഷൻെറ അടുത്തു സന്നിധാനം ചെയ്തിരുന്നു. കേപ്ടൻ കുഞ്ഞലവി, മന്ത്രിപുംഗവൻ ലവക്കുട്ടി മുതലായവരും അവിടെ ഉണ്ടായിരുന്നു.

പൊന്നാനിയിലും, പൂക്കോട്ടൂരിലും നടന്ന അനിഷ്ടസംഭവങ്ങൾക്കുശേഷം ഖിലാഫത്ത് വളണ്ടിയർമാരുടെ മേൽ പോലീസ് നടത്തിയിരുന്ന ക്രൂരമായ മർദ്ദനനടപടികളായിരുന്നു അവിടുത്തെ പ്രധാന പ്രമേയം. പോലീസ്മർദ്ദനത്തിൽ നിന്നു് ഉളവായ ബഹുജനരോഷം അവിടെ പ്രകടമായിരുന്നു.

മുൻപറഞ്ഞ അനിഷ്ടസംഭവങ്ങൾക്കു പുറമെ താനാളൂരിലും ഒരു സംഘട്ടനം ഉണ്ടായി. അതു് കള്ളുചെത്തുകാരായ തിയ്യരും, മാപ്പിളമാരും തമ്മിലായിരുന്നു. മദ്യവർജ്ജനത്തിൻെറ പേരിലാണ് അതു നടന്നതു്. തിയ്യർ അന്നു പ്രായേണ ഗവർമ്മേണ്ട് പക്ഷത്തിലായിരുന്നു. അവരുടെ ജിഹ്വയായ "മിതവാദി" ആഴ്ചപ്പതിപ്പ് തികച്ചും ഗവർമ്മെണ്ടുഭാഗം തന്നെ. മേൽപ്പറഞ്ഞ സംഭവങ്ങളുടെ ഫലമായി കലക്ടർ തോമസ്സിൻെറ തലക്കു തീ പിടിച്ചിരുന്നു. അയാൾ ഖിലാഫത്ത് വളണ്ടിയർമാരുടെ നേക്കു പോലീസ് അക്രമം അഴിച്ചുവിട്ടു.

പോലീസിൻെറ അക്രമം പൊറുക്കവയ്യാതായപ്പോൾ ഖിലാഫത്തുകാർ ആയുധങ്ങൾ നിർമ്മിക്കുവാനും അറസ്റ്റുകൾ

തടസ്സപ്പെടുത്തുവാനും പോലീസ് അക്രമത്തെ തടയുവാനും ഒരുങ്ങി പുറപ്പെട്ടു. ഈ അപകടത്തിൻെറ പുറപ്പാടു കണ്ട പ്പോൾ ശ്രീ. എം. പി. നാരായണമേനോൻ അതിനെ മുള യിൽത്തന്നെ നുള്ളി കളയണമെന്നു കെ. പി. സി സി യി ലേക്കു റിപ്പോർട്ടുകൊടുത്തു. ശ്രീ. മേനോൻ മാപ്പിളമാരോടു വളരെ അടുത്തു പെരുമാറുന്ന ആളാണ്. ഏറനാട്ടിലെ കോ ൺഗ്രസ്സ്കമ്മിററി സിക്രട്ടരിയുമാണ്. ഒരു അക്രമരഹിതനാ യ പ്രമുഖഖിലാഫത്ത് പ്രവത്തകനായ കട്ടിലശ്ശേരി മുഹമ്മ ദ് മുസലിയാരായിരുന്നു അദ്ദേഹത്തിൻെറ കൂട്ടുകാരൻ. പോ ലീസ്സിനു ആലിമുസലിയാരോടുണ്ടായിരുന്ന ദേഷ്യം കട്ടില ശ്ശേരിയോടും ഉണ്ടായിരുന്നു.

ഇവർ രണ്ടുപേരുംകൂടി ആലിമുസലിയാരെ സമീപിച്ചു നോക്കി. പക്ഷെ അദ്ദേഹത്തെ ആയുധനിമ്മാണത്തിൽനി ന്നു പിൻതിരിപ്പിക്കുവാൻ സാധിച്ചില്ല. ആലിമുസലിയാർ പള്ളിയിലാണ് താമസം. ശ്രീ. നാരായണമേനോൻ അമു സ്ലിം ആയതുകൊണ്ടു് പള്ളിയിലേക്കു കടന്നില്ല. ഒരു അം ഗഭടനാണ് ആദ്യം പുറത്തു വന്നതു്. അവൻെറ ഷർട്ട് ക ട്ടിലശ്ശേരി പൊക്കിനോക്കി, അരയിൽ തിരുകിയിരുന്ന കഠാ രം അദ്ദേഹം ഊരിയെടുത്ത് "നിനക്കു പോത്തിനെ അറക്ക ലാണോ ഇപ്പോൾ ജോലി" എന്നവനെ പുച്ഛിച്ചു.

മേൽപ്പറഞ്ഞ സംഭവവികാസങ്ങളുടേയും സംഘട്ടനങ്ങ ളുടേയും ഗൌരവം മനസ്സിൽവെച്ചുകൊണ്ടു് ശ്രീ. കെ. പി. കേശവമേനോൻ ഖിലാഫത്ത് പ്രവത്തകന്മാർ അഹിംസാ നുഷ്ഠാനം പരിപൂർണ്ണമായി പാലിക്കേണ്ടതിൻെറ ആവശ്യം തിരൂരങ്ങാടിയിൽ നടന്ന സമ്മേളനത്തിൽവെച്ചു, വിവ

രിച്ചുകൊട്ടത്തു. പോലീസുമദ്ദനത്തിൽ ജനങ്ങൾ ക്ഷുഭിതരാകാതിരിക്കുവാനും അഭ്യത്ഥിച്ചു.

ഖിലാഫത്തു് പ്രവത്തകന്മാരുടെ നേക്കു പോലീസ് നടത്തുന്ന മദ്ദനപോരാട്ടത്തെ അവിടെവെച്ചു പലരും ആക്ഷേപിച്ചു.

ആറ്

# പട്ടാളസന്നാഹം

ആഗസ്റ്റ് 2-ാംനു ഇൻസ്പെക്ടർ നാരായണമേനോൻ തലേദിവസത്തെ അനിഷ്ടസംഭവം വിവരിച്ച് കലക്ടർക്ക് ഒരു റിപ്പോർട്ടയച്ചു. അന്നേരം ഡി. എസ്സ്. പി. മലബാറി ലുണ്ടായിരുന്നില്ല. അദ്ദേഹം പട്ടികടിയേററതിൻെറ ചികി ത്സക്കായി കുന്നൂരിൽ താമസിക്കുകയായിരുന്നു. 9-ാംനു-യാണ് മടങ്ങിയെത്തിയത്.

മേൽപ്പറഞ്ഞ റിപ്പോർട്ട് ഒരു പേടിസ്വപ്നംപോലെ ഭയങ്കരമായിരുന്നു. അത് കണ്ടാൽ ഏറനാട്ടിലെ മാപ്പിളമാർ ആബാലവൃദ്ധം പടക്കളത്തിൽ ഇറങ്ങിക്കഴിഞ്ഞുവെന്നു് തോന്നും, മൂട്ടപടമിട്ട സ്ത്രീകളും പടക്കളത്തിൽ ഇറങ്ങി കുട്ടി കളെ ഉശിരു പിടിപ്പിക്കുവെന്നുകൂടി അതിൽ പറയുന്നുണ്ട്. ഈ റിപ്പോർട്ടിൻെറ പകപ്പ് മദ്രാസ്സ് മെയിലിൻെറ ആഗ സ്റ്റ് 8-ാംനു-യിലെ ദിനപ്പത്രിപ്പിൽ പ്രസിദ്ധപ്പെടുത്തി.

മേൽപ്പറഞ്ഞ ഇൻസ്പെക്ടരുടെ റിപ്പോർട്ട് ഉള്ളടക്കം ചെയ്ത മലബാർ കലക്ടർ ഇ. എഫ്. തോമസ് മദ്രാസ്സ് ഗവണ്മെൻറിന് ആഗസ്റ്റ് 7-ാംനു ഒരു റിപ്പോർട്ടയച്ചു. ശ്രീ നാരാ യണമേനോൻെറ റിപ്പോർട്ടിനെ പിൻതാങ്ങിക്കൊണ്ട് മല ബാറിലെ ഗുരുതരമായ സ്ഥിതിഗതികളെ അതിൽ വിവരി ച്ചിരുന്നു. ഇവിടുത്തെ സ്ഥിതിഗതികൾ നിയന്ത്രണാതീത മായിരിക്കുന്നു. സമാധാനം സ്ഥാപിക്കുവാൻ പട്ടാളത്തെ അയച്ചുതരണമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരുന്നത്.

ബ്രിട്ടീഷു പട്ടാളത്തിൻെറ ഒരു ഡബിൾ കമ്പനിയുടെ സഹായത്തോടുകൂടി ഇന്ത്യൻ പട്ടാളത്തിൻെറ ഒരു മുഴവൻ ബററാലിയനെ അയച്ചു കിട്ടണമെന്നാണതിൽ ആവശ്യപ്പെട്ടിരുന്നതു്. അന്നേരം കോഴിക്കോട്ടു നില്ക്കുന്ന ബ്രിട്ടീഷു പട്ടാളത്തിന്നു പുറമെയാണു് ഇതാവശ്യപ്പെട്ടതു്. മേൽപ്പറഞ്ഞ സൈന്യബലം കരസ്ഥമായാൽ താൻ അംശംതോറും കടന്നുചെന്നു് മാപ്പിളമാരുടെ എല്ലാവരുടേയും ആയുധം താഴെ വെപ്പിക്കുമെന്നും അതിൽ അക്രമികളെ അറസ്ററു ചെയ്തു് ബന്ധിക്കുമെന്നുമായിരുന്നു കലക്ടരുടെ റിപ്പോർട്ടു്.

ഈ റിപ്പോർട്ടും ഇൻസ്പെക്ടരുടെ റിപ്പോർട്ടും പ്രസിദ്ധം ചെയ്ത ആഗസ്റ്റ് 8-ാംനു-യിലെ 'മെയിൽ' പേപ്പറിന്റെ കട്ടിങ്ങ് ഉള്ളടക്കം ചെയ്തു 11-8-'21-ാംനു-ക്കു് ഗവണ്ണർ കമാണ്ടിങ്ങ് ഓഫീസർക്കു് ഒരു കത്തയച്ചു. ഇപ്പോൾ സ്ഥിതി ശാന്തമാണെങ്കിലും ഏതവസരത്തിലും ലഹള പൊട്ടിപ്പുറപ്പെടാവുന്ന ഒരു സ്ഥിതിവിശേഷമാണു് മലബാറിലുള്ളതു്. മലപ്പുറത്തുനിന്നു ബ്രിട്ടീഷു പട്ടാളത്തെ അയക്കുവാൻ തയ്യാറായി നില്ക്കണമെന്നായിരുന്നു മേൽപ്പറഞ്ഞ കത്തിൽ ആവശ്യപ്പെട്ടിരുന്നതു്.

12-8-21നു് ഗവണ്ണർ വീണ്ടും കമാണ്ടിങ്ങ് ഓഫീസർക്കു് കമ്പികൊടുത്തു. "ഇന്നലെ ഞാനയച്ച കത്തിനെ തുടന്നു് മലബാറിലെ സ്ഥിതിഗതികൾ ആദ്യം കണക്കാക്കിയതിനേക്കാൾ കൂടുതൽ ഗുരുതരമായി വരുന്നുണ്ടെന്നു് വീണ്ടും കലക്ടരുടെ റിപ്പോർട്ടു് കൊണ്ടു് കാണുന്നു. ബലം പ്രയോഗിച്ചു് അധികാരസ്ഥന്മാരെ എതിക്കുവാനുള്ള വിപുലമായ സംഘടന മാപ്പിളാരുടെ ഇടയിൽ ഉള്ളതിൻെറ അടയാളം കണ്ടുതുടങ്ങിയിരിക്കുന്നു. സ്ഥിതിഗതികൾ നിയന്ത്രണാതീതമായെന്നു് ഡി. മജിസ്ട്രേട്ട് കരുതുന്നു. ഭവനപരിശോധ

നകൾ നടത്തി ആയുധങ്ങൾ താഴെ വെപ്പിക്കുവാൻ സുശക്തമായ ഒരു ബററാലിയൻ, ഇന്ത്യൻ കാലാൾപ്പടയും അവരുടെ സഹായത്തിന്നു ലൂയിഗൺ അടക്കമുള്ള ഒരു ഡബിൾ കമ്പനി, ബ്രിട്ടീഷ് കാലാൾപ്പടയും അയച്ചു തരണമെന്നു ഡി. മജിസ്ട്രേട്ട് ആവശ്യപ്പെടുന്നു. അതു് അയച്ചു കൊടുപ്പാൻ സൌകര്യമുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ സാധിക്കുമെന്നും സദയം കമ്പി അടിക്കുക. ഒരു സ്റ്റാഫ് ഓഫീസറെ ഡി. മജിസ്ട്രേട്ടിനോടുകൂടി ആലോചന നടത്തുവാൻ കാലികററിലേക്കു് അയക്കേണമെന്നും നിർദ്ദേശിക്കുന്നു."

— കമ്പിനമ്പർ 264

മേൽപ്പറഞ്ഞ കമ്പിക്കു കമാൻററ് 13-8-21-ാംനു-ക്കു് താഴെ പറയുന്ന മറുപടി കൊടുത്തു.

"നിങ്ങളുടെ കമ്പിനമ്പർ 264. ഇന്ത്യൻ പോയനീർ ബററാലിയനെ ഒരുക്കിനിത്തീട്ടുണ്ടു. ബാങ്കളൂരിൽനിന്നും പുറപ്പെടുന്നതാണു്. കാലിക്കററിലെ ബ്രിട്ടീഷ് പട്ടാളത്തെ ഒരു മുഴുവൻ കമ്പനിയായി പൂത്തിയാക്കുവാൻ ഞാൻ തയ്യാറുണ്ടു. വെല്ലിങ്ങ്ടണിൽനിന്നും ക്യാപ്ററൻ ബിനിഫാദറാണും അങ്ങോട്ടു വരുന്നതു്. തോമസിനെ കാണുവാൻ ഇവാൻസ് ഇന്നു കാലിക്കററിലേക്കു് പോകുന്നു."

ഇതിനുശേഷം ഗവൺമ്മെൻറ് നയപരിപാടി മാററി. എക്സിക്യൂട്ടീവ് മെമ്പർ ഓണറബിൾ എ. ആർ. നാപ്പിൻെറ സ്വാധീനശക്തിയായിരിക്കും അതിന്നു കാരണമെന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

ഗവൺമ്മെൻറ് കമാൻററക്കു് പരിപാടി മാററി ആഗസ്റ്റ് 13-ാംനു താഴെ ചേർത്ത കമ്പി കൊടുത്തു.

"ഇന്നലത്തെ എൻെറ കമ്പിസന്ദേശത്തെ തുടൎന്ന്, പൊതുവിൽ ആയുധം വെപ്പിക്കുവാനുള്ള കലക്ടരുടെ പുറപ്പാട്ട സ്വീകരിപ്പാൻ ഗവമ്മെണ്ടു് തല്ക്കാലം ഒരുക്കമില്ല. അതിനു് സമരത്തിൻെറ സവിസ്തരമായ പരിപാടി വിവരിച്ചുകിട്ടണം. സ്ഥിതിഗതികളെക്കുറിച്ചു് സൈനിക വിലമതിപ്പു (Military Appreciation) വേണം. ഒരു കാര്യം ഗവമ്മെണ്ടിനു് ബോദ്ധ്യം വന്നിരിക്കുന്നു. മലപ്പുറത്തു നിന്നും ശക്തിയായ ഒരു പട്ടാളനടപടി എടുക്കേണ്ടതിന്നു് മലബാറിൽ നില്ക്കുന്ന ബ്രിട്ടീഷ് പട്ടാളത്തിൻെറ സംഖ്യ വർദ്ധിപ്പിക്കണം. തല്ക്കാലം 200 എങ്കിലും കൂട്ടിചേർത്തു് ഒരു കമ്പനി തികക്കണം. അതു് അത്യാവശ്യമാണു്. അതു് ഉടനെ ചെയ്തുകിട്ടിയാൽ ആ സ്ഥാനത്തിരിക്കുന്ന ഗവർണ്ണർ തിരുമേനിക്കു സന്തോഷമുണ്ടു്."

പട്ടാളസൈന്യാധിപനുള്ള ഗവർണ്ണരുടെ കത്തു്.

ആഗസ്റ്റ് 13–ാംനു

"ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അഭിപ്രായപ്പെട്ട പ്രകാരം അക്രമം ബാധിച്ച സ്ഥലങ്ങളിൽ മൊത്തത്തിൽ ആയുധം വെപ്പിക്കുന്നതിനെക്കുറിച്ചുള്ള പ്ലാൻ തല്ക്കാലം ഗവർമ്മെണ്ടിനു് സ്വീകാര്യമല്ലെന്നു് അറിയിക്കുന്നു. നേതാക്കന്മാരെ അറസ്റ്റു ചെയ്യേണ്ടകാര്യത്തിൽ നടപടി എടുത്തു കുററം തെളിയിക്കുവാൻ കഴിയുമെന്നു് ഉറപ്പുണ്ടെങ്കിൽ അവരെ പ്രോസിക്യൂട്ട ചെയ്യാൻ മാത്രമാണു് ഇപ്പോൾ ഗവമ്മെണ്ടു് കൂടുതൽ ഇഷ്ടപ്പെടുന്നതും. ഒരു സ്റ്റാഫ് ആഫീസറെ കലിക്കററിലേക്കു് അയച്ചു് സംഗതികൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമായി ചർച്ച ചെയ്യണമെന്നു് എൻെറ ഇന്നലത്തെ കമ്പിസന്ദേശത്തിൽ ചെയ്ത നിർദ്ദേശത്തെ ഞാൻ ആവർത്തിക്കുകയും, നിർബ്ബന്ധിക്കുകയും ചെയ്യുന്നു. സ്റ്റാഫ് ആഫീസരുടെ അവിടത്തെ സ്ഥി

തിഗതികളെക്കുറിച്ചുള്ള വിലമതിപ്പ് നിങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തോടുകൂടി കഴിയുംവേഗത്തിൽ ഈ ഗവർമ്മെണ്ടിനെ അറിയിക്കുക."

ഗവണ്ണർ ഡിസ്ത്രിക്ട് മജിസ്ട്രേട്ടിന്നയച്ച കമ്പി.

ആഗസ്റ്റ് 13-ാംനു

"മലബാറിൽ നില്ക്കുന്ന ബ്രിട്ടീഷുപട്ടാളത്തെ തൽക്കാലം ഒരു മുഴുവൻ കമ്പനിമായി ഉടനെ വിപുലീകരിക്കുവാൻ കമാൻറിങ്ങ് ഓഫീസരോട് അപേക്ഷിച്ചിട്ടുണ്ട്, മലപ്പുറത്തു നിന്നു് പ്രബലമായ ഒരു പട്ടാളനടപടി എടുക്കുന്നതിന്നുള്ള സൌകര്യത്തിനാണതു്. നാപ് (Nap) നാളെ കാലിക്കററിലെത്തി സംഗതികൾ ചർച്ച ചെയ്യും. ഏറനാട്ടിൽ ഹിച്ചുകോക്ക് നടത്തിയ അന്വേഷണത്തിൻെറ ഫലം അറിയിക്കുക."

സർവ്വസൈന്യാധിപൻ ഗവണ്ണർക്കയച്ച കമ്പി.

"നിങ്ങളുടെ നമ്പ്ര് 268-13-ാംനു കാലിക്കററിൽ നില്ക്കുന്ന പട്ടാള വിഭാഗത്തെ ഒരു മുഴുവൻ കമ്പനി പൂർത്തിയാക്കുവാൻ വില്ലിംഗ്ടണിൽ നിന്നും പട്ടാളത്തെ അയച്ചിരിക്കുന്നു. ഏറനാട്ടിലെ സ്ഥിതിഗതികളുടെ റിപ്പോർട്ട് കാത്തിരിക്കുന്നു."

സർവ്വസൈന്യാധിപൻെറ കമ്പി വീണ്ടും.

ആഗസ്റ്റ് 15-ാംനു

"ഞാൻ മുമ്പയച്ച കമ്പിസന്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി ഫസ്റ്റ് ബററാലിയൻ ലീൻസ്റ്റർ റജിമെൻറു് (R. C.) ലൂയി ഗണ്ണുകളോടുകൂടി ഇന്നലെ കാലിക്കററിലേക്ക് അയച്ചിരിക്കുന്നു. അവിടെ നില്ക്കുന്ന പട്ടാള വിഭാഗത്തിന്റെ

സംഖ്യ വദ്ധിപ്പിക്കുന്നതിന്ന് 200 ഓളം പട്ടാളക്കാരെ അയച്ചിട്ടുണ്ട്. എൻെറ അഭിപ്രായത്തിന്നു് വിരോധമായിട്ടാണ് ഞാൻ അവരെ അയക്കുന്നതു് എന്നു് അറിയിക്കുന്നു.''

“അവരുടെ, പട്ടാളത്തിൻെറ, ഇടപെടൽ ആവശ്യമായി വരുന്ന വിഷമഘട്ടം നേരിടുന്നതിനു മുമ്പായി, പട്ടാളത്തെ ബന്ധപ്പെട്ട് അയക്കുന്നത്, എവിടെ, എങ്ങിനെ അവരെ ഉപയോഗിക്കണമെന്നു് പരിപാടികൾ തയ്യാറാക്കുന്നതിന്നു് മുമ്പു് അയക്കുന്നതു്, അതിൻെറ പ്രയോജനം നിഷ്ഫലമാക്കുന്നതും തെററിദ്ധാരണക്കു് വഴിവെക്കുന്നതുമാണു്. അതൊരു പരിഭ്രമജനകമായ നടപടിയായിരിക്കും. ഇതുപോലെയുള്ള കാര്യങ്ങളിൽ കൃത്യമായ നടപടികൾ നിശ്ചയിക്കേണ്ടതു് സിവിൽ ഉദ്യോഗസ്ഥന്മാരാണല്ലോ. ചീഫ് മജിസ്ട്രേട്ടും എൻെറ ഓഫീസറന്മാരും തമ്മിൽ അവിടത്തെ സ്ഥിതിഗതികളെക്കുറിച്ച് കൂടിയാലോചനകൾ നടത്തി പട്ടാള വീക്ഷണപ്രകാരം കാര്യങ്ങൾ നോക്കികണ്ടു് വിലയിരുത്തി ഒരു പരിപാടി തയ്യാറാക്കുന്നതിനു മുമ്പും പട്ടാളങ്ങൾ എങ്ങോട്ടും അനങ്ങാതിരിക്കുന്നതായിരിക്കും നല്ലതെന്നു് ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. പട്ടാളക്കാരുടെ സംഖ്യ എത്രത്തോളം വേണമെന്നു് നിശ്ചയിക്കുന്ന കാര്യം സ്ഥലത്തുള്ള പട്ടാള ഉദ്യോഗസ്ഥന്മാക്കു് വിട്ടുകൊടുക്കുന്നതാണു് നല്ലതു്.''

ഓണറബൾ നാപ്പ് മലബാറിലെത്തി:

ഓണറബിൾ നാപ്പ് മലബാറിലെ ഒരു നല്ല പരിചയക്കാരനാണു്. ഏറനാട്ടിലെ മാപ്പിളമാരുടെ സ്വഭാവവും അദ്ദേഹത്തിന്നു് നല്ലവണ്ണമറിയാം. 1894ൽ പള്ളിക്കുറുപ്പിൽ നടന്നലഹളയുടെ നേരിട്ടനുഭവം അദ്ദേഹത്തിനുണ്ടു്. അദ്ദേഹം ഒരു ക്ഷമാശാലിയാണു്.

ആഗസ്റ്റ് 14-ാംനു ഓണറബിൾ നേപ്പ് (Honourable Nap) കലികററിലെത്തി. കലക്ടർ തോമസിനെ നേരിട്ടു കണ്ടു് ഏറനാട്ടിലെ സ്ഥിതിഗതികളുടെ ഗൌരവം മനസ്സിലാക്കി. കലക്ടർ തോമസ്സിൻെറ തീവ്രമായ അക്ഷമകണ്ടു് അദ്ദേഹം അതൃപ്തനായി. മാപ്പിളമാരുടെ യുദ്ധസന്നാഹം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ബാലിശമായിരുന്നു. ഇതു പോലുള്ള ആയുധനിർമ്മാണം 1894ലിലും ഉണ്ടായിട്ടുണ്ടെന്നു അദ്ദേഹം അതിനെ പുച്ഛിച്ചുപറഞ്ഞു. ഇവരുണ്ടാക്കുന്ന വാളുകൾ അമ്പലങ്ങളിൽ വെളിച്ചപ്പെട്ടവാനേ കൊള്ളുകയുള്ളു എന്നുകൂടി അദ്ദേഹം കളിയാക്കിയിരിക്കുന്നു.

ഖിലാഫത്തിൻെറ നേക്ക് പൊതുവിൽ യാതൊരു നടപടികളും എടുത്തുപോകരുതെന്നു് അദ്ദേഹത്തിന്നു് പ്രത്യേക നിഷ്കൃഷ്ടയുണ്ടായിരുന്നു. കുററം ചെയ്ത അക്രമികളുടെ നേക്ക് മാത്രമേ നടപടി എടുക്കാവൂ എന്നായിരുന്നു അദ്ദേഹത്തിൻെറ ദൃഢനിശ്ചയം. ഖിലാഫത്ത് എന്ന വാക്കു് എത്രത്തോളം ഉപയോഗിക്കാതിരിക്കുന്നുവോ അത്രത്തോളം നല്ലതാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. അതിൻെറ നേക്ക് നടപടിയെടുക്കേണ്ടകാര്യം ഒരു അഖിലേന്ത്യാപ്രശ്നമാണു്. മാപ്പിളമാരുടെ യുദ്ധസന്നാഹം ഒരു പ്രാദേശിക പ്രശ്നം മാത്രമാണു്. അതിന്നു് അതിന്റെ വിലയിരുത്തിയാൽ മാത്രം മതിയെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം.

ഈവക സംഗതികൾ അദ്ദേഹം ഗവണ്മെണ്ടിന്നു് സമർപ്പിച്ച ഒരു കുറിപ്പിൽ പ്രസ്താവിച്ചതാണു്. അതിൽനിന്നും പ്രധാനപ്പെട്ട ചില സംഗതികൾ താഴെ ചേർക്കുന്നു:

"തോമ്മസ് പടപ്പുറപ്പാടിനു് ഒററക്കാലിൽ നില്ക്കുന്നു:"

"തോമസ്സിൻെറ ബേജാറ് അയാളുടെ പൊതുവേയുള്ള അഭിപ്രായ പ്രകടനത്തിൽ തെളിഞ്ഞുകണ്ടിരുന്നു. അയാ

ളുടെ സംസാരം അധികവും ഒരു വിപുലമായ അറസ്റ്റുംപോരാട്ടത്തി ലശ്ശ് എടുത്തു പാട്ടത്തിന്നുള്ള ഒരുക്കത്തെക്കുറിച്ചായിരുന്നു. മറ്റന നടപടികൾ എടുക്കുവാനുള്ള ചെദ്ധപ്പാടും അതിൽ കണ്ടിരുന്നു. അതുകൊണ്ട വരാവുന്ന ഭവിഷ്യത്തുക്കളെ സ്പഷ്ടമായി മുൻകൂട്ടി കാണാതെയാണു് അയാളുടെ പോക്കെന്നു് ഞാൻ കരുതുന്നു. ഞങ്ങളുടെ കൂടിയാലോചനക്കു് ഫലമുണ്ടായി.

ഇവിടുത്തെ തല്ക്കാലകാര്യങ്ങൾ തോമസ്സിന്നു് നടത്തുവാനേ ഉള്ളുവെന്നും, ഖിലാഫത്ത് വളണ്ടിയർമാരുടെ നേക്ക് മനഃപൂർവ്വം യുദ്ധം പ്രഖ്യാപിക്കുന്നതു് പ്രാദേശിക കാര്യമല്ല, അഖിലേന്ത്യാ വീക്ഷണത്തിൽ എടക്കേണ്ട നടപടിയാണെന്നും തോമസ്സിനെ ധരിപ്പിക്കുവാൻ ഞാൻ വിഷമിച്ചു. അയാളുടെ കത്തിൽ കാണുന്നതുപോലെ തോമസ്സിൻെറ ആദ്യത്തെ പ്ലാൻ ഒരു വലിയ പട്ടാളത്തോടുകൂടി ഏറനാട്ട മുഴുവൻ അടിച്ചുതുടച്ച് ഭവനപരിശോധനയും മാപ്പിളപ്രക്ഷോഭത്തിൽ സംശയിക്കപ്പെട്ടവരെയെല്ലാം അറസ്റ്റും ചെയ്യുകയുമായിരുന്നു."

പട്ടാളകേന്ദ്രീകരണം:

"തിരൂരങ്ങാടിയിൽ വിജയകരമായി പടയൊരുക്കത്തിന്നു്, പടനീക്കത്തിന്നു്, ഇവിടെ നിൽക്കുന്ന പട്ടാളം മാത്രം മതിയാകുന്നതാണെന്നു് കേണൽ പ്രഭുവിനോട്ട് അന്വേഷിച്ചു്. ഞാൻ വരുന്നതിന്നു മുമ്പുതന്നെ തോമ്മസ്സ് തീച്ച്പ്പെടുത്തി വെയ്ക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഖിലാഫത്ത് പ്രസ്ഥാനത്തെ നിയമവിരുദ്ധമാക്കണമെന്നു് തോമസ്സിന്നു് മോഹമുണ്ടായിരുന്നു. അതിനു് ഒരു കല്പനയും തയ്യാറാക്കിയിരുന്നു. പക്ഷെ പുറത്തു വിടരുതെ

ന്നു് ഞാൻ തോമസ്സിനെ താക്കീതു ചെയ്തു. ആ കല്പനയുടെ കോപ്പി ചീഫ്സിക്രട്ടറിക്കു് അയയ്ക്കുന്നു. അതു പരിശോധിച്ചു് അതു പുറത്തു വിടാതിരിപ്പാൻ തോമസ്സിനെ നിർബ്ബന്ധിക്കണമെന്നാണു് അതിൽ ഞാൻ ആവശ്യപ്പെട്ടിരുന്നതു്. ഖിലാഫത്തിൻെറ പേർ പറയാതിരിക്കുന്നതാണു് നല്ലതു്. ഇവിടത്തെ മുഹമ്മദീയരുടെ ലഹളയെ അതിൻെറ നിലക്കെട്ടത്താൽമതി.''

നടപടി എടുക്കേണ്ടതിന്നു് എ. ആർ. നേപ് കൊടുത്ത നിർദ്ദേശം:

കൂടുതൽ പട്ടാളവും പോലീസ്സും കൂടി വെളുപ്പാൻ കാലത്തു് തിരൂരങ്ങാടിയിൽ ചെന്നു് താഴെ പറയുന്നവരെ അറസ്റ്റുംചെയ്യണം:

1. എലിക്കുന്നതു് ആലിമുസലിയാർ, നെല്ലിക്കുന്നത്തു ടീച്ചർ.
2. ലവക്കുട്ടി.
3. കാരാടൻ മൊയ്തീൻ കുട്ടി, നോൺ കോപ്പറേഷൻ ലീഡർ.

അതിന്നു പുറമെ ആറു വളണ്ടിയമാരെയും അറസ്റ്റും ചെയ്യണം. അതു് മാപ്പിള ആക്ടു് പ്രകാരം കത്തികൾ പരിശോധിക്കാനായിരിക്കണം. തിരൂരങ്ങാടി പള്ളിയിൽ കടന്നു പരിശോധിക്കുവാൻ പാടുള്ളതല്ല.

ക്യാബിനററു് യോഗം:

"ഗവർണ്ണർ ഒഴികെ മറെറല്ലാവരും ഹാജർ. മലബാർ കാര്യങ്ങൾ ചർച്ചചെയ്തു. മാപ്പിള ഔട്ട്റേജസ് ആ

ക്ക് പ്രകാരം നടപടി എടുക്കുവാൻ അനുവദിച്ചു. ഖിലാഫത്തിനെതിരായിട്ടുള്ളതാണെന്ന് ആക്ഷേപം വരാതിരിക്കാൻ ശ്രദ്ധിക്കണം. 7–ാം വകുപ്പു പ്രകാരം മതിയായ തെളിവുള്ള ദിക്കിൽ ഡിസ്ത്രിക്ക് മജിസ്ത്രേട്ട് നടപടികൾ എടുക്കുന്നതിന്ന് വിരോധമില്ല. മുൻനിശ്ചയം അനുസരിച്ചു തിരൂരങ്ങാടിയിലും താനാളൂരും ഡിസ്ത്രിക്ക്മജിസ്ത്രേട്ടിനെ നടപടികൾ നടത്തുവാൻ അനുവദിച്ചു. വേറെ വല്ല നടപടികളും ആവശ്യമുണ്ടെങ്കിൽ സവിസ്തരവും സുനിശ്ചിതവുമായ പ്രോഗ്രാം അയക്കണം. മാപ്പിള ഔട്ട്റേജസ് ആക്ട് 7–ാം വകുപ്പുപ്രകാരമോ, മററു നിയമങ്ങൾ വഴിക്കോ കുററക്കാരാണെന്നു കാണുന്നവരുടെ നേക്കമാത്രമേ നടപടി എടുക്കുവാൻ പാടുള്ളൂ''

നേപ്പ് ഡിസ്ത്രിക്ക് മജിസ്ത്രേട്ടിന്നയച്ച കമ്പി 16/8 (Telegram by A. R. Nap to the District Magistrate):

"പട്ടാളവും പോലീസുംചേർന്ന് തിരൂരങ്ങാടിയിൽ ഭവനപരിശോധന നടത്തുവാനുള്ള നിങ്ങളുടെ പരിപാടി ഗവർമ്മേണ്ട് സമ്മതിച്ചിരിക്കുന്നു. ഒരു കാര്യം നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കണം. അറസ്റ്റും ചെയ്യുന്നതു് മാപ്പിള ആക്ട് പ്രകാരവും സാധാരണ നിയമപ്രകാരവുമുള്ള കുററക്കാരെ മാത്രമായിരിക്കണം. താനാളൂരും അങ്ങിനെ ചെയ്യാം. പിന്നീട് വേണമെങ്കിൽ വിവരം അറിയിക്കണം. നിങ്ങൾ ഇപ്പോൾ ചെയ്യുന്ന കാര്യത്തിൽ അതിപ്രധാനമായി കരുതേണ്ടതു് ഖിലാഫത്തിനെതിരായി പ്രത്യേകം നടത്തുന്ന ഒരു സമരത്തിൻെറ ഭാവം ഇതിന്നുവരാതിരിക്കണമെന്നുള്ളതാണ്."

പ്രൈവററ് സിക്രട്ടറി (മലബാർ കാര്യങ്ങൾ):

"തോമസ്സ് പട്ടാളഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചന നടത്തി. പോലീസും പട്ടാളവും ചേന്നു് തിരൂരങ്ങാടിയിൽ ഭവന പരിശോധന നടത്തുവാൻ ഇന്നു നടത്തിയ ക്യാബിനററ് മീററിങ്ങിൽ നിർദ്ദേശിച്ചു. മലബാർ വാർഫെഫ്സ് ആക്ട് 1854 പ്രകാരമാണു് ഭവന പരിശോധന. ഇതു് ക്യാബിനററ് നിർദ്ദേശിച്ചു. സാധാരണ നിയമപ്രകാരമുള്ള കുററക്കാരേയും മാപ്പിള ഔട്ട്റേജസ് ആക്ട് സെക്ഷൻ 7 പ്രകാരവും കുററം ചെയ്തവരെ മാത്രമേ അറസ്റ്റുചെയ്യാവൂ എന്നു് തോമസ്സിനെ നിർദ്ദേശിച്ചിട്ടുണ്ടു്. താനാളൂരിൽ സാധാരണ നിയമപ്രകാരം നടപടി എടുക്കാനും പറഞ്ഞിട്ടുണ്ടു്. ഇനിമേൽ ചെയ്യേണ്ട കാര്യത്തിന്നു് അയാളുടെ റിപ്പോർട്ടു് കാത്തിരിക്കുന്നു. ഖിലാഫത്തിൻെറ നേക്കുള്ള പ്രത്യേക സമരത്തിൻെറ സ്വഭാവം ഇതിൽ വന്നുചേരരുതെന്നു് പ്രത്യേകം ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ആസന്നമായ മാപ്പിള ലഹളയുടെ നേക്കു് മാത്രമായിരിക്കണം നടപടി എന്നും ഉപദേശിച്ചിട്ടുണ്ടു്"

സർവ്വസൈന്യാധിപൻെറ കമ്പി 16/8:

"പയനിയർ ബെററാലിയൻ 24 മണിക്കൂർ നോട്ടീസ്സു പ്രകാരം പുറപ്പെടാൻ ബാങ്കളൂരിൽ നിർത്തിയിട്ടുണ്ടു്. ചിലവു് ഗവർമ്മേണ്ടു് വഹിക്കാൻ തയ്യാറാണോ?"

From G. O. C I6/8

"പട്ടാളത്തെ ഇനി ലഭിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ മേൽപ്പറഞ്ഞ ബററാലിയനെ അയയ്ക്കുവാൻ സാദ്ധ്യമല്ല."

ഗവർമ്മേണ്ടിനോടടുത്തുനില്ക്കുന്നവർക്കുപോലും ഈ വക ഒരുക്കങ്ങൾ മനസ്സിലായിട്ടില്ലെന്നാണു് എൻെറ അന്വേഷണത്തിൽ അറിവായതു്.

ഏഴ്

# ശ്രീ. കെ. മാധവൻ നായക്കും മററം കോഴിക്കോട്ട പൊതുജന സ്വീകരണം

തിരശ്ശീലകളുള്ളിൽ ഇതെല്ലാം അത്രയും നിശ്ശബ്ദമായി നടന്ന കാര്യങ്ങളാണ്. അതിൻെറ അനക്കവും അട്ടയാളവും പുറത്തു കണ്ടിരുന്നില്ല. അണിയറയിൽ ഇത്തരം ഒരുക്കങ്ങൾ ചെയ്യുന്നതു് അരങ്ങത്തുള്ളവർ ഒട്ടും തന്നെ അറിഞ്ഞതുമില്ല. അരമനരഹസ്യം അങ്ങാടിപ്പാട്ടായ ഇക്കാലത്തു് അങ്ങിനെയൊരു ഭദ്രത സൂക്ഷിക്കുവാൻ കഴിഞ്ഞു എന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ കൂടി പ്രയാസമാണ്. പുറത്തു് രാഷ്ട്രീയ പ്രക്ഷോഭം തകൃതിയായി ഊർജ്ജിതപ്പെട്ടുകൊണ്ടിരിക്കുന്നു. ശ്രീ. കെ. മാധവൻ നായരേയും ഗോപാലമേനോൻ, മൊയ്തീൻകോയ എന്നിവരേയും ആഗസ്റ്റ് 16–ാംനു ജയിലിൽനിന്നും വിട്ടയച്ചു. 17–ാംനു അവക്കു് കോഴിക്കോട്ടുവെച്ചു് അത്ഭുതപൂർവ്വമായ സ്വീകരണം ലഭിച്ചു. യാക്കൂബ്മാത്രം അതിലുണ്ടായിരുന്നില്ല. അന്നത്തെ ഘോഷയാത്രകളും കടപ്പുറത്തുവെച്ചുള്ള പൊതു സമ്മേളനത്തിൽ വിദേശ വസ്ത്രദഹനവും, ആവേശനിർഭരമായിരുന്നു. ഖിലാഫത്ത് വളണ്ടിയർകോർ അതിൽ വിസ്മയാവഹമായ പ്രകടനം നടത്തി. കോൺഗ്രസ്സ് വളണ്ടിയർമാരും കൂടി അതിൽ ചേർന്നിരുന്നു, അശ്വാരൂഢനായ ടി. വി. ചാത്തുക്കുട്ടിനായരായിരുന്നു അന്നത്തെ വളണ്ടിയർ ക്യാപ്റ്ററൻ. അദ്ദേഹമാണ് പ്രകടനം നയിച്ചിരു

ന്നതും നിയന്ത്രിച്ചിരുന്നതും. അദ്ദേഹം ധരിച്ചിരുന്നതു് സൈ ന്യോചിതമായ വേഷമാണ്. ഇതെല്ലാം കൂടി അന്നത്തെ ആ ഭ്ാടോൽക്കടമായ പൊതുജന സ്വീകരണം സേനാപരിവൃത മായിരുന്നു. അന്നും ഇത്തരത്തിൽ ഒരു ലഹള ഉണ്ടാവില്ലെന്നു തന്നെയായിരുന്നു നേതാക്കന്മാരുടെ ബോദ്ധ്യം. അന്ന ത്തെ സ്വീകരണയോഗത്തിൽ ശ്രീ കെ. മാധവൻ നായർ ഇങ്ങനെ പ്രസംഗിച്ചു: "ഏറനാട്ടു് മാപ്പിളമാർ ലഹള തുട ങ്ങിയാൽ പട്ടാളക്കാവലോടു കൂടി വെസ്റ്റ്ഹില്ലിൽ താമസി ക്കുന്ന കലക്ടർ തോമസ്സിനല്ല കഷ്ടപ്പാടു നേരിടുക. അവിടെ സകുടുംബം താമസിക്കുന്ന എനിക്കാണ്." ആസന്നമായ ലഹളയെ അന്നു് സ്വപ്നത്തിൽ പോലും ആരും കണ്ടിരു ന്നില്ല

## എട്ട്

# പടപുറപ്പാട്

മേൽപ്പറഞ്ഞ സമ്മേളനം കഴിഞ്ഞതിനുശേഷം സൂര്യൻ രണ്ടു തവണ മാത്രം ഉദിച്ചസ്തമിച്ചു. 1921 ആഗസ്റ്റ് 19-ാം രാത്രി 9 മണിക്കു് പട്ടാളക്കാരേയും കയററി ഒരു സ്പെഷൽ വണ്ടി കോഴിക്കോട്ടു നിന്നു് തെക്കോട്ടുപോയി. അതിൽ കലക്ടർ തോമസ്, ഡി. എസ്. പി. ഹിച്ച്കോക്കു്, എ. എസ്. പി. ആമു മുതലായവരും ഉണ്ടു്. അതുവരെ അണിയറയിൽ നടന്ന കാര്യങ്ങളൊന്നും പുറത്തുവിടാതെ പെട്ടെന്നു് തിരശ്ശീല നീക്കിയപ്പോൾ എല്ലാവരും അമ്പരന്നുപോയി.

ഇവർ തിരൂരങ്ങാടിയ്ക്കോ പൂക്കോട്ടൂർക്കോ പോയതെന്നു് ആരും അറിഞ്ഞില്ല. മിക്കവാറും തിരൂരങ്ങാടിയ്ക്കാണെന്നാണു് ഊഹം. കുറച്ചൊന്നു ചിന്തിച്ചാൽ പൂക്കോട്ടൂർക്കാകാൻ വഴിയില്ല. പൂക്കോട്ടൂക്കു് തീവണ്ടി വഴിക്കു പോകുന്നതു് വലിയ വളവാണു്. തിരൂരങ്ങാടിക്കു് കോഴിക്കോട്ടു നിന്നും റോഡുവഴിക്കു പോകുവാൻ തടസ്സമുണ്ടു്. കാരണം പനമ്പുഴക്കു പാലം അന്നില്ല. എന്നാൽ 1-ാംനു പൂക്കോട്ടൂർ നടന്ന സംഘട്ടനത്തെ മുൻനിർത്തി ഇവരുടെ പുറപ്പാടു് അങ്ങോട്ടായിരിക്കുമോ എന്നു് സംശയിച്ചുപോയതാണെന്നു അബ്ദുറഹിമാൻ സാഹിബ്ബ് എന്നോടു പറഞ്ഞിട്ടുണ്ടു്. ഈ രണ്ടു് സ്ഥലങ്ങളിലാണു് അറസ്റ്റിനു വഴിപ്പെടാത്ത സന്നദ്ധ സംഘക്കാർ എതിർത്തുനില്പുള്ളതു്. എന്നാൽ അപ്പോൾ തന്നെ മലപ്പുറത്തേക്കു് പൂക്കോട്ടൂർ വഴി വേറെ ഒരു

സംഘം പട്ടാളം റോഡുവഴി പോയിട്ടുണ്ട്. അത് ഇവരാരും അറിഞ്ഞിട്ടില്ല.

പട്ടാളം റെയിൽവഴി തെക്കോട്ട് പോയ വിവരം അറിഞ്ഞു് പരഭ്രമിച്ച് ജനാബ് അബ്ദുറഹിമാൻ ഓടിക്കിതച്ച് സംസ്ഥാന കമ്മിററി സിക്രട്ടറി ശ്രീ. കെ. പി. കേശവമേനോൻെറ അടുക്കൽ ചെന്നു് "ഇപ്പോൾ തന്നെ തിരൂരങ്ങാടിക്കു പുറപ്പെടണം; കലക്ടരും പാർട്ടിയും അവിടെ ചെന്നു് വല്ല അറസ്റ്റിനും ഭാവിക്കുന്ന പക്ഷം സമാധാനപരമായി അതിനു വഴിപ്പെടാൻ ജനങ്ങളെ ഉപദേശിക്കണം" എന്നാവശ്യപ്പെട്ടു. ആ പരിഭ്രമത്തിൽ എന്തു ചെയ്യണമെന്നാലോചിച്ച് പിടികിട്ടാതെ അവർ അങ്ങോട്ടൊന്നും പുറപ്പെട്ടില്ല.

ഗവൺമെണ്ടിന്റെ സന്നാഹത്തേയും, മുസലിയാരുടെ സംഘത്തിൻെറ സന്നദ്ധതയേയും തന്മൂലം ഉത്ഭവിച്ച സ്ഥിതിഗതികളേയും കുറിച്ച് യഥാർത്ഥമായി വിലയിരുത്താൻ നിർഭാഗ്യവശാൽ അപ്പോൾ അവർക്കു സാധിച്ചില്ല.

ജ: അബ്ദുൾറഹിമാൻസാഹേബ് ഒരു എഴുത്തു കൊടുത്തു ഒരാളെ തിരൂരങ്ങാടിക്ക് ആലിമുസലിയാരുടെ അടുക്കലേക്കു് അയച്ചു അയാൾ രാത്രി 12 മണിക്ക് മുസലിയാരുടെ അടുക്കലെത്തി. വല്ലവരേയും അറസ്റ്റുചെയ്താൽ ലഹള ഉണ്ടാക്കരുതെന്നും പട്ടാളം അങ്ങോട്ടു വരുന്നുണ്ടെന്നുമായിരുന്നു കത്തു്.

പടയൊരുക്കം:

ഖിലാഫത്തു് പ്രക്ഷോഭത്തിൻെറ ചൂടുപിടിച്ച അന്തരീക്ഷത്തിൽ 1920-ൽ കാലികററ് പട്ടാളസംഘം (Garrison) മെക്കൻറോയി (Captain Mc Enroy) ഏറെറടുത്തു. ഒന്നാം

ലിൻസ്റ്റർ റെജിമെന്റും (First Leinster Regiment) 'സി' കമ്പനിയിലെ രണ്ടു് പ്ലാട്ടൂൺസ് മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. ഇപ്പോൾ മേൽപ്പറഞ്ഞ പട്ടാളസംഘം വർദ്ധിപ്പിച്ചു. "സി" കമ്പനിയിലെ ബാക്കിയുള്ള രണ്ടും പ്ലാട്ടൂൺസും കൂടി അതിലേക്കു ചേർത്തു. ഏതൊരു അടിയന്തരഘട്ടത്തേയും നേരിടുവാൻ അവർ തയ്യാറായി എന്നു കണക്കാക്കി.

ആഗസ്റ്റ് 19–ാംനു തിരൂരങ്ങാടിയ്ക്കു പുറപ്പെട്ട കലക്ടരുടെ പാർട്ടിയിൽ മേൽപ്പറഞ്ഞ കമ്പനിയിലെ 100 വെള്ളപട്ടാളവും 150 റിസർവ് പോലീസും ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ കേപ്റ്ററൻെറ നേതൃത്വത്തിലാണ് പട്ടാളം പോയിരുന്നതു്. വേറെ പട്ടാളവകുപ്പിലെ ഉയന്ന ഓഫീസർമാരും ഉണ്ടായിരുന്നു. ഇവാൻസ് സ്റ്റാഫ് ഓഫീസർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. മദ്രാസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേർസിൽനിന്നും മലബാറിലെ വിഷമസ്ഥിതി നേരിട്ടന്വേഷിച്ചറിഞ്ഞുവരുവാൻ അയക്കപ്പെട്ട ആളാണ് മി. ഇവാൻസ്.

പട്ടാളനടപടി:

ആഗസ്റ്റ് 20–ാംനു കാലത്തു് പ്രകാശത്തോടുകൂടി കലക്ടരും പാർട്ടിയും തിരൂരങ്ങാടിയിൽ എത്തിച്ചേർന്ന് ഭവനപരിശോധന ആരംഭിച്ചു. ഓണറബിൾ നേപ്പിൻെറ സ്പഷ്ടമായ നിർദ്ദേശങ്ങൾക്കു വിപരീതമായി ആദ്യം കിഴക്കേപള്ളിയിൽ കടന്നു പരിശോധിച്ചു. പിന്നീട് ആലീമുസലിയാരുടെ വീടും പരിശോധിച്ചു. ആലിമുസലിയാരെ അവിടെയൊന്നും കണ്ടുകിട്ടിയില്ല. ശിഷ്യന്മാർ ചിലരെ കിട്ടി. അവരെ അറസ്റ്റുചെയ്തു. ഇതെല്ലാം കഴിഞ്ഞപ്പോഴേക്കും സമയം കാലത്തു പത്തുമണിയായി. വിശേഷ സംഭവങ്ങളൊന്നും അതുവരെ ഉണ്ടായില്ല. സ്ഥിതി ശാന്തമെന്ന് ക

രുതി ക്യാപ്റ്റൻ മി. ഇവാൻസ് മടങ്ങി പോകുവാൻ തീച്ച്യാക്കി. പരപ്പനങ്ങാടിവഴിക്ക് കോഴിക്കോട്ടേക്ക മോട്ടോർ സൈക്കിളിലുമൽ യാത്ര പുറപ്പെട്ടു.

പ്രതിരോധ നടപടികൾ:

അപ്പോഴേക്കും ഈ വത്തമാനം ചുററു പ്രദേശങ്ങളിൽ കാട്ടുതീപോലെ പരന്നു കഴിഞ്ഞു. മമ്പ്രത്തുപള്ളി വെള്ളപ്പട്ടാളം വെടിവെച്ചു വീഴ്ത്തി എന്നെല്ലാം അതിശയോക്തികളാണ് പരന്നു പിടിച്ചതു്. അന്നൊരു വെടിവെപ്പ് എന്നു വെച്ചാൽ ആകാശം പൊട്ടിവീഴലാണ്. ഇന്നതൊരു സാധാരണ സംഭവമായി കഴിഞ്ഞിരിക്കുന്നു.

മി. ഇവാൻസ് മടക്കയാത്ര പുറപ്പെട്ടു് പരപ്പനങ്ങാടി എത്താറായപ്പോൾ ഒരു വമ്പിച്ച ജാഥ എതിരെ വരുന്നതു കണ്ടു. ഖിലാഫത്ത് കൊടി പറപ്പിച്ചും, 'തക്ക്ബീർ' മുഴക്കിയും വരുന്ന ആ ജനപ്രവാഹം മുന്നോട്ടു് ഇരമ്പി കുതിച്ചു കയറുന്നു. താനൂരിൽ നിന്നും സന്നാഹത്തോടെ പുറപ്പെട്ടു വരുന്ന ജാഥ, അല്ല ജിഹാദ്, ആണ് അതു്. ഖിലാഫത്ത് നേതാവായ താനൂർക്കാരൻ കുഞ്ഞിക്കാതരാണ് അതിനെ നയിക്കുന്നതു്. പരപ്പനങ്ങാടി വിട്ടപ്പോഴേയ്ക്കും അതിൽ സുമാർ 3000ത്തോളം ആളുകൾ കൂടി ചേർന്നു കഴിഞ്ഞു.

മമ്പ്രത്തുപള്ളി മലബാർ മുസ്ലിംകളുടെ മൂലസ്ഥാനമാണ്. അതു് ബ്രിട്ടീഷ് പട്ടാളം വെടിവെച്ചു വീഴ്ത്തിയാൽ പിന്നീട്ട് അവക്ക ജീവിച്ചിരുന്നിട്ടു കാര്യമില്ലെന്നുള്ള നൈരാശ്യത്തോടും ആവേശത്തോടും കൂടി ക്ഷോഭിച്ചിളകി മറിഞ്ഞിട്ടാണ് ജനക്കൂട്ടം മുന്നോട്ടു കുതിക്കുന്നതു്. പള്ളി വെടി വെച്ചു വീഴ്ത്തി എന്നു കേട്ടിട്ടാണ് താൻ ജനക്കൂട്ട

ത്തോടെ ഒരുങ്ങി പുറപ്പെട്ടതെന്നു് അതിൻെറ നേതാവായ കുഞ്ഞിക്കാതർ എന്നോടു ജയിലിൽ വെച്ചു് നേരിട്ടു പറഞ്ഞിട്ടുണ്ടു്.

കാപ്ററൻ ഇവാൻസും മോട്ടോർ സൈക്കിളിൽ സവാരി പുറപ്പെട്ടു് പരപ്പനങ്ങാടി എത്താറായപ്പോൾ മേൽപറഞ്ഞ ജാഥ സമരകാഹളം മുഴക്കിക്കൊണ്ടു് വരുന്നതു കണ്ടു. പ്രക്ഷുബ്ധമായ ജനക്കൂട്ടത്തെ നേരിട്ടു ക്യാപ്ററൻ തിരൂരങ്ങാടിക്കു തന്നെ തിരിച്ചു. ഭയങ്കരമായ ആ ജാഥയുടെ വരവിനെപ്പററി കലക്ടർക്കു അറിവുകൊടുത്തു.

ഉടനെ ഒരു വിഭാഗം പട്ടാളം അങ്ങോട്ടു പുറപ്പെട്ടു. തിരൂരങ്ങാടിയിൽ നിന്നും ഒരു നാഴിക അകലെവെച്ചു് ആ ജനക്കൂട്ടത്തിൻെറ നേക്കു് വെടിവച്ചു. ജനക്കൂട്ടത്തിൽ പലരും വെടികൊണ്ടു് മരണമടഞ്ഞു. ചിലർക്കു പരുക്കു പററി. ജനക്കൂട്ടം ഒഴിഞ്ഞുമാറി. ചിലർ അടുത്തുള്ള വീടുകളിലും, മററു ചിലർ അവിടെയുള്ള ഒരു പള്ളിയിലും കയറിയിരുന്നു.

ആ ജനക്കൂട്ടത്തിന്റെ നേതാവായ താനൂർക്കാരൻ കുഞ്ഞിക്കാദർ ആ പള്ളിയുടെ മുകളിൽ കയറിയിരുന്നു. അദ്ദേഹത്തെ ഹിച്ച് കോക്കും ആമുസൂപ്രേണ്ടും നോക്കിക്കണ്ടു അദ്ദേഹത്തോടു് താഴത്തേക്കു ഇറങ്ങിവരുവാൻ പറഞ്ഞു. അവർ തമ്മിൽ മുമ്പു് പരിചയമുണ്ടു്. കുഞ്ഞിക്കാദർ വിശ്വാസത്തോടെ താഴത്തേക്കു ഇറങ്ങിവന്നു. ജനക്കൂട്ടം അവിടെ വീണ്ടും തടിച്ചുകൂടി. അവരോടു പിരിഞ്ഞുപോകുവാൻ കുഞ്ഞിക്കാദർ പറഞ്ഞു. അവർ പിരിഞ്ഞുപോയി. കുഞ്ഞിക്കാദരേയും മററു പലരേയും അവിടെവെച്ചു് അറസ്റ്റു ചെയ്തു് തിരൂരങ്ങാടിക്കു കൊണ്ടുപോയി.

അപ്പോഴേക്കും കോട്ടക്കൽ, വാളക്കുളം, വേങ്ങര മുതലായ കിഴക്കൻ ഭാഗങ്ങളിൽനിന്നും ആയിരക്കണക്കിൽ ആളുകൾ എത്തിച്ചേർന്നു. അന്നു് കോട്ടക്കൽ ചന്ത ദിവസമായിരുന്നു. കിഴക്കൻ ഭാഗത്തുനിന്നു് ജാഥയായിട്ടല്ല ആളുകൾ എത്തിച്ചേർന്നതു്. ഒററക്കു ഒററക്കു്, കേട്ടവർ കേട്ടവർ, പുറപ്പെട്ടുകയാണുണ്ടായതു്. അതിനു ഒരു നേതാവുണ്ടായിരുന്നില്ല.

അറസ്റ്റുചെയ്തവരെ തിരൂരങ്ങാടിയിൽ മജിസ്ട്രേട്ടുകച്ചേരിയിലായിരുന്നു തടങ്ങലിൽ വെച്ചിരുന്നതു്. പട്ടാളവും പോലീസും കാവൽ ഉണ്ടായിരുന്നു. നാനാദിക്കിൽ നിന്നും വന്ന ജനക്കൂട്ടം അങ്ങോട്ടു പുറപ്പെട്ടു. അവരെ വഴിമദ്ധ്യത്തിൽവെച്ചു് പട്ടാളം തട്ടുത്തു. അവിടെവെച്ചൊരു സന്ധിസംസാരവും സംഘട്ടനവും നടന്നു. അതിൽ സെക്കൻ്റു് ലെഫ്റ്റനൻറു് ജോൺസണും ഡി. വൈ. എ. എസ്. പി. റൌലിയും (രണ്ടും യൂറോപ്യന്മാർ) ഹെഡ്കോൺസ്റ്റബിൾ മൊയ്തീനും വേറെ ചില കോൺസ്റ്റബിൾമാരും കൊല്ലപ്പെട്ടു. പട്ടാളം ജനക്കൂട്ടത്തെ വെടിവെച്ചകററി. അതിൽ ആൾനാശം സംഭവിച്ചു.

ആലിമുസലിയാർ സാക്ഷാൽ മമ്പ്രത്തു പള്ളിയിൽ (ജുമായത്ത് പള്ളിയിൽ) അന്നുണ്ടായിരുന്നുവെന്നു കരുതപ്പെട്ടിരുന്നു. പക്ഷെ ആ പള്ളിയിൽ കടന്നു് പരിശോധിപ്പാനോ അതിൻെറ നേക്കു് വെടിവെപ്പാനോ അന്നു് പട്ടാളവും പോലീസും ധൈര്യപ്പെട്ടില്ല. അന്നത്തെ ഒരുക്കം പോരാതിരുന്നതാണെത്രെ ആ ഭീരുത്വത്തിനു് കാരണം.

തിരൂരങ്ങാടിക്കു പട്ടാളം പുറപ്പെട്ടുന്ന സമയത്തു് രണ്ടു് ഓഫീസർമാരോട്ടുകൂടി ലഫ്ററനൻറു് ഡങ്കൻ എം. സി. യും

ഡൻഡാസും ഒരു പാർട്ടിയെ മലപ്പുറത്തേക്കു അയച്ചു. തിരൂരങ്ങാടിക്കുപുറപ്പെട്ട പാർട്ടി മലപ്പുറത്തെത്തുന്നതുവരെ അവിടം കാക്കാനാണു് അവരെ അയച്ചതു്. തിരൂരങ്ങാടി 'റെയിഡ്' വിജയകരമായെങ്കിൽ ആ വഴിക്കുതന്നെ അവർ മലപ്പുറത്തേക്കു് പോകുവാനാണ് നിശ്ചയിച്ചിരുന്നതു്. മലപ്പുറത്തേക്കു ലോറികളിലും, കാറുകളിലുമാണ് പട്ടാളക്കാർ പോയതു്. തിരൂരങ്ങാടിയിൽ കാലത്തു 10 മണിവരെ അവക്കു് അനിഷ്ടസംഭവങ്ങൾ ഒന്നും കൂടാതെ നടന്നപ്പോൾ ആ വാഹനങ്ങൾ മലപ്പുറത്തുനിന്നു് അങ്ങോട്ടയപ്പാൻ കേപ്ററൻ മക്കൻറോയി മലപ്പുറത്തേക്കു് ഡങ്കന്നു് കമ്പികൊടുത്തു. അതുപ്രകാരം കേപ്ററൻ വാഹനങ്ങളയച്ചു. പക്ഷെ ലഹളക്കാർ അതിനെ തട്ടത്തുപിടിച്ചു. ലോറികൾ ചുട്ടുകളഞ്ഞു. ഡിസ്ത്രിക്ട് മജിസ്ട്രേട്ടിൻെറ കാർ പുഴയിലേക്കു തള്ളിയിട്ടു. ഡ്രൈവറെ കൊന്നു. അതിലുണ്ടായിരുന്ന ഒരു യൂറോപ്യൻ പോലീസ് ഓഫീസർ റീഡ്മാനേയും കൊലപ്പെടുത്തി. അദ്ദേഹം തിരൂരങ്ങാടിയിൽ പോലീസ്സുകാരുടെ മേലന്വേഷണത്തിന് പുറപ്പെട്ടതായിരുന്നു.

താനൂരിൽ നിന്നും വന്ന ജനക്കൂട്ടം മടങ്ങിപ്പോകുന്ന സമയത്തു് പരപ്പനങ്ങാടിയിൽ എത്തി തപാൽ കമ്പികൾ മുറിച്ചു. തീവണ്ടിപ്പാതയിലെ തണ്ടപാളങ്ങൾ നീക്കം ചെയ്തു.

കലക്ടരും പാർട്ടിയും അന്നവിടെ മജിസ്ട്രേട്ട് കച്ചേരിയിൽ തന്നെ താമസിച്ചു. അറസ്റ്റും ചെയ്ത പ്രതികളേയും കൊണ്ടു് പിറേറന്നു് അവർ കോഴിക്കോട്ടേക്കു മടങ്ങി.

പട്ടാളക്കാർ ജീവനെ ഭയന്നു് തോററു മടങ്ങിയെന്ന ഒരു ധാരണ നാട്ടിൽ പരന്നു. അവർ ഫറോക്കു വരെ കാൽ

നടയായിട്ടാണ് മടങ്ങിപ്പോയതു്. വഴികൾ തടസ്ഥപ്പെട്ടുത്തിയിരുന്നു. റോഡിൽ നടക്കാവു വൃക്ഷങ്ങൾ മുറിച്ചിട്ടിരുന്നു. ഓവുപാലങ്ങൾ പൊളിച്ചിട്ടിരുന്നു. തീവണ്ടിപ്പാതയിൽ തണ്ട്ട പാളങ്ങൾ നീക്കിയിരുന്നു. അവർ മടങ്ങിപ്പോകുമ്പോൾ ലഹളക്കാർ അവരെ പിൻതുടന്നിരുന്നു. പലതവണ അവക്ക തടസ്സങ്ങൾ ഉണ്ടാക്കി. ലഹളക്കാരെ വെടിവെച്ചകററികൊണ്ടാണ് കലക്ടരുടെ പാർട്ടി മടങ്ങിപ്പോയതു്.

ലഹളക്കാർ ഫറോക്കുവരെ അവരെ പൻതുടന്നു. മടക്കത്തിൽ അവർ പരപ്പനങ്ങാടിയിലെ കോടതി, തപ്പാലാപ്പീസ്, റജിസ്റ്റ്രാഫീസ് ഇവയിലെ റിക്കാർഡുകൾ ചുട്ടുകളഞ്ഞു.

ഒൻപതു്

# വിധ്വംസകമായ വിപ്ലവം

## തിരൂർ ലഹള:

ഒരു ഹെഡ്കോൺസ്റ്റബിൾ അടക്കം 18 റിസർവ്വ് പോലീസുകാരും, ലിൻസ്റ്റർ റെജിമെണ്ടിലെ (Leinster Regiment) രണ്ടു പ്രൈവററുകളും (രണ്ടു വെള്ളപട്ടാളക്കാർ) ആഗസ്റ്റ് 20-ാംനു തിരൂരിലെത്തി. തിരൂരങ്ങാടിയിൽ മറ്റൊ നടപടികളെടുക്കുവാൻ പോലീസും പട്ടാളവും പോകുംവഴിക്കു് പരപ്പനങ്ങാടി സ്റ്റേഷനിൽ അവരെ നിർത്തി പോയതാണു്. അവരുടെ സാമാനങ്ങളും കുറച്ചു തോക്കിൻ തിരകളും അവക്കു കൂടെ കൊണ്ടുപോകുവാൻ സാധിച്ചില്ല. അവ സൂക്ഷിക്കുവാനും വഴിയെ കൊണ്ടുവരുവാനുമാണു് മേല്പറഞ്ഞവരെ അവിടെ നിർത്തിപ്പോന്നതു്. എന്നാൽ ആ സാധനങ്ങൾ തിരൂരങ്ങാടിക്കു കൊണ്ടുപോകുവാൻ വണ്ടിക്കാർ വഴിപ്പെട്ടില്ല. അപ്പോഴേക്കും തിരൂരങ്ങാടി പള്ളിയിൽ കടന്നു് ഭവന പരിശോധന നടത്തിയതിൻെറ ഫലമായി താനൂരിൽനിന്നു് ഇളകി പുറപ്പെട്ട ജനക്കൂട്ടം പരപ്പനങ്ങാടിവഴിക്കു തിരൂരങ്ങാടിക്കു പോയി. അതിൻെറ തിരക്കുകൊണ്ടു് തിരൂരങ്ങാടിക്കു് പോകുവാൻ അവക്കു വഴി തടസ്സപ്പെട്ടു. അപ്പോൾ അവർ നേരെ തിരൂരിൽ ചെന്നുഭയം പ്രാപിച്ചു. അവരുടെ കൈവശമുള്ള പടക്കോപ്പുകളും സാധനങ്ങളും കൂടെ ഉണ്ടായിരുന്നു.

തിരൂരിൽ രണ്ടു ഇൻസ്പെക്ടർമാരും മൂന്നു സബ്ബ്ഇൻസ്പെക്ടർമാരും രണ്ടു ലോക്കൽ ഹെഡ്കോൺസ്റ്റബിൾമാരും

എട്ട് കോൺസ്റ്റബിൾമാരും ഉണ്ടായിരുന്നു. 20-ാംനു രാത്രി തന്നെ കച്ചേരികൾ കൊള്ളചെയ്യുവാൻ പോകുന്നുണ്ടെന്ന വർത്തമാനം അവിടെ കേട്ടുതുടങ്ങി. 21-ാംനു കാലത്തു് തിരൂരിലും പരിസരങ്ങളിലും തിരൂരങ്ങാടിയിലും നിന്നുള്ള മാപ്പിളമാർ അവിടെ എത്തിച്ചേർന്നു.

കാലത്തു 8മണിക്ക് ഒരു വമ്പിച്ച ജനക്കൂട്ടം കച്ചേരിപ്പടിക്കൽ തടിച്ചുകൂടി. ഏതാണ്ട് പതിനായിരത്തോളം ആളുകൾ അതിലുണ്ടായിരുന്നു. യൂണിഫോറം ധരിച്ച ഖിലാഫത്തു് വളണ്ടിയർമാർ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഖിലാഫത്തു്കൊടി അതിൽ പാറിക്കളിച്ചിരുന്നു. തക്ബീർ മുഴങ്ങിയിരുന്നു. മുദ്രാവാക്യങ്ങൾ ഉച്ചത്തിൽ ഘോഷിച്ചിരുന്നു. "ബ്രിട്ടീഷ് രാജ്" അവസാനിച്ചു, ഇനി മേലിൽ "ഖിലാഫത്തു് രാജ്" ആണ് എന്നെല്ലാമായിരുന്നു മുദ്രാവാക്യങ്ങൾ.

ജനക്കൂട്ടം ലഹള ആരംഭിച്ചു. റെയിലുകൾ പൊളിച്ചുനീക്കംചെയ്തു തുടങ്ങി. അവിടെ കിടപ്പുള്ള ഗുഡ്സ്‌വാഗൻ കൊള്ളയടിച്ചു. റെയിൽവെ പാലം പൊളിച്ചു. ഇതെല്ലാം കഴിഞ്ഞപ്പോഴേക്കും സമയം സുമാർ രണ്ടു മണിയായി. അതുവരെ ലഹളക്കാർ കച്ചേരിമതിൽക്കെട്ടിലേയ്ക്കു് കടന്നില്ല.

മുൻസിഫുകോടതി, മജിസ്ട്രേട്ടുകോടതി, പോലീസ് സ്റ്റേഷൻ, സബ്ബ്ജയിൽ ഇതെല്ലാം കൂടിച്ചേർന്നു് ഒരു കെട്ടിടമാണ് തിരൂരിലെ കച്ചേരി. റൈഫിൾ തുടങ്ങിയ മേത്തരം തോക്കുകളും, ധാരാളം തിരകളും ഉണ്ടായിരുന്നിട്ടും പുറത്തു ലഹള നടക്കുമ്പോൾ പോലീസുകാർ അതു കണ്ടു് നിന്നതേയുള്ളു. അവരുടെ കൈവശം പടക്കോപ്പുകൾ

(Ammunitions) ഉണ്ടായിരുന്നു. അവരുടെ കയ്യിൽ മേല്പറഞ്ഞ ബ്രിട്ടീഷ് പട്ടാളക്കാരും റിസർവ്വുപോലീസും കൊണ്ടുവന്നതടക്കം നാലായിരത്തോളം തിരകളുണ്ടായിരുന്നുവെന്ന് എന്റെ കേസ്സിൽ വിസ്തരിച്ച പോലീസ് സാക്ഷി തിരൂർ സബ്ബ്ഇൻസ്പെക്ടർ എതിർ വിസ്താരത്തിൽ പറഞ്ഞു.

രണ്ടുമണിയ്ക്കു് ലഹളക്കാർ കച്ചേരിയിലേക്ക് തള്ളിക്കയറി. അതുവരെയുണ്ടായ അനുഭവത്തിൽനിന്ന് പോലീസ് വെടിവെയ്ക്കില്ലെന്നു് അവക്ക് ധൈര്യവും കിട്ടി. അവർ കയറിച്ചെന്ന ഉടനെ പോലീസിനെക്കൊണ്ടു് ആയുധം താഴെവെപ്പിച്ചു. പിന്നീട് അതു് ക്രമപ്രകാരം ഏററുവാങ്ങി റൈഫിൾസ് വാങ്ങുമ്പോൾ അതിന്റെ ടോപ്പ് അഴിച്ചുമാററിയിട്ടുണ്ടോ എന്നു് പ്രത്യേകം പരിശോധിച്ചു നോക്കിയിരുന്നു. ടോപ്പ് മാററിവെച്ചാൽ റൈഫിൾ ഉപയോഗശൂന്യമാണ്. അങ്ങിനെ എല്ലാ ആയുധങ്ങളും പോലീസുകാർ ലഹളക്കാക്ക് ഏല്പിച്ചുകൊടുത്തു. രണ്ടു പ്രൈവററുകൾ, മാൾവെനി എന്നും ഹോർഗൻ എന്നും പേരായ രണ്ടു ബ്രിട്ടീഷ് സോൾജേർസ് മേൽ വിവരിച്ചപ്രകാരം അവിടെ വന്നുചേർന്നിരുന്നു. അവരുടെ കയ്യിലുണ്ടായിരുന്ന റൈഫിൾസ് ലഹളക്കാർ ആവശ്യപ്പെട്ടുവാങ്ങി. അവർ അതിന്റെ ടോപ്പ് അഴിച്ചുമാററിയിരുന്നു. അതില്ലെന്നു കണ്ടപ്പോൾ ടോപ്പ് എവിടെ എന്നു് ലഹളക്കാർ ചോദിച്ചു. വേഗം അവർ അതെടുത്തുകൊടുക്കുകയും ചെയ്തു. ഈ ആയുധങ്ങൾ ഏററു വാങ്ങിയതു് വിമുക്തഭടന്മാരാണു്. അവർ ആയുധങ്ങൾ ഏററുവാങ്ങുമ്പോൾ പ്രദർശിപ്പിച്ച പരിജ്ഞാനം അതു വ്യക്തമാക്കുന്നു. അവരാണു് ലഹള നടത്തിയതെന്നതു് ഈ ഘട്ടത്തിൽ സ്പഷ്ടമാണു്.

ആയുധങ്ങളെല്ലാം വെപ്പിച്ചശേഷം പോലീസുകാരെ ഒഴിവാക്കി. കച്ചേരി റിക്കാർഡുകളെല്ലാം നശിപ്പിച്ചു. ഒരു അഭ്യന്തരവിപ്ലവത്തിൻെറ പരിപൂർണ്ണലക്ഷണങ്ങൾ കണ്ടിരുന്നു.

മേല്പറഞ്ഞ രണ്ടു ബ്രിട്ടീഷ് സോൾജിയേർസിനെ പട്ടാളം വരുന്നതുവരെ ലഹളക്കാരുടെ അധീനത്തിൽ വെച്ചിരുന്നു.

## ആലിമുസലിയാരുടെ അവരോധം:-

ആഗസ്റ്റ് 21-ാംനു- കലക്ടരും പാർട്ടിയും കോഴിക്കോട്ടേക്കു മടങ്ങിപ്പോയതിനുശേഷം ആലിമുസലിയാർ തിരൂരങ്ങാടി പള്ളിയിൽ ഒരു ചെറിയ ഖാലിഫായി അധികാരത്തിലിരുന്നു.

21-ാംനു- ഗവമ്മേണ്ടു് പട്ടാളത്തെ പിൻവലിച്ചശേഷം അയാൾ വളണ്ടിയർമാരേയും സൈന്യങ്ങളേയും ശേഖരിക്കുകയും തന്നത്താൻ രാജാവായി നടിക്കുകയും രാജാധികാരം നടത്തിത്തുടങ്ങുകയും ചെയ്തു. ഈ സംഭവം മലബാർ ഗസററിൽ വിവരിച്ചുകാണുന്നുണ്ടു്. ശ്രീ. കെ, പി കേശവമേനോൻെറ "കഴിഞ്ഞ കാലത്തിൽ" സവിസ്തരമായി ഇതു് ചിത്രീകരിക്കപ്പെട്ടിട്ടുണ്ടു്.

ഖുർ ആനിലെ അനുശാസനങ്ങൾക്കനുസരിച്ചു് മുസലിയാർ ശിക്ഷാരക്ഷകൾ നടത്തിപ്പോന്നു. കട്ടവൻെറ കൈ വെട്ടണമെന്ന ഖുർ ആനിലെ കല്പന ബലമായി പാസ്സാക്കി.

## നിലമ്പൂർ കോവിലകം കയ്യേററം:

ആഗസ്റ്റ് 21-ാംനു- കാലത്തു് നിലമ്പൂർ കോവിലകത്തു ലഹളക്കാർ കയ്യേററം നടത്തി. നിലമ്പൂർ കോവിലകം ഒരു

വലിയ ജന്മികുടുംബമാണെന്നുള്ള സംഗതി ഒരു പരമാത്ഥം തന്നെ. എന്നാൽ ജന്മികുടിയാൻ വഴക്കല്ല ഇവിടെ പ്രകടമായതു്. കുടിയാന്മാരെ ദ്രോഹിച്ചതല്ല കോവിലകത്തോടുള്ള പ്രത്യേക വിരോധത്തിന്നുകാരണം. ബ്രിട്ടീഷ് ഗവമ്മേണ്ടിൻെറ പോലീസ് മർദ്ദനത്തെ സഹായിച്ചതാണു്; അവരുടെ ജന്മിപ്രഭാവം ബ്രിട്ടീഷുഗവമ്മേണ്ടു നടത്തുന്ന പോലീസ് മർദ്ദനത്തിന്നു് പിൻബലമായിത്തീന്നതാണു്.

ലഹളക്കാർ കയറിച്ചെന്നപ്പോൾ കോവിലകത്തുള്ളവർ അവിടെ ഉണ്ടായിരുന്നില്ല. സ്ഥലം വിട്ടുപോയിരുന്നു. ലഹക്കാർക്കു് ക്രോധം സഹിച്ചില്ല. അവർ അവിടെ ചോരപ്പുഴ ഒഴുക്കി. ദാസികളും ദാസന്മാരും മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. ലഹളക്കാർ അവരെ ആബാലവൃദ്ധം ബലികഴിച്ചു.

ലഹളക്കാരുടെനേക്കു് കാവൽക്കാർ വെടിവെച്ചു എന്നൊരു കുററം ചിലർ ആരോപിക്കുന്നുണ്ടു്. അതിൽ വാസ്തവം ഉണ്ടെന്നു തോന്നുന്നില്ല. കാരണം ലഹളക്കാരിൽ ആക്കെങ്കിലും വെടികൊണ്ടതായി ആരും പറയുന്നില്ല. ഒരു ജനക്കൂട്ടത്തിൻെറ നേക്കു് വെടിവെച്ചാൽ ആക്കെങ്കിലും പരിക്കു പററാതിരിക്കുവാൻ നിവൃത്തിയില്ല. പോലീസുകാർക്കുടി ലഹളക്കാരുടെ നേക്കു്, വേണ്ടത്ര ആയുധങ്ങൾ ഉണ്ടായിട്ടുകൂടി, വെടിവെപ്പാൻ ധൈര്യപ്പെടാത്ത കാലഘട്ടത്തിൽ ഒരു കോവിലകം കാവൽക്കാർ അതിന്നു ധൈര്യപ്പെട്ടു എന്നു പറയുന്നതു് ഒരിക്കലും വിശ്വാസയോഗ്യമല്ല. അഥവാ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ അതൊരു കുററമായി കരുതുവാനും പാടുള്ളതല്ല. കയ്യേററത്തിന്നു് ചെല്ലുന്നവരുടെ നേക്കു് വെടിവെയ്ക്കുന്നതു് തികച്ചും ന്യായമായ സംഗതിയുമാണു്. അതു ഒരു കുററമായി ആരോപിക്കുന്നതും സ്വന്തം കുററത്തെ മറച്ചുപിടിക്കുവാൻ മാത്രവുമാണു്.

അവിടെ ഒരു വിശേഷ സംഭവമുണ്ടായി. നിലമ്പൂരിലെ പോലീസ് സബ്ബ്ഇൻസ്പെക്ടർ അന്നൊരു മുസ്ലിമായിരുന്നു. ലഹളക്കാർ അയാളെ വേഷംകെട്ടിച്ച് കൊടി പിടിപ്പിച്ച് മുമ്പിൽ നടത്തി. ഹിരണ്യൻെറ നാട്ടിൽ ചെന്നാൽ ഹിരണ്യായനമ: എന്ന് അയാളും തഞ്ചം കണ്ടു.

പൂക്കോട്ടൂർക്കാരാണ് നിലമ്പൂർ കോവിലകത്ത് കയ്യേററം നടത്തിയതും. അവർ പൂക്കോട്ടൂരിൽ നിന്നും പുറപ്പെടുവാൻ ഒരുക്കം തുടങ്ങിയപ്പോഴേക്കും കോവിലകത്തേക്ക് ആ വിവരം കിട്ടി. പൂക്കോട്ടൂരിൽ മാപ്പിളമാരിൽ തന്നെ കോവിലകത്തോടു കൂറുള്ളവരും ഉണ്ടായിരുന്നു. അവരാണ് മേൽപ്പറഞ്ഞ വിവരം അറിവുകൊടുത്തത്.

കോവിലകക്കാരും, പൂക്കോട്ടൂർ ഖിലാഫത്ത് പ്രവത്തകന്മാരും തമ്മിലുള്ള വിരോധം ഇതിനുമുമ്പ് വിവരിച്ചിട്ടുണ്ട്. അതിനെ മുൻനിത്തി കോവിലകക്കാർ കാലേക്കൂട്ടി കാവലിരുന്നു. ലഹളക്കാരുടെ പുറപ്പാടിൻെറ വിവരം കിട്ടിയപ്പോൾ കോവിലകക്കാർ കാട്ടിലേക്ക് ഒഴിച്ചുമാറി. നിലമ്പൂർ അന്നൊരു കാട്ടുപ്രദേശമാണ്. അവർ അവിടെ നിന്നും പുഴവഴിക്ക് അപായം കൂടാതെ കോഴിക്കോട്ടെത്തിച്ചേന്നു.

## മഞ്ചേരി ലഹള:

നിലമ്പൂർ കയ്യേററം കഴിഞ്ഞു് മടക്കത്തിൽ മഞ്ചേരി ഖജാന കയ്യേററം ഉണ്ടെന്നൊരു കിംവദന്തി അവിടങ്ങളിൽ പരന്നു. അതുകൂടാതെ കഴിപ്പാൻ ശ്രമിച്ചുനോക്കണമെന്ന് ഇൻസ്പെക്ടർ നാരായണമേനോൻ ശ്രീ. മാധവൻ നായരോടും, ശ്രീ. എം. പി. നാരായണമേനോനോടും ആവശ്യപ്പെട്ടു. അവർ അതിന്ന് കുഞ്ഞഹമ്മദ് ഹാജിയെ

സമീപിച്ചു. ഹാജിയാരെ അതിൽനിന്നു പിൻവലിപ്പിക്കുവാൻ അവക്ക് സാധിച്ചില്ല. "സമരം തുടങ്ങിക്കഴിഞ്ഞു. ഇനി പിൻവാങ്ങിയാൽ രക്ഷയില്ല. നിലമ്പൂർ കോവിലകത്ത് കയ്യേററം നടത്തിക്കഴിഞ്ഞു. ഇടവണ്ണ പോലീസ് സ്റ്റേഷൻ കയ്യേറിക്കഴിഞ്ഞു. അവിടെ കാവൽ നിന്നിരുന്ന പോലീസുകാരനെ കൊന്നു കഴിഞ്ഞു. ഇനി പിൻവാങ്ങിയാൽ പോലീസ് ഞങ്ങളെ വെറുതെ വിടുകയില്ല. കച്ചേരികളും, ഖജാനയും കയ്യേററം നടത്തുന്നതിൽ നിന്നു പിൻ മാറുവാൻ നിവൃത്തിയില്ല." എന്നായിരുന്നു ഹാജിയാരുടെ മറുപടി.

അന്നു രാത്രിതന്നെ മഞ്ചേരിയിൽ കച്ചേരികൾ കയ്യേറി. ഖജാന കൊള്ളയടിച്ചു. അവിടെ കാവലൊന്നും ഉണ്ടായിരുന്നില്ല. അഞ്ചുലക്ഷത്തോളം ഉറുപ്പിക ഖജാനയിൽ കയ്യിരുപ്പുണ്ടായിരുന്നു.

മഞ്ചേരിയിൽ അടുത്ത ദിവസം ചില സംഭവങ്ങളൊക്കെ നടന്നു. പുല്ലൂരുടെ ബാങ്ക് കൊള്ളക്കാർ കവച്ചുചെയ്തു. പണയപ്പണ്ടങ്ങൾ എടുത്തുകൊണ്ടുപോയി. ജനാബ് കുഞ്ഞഹമ്മദ് ഹാജി അതെല്ലാം മടക്കിക്കൊടുപ്പിച്ചു. ഖജാനയിൽനിന്നു കിട്ടിയ സംഖ്യയിൽനിന്നു പുല്ലൂരിന്നു നഷ്ടപരിഹാരം കൊടുത്തു.

അതിലിടക്ക് ഒരു മാപ്പിള താനെഴുതിക്കൊടുത്ത ഒരു പണയാധാരം ഒരു ഹിന്ദുവിൻെറ കയ്യിൽനിന്നു ബലം പ്രയോഗിച്ചു മടക്കി വാങ്ങി. ആ ഹിന്ദു ഹാജിയാരുടെ അടുക്കൽ സങ്കടം ബോധിപ്പിച്ചു. ഹാജിയാർ പ്രതിയുടെ കയ്യു വെട്ടുവാൻ കല്പിച്ചു. മാപ്പിള പേടിച്ച് പണയാധാരം ഹിന്ദുവിന്നു തന്നെ മടക്കികൊടുത്തു. അങ്ങിനെ കയ്യു വെട്ടുവാനുള്ള കല്പന നടത്തിയില്ല.

25-ാംനു ജനാബ് കുഞ്ഞമ്മദാജിയുടെ ഉത്സാഹത്തിൽ മഞ്ചേരിയിൽ ഒരു സമാധാന സമ്മേളനം ചേൎന്നു. ഹിന്ദുക്കൾക്ക് രക്ഷയും, സമാധാനവും കൊടുപ്പാൻ തീരുമാനം ചെയ്തു.

## പെരുന്തൽമണ്ണ ലഹള:

ആഗസ്റ്റ് 22-ാംനു പെരുന്തൽമണ്ണയിലും കച്ചേരികളും ഖജാനയും കയ്യേററം നടത്തി. അവിടുത്തെ ലഹള സ്വയം സംഭവിച്ചതല്ല. ഏറനാട്ടിലെ ലഹളയുടെ പ്രതിധ്വനിയായിരുന്നു അതു്. ലഹളക്കൊതിയന്മാരുടെ പ്രചാരവേലകൊണ്ടു അവിടെ ലഹളക്ക് കളമൊരുക്കി അവിടെ പല നുണകളും പറഞ്ഞു പരത്തിയിട്ടുണ്ടു്. ഒരു ലഹളക്കൊതിയൻ തൻെറ ചുററിയ മുണ്ടിലുണ്ടായിരുന്ന ചോരയുടെ പാടു് കോന്തലപൊക്കി കാണിച്ചു് "ഇതു ആമു സൂപ്രേണ്ടിനെ കൊന്ന ചോരയാണു്" എന്നു പറഞ്ഞതു പിന്നീടു് എൻെറ സ്നേഹിതന്മാർ എന്നോടു പറഞ്ഞിട്ടുണ്ടു്.

അവിടെ ഖജാനയിൽ മൂവ്വായിരത്തോളം ഉറുപ്പികയേ ഉണ്ടായിരുന്നുള്ളു. അതു് കൈമോശം വരാതെ അന്നു് പള്ളിയിൽക്കൊണ്ടു് സൂക്ഷിച്ചു. പിറെറ ദിവസം താസിൽദാരുടെ അടുക്കൽ അതു് തിരിച്ചു കൊണ്ടുചെന്നു. താസിൽദാർ മടക്കി വാങ്ങിയില്ല. ഉടനെ ആ സംഖ്യകൊണ്ടു് മുൻസിഫ് അടക്കം അവിടുത്തെ ഉദ്യോഗസ്ഥന്മാരുടെ എല്ലാവരുടേയും ആ മാസത്തെ ശമ്പളം തീൎത്തുകൊടുത്തു. അടുത്ത മാസം മുതൽ ശമ്പളം ചുരുക്കാൻ നിശ്ചയിക്കുകയും, അതിന്നു് സമ്മതിക്കുകയും ചെയ്തു.

അവിടെ ഒരു അഡ്ഹോക്ക് കമ്മിററി സ്ഥാപിച്ചു. ആ കമ്മിററിയിൽ മുസ്ലിങ്ങളും, അമുസ്ലിങ്ങളും, ഉദ്യോഗസ്ഥ

ന്മാരും, അനുദ്യോഗസ്ഥന്മാരും അംഗങ്ങളായിരുന്നു മുൻസീഫ്, താസിൽദാർ മുതൽ എല്ലാ പൌരമുഖ്യന്മാരും അതിൽ ഉണ്ടായിരുന്നു. അവരുടെ കീഴിൽ ഒരു സന്നദ്ധസംഘവും ഏർപ്പെട്ടുത്തി. അതിലും മുസ്ലിങ്ങളും അമുസ്ലിങ്ങളും ഉണ്ടായിരുന്നു. ഈ കമ്മിററി ആ പ്രദേശത്തു് ശിക്ഷാരക്ഷകൾ നടത്തി. പക്ഷെ ഈ കമ്മിററിഭരണം അധികദിവസം നീണ്ടുനിന്നില്ല. അപ്പോഴേക്കും സ്ഥിതിഗതികൾ നിയന്ത്രണാതീതമായിത്തുടങ്ങി.

പത്തു്

# ത്രികോണമത്സരം

## ഉൾനാട്ടിലെ അരക്ഷിതാവസ്ഥ:

ഇതുവരെ കഴിഞ്ഞതെല്ലാം ഒട്ടമുക്കാല്യം രാഷ്ട്രീയമാണു്. ഇവിടെനിന്നാണു് വഴിത്തിരിവു് ആരംഭിക്കുന്നതു്. ഖിലാഫത്തു് പ്രക്ഷോഭത്തിന്നെന്നപോലെ ഈ വിപ്ലവത്തിന്നും ഹിന്ദുക്കളുടെ സഹകരണം ലഭിയ്ക്കുമെന്നു് ലഹളക്കാർ ആശിച്ചു. അതില്ലെന്നു കണ്ടപ്പോൾ ഹിന്ദുക്കൾ സ്വപക്ഷത്തിലല്ലെന്നോ, ഗവമ്മെണ്ടുഭാഗം ചേൎന്നുവെന്നോ തെററിദ്ധാരണകൾ ലഹളക്കാൎക്കുള്ളിൽ കടന്നുകൂടി. തന്മൂലം അതു ഒരു ത്രികോണമത്സരത്തിൽ എത്തിച്ചേൎന്നു.

ബ്രിട്ടീഷ് ഭരണം നാട്ടിൽനിന്നു് പൊയ്ക്കുളഞ്ഞു. ഖിലാഫത്ത് ഭരണം ആരംഭിച്ചുകഴിഞ്ഞു. ഖിലാഫത്തുകാൎക്കു് സ്വാതന്ത്ര്യം കിട്ടി. അവർ അക്രമമായി പിരിവിന്നാരംഭിച്ചു. ഹിന്ദുക്കളുടെ നേൎക്കാണു് അതിന്നു തിരിഞ്ഞതു്. യുദ്ധഫണ്ടിൻെറ പേരിലാണു് ആദ്യം പണപ്പിരിവ് തുടങ്ങിയതു്. അല്പം ചിലതു് സ്വന്തം ചിലവിൻെറ പേരിലും. പണവും നെല്ലും കയ്യിരുപ്പുള്ള ദിക്കിൽ കൂട്ടം കൂട്ടമായി ലഹളക്കാർ കയറിച്ചെല്ലും. ഇത്ര സംഖ്യ തരണമെന്നു് മുതല്പടമകളോടു് അവകാശത്തിൽ ആവശ്യപ്പെടും. അതങ്ങെടുത്തുകൊടുത്താൽ വലിയ ദുർഘടമൊന്നുമില്ല. വൈമനസ്യം കാണിച്ചാൽ നിൎബ്ബന്ധിച്ചുവാങ്ങും. ഈ സംഗതിയിൽ കൊലക

ളും കൊള്ളകളും നടത്തിയിട്ടുണ്ടു്. ഇങ്ങനെ മദ്ദനം വദ്ധിച്ചപ്പോൾ ഹിന്ദുക്കൾ പൊതുവിൽ കഷ്ടത്തിലായി.

ഉൾനാട്ടിൽ അരാജകത്വം സംഭവിച്ചു. കൊള്ളക്കാർ ഹിന്ദുഭവനങ്ങൾ നിർദ്ദയം കൊള്ളയടിച്ചുതുടങ്ങി അല്പം ചില നിർബ്ബന്ധമതപ്പരിവത്തനങ്ങളും നടന്നുതുടങ്ങി. സ്ത്രീകളുടെ മാനഭംഗവും നടന്നുതുടങ്ങി. നാട്ടിൽ ഹിന്ദുക്കൾക്കു് അരക്ഷിതാവസ്ഥ നേരിട്ടു.

ബ്രിട്ടീഷ് ഭരണത്തിൽ ചൂഷണമേ ഉണ്ടായിരുന്നുള്ളു. ഖിലാഫത്തു് ഭരണത്തിൽ അരക്ഷിതാവസ്ഥയും നേരിട്ടു. ജീവനും സ്വത്തിനും രക്ഷയില്ലാതായി. അവരുടെ സ്ഥിതി വറവുചട്ടിയിൽ നിന്നും തീയിലേക്കു് ചാടിയമട്ടിൽ അസഹനീയമായി. ഈ ബഹളം ഒതുക്കുവാൻ സമരനേതാക്കന്മാക്കു് സാധിച്ചില്ല. തന്മൂലം ഹിന്ദുക്കൾ ഗവമ്മേണ്ടുഭാഗത്തു് ചേന്നുതുടങ്ങി. അതോട്ടുകൂടി ഈ ലഹളക്കു് ഒരു സാമുദായിക നിറം പകന്നുകഴിഞ്ഞു. അതൊരു ത്രികോണമത്സരമായിത്തീന്നു.

പിന്നീട്ടു് പ്രഥമദൃഷ്ടിയിൽ അതൊരു സാമുദായിക സംഘട്ടനമാണെന്നു് തോന്നിപ്പോകും. എന്നാൽ അതിൻെറ യഥാത്ഥചരിത്രം തികച്ചും രാഷ്ട്രീയമാണു്.

ലഹളയുടെ തുടക്കത്തിൽ നമ്പൂതിരിമാക്കാണു് കൂട്ടതൽ ദ്രോഹം നേരിട്ടതു്. അതിനു് രണ്ടുമൂന്നു കാരണങ്ങൾ ഉണ്ടായിരുന്നു. അതിൽ ഏററവും പ്രധാനമായതു് അവരുടെ കയ്യിൽ കണക്കില്ലാത്തത്ര കൈമുതലുണ്ടെന്നു് പരക്കെ ഉണ്ടായിരുന്ന ധാരണയായിരുന്നു. അത്രയൊന്നുമില്ലെങ്കിലും മററുള്ളവരെ അപേക്ഷിച്ചു് അവർ കൈമുതലുള്ളവരായിരുന്നു. അതിനുള്ള പ്രധാന കാരണം അവക്കു് ജീവിതച്ചി

28444
V215:1:N21
32K5

ലവ് ഇല്ലെന്നുള്ളതുതന്നെ രണ്ടാമത്തേത് അവരുടെ ഭീരുത്വവും. ലഹളക്കാരെ കാണുമ്പോഴേക്കും അവർ ഭയവിഹ്വലരായിക്കഴിഞ്ഞു. പിന്നീട്ട് അവർ ചെയ്യുന്നതെല്ലാം അബദ്ധം തന്നെ. മൂന്നാമത്തേത് മുതലുപേക്ഷിക്കുവാൻ അവക്കുള്ള പ്രാണസങ്കടം. ജീവൻ പോയാലും അവർ മുതൽ ഉപേക്ഷിക്കുകയില്ല. മുതൽ കൈവിട്ടുപോയാൽ പിന്നീട്ട് ജീവിക്കുവാനുള്ള മറ്റുമാൎഗ്ഗം അവക്കറിഞ്ഞുകൂടാ.

## ലഹളത്തലവന്മാർ:

തിരൂരങ്ങാടിയിൽ ലഹള തുടങ്ങിയപ്പോൾ ലഹളത്തലവന്മാരായി ചിലർ പുറത്തുവന്നു. അതിൽ വാരിയം കുന്നത്തു കുഞ്ഞമ്മത് ഹാജി എന്നും, ചെമ്പ്രശ്ശേരിത്തങ്ങളെന്നും രണ്ടു ലഹളക്കാർ പ്രധാനികളായി. അവർ അതേവരെ പേരു കേൾക്കാത്തവരാണ്. അതിൽ കുഞ്ഞമ്മദ് ഹാജി കുറച്ചു ന്യസ്സുള്ളവനാണ്. പരദ്രോഹം കൂടാതെ രാജ്യഭാരം നടത്തണമെന്ന മോഹക്കാരനാണദ്ദേഹം. ചെമ്പ്രശ്ശേരിത്തങ്ങൾ സ്വല്പം പോക്കിരിവേഷക്കാരനാണ്. അയാൾ അക്രമത്തിന്നു കൂടിയിരുന്നു.

## കോട്ടയ്ക്കൽ കോവിലകത്തിന്നു രക്ഷ:

ഏറനാട്ടിലെ മനകളിലും കോവിലകങ്ങളിലും കടന്നു ലഹളക്കാർ അക്രമിക്കുകയുണ്ടായി. എന്നാൽ അവിടത്തെ ഏറ്റവും വലിയ പ്രഭുകുടുംബമായ കിഴക്കെ കോവിലകത്ത് അവരുടെ ശല്യമുണ്ടായില്ല ഈ വിശേഷതക്ക് ഒരു പ്രത്യേക കാരണമുണ്ട്. സാമൂതിരി കുടുംബങ്ങളിൽ പ്രധാനമായ ഒന്നാണ് കിഴക്കെ കോവിലകം. സാമൂതിരിപ്പാടാണ് പണ്ട് അറബികൾക്ക് മലബാറിൽ പ്രവേശനം കൊടുത്തതു്. അതിൻെറ നന്ദിയാണ് അവർ കാണിച്ചതു്. അറബികളാണ് മാപ്പിളമാരുടെ വംശസ്ഥാപകന്മാർ.

MADRAS UNIVERSITY LIBRARY
- 5 APR 2003
CHENNAI-600 005
MUL

കിഴക്കെ കോവിലകം കാത്തുനിന്നവർതന്നെ അടുത്തു ള്ള മററു സ്ഥലങ്ങളിൽപ്പോയി കവച്ച് നടത്തിയിരുന്നുവെ ന്നു് പറയപ്പെടുന്നു. ആ കുററത്തിന്നു് കാവൽക്കാരിൽ ഇ രുപത്തഞ്ചോളം പേരെ അറസ്റ്റു ചെയ്തു. അവരെ അവിടെ വെച്ചു് അറസ്റ്റു ചെയ്യരുതെന്നും അങ്ങനെ ചെയ്താൽ കോ വിലകക്കാർ ചെയ്യിച്ചതാണെന്നു് മററുള്ളവർ തെററിദ്ധ രിക്കുമെന്നും, കാവൽക്കാരെ തങ്ങൾ ഉടൻ പിരിച്ചുവിടുന്ന താണെന്നും അതിന്നുശേഷം എന്തെങ്കിലും ചെയ്യുന്നതിൽ വി രോധമില്ലെന്നും കോവിലകത്തുനിന്നും ആവശ്യപ്പെട്ടു. അതിനെ ഇൻസ്പെക്ടർ നീലകണ്ഠൻ നായർ സ്വീകരിച്ചില്ല. അവരെ അവിടെ വെച്ചുതന്നെ അറസ്റ്റു ചെയ്കയും ചെയ്തു.

## ലഹള ബാധിച്ച സ്ഥലങ്ങൾ:

ഇപ്പോഴത്തെ അടിസ്ഥാനത്തിൽ താലൂക്ക് വിഭജിച്ചു പറയുകയാണെങ്കിൽ, തിരൂർ, ഏറനാട്ട്, പെരിന്തൽമണ്ണ എന്നീ താലൂക്കുകളിൽ മുഴുവനും, കോഴിക്കോട്ടു താലൂക്കിൽ കോഴിക്കോട്ടു ടൌണും പ്രാന്തപ്രദേശങ്ങളും ഒഴികെ ബാക്കി പ്രദേശങ്ങൾ. വയനാട്ടു താലൂക്ക്, ഒററപ്പാലം താലൂക്കിൽ കാറൽമണ്ണ, ചെറുപ്പുളശ്ശേരി എന്നീ സ്ഥലങ്ങളിലാണു് ലഹള ശക്തിപ്പെട്ടതു്.

## ജില്ലാധിപന്മാരുടെ കൊള്ളരുതായ്മ:

ഈ ലഹള ഒഴിച്ചുകൂടായിരുന്നില്ലേ? ഇതു് ഒഴിവാ ക്കുവാൻ സാധിക്കാത്തതായിരുന്നുവോ? ഇതാണു് ഇവിടെ പ്രസക്തവും പ്രധാനവുമായ രണ്ടു ചോദ്യങ്ങൾ.

ഈ ലഹള അനിവാര്യമായ ഒരു ആപത്തായിരുന്നില്ല. ജില്ലാധിപന്മാരുടെ കൊള്ളരുതായ്മ കൊണ്ടാണു് ഇത്തര ത്തിലൊരു ലഹള പൊട്ടി പുറപ്പെട്ടതും തുടന്നു് പന്തലിച്ച

തും. കലക്ടരുടേയും വിശേഷിച്ച് ഡി. എസ്. പി. യുടേയും ബുദ്ധിശൂന്യത ഇൻസ്പെക്ടർ നാരായണമേനോൻ, ആമു സൂപ്രേണ്ടു് മുതലായവരുടെ ദുരുദ്ദേശങ്ങൾ തുടങ്ങിയ അബദ്ധങ്ങളാണ് ഇത്തരത്തിലൊരു അത്യാപത്തും ഇവിടെ വരുത്തിവെച്ചതു്. മുസലിയാരുടെ പ്രസ്ഥാനം കാരണം തന്റെ ഉന്നതപദവിക്കു ഊനം തട്ടിയതാണു ആമു സൂപ്രേണ്ടിന്റെ പരിഭവം. ഈ പ്രസ്ഥാനത്തിന്റെ മൂർദ്ധന്യദശയിൽ ആലി മുസലിയാരുടെ നിഴൽചാടി കടക്കവാൻ പോലും ആമു സൂപ്രേണ്ടിന്നു് കഴിഞ്ഞിരുന്നില്ല. അന്യന്മാരെ കബളിപ്പിച്ചു് തന്റെ കാര്യം നേടുന്നതു് ഇൻസ്പെക്ടർ നാരായണമേനോന്നു് ഒരു വിനോദമാണ്. ഈ ലഹളയിൽ നിന്നും ഇത്രയധികം മുതലെടുത്ത ആൾ വേറെയില്ല

1921 ആഗസ്റ്റ് 20-ാംനു തിരൂരങ്ങാടിയിൽ നടന്ന സംഘട്ടനത്തിൽ കലക്ടർക്കും പാർട്ടിക്കും നേരിട്ട പരാജയമാണ് ആലി മുസലിയാരുടെ ആഭ്യന്തര വിപ്ലവം ഇത്രയും ഭീകരവും ഭീമാകാരവുമായ ഒരു കലാപത്തിൽ എത്തിച്ചേരുവാനുള്ള പ്രധാന കാരണം ഈ പരാജയം അപ്രതീക്ഷിതവുമായിരുന്നില്ല.

അന്നത്തെ ഗൗരവമായ സംഭവഗതികളെക്കുറിച്ചു് ജില്ലാധിപന്മാർക്കു തികച്ചും വിലയിരുത്തുവാൻ സാധിക്കാതെ സംഭ്രമത്തോടുകൂടി അവർ അസമത്ഥമായ ഒരു സാഹസത്തിന്നു് ഒരുമ്പെട്ടതാണു ആ പരാജയത്തിന്നും കാരണം. ഏറനാട്ടിലെ സ്ഥിതിഗതികളെക്കുറിച്ചു് പൂർവ്വപരിചയം സിദ്ധിച്ച ഓണറബിൾ ഏ. ആർ. നേപ്പിന്റെ വ്യക്തമായ നിർദ്ദേശങ്ങളെ, മമ്പ്രത്തു പള്ളിയിൽ കടന്നു് പരിശോധിക്കരുതെന്നു് തടസ്സം ചെയ്തതിനെ, അവഗണിച്ചു് ആഗസ്റ്റ് 20-ാംനു മമ്പ്രത്തു കിഴക്കെ പള്ളിയിൽ കടന്നു് ഭവനപരി

ശോധന നടത്തിയതാണു് ഇത്തരത്തിലൊരു വിധ്വംസകമായ വിപ്ലവത്തിന്നിടവരുത്തിയതു്.

കലക്ടർ ആഗസ്റ്റ് 19-ാംനു ആലി മുസലിയാരെ അറസ്റ്റു ചെയ്യുവാൻ പുറപ്പെട്ടുന്ന സമയത്തു് 1852-ൽ മമ്പ്രത്തു തങ്ങളെ അറസ്റ്റു ചെയ്യുവാൻ ഭാവിച്ച സന്ദർഭത്തിലെ തീവ്രമായ സംഭവ ഗതികൾ ഓർക്കേണ്ടതായിരുന്നു. അന്നു പതിനായിരക്കണക്കിൽ മാപ്പിളമാർ അറസ്റ്റിനെ തടുക്കുവാൻ ആയുധത്തോടുകൂടി തയ്യാറായി നിന്നിരുന്നു. മമ്പ്രത്തുതങ്ങളുടെ നേക്കു് അറസ്റ്റുവാറണ്ടു് പുറപ്പെടുവിച്ചപ്പോൾ അതിനെ എതിക്കുവാൻ തങ്ങൾ വിളിച്ചുകൂട്ടിയ രഹസ്യയോഗത്തിൽ പതിനായിരം മാപ്പിളമാർ ആയുധധാരികളായി പങ്കെടുത്തു. തങ്ങൾക്കുണ്ടായിരുന്ന സ്വാധീന ശക്തിയെ പതിന്മടങ്ങു കവച്ചുവെക്കുന്നതായിരുന്നു ആലി മുസലിയാരുടെ സ്വാധീനശക്തി.

തങ്ങളെ അറസ്റ്റ്ചെയ്യുവാൻ പുറപ്പെട്ടാൽ ഘോരമായ രക്തപ്രളയം ഉണ്ടാകുമായിരുന്നു. അന്നു അതു കൂടാതെ കഴിപ്പാൻ മലബാർ കലക്ടർ കനോലി തങ്ങളെ നല്ലവാക്കുപറഞ്ഞു സ്വാധീനിച്ചു് മക്കത്തേക്കയക്കുകയാണു് ചെയ്തതു്. ആ വഴി ആലിമുസലിയാരുടെ കാര്യത്തിലും പ്രയോഗിക്കേണ്ടതായിരുന്നു, കലക്ടർ തോമസ് വിചാരിച്ചിരുന്നുവെങ്കിൽ ഇത്തവണയും ഇത്രത്തോളം അപകടത്തിൽ ചാടാതെ ഒരു വിധം സൌമ്യത്തിൽ കലാശിപ്പിക്കാമായിരുന്നു.

അഥവാ ബലം പ്രയോഗിച്ചു് മമ്പ്രത്തു പള്ളിയുടെ അകത്തുകടന്നു് അറസ്റ്റുനടത്തുവാനാണു് തീർച്ചപ്പെടുത്തിയിരുന്നതെങ്കിൽ പതിനായിരക്കണക്കിനു് ആളുകളോടു് എതിക്കുവാനുള്ള ഒരുക്കത്തോടുകൂടി, അതിന്നുവേണ്ട സൈന്യ ബലത്തോടുകൂടി, പുറപ്പെടേണ്ടതായിരുന്നു. "ആമയെ ചുട്ടുക

യാണെങ്കിൽ മലത്തിച്ചുടണം". പക്ഷെ ആ വക സാഹസങ്ങൾക്കൊന്നും ഗവർണ്ണർ അനുവാദം കൊടുത്തിരുന്നില്ല.

മമ്പ്രത്ത് പള്ളിയിൽ കടന്ന് ഭവനപരിശോധന നടത്തരുതെന്ന് എക്സിക്യൂട്ടീവ് മെമ്പർ ഓണറബിൾ എ. ആർ. നേപ്പ് പ്രത്യേകം താക്കീതു ചെയ്തിരുന്നു. അതനുസരിച്ച് അതിന്നുള്ള സന്നാഹവും ഗവർണ്ണർ ചെയ്തിരുന്നില്ല.

കോഴിക്കോട്ടു വന്നുചേർന്ന ഒരുപിടി പട്ടാളത്തിന്റെ സഹായത്തോടുകൂടി തിരൂരങ്ങാടി പള്ളിയിൽ കടന്ന് ഭവനപരിശോധന നടത്തി ആലി മുസലിയാരേയും ശിഷ്യന്മാരേയും ബന്ധിച്ചുകൊണ്ടുവരാമെന്ന് കണക്കാക്കിയതു് കലക്ടർ തോമസ്സിന്നു പററിയ അമളിയാണു്. ഓണറിബൾ നേപ്പ് പറയുന്നതുപോലെ അതിന്റെ ഭവിഷ്യത്തുകളെപ്പററി ചിന്തിക്കുവാൻ കഴിയാതെയാണു് കലക്ടർ തോമസ്സ് അതിന്നു പുറപ്പെട്ടതു്. തിരൂരങ്ങാടിയിലെ പടയൊരുക്കം മുന്നറിയിപ്പുകൂടാതെയായിരുന്നില്ല. ആലി മുസലിയാർ പള്ളിയിൽ നിന്നു് മാറി താമസിച്ചു. ജനാബ് അബ്ദുൾ റഹിമാന്റെ കത്തു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്.

ആഗസ്റ്റ് 2-ാംനു ഇൻസ്പെക്ടർ നാരായണമേനോൻ അയച്ച റിപ്പോർട്ടിൽ വിവരിച്ച സ്ഥിതിഗതികൾ പരമാർത്ഥമായിരുന്നുവെങ്കിൽ അതിൽ കവിഞ്ഞ ഒരു എതിർപ്പ് ഈ ഘട്ടത്തിൽ തികച്ചും പ്രതീക്ഷിക്കാവുന്നതായിരുന്നു.

ആലി മുസലിയാരെ പിടിച്ചു ബന്ധിക്കുന്നതു് മത്സ്യവേട്ട പോലെ എളുപ്പമാണെന്നു് കരുതിയതു് ഭോഷത്വം തന്നെ.

## അക്ഷന്തവ്യമായ ഉദാസീനത:

20-ാംനു ഉച്ചക്കുമുമ്പായി തിരൂരങ്ങാടിയിൽ വെടി പൊട്ടിക്കഴിഞ്ഞു. 21-ാംനു ഉച്ചതിരിഞ്ഞതിന്നുശേഷമേ

ആ വിവരം മദിരാശിയിലെത്തിയുള്ളു. 20-ാംനു മുതൽ 30-ാംനു വരെ ഗവമ്മേണ്ടും പോലീസും കാണിച്ച ഉദാസീനത കുററകരമായ ഒരു വലിയ ഉപേക്ഷതന്നെയാണ്.

## യോഗക്ഷേമത്തിൽ കാണുന്നതു്:

"പത്തുപന്ത്രണ്ടു ദിവസമായിട്ടും ഈ വക പ്രദേശങ്ങളിൽ ഗവമ്മേണ്ടു് ഉണ്ടെന്നറിയിക്കാൻ കൂടി ഗവമ്മേണ്ടിനെക്കൊണ്ടു് സാധിച്ചിട്ടില്ല. വലിയ പട്ടാളവും പോലീസ്സുകാരും ഉദ്യോഗസ്ഥന്മാരുമെല്ലാം അല്പം ചില വെള്ളക്കാരുടെ രക്ഷക്കു മാത്രം ശ്രമിക്കുന്നതല്ലാതെ നാട്ടുകാരുടെ രക്ഷക്കായി യാതൊരു ശ്രമവും ചെയ്യുന്നില്ലെന്ന ഒരു ആക്ഷേപം പലരും പറഞ്ഞുകാണുന്നുണ്ടു്." [യോഗക്ഷേമം, പുസ്തകം 11, ലക്കം 46]

## കൈവശമുള്ള ബലം പ്രയോഗിച്ചില്ല:

ഇതിനെല്ലാം പുറമെ കൈവശമുണ്ടായിരുന്ന സൈന്യബലത്തെപ്പോലും ആഗസ്റ്റ് 20-ാംനു തിരൂരങ്ങാടിയിൽ വേണ്ടവിധം ഉപയോഗിച്ചില്ലെന്നു് വേറെയും കുററപ്പെടുത്തി കാണുന്നുണ്ടു്. വെടിവെപ്പ് നടത്തേണ്ടിവന്ന സ്ഥിതിക്കു് തിരൂരങ്ങാടിയിൽ വെച്ചുതന്നെ അങ്ങോട്ടു കടന്നു് ആക്രമിച്ച് ലഹളയൊതുക്കുവാൻ ശ്രമിച്ചുനോക്കേണ്ടതായിരുന്നു. പേടിച്ചു് പിന്മാറിയതു് തെററായിപ്പോയി. അതു് പാനൽ നിർദ്ദേശങ്ങൾക്കു (പട്ടാളചട്ടങ്ങൾ) വിരുദ്ധമാണെന്നു് സ്റ്റാഫ് ഓഫീസർ ഇവാൻസിൻെറ കുറിപ്പിൽ പ്രസ്താവിച്ചിരിക്കുന്നു. വെടിവെപ്പ് നടത്തി ലഹളക്കാർ ഒഴിഞ്ഞപ്പോൾ പട്ടാളക്കാർ പേടിച്ചു് മജിസ്ത്രേട്ടുകച്ചേരിയിൽ ആത്മരക്ഷക്കായി അഭയം പ്രാപിക്കുകയാണുണ്ടായതു്.

പന്ത്രണ്ട്

# ലഹളയും അഖിലേന്ത്യാ കോൺഗ്രസ്സും

അക്കാലത്ത് ഭാരതത്തിൽ മൂന്നു ലഹളകളാണ് പ്രധാനമായി നടന്നത്. ആദ്യത്തേതു് 1919 ഏപ്രിൽ മാസത്തിലെ പഞ്ചാബ് ലഹള. ഏപ്രിൽ 6-ാംനു റൌലററ് ആക്ടിനെ പ്രതിഷേധിച്ചു് അമൃതബസാറിൽ ഹർത്താലാചരിച്ചു. അതിൻെറ പരിഭവംമൂലം ഗവമ്മേണ്ടു് സ്വാതന്ത്ര്യപ്രസ്ഥാനത്തെ മർദ്ദിച്ചമർത്താൻ തുടങ്ങി. ആ മർദ്ദനവിധാനത്തിന്നിടയിൽ ഏപ്രിൽ 13-ാംനു ജാലിയൻ വാലാബാഗിൽ വെച്ചു് ഭയങ്കരമായ ഒരു വെടിവെപ്പു നടന്നു. അതിൽ ക്ഷുഭിതരായ ജനക്കൂട്ടം യൂറോപ്യന്മാരുടേയും, ഗവമ്മെണ്ടിൻെറയും നേക്കു് കയ്യേററം നടത്തി. ഒരു മദാമ്മയെ മാനഭംഗപ്പെടുത്തി എന്നുകൂടി പറയപ്പെടുന്നു. ആ കയ്യേററങ്ങൾക്കു് പ്രതികാരമായി ഗവമ്മേണ്ടു് പൈശാചികമായ മർദ്ദനം നടത്തി. ഇതെല്ലാം ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ കൂലങ്കഷമായി രേഖപ്പെടുത്തിയിട്ടുള്ള അദ്ധ്യായങ്ങളാണു്. ആ ലഹളയുടെ മുഴുവൻ ഭാരം കോൺഗ്രസ്സ് ഏറെറടുത്തു. അതിനെ മുൻനിർത്തി നിസ്സഹകരണ പ്രസ്ഥാനം ഊർജ്ജിതപ്പെടുത്തി. ആ ലഹളയിലെ ദാരുണമായ മർദ്ദനങ്ങളെ വിവരിച്ചുകൊടുത്തു് ജനങ്ങളെ സ്വാതന്ത്ര്യസമരത്തിൽ ആവേശംകൊള്ളിച്ചു.

അവസാനത്തേതു് ചൌരിചൌരയിൽ നടന്ന ലഹള യാണു്. അതിൻെറ റിപ്പോർട്ടു് താഴെ ചേക്കുന്നു:

“മലബാറിലെ ലഹള എന്നപോലെ സഹകരണത്യാ ഗികളുടെ പരിശ്രമഫലമായി ഉണ്ടായതെന്നു പറയപ്പെടുന്ന ഒരു വമ്പിച്ച ലഹള ഐക്യസംസ്ഥാനത്തിൽ ലഖ്നൌവി ന്നടുത്തുള്ള ചൌരിചൌരാ എന്ന ദിക്കിൽ നടന്നിരിക്കുന്നു. കോൺഗ്രസ്സു വളണ്ടിയർമാരെ ദ്വേഷിച്ചിരുന്ന ഇരുപതോളം പോലീസുദ്യോഗസ്ഥന്മാരെ ജനങ്ങൾ സംഘംകൂടി അടിച്ചു കൊന്നു് പോലീസ് സ്റ്റേഷനു് തീ കൊടുത്തു് അതിലിട്ടു് ചുട്ടുവെന്ന ഭയങ്കര വത്തമാനമാണു് ഒന്നാമതായി കേട്ടതു്. എന്നാൽ ആ സംഭവത്തെ തുടന്നു് പോലീസുകാരുടെ പക വീട്ടലും ലഹളക്കാരുടെ ലഹളയുമായി പലസംഭവങ്ങളും നട ന്നിട്ടുണ്ടെന്നും ഇപ്പോൾ അതൊക്കെ ശാന്തമായിട്ടുണ്ടെന്നും കാണ്മാനുണ്ടു്. .......... .................. ...................... ...............................................വളണ്ടിയർമാരായി വരുന്നവർ ഹിംസകൂടാതെ വത്തിക്കണമെന്ന തത്വം മനസ്സി ലാക്കാതെ പ്രവത്തിച്ചതിൽ മഹാത്മാഗാന്ധിക്കു് വളരെ മ നസ്താപമുണ്ടായി എന്നും ഇതു കാരണം കോൺഗ്രസ് നിശ്ച യങ്ങളിൽ നികുതി കൊടുക്കാതെ കഴിക്കുക എന്നു തുടങ്ങിയ ചിലതു് തല്ക്കാലം നിത്തിവെച്ചുവെന്നും മഹാത്മാവു് ഒരാ ഴ്ചയായി നിരാഹാരവ്രതം ആരംഭിച്ചിരിക്കുകയാണെന്നും കാണ്മാനുണ്ടു്.

ഏതെങ്കിലും ഈ സംഭവം ത്യാഗികളുടെ പരിശ്ര മത്തിന്നു് ഹാനികരമായി വന്നിട്ടുണ്ടെന്നും അവരുടെ പരിശ്രമത്തിൻെറ സ്വഭാവത്തിൽ മാററം വരുത്തുവാൻ നി ബ്ബന്ധിതരായിട്ടുണ്ടെന്നും തീച്ചയാണു്. ബദ്ദോളി എന്ന ദിക്കിലും ഗുണ്ടൂർ എന്ന ദിക്കിലും നികുതി കൊടുക്കാതെ

യുള്ള ഈ സഹകരണത്യാഗം തല്ക്കാലം വേണ്ടെന്നു വെച്ചിരിക്കുന്നു. ഗാന്ധിജിയെ പിടിച്ചു ജയിലിലിടാൻ കല്പന ഇന്ത്യാഗവമ്മെണ്ടു് കൊടുത്തിട്ടുണ്ടെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ അക്കാര്യം നിൎത്തിവെച്ചിരിക്കുകയാണെന്നും സ്റ്റേററുസിക്രട്ടറി പാർലിമെണ്ടിൽ പ്രസ്താവിച്ചു കാണുന്നും ഉണ്ടു്." (യോഗക്ഷേമം പുസ്തകം 12, ലക്കം 21)

ഇക്കാര്യത്തിൽ മഹാത്മജി എടുത്ത നിലപാടു് മലബാർ കാര്യത്തിൽ എടുത്തിരുന്നുവെങ്കിൽ ഇവിടുത്തെ ലഹളയും തുടങ്ങിയ ദിക്കിൽ അവസാനിച്ചേനേ എന്നു ധൈര്യപ്പെട്ടു പറയാം.

മേൽപ്പറഞ്ഞ രണ്ടു ലഹളകളുടേയും ഇടയിൽവെച്ചു് നടന്നതാണു് മലബാർ ലഹള. അതിൻെറ നേക്കു് കോൺഗ്രസ്സ് ഒരു ചിററമ്മ മനോഭാവമാണു് കാണിച്ചതു്. ആഗസ്റ്റു 20-ാംനു- തിരൂരങ്ങാടിയിൽ നടന്ന ലഹളയും പഞ്ചാബിലും ചൌരിചൌരയിലും നടന്ന ലഹളകളും തമ്മിൽ പല സാദൃശ്യങ്ങളുമുണ്ടു്. അവയിൽ ഉണ്ടായിരുന്ന ഭാരം കോൺഗ്രസ്സിന്നു് ഇതിലും ഉണ്ടായിരുന്നു. ഖിലാഫത്തിന്റെ പേരിലാണു് ഇവിടെ ലഹള നടത്തിയതു്. ഖിലാഫത്തു് പ്രക്ഷോഭണം മലബാറിൽ അക്രമത്തിലേക്കു കടന്നുവെന്നു് രാജൻബാബു പറഞ്ഞതു് ഈ അവസരത്തിൽ ഓക്കണം. കോൺഗ്രസ്സും ഖിലാഫത്തും അന്യോന്യം യോജിച്ചാണു് നിസ്സഹകരണപ്രസ്ഥാനം നടത്തിയിരുന്നതു്. കോൺഗ്രസ്സു് ഇതിൻെറ ഭാരം കയ്യൊഴിച്ചതു് കുററകരമായ ഉപേക്ഷ തന്നെയാണു്.

ലഹളക്കുള്ള ഒരുക്കങ്ങൾ തടസ്സപ്പെടുത്തുവാൻ സാധിക്കാതെ പോയതും ലഹള തുടങ്ങിയപ്പോൾ ചിററമ്മനയം

സ്വീകരിച്ചതും നാട്ടകാക്കു് കോൺഗ്രസ്സിൻെറ നേക്കു് അതൃപ്തി ജനിപ്പിച്ചു.

മാപ്പിള ലഹള ശമിപ്പിക്കുന്നതിന്നു് ആഗസ്റ്റ് മാസം ഒട്ടവിൽ മലബാറിലേക്കു വരുവാൻ അന്നത്തെ കോൺഗ്രസ്സ് ജനറൽ സിക്രട്ടറി ശ്രീ. രാജഗോപാലാചാരി മദ്രാസ് ഗവൺമ്മെണ്ടിനോട്ടു് അനുവാദം ചോദിക്കുകയും ഗവൺമ്മെണ്ട് അതു നിഷേധിക്കുകയും ചെയ്തു എന്ന ഒരു സംഭവം ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് കോൺഗ്രസ്സിൻെറ ബാദ്ധ്യത തീന്നില്ല. ഡോ. സത്യപാലൻേറയും, സ്വാമി ശാരദാനന്ദൻേറയും ക്ഷണമനുസരിച്ചു് പഞ്ചാബ് സന്ദർശിക്കുവാൻ പുറപ്പെട്ട ഗാന്ധിജിയെ ഡൽഹിയിലും പഞ്ചാബിലും പ്രവേശിച്ചുകൂടാ എന്നു ഗവമ്മേണ്ടു് നിരോധനാജ്ഞ പുറപ്പെട്ടവിച്ചു. ഏപ്രിൽ 8-ാംനു നിരോധനാജ്ഞ ലംഘിച്ചു് ഡൽഹിയിൽ പ്രവേശിച്ച ഗാന്ധിജിയെ അറസ്റ്റുചെയ്യുകയുണ്ടായി.

തിരൂരങ്ങാടിയിൽ ആഗസ്റ്റ് 20-ാംനു ഉണ്ടായ സംഘട്ടനം നടന്ന അന്നുതന്നെ നിസ്സഹകരണപ്രസ്ഥാനം നിത്തിവെച്ചിരുന്നുവെങ്കിൽ അതു് ബുദ്ധിപൂവ്വവും ഉചിതവുമായ കൃത്യമായിരുന്നു. പോലീസു മദ്ദനത്തിന്നും ഒരു സമാധാനമുണ്ടായിരുന്നു. തന്മൂലം ലഹളയും വർദ്ധിക്കില്ലായിരുന്നു. അതു ചെയ്യാത്തതുകൊണ്ടു് ഇവിട്ടത്തെ സ്ഥിതികൾ കൂട്ടതൽ വഷളായി എന്നു മാത്രമല്ല കഠിനമായ പല ഭവിഷ്യത്തുകൾക്കും അതു് കാരണവുമായി. ഈ ലഹള കൊണ്ടു് ആ പ്രസ്ഥാനം തകന്നു പോയിരുന്നു. പിന്നീട്ടു് വേരററ വൃക്ഷംപോലെ സ്വല്പദിവസങ്ങൾകൂടി പറെറ കരിഞ്ഞുപോകാതെ നിന്നുവെന്നു മാത്രം. അതിൽ പിന്നീട്ടു് അതിന്മേൽ യാതൊരു ഫലവും ഉണ്ടായിട്ടില്ല.

ഹിന്ദു മുസ്ലീം മൈത്രിയായിരുന്നു ആ പ്രസ്ഥാനത്തിൻെറ അടിത്തറ. അതിന്നു് മലബാർ ലഹളകൊണ്ടു് ഇളക്കം തട്ടിപ്പോയി. ഹിന്ദു മുസ്ലിം മൈത്രി മൂർദ്ധന്യദശയിൽ എത്തിച്ചേൎന്ന ഘട്ടത്തിലാണു് മലബാറിൽ ലഹള നടന്നതെന്നും തന്മൂലം ഇരുസമുദായങ്ങളും എന്നേക്കുമായി ഭിന്നിച്ചുപോയി എന്നും രാജൻ ബാബു "വിഭക്ത ഭാരത"ത്തിൽ വിവരിച്ചിട്ടുമുണ്ടു്. ഈ ലഹളയുടെ പ്രതിധ്വനി അന്യദിക്കുകളിൽ കോളിളക്കമുണ്ടാക്കി. ഉടനെ പത്രറിപ്പോർട്ടർമാർ വടക്കെ ഇന്ത്യയിൽ നിന്നും ഇവിടെ വന്നുചേൎന്നു തുടങ്ങി. അവർ ഓരോ ഭാഗം പിടിച്ചു് അവരുടെ പത്രങ്ങളിലേക്കു റിപ്പോർട്ടയച്ചു തുടങ്ങി. ലഹളക്കാർ ഹിന്ദുക്കളോടു് കാണിക്കുന്ന ക്രൂരത, വിശേഷിച്ചും നിർബ്ബന്ധമതപരിവൎത്തനം മുതലായതു്, പൊക്കിപ്പിടിച്ചു് ഹിന്ദുപത്രങ്ങളിലേക്കു് റിപ്പോർട്ടയച്ചു തുടങ്ങി.* അതുകാരണം വടക്കെ ഇന്ത്യയിൽ സമുദായ സ്പർദ്ധ വർദ്ധിച്ചു. ഹിന്ദു മുസ്ലിം മൈത്രി തകൎന്നുപോയി. ചുരുക്കത്തിൽ ഇന്ത്യയിൽ പിന്നീട്ടുണ്ടായ ലഹളകൾക്കു് മലബാർ ലഹള ബീജവാപം ചെയ്തു.

മലബാർ ലഹളയുടെ ഫലമായി ഹിന്ദുമുസ്ലീം മൈത്രി ഭിന്നിച്ചുപോയതിനെ രാജേന്ദ്ര പ്രസാദ് വിവരിക്കുന്നു. "ഏതു മാപ്പിളക്കും ലഭിച്ചതുപോലുള്ള കഠിന ശിക്ഷ ചില ഹിന്ദുനേതാക്കന്മാർക്കു് ലഭിച്ചുവെങ്കിലും ഗവർമ്മേണ്ടിന്റെ ഭാഗത്തുചേൎന്നുവെന്നോ തങ്ങളുടെ ഭാഗത്തില്ലെന്നോ സംശയിക്കപ്പെട്ട ഹിന്ദുക്കളുടെ നേരെ മാപ്പിളമാർ ക്രൂരതകൾ പ്രവൎത്തിച്ചുവെന്നു് റിപ്പോർട്ടുണ്ടായിരുന്നു. ഇതെല്ലാം ഹി

* മാപ്പിള ലഹളയെ സംബന്ധിച്ചു് സാമുദായികമായ കാര്യങ്ങളും പലരുടേയും ആലോചനയിൽ പെട്ടുകാണുന്നുണ്ടു്. വടക്കെ ഇന്ത്യക്കാരാണു് ഈ വിഷയത്തെപ്പററി അധികം എഴുതികാണുന്നതു്. (യോഗക്ഷേമം പുസ്തകം 11, ലക്കം 47)

ന്ദുക്കളുടെ ഇടയിൽ വലിയ വെറുപ്പുണ്ടാക്കി. അതിശയോക്തി കലന്ന റിപ്പോർട്ടുകളാൽ പ്രേരിതരായ വടക്കെ ഇന്ത്യക്കാരായ ഹിന്തുക്കളേയും അതു വെറുപ്പിച്ചു. എന്നാൽ നേതാക്കന്മാരും ഗാന്ധിജിയും പുറത്തായിരുന്നിടത്തോളംകാലം അന്തരീക്ഷം ശാന്തമായിത്തന്നെ ഇരുന്നു. നിസ്സഹകരണപ്രസ്ഥാനത്തിന്റെ ഒരു നേതാവും ദില്ലിയിലെ ജൂമാമാസ്ജിദിൽ ഒരു പ്രസംഗം ചെയ്യുവാൻ മുസൽമാന്മാർ ക്ഷണിക്കത്തക്കവിധം തന്റെ ധീരവും നിർഭയവുമായ പ്രവൃത്തികൊണ്ടു് അവരുടെ വിശ്വാസവും ബഹുമാനവും ആർജ്ജിച്ചിരുന്ന ദേഹവുമായ ശ്രദ്ധാനന്ദസ്വാമികളെ സംഭവങ്ങൾ ഇളക്കിമറിച്ചു. അദ്ദേഹം ജയിലിൽനിന്നു പുറത്തുവന്നശേഷം ശുദ്ധിപ്രസ്ഥാനം ആരംഭിച്ചു.

തൽഫലമായി അദ്ദേഹം അല്പസമയത്തിന്നുള്ളിൽ ഒരു മുസ്ലീം കൊലയാളിക്കിരയായി. മുസൽമാന്മാർ അവരുടെ ഭാഗം തബ്ലീഗ്, താൻസീം എന്നീ പ്രസ്ഥാനങ്ങൾ ആരംഭിച്ചു.'' ('വിഭക്തഭാരതം', പുറം 207-8)

ലഹളക്കുശേഷം ആര്യസമാജത്തിന്റെ പ്രതിനിധിയായി പഞ്ചാബിൽ നിന്നും ഋഷിരാം മലബാറിൽവന്നു താമസം ഉറപ്പിച്ചു. അദ്ദേഹം ശുദ്ധികർമ്മം നടത്തിത്തുടങ്ങി. ലഹളക്കാലത്തു ഹിന്തുക്കളെടുത്ത നിലപാട്ടു് മാപ്പിളമാക്കു് അതൃപ്തി ജനിപ്പിച്ചിരുന്നു. ലഹളക്കുശേഷം ശുദ്ധികർമ്മം കൂടി ആരംഭിച്ചപ്പോൾ വെറുപ്പിരട്ടിച്ചു. അതിന്റെ ഫലമായി ആലിമുസലിയാരുടെ തട്ടകത്തു് ഇന്ത്യൻ മുസ്ലിംലീഗിന്റെ ശക്തിദുർഗ്ഗം സ്ഥാപിക്കപ്പെട്ടു.

പതിമൂന്നു്

# നാവികസേന കോഴിക്കോട്ട്

H. M. S. (Cmes) (നാവികസേന) ആഗസ്റ്റ് 23-ാംനു കോഴിക്കോട്ട നഗരത്തിൽ തെരുവുകളിലൂടെ പ്രകടനം നടത്തി. അതിന്നു് വിപരീതഫലമാണുണ്ടായതു്. നാവികസേനക്കു് നാട്ടിൻ പുറത്തെ ലഹളയൊതുക്കുവാൻ കഴിവില്ലെന്നു് ലഹളക്കാക്കറിയാം. കാരണം ലഹളകൊണ്ടു നടക്കുന്നതു് വിമുക്തഭടന്മാരാണു്. കടൽസൈന്യം കരയിലിറങ്ങിയാൽ വെള്ളത്തിൽ നിന്നും കരക്കുകയററിയിട്ട തിമിംഗലത്തെപ്പോലെ നിർജ്ജീവമാണു്. ഇവരുടെ പ്രകടനം ലഹളക്കാക്കു് ഗവമ്മേണ്ടിന്റെ നേരെ പുച്ഛം ജനിപ്പിച്ചു.

## പടനീക്കവും പ്രതിരോധവും—പൂക്കോട്ടൂർ യുദ്ധം:

ആഗസ്റ്റ് 19-ാംനു പട്ടാളം തിരൂരങ്ങാടിക്കു് പുറപ്പെട്ടുന്ന സമത്തു് രണ്ടു ഓഫീസർമാരോടുകൂടി ഒരു വിഭാഗം പട്ടാളസംഘത്തെ മലപ്പുറത്തേക്കയച്ച വിവരം മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. കേണൽ ഹംഫ്രീസിന്റെ കമാൻറിൽ ഒരു പട്ടാളസംഘം (Mobile Column) വരുന്നുണ്ടെന്ന വിവരം കാപ്ററൻ മക്കൻറോയ് (Mr. Mcenroy) അറിയിച്ചിരുന്നു. പക്ഷെ അവർ എത്തുവാൻ താമസം വരുമെന്നും അതുവരെ മലപ്പുറത്തു നില്ക്കുന്ന പട്ടാളക്കാക്ക് കഴിച്ചുകൂട്ടുവാൻ സാധിക്കയില്ലെന്നും കരുതി (അവക്കു് പടക്കോപ്പും റേഷനും കുറവായിരുന്നു) തിരൂരങ്ങാടിയിൽനിന്നും മടങ്ങി

പ്പോയ പട്ടാളക്കാരോട്ടുകൂടി ക്യാപ്റ്റൻ മക്കൻറോയ് മല പ്പുറത്തേക്കു് അവിടെ നിൽക്കുന്നവരുടെ രക്ഷക്കായി പുറപ്പെട്ടു. ക്യാപ്റ്റൻ ഇവാൻസും, മാക്ക്ഗോനിഗലും ആ കൂട്ടത്തിലുണ്ടായിരുന്നു. (Daly, Woosnam, Howrson, Meadowy and violet members of the auxilary corps to accompany the column) [Government Report]

പിടിച്ചെടുത്ത ലോറികളും, കാറുകളും ഉപയോഗിച്ചു് ആഗസ്റ്റ് 25-ാംനു- 100 അംഗങ്ങളടങ്ങിയ വെള്ളപ്പട്ടാളവും റിസർവ്വ പോലീസും മലപ്പുറത്തേക്കു പുറപ്പെട്ടു. വഴി വെട്ടിത്തെളിയിച്ചു് കുണ്ടോട്ടിക്കപ്പുറം കടന്നുവെങ്കിലും നേരം അസമയമായതുകൊണ്ടവർ തിരികെ മടങ്ങി. അന്നുരാത്രി കുണ്ടോട്ടിയിൽ തങ്ങളുടെ അതിഥിയായി പാളയം അടിച്ചുകൂടി.

പിറെറ ദിവസം കാലത്തു് മലപ്പുറത്തേക്കു് യാത്രയാരംഭിച്ചു. അവർ പൂക്കോട്ടൂർ എത്തിച്ചേർന്നു. അവിടെ വെച്ചും ഒരു തുറന്ന യുദ്ധംതന്നെ നടന്നു. അതിൽ ചില യൂറോപ്യൻ ഓഫീസർമാക്കു് ജീവാപായംതന്നെ നേരിട്ടു. അഞ്ഞൂറോളം ലഹളക്കാരും മരണപ്പെട്ടു. അതിൻെറ കൂട്ടത്തിൽ ലഹളക്കു കളമൊരുക്കിയ വടക്കെ വീട്ടിൽ മമ്മത് വീരമൃത്യു അടഞ്ഞു. ഈ ആക്രമണത്തിൽ മാത്രമേ തലവന്മാർ പങ്കെടുത്തിട്ടുള്ളു. അതൊരു ഉയിതമുള്ള പടയായിരുന്നു. പിന്നീട്ടുള്ള അക്രമങ്ങളൊക്കെ പ്രമാണിമാർ മാറിനിന്നു് മററുള്ളവരെക്കൊണ്ടു് ചെയ്യിച്ചതാണു് എന്നു് ഒരു ചെറുപ്പക്കാരൻ എന്നോടു് ബല്ലാരി ജയിലിൽവെച്ചു് പറയുകയുണ്ടായി. അക്കൂട്ടത്തിൽ അവൻ രസകരമായ ഒരു വത്തമാനംകൂടി പറഞ്ഞു. ലഹളക്കാലത്തു ഒരുദിവസം ലഹള തലവന്മാരായ കുഞ്ഞമ്മതാജിയും, ചെമ്പ്രശ്ശേരിത്തങ്ങളും തമ്മിൽ ഒരു വാക്കേററം നടന്നു. ഏറനാട്ടു താലൂക്കിനെ

മഞ്ചേരിക്ക കിഴക്കും, പടിഞ്ഞാറും ആക്കി രണ്ടായി ഭാഗം വെച്ചു. അതിൽ പടിഞ്ഞാറുഭാഗം ഓരോരുത്തനും തനിക്ക കിട്ടണമെന്നാണ് വാദിച്ചതു്. അങ്ങനെ ആ വാദം മൂറു കിക്കൊണ്ടിരുന്ന സമയത്തു് (മഞ്ചേരിയിൽ വെച്ചാണു് അതുണ്ടായതു്) പട്ടാളക്കാരുടെ വെടിമുഴക്കം കേട്ടുതുടങ്ങി. "നോക്കിക്കോളിൻ; എടാ!" എന്നു പറഞ്ഞു് അവർ രണ്ടു പേരും "എണീച്ചു് മൂട്ടതട്ടി മണ്ടിക്കളഞ്ഞു" എന്നുകൂടി അവൻ പൊട്ടിച്ചിരിച്ചുകൊണ്ടു് പറഞ്ഞു. അവനു് അവരെ പററി പുച്ഛമാണു്.

പൂക്കോട്ടൂർ യുദ്ധം കഴിഞ്ഞു് അന്നു വൈകുന്നേരത്തോടുകൂടി ക്യാപ്ററൻ മക്കൻറോയും പട്ടാളസംഘവും മലപ്പുറത്തു എത്തിച്ചേർന്നു.

## നേതാക്കന്മാരുടെ ശ്രമങ്ങൾ:

ആഗസ്റ്റ് 20-ാംനു- ലഹള കഴിഞ്ഞു് പിറേറ ദിവസം കേശവമേനോനും, സഹപ്രവത്തകരും തിരൂരങ്ങാടിയിൽ ചെന്നു. പക്ഷെ ആലിമുസലിയാരെ കാണുവാൻ സാധിച്ചില്ല. കണ്ടിട്ടു കാര്യവുമില്ല എന്നുമാത്രമല്ല അവിടെ നില്ക്കുന്നതു് നല്ല'തഞ്ച'വുമല്ല എന്നവക്ക് പേടിയും തോന്നി. ആലിമുസലിയാക്ക അന്നു് അത്രക്കു് ഊക്കുള്ള കാലമായിരുന്നു. അന്നു തന്നെ ജ. അബ്ദുറഹിമാൻ സാഹിബ്ബും സഹപ്രവർത്തകരും കൂടി പൂക്കോട്ടൂരിൽ ചെന്നു. അവർ ലഹളക്കാരെ നേരിട്ടു. മൊയ്തുമൌലവി ഒരു ഉജ്വല പ്രസംഗം ചെയ്തു. അബ്ദുറഹിമാൻ ലഹളക്കാരെ കഠിനമായി താക്കീതു ചെയ്തു.

"വീരസ്വർഗ്ഗത്തിനുവേണ്ടി വെമ്പൽ കൊള്ളുന്ന പാവപ്പെട്ട സഹോദരങ്ങളെ, നിങ്ങൾക്കു് വീരസ്വർഗ്ഗത്തിലിരു

ന്നു നല്ല കാഴ്ചകൾ കാണാം. നിങ്ങളുടെ സ്ത്രീകളെ പട്ടാളക്കാർ മാനഭംഗപ്പെടുത്തുന്നതും 'നിങ്ങളുടെ മാപ്പിള മലയാളം' എരിഞ്ഞുകത്തുന്നതും അതിൻെറ ധൂമപടലം നിങ്ങൾക്കും അവിടെയിരുന്നു നല്ലവണ്ണം ശ്വസിക്കാം''. ഈ താക്കീതുകൊടുത്ത വർത്തമാനം റഹിമാൻ എന്നോടു പലതവണ പറഞ്ഞിട്ടുണ്ടു്. ഈ താക്കീതിൻ്റെ ഫലം നിഷ്പ്രയോജന തന്നെ. അബ്ദുറഹിമാന്നു് അന്നു് വയസ്സു് 25നു് താഴെയാണു്. ഉശിരിൻെറ കട്ടയാണു ആ ചെറുപ്പക്കാരൻ.

## ആലിമുസലിയാരുടെ ആശ നശിച്ചു:

നിശ്ചിത പരിപാടികളോടുകൂടിയല്ല സമരം ആരംഭിച്ചതു്. അപ്രതീക്ഷിതമായ ഒരടിയന്തിര ഘട്ടത്തിൽ അവിചാരിതമായി കലാപം പൊട്ടി പുറപ്പെട്ടുപോയി. അതിനോടു് ആരും അനുഭാവം കാണിക്കുന്നില്ല. സമരക്കാർ ഒററപ്പെട്ടു കഴിഞ്ഞു. ജീവിതം അല്ലെങ്കിൽ മരണം എന്നായി മുസലിയാരുടേയും സംഘത്തിൻേറയും നില. അവർ ജീവിക്കാൻ ആശിച്ചു. മരിക്കുവാൻ ഒരുങ്ങി.

ലഹള തുടങ്ങിയിട്ടു് ഒരാഴ്ച അവസാനിക്കാറായി. വെള്ളപ്പട്ടാളവും, കുതിരപ്പട്ടാളവും വന്നിറങ്ങിക്കഴിഞ്ഞു. പട്ടാളവണ്ടികൾ റോഡിൽ സഞ്ചരിച്ചു തുടങ്ങി. റെയിലുകൾ കേടു തീർത്തു് കഴിഞ്ഞു തുടങ്ങി. ബാംഗളൂരിൽ നിന്നും വെള്ളപ്പട്ടാളം കണക്കില്ലാതെ വന്നിറങ്ങിത്തുടങ്ങി. മലപ്പുറത്തു നില്ക്കുന്ന സംഘത്തിന്നു് സഹായത്തിന്നു വീണ്ടും പട്ടാളം എത്തിത്തുടങ്ങി. ലഹളക്കാർക്കു് വെടികൊണ്ടു് മരിച്ചു് വീരസ്വർഗ്ഗം പ്രാപിക്കുകയേ ഗതിയുള്ളു എന്നൊരു സ്ഥിതി വന്നു കഴിഞ്ഞു.

ആലിമുസലിയാക്കും കൂട്ടുകാക്കും ആശ നശിച്ചു.

പതിനാല്

# സ്നിഗ്ദ്ധമസൃണമായ കൂടിക്കാഴ്ച

**ആലിമുസലിയാരും കെ. പി. കേശവമേനോനും:**

മേൽ വിവരിച്ച പ്രകാരം പരിപാകം വന്ന ഈ കാലഘട്ടത്തിൽ കോൺഗ്രസ്സ് നേതാക്കന്മാർ വീണ്ടും ആലിമുസലിയാരെ സമീപിച്ചു. 26-ാംനു കേശവമേനോനും പാർട്ടിയും തിരൂരങ്ങാടിയിൽ ചെന്നു. തത്സമയം അവിടെ ബ്രിട്ടീഷ് ഭരണം ഇല്ലാതായിരിക്കുന്നു. ആലിമുസലിയാർ ഇവിടുത്തെ രാജാവാണ് അദ്ദേഹത്തിൻെറ ഭരണം ആരംഭിച്ചിരിക്കുന്നു. സൈന്യാധിപൻ കുഞ്ഞലവിയും സചിവോത്തമൻ ലവക്കുട്ടിയും ജാഗ്രതയായി ഭരണകാര്യങ്ങൾ അന്വേഷിച്ചുവരുന്നു. നവീനരീതിയിലുള്ള ഒരു സായുധസേന സന്നദ്ധമായി നില്ക്കുന്നുണ്ട്. ആശ്ചര്യകരമായ ആ കാഴ്ചകൾ തന്റെ "കഴിഞ്ഞ കാല"ത്തിൽ ശ്രീ. കേശവമേനോൻ വിവരിച്ചിട്ടുണ്ട്. സൈന്യാധിപൻെറ വേഷം പ്രത്യേകം വിവരിച്ചിട്ടുണ്ട്, ഒരു വാൾ ചുമലിൽ തൂക്കി, മറെറാരു വാൾ കയ്യിൽ പിടിച്ചിട്ടാണ് സൈന്യാധിപൻ ശ്രീ. കേശവമേനോൻെറ അടുത്തു ചെന്നുനിന്നതെന്ന് അദ്ദേഹം പറയുന്നു. ഈ ഘട്ടത്തിൽ ശ്രീ. കേശവമേനോൻ ആലിമുസലിയാരെ നേരിട്ടു കണ്ടു അദ്ദേഹം മുസലിയാരെ അഭിവാദ്യം ചെയ്തു, മുസലിയാർ അദ്ദേഹത്തെ ഗാഢാലിംഗനം ചെയ്തു. അതിന്നുശേഷം ശ്രീ. കേശവമേനോൻ ഇങ്ങിനെ പറഞ്ഞു.

"ഞാൻ പറയുന്നതു് തെററിദ്ധരിക്കരുതു്". കഴിഞ്ഞതിനെപ്പററി പറഞ്ഞിട്ടു കാര്യമില്ല, അവിചാരിതമായി

പല ദുരിതങ്ങളും നമുക്കുണ്ടായി. ഇനിയും ലഹളക്കൊരുങ്ങി നില്ക്കുന്നതായാൽ അതു് വലിയ ആപത്തിന്നിടയാകും. ഞങ്ങൾ ഇങ്ങോട്ടു വരുമ്പോൾ കുറേ പട്ടാളക്കാർ കാറിൽ വരുന്നതു കണ്ടു. ഇനിയും വളരെ പട്ടാളം അടുത്തുവരുമെന്നതു് തീച്ച്യയാണ്. അവർ വന്നു് വെടിവെച്ചു തുടങ്ങിയാൽ പിന്നത്തെ കഥ എന്തെന്നറിയാമല്ലൊ? അതുകൂടാതെ കഴിക്കണമെങ്കിൽ ആവശ്യപ്പെട്ട ആളുകൾ പട്ടാളക്കാക്ക കീഴടങ്ങുവാൻ ഒരുങ്ങണം. എന്നാൽ തിരൂരങ്ങാടിയേയും ഇവിടുത്തെ ജനങ്ങളേയും രക്ഷിക്കുവാൻ കഴിയും. കീഴടങ്ങിയവരെ ശിക്ഷിക്കുമെന്നതു് തീച്ച്യയാണ്. പക്ഷെ അവരുടെ ത്യാഗം പൊതുരക്ഷക്ക് കാരണമായേക്കാം. അതിന്നു മുസലിയാർ മററുള്ളവരെ ഉപദേശിക്കണം. ഇതാണ് എനിക്കു പറയുവാനുള്ളതു്''

ആലിമുസലിയാർ ഈ ഉപദേശങ്ങളെല്ലാം കേട്ടു ഒരു ദീർഘശ്വാസം വിട്ടു. മററുള്ളവരെ നോക്കി മിണ്ടാതിരുന്നു. ശ്രീ. കേശവമേനോനെ കണ്ടപ്പോൾ ആലിമുസലിയാരുടെ മനസ്സു തണുത്തു. അതാണ് ആ ഗാഢാലിംഗനം സൂചിപ്പിക്കുന്നതു്. ഉപദേശം കേട്ടപ്പോൾ മനസ്സു് പൂവ്വാധികം ഉഷ്ണിച്ചു. അതാണ് ആ ദീർഘശ്വാസം വെളിപ്പെടുത്തിയതു്. തോല്ക്കുവാൻ ബന്ധു വേണോ? എന്നായിരിക്കണം മുസലിയാരുടെ ദീർഘശ്വാസത്തിൻെറ അത്ഥം.

ഈ ഘട്ടത്തിൽ അവിടെ കൂടിയിരുന്നവർ നേതാക്കന്മാരുടെ വരവിൻെറ ഉദ്ദേശശുദ്ധിയെ സംശയിച്ചു തുടങ്ങി. നേതാക്കന്മാക്ക അവിടെ നില്ക്കുന്നതും ആപത്താണെന്നു് തോന്നിത്തുടങ്ങി. ഏതായാലും മുസലിയാർ കേശവമേനോൻെറ ഉപദേശത്തെ മനസ്സില്ലാതെയോ, ഉണ്ടായിട്ടോ ശരിവെച്ചു. തീരുമാനത്തിന്നുള്ള അധികാരം മററുള്ളവക്ക വിട്ടുകൊടുക്കു

കയും ചെയ്തു, പോകുന്ന സമയം ലവക്കുട്ടിയേയും കുഞ്ഞലവിയേയും കണ്ടുപോകുവാൻ കേശവമേനോനോട്ട് പറയുകയും ചെയ്തു,

ആലിമുസലിയാരെ പിരിഞ്ഞശേഷം കുഞ്ഞലവിയോട്ടും ശ്രീ. കേശവമേനോൻ സംസാരിച്ചു. കുഞ്ഞലവി പടനായകനാണ്. അയാളുടെ മറുപടി ഇതാണ്: "കീഴടങ്ങേണ്ട കഥ മാത്രം അവിടുന്ന് എന്നോടു പറയരുത്. അവർക്ക് എന്നെ കിട്ടിയാൽ കൊല്ലുകയല്ല ചെയ്യുക, അരയ്ക്കുകയാണ്. ഞാൻ അവരോട്ട് യുദ്ധം ചെയ്തുതന്നെ ചത്തുകൊള്ളാം." ("കഴിഞ്ഞകാലം" കെ. പി. കേശവമേനോൻ). നിരാശാനിർഭരമായ ഈ വാക്കുകൾ പുറത്തുവിട്ടപ്പോൾ ആ ഹതാശയന്റെ മനസ്സിലുണ്ടായിരുന്ന അവസാനത്തെ ആശ എന്തായിരിക്കണം! ഒരു ഹസ്താവലംബം കിട്ടണമെന്നുതന്നെ ആയിരിക്കണം. 20–ാംനു നടന്ന ലഹളയിൽ രണ്ടു യൂറോപ്യൻ ഓഫീസർമാരെക്കൊന്നതു് ഈ ആളാണെന്ന് പറയപ്പെടുന്ന കാര്യം വാസ്തവമായിരിക്കാം. അതൊരു കുററമല്ല. അവിടെ ഒരു യുദ്ധമാണ് നടന്നതു്. പടക്കളത്തിൽവെച്ചു് ശത്രുവിനെ കൊല്ലുന്നതു് അധർമ്മമല്ല. കൊല്ലാതിരിക്കുന്നതാണ് അധർമ്മമെന്നു് സ്വാമി വിവേകാനന്ദൻ പറയുന്നു.

"നീ പോയി ഹാജരായികൊള്ളുക, ഭയപ്പെടേണ്ടതില്ല. നീ ഭയപ്പെടുന്ന മാതിരി മർദ്ദനങ്ങളൊന്നും കൂടാതെ കഴിപ്പാൻ ഞങ്ങൾ ആവുന്നതെല്ലാം ശ്രമിക്കാം. ഞങ്ങൾ നിൻെറ പിന്നിലുണ്ടു്" എന്നൊരു ധൈര്യവാക്കാണ് അയാൾ പ്രതീക്ഷിച്ചിരിക്കുക. കാരണം അബദ്ധം പിണഞ്ഞതിനെപ്പററി ശ്രീ. കേശവമേനോൻ അനുകമ്പാപൂർവ്വം കൊടുത്ത ഉപദേശം അവർക്ക് ബോദ്ധ്യമായി. അപ്പോൾ അവരെ രക്ഷപ്പെടുത്തുവാനാണ് കോൺഗ്രസ്സ് ഖിലാഫത്ത് നേതാക്കന്മാർ വ

ന്നിരിക്കുന്നതെന്നായിരിക്കും അവരുടെ ധാരണ. എന്നാൽ ചെന്നവരുടെ ഉപദേശം നാട്ടിൽ കലാപം വദ്ധിക്കാതിരിക്കുക മാത്രമായിരുന്നു. "നിങ്ങൾ ഹാജരാകാത്തപക്ഷം പള്ളിയ്ക്കു പട്ടാളം വെടിവെച്ചാലോ?" ('കഴിഞ്ഞകാലം') എന്നായിരുന്നു കേശവമേനോൻെറ മററൊരു ചോദ്യം. താൻ വീണാൽ കുഴിച്ചുവട്ടിൽ എന്നായിരിക്കണം കുഞ്ഞലവി മനസ്സിൽ കരുതിയതും.

ഏതായാലും മുസലിയാരും കൂട്ടരും നേതാക്കന്മാരുടെ ഉപദേശം സ്വീകരിക്കാത്തതു് നാട്ടിന്നു് അനത്ഥമായി. എന്നാൽ അക്കാര്യത്തിൽ ശ്രീ. കേശവമേനോൻ മുസലിയാരെയല്ല കുററപ്പെടുത്തുന്നതു് കൂട്ടുകാരെയാണു്. ജ. അബ്ദുറഹിമാൻ സാഹിബ്ബിന്നും മുസലിയാരോടുതന്നെയാണു് അക്കാര്യത്തിൽ വിരോധം. അതും മുസലിയാരുടെ മുഖത്തു നോക്കി പ്രകടിപ്പിച്ചതു് കോഴിക്കോട്ടു ജില്ലയിൽ വെച്ചു് എനിക്കുണ്ടായ അനുഭവമാണു്.

## ഗവമ്മെണ്ടിൻെറ ലഹളയൊതുക്കുവാനുള്ള ശ്രമങ്ങളും മുസലിയാരുടെ എതിർപ്പും:

ഗവമ്മെണ്ടു് ലഹളയൊതുക്കുവാനുള്ള ശ്രമങ്ങൾ ഊജ്ജിതമായി ആരംഭിച്ചുകഴിഞ്ഞു. നേതാക്കന്മാർ മുസലിയാരോടും കൂട്ടുകാരോടും കീഴടങ്ങുവാൻ ഉപദേശിച്ചിട്ടും അവർ അതു് സ്വീകരിച്ചില്ല. സ്വന്തം വീട്ടിൽ കിടന്നും ചാവുക എന്നതു് എല്ലാവക്കുമുള്ള ആഗ്രഹമാണു്. ഏതായാലും "ദീൻ" അപകടത്തിലായിക്കഴിഞ്ഞു. ഈ പള്ളിയിൽ കിടന്നു് പട്ടാളക്കാരുടെ വെടിയേററു് മരിച്ചുകൊള്ളാമെന്നു് മുസലിയാരും കരുതി.

മുസലിയാർ നേതാക്കന്മാരുടെ ഉപദേശം കൈക്കൊണ്ടു ഹാജരായിരുന്നുവെങ്കിൽ കലഹം അവിടെ വെച്ചവസാനിച്ചേനേ. അദ്ദേഹത്തിന്നു് ഒരു ചരിത്രപുരുഷൻെറ പദവിയും സിദ്ധിക്കുമായിരുന്നു. കലക്കരുടെ ദുരുപദിഷ്ടവും ആപന്മൂലവുമായ ദുഷ്പ്രവൃത്തിയെ ആക്ഷേപിക്കുവാൻ ജനങ്ങൾ ഒരുമ്പിട്ടുമായിരുന്നു. എന്നാൽ മുസലിയാക്കു് നല്ല ബുദ്ധി തോന്നിയില്ല.

"വിനാശകാലേ വിപരീതബുദ്ധി."

മുസലിയാർ ഹാജരാകുവാൻ വിസമ്മതിച്ചുകൊണ്ടു് കോൺഗ്രസ്സ് നേതാക്കന്മാർ ഇച്ഛാഭംഗത്തോടുകൂടി പിൻവാങ്ങി. പോലീസ്സിന്നു് ഇഷ്ടംപോലെ നരവേട്ട നടത്താമെന്നുള്ള നിലയിലെത്തിച്ചേന്നു. അവർ നരവേട്ട നടത്തുന്നതിൽ ആക്കും ആക്ഷേപവുമില്ല. ഉൾനാട്ടിലെ കോൺഗ്രസ്സ് ഖിലാഫത്ത് പ്രവത്തകന്മാർ നിസ്സഹായരായി, നിയമഭ്രഷ്ടരായി. അവരുടെ അവഭവം "എൻെറ അനുഭവങ്ങളിൽ" നിന്നും മനസ്സിലാക്കാം.

പതിനഞ്ച്

# ആലിമുസലിയാരുടെ അറസ്റ്റ്

## പട്ടാള നടപടികൾ:

ബാങ്ക്ളൂരിൽനിന്നും ഒരു വമ്പിച്ച സൈന്യസന്നാഹവും പീരങ്കിപ്പട്ടാളത്തിൻെറ രണ്ടു സൈന്യനിരയും പീരങ്കി തോക്കുകളും ആഗസ്റ്റ് 28-ാംനു മലപ്പുറത്തെത്തി. വേറൊരു സൈന്യവ്യൂഹം തിരൂരിലും. ആഗസ്റ്റ് 28-ാംനു ക്വീൻറെയിസിലെ ഒരു ഗ്രൂപ്പും, ഫീൽഡ് ആർട്ടിലറിയിലെ ഒരു വിഭാഗവും അടങ്ങുന്ന ബാങ്ക്ളൂരിൽനിന്നുമുള്ള ഒരു പട്ടാളസംഘം മലപ്പുറത്തെത്തി. അന്നേ ദിവസം തന്നെ കുററിപ്പുറം വഴി തിരൂരിൽ രണ്ടാമതൊരു പട്ടാള സംഘവും എത്തിച്ചേർന്നു. (മലബാർ ഗസററിയർ) *

ആഗസ്റ്റ് 29-ാംനു അഞ്ചു താലൂക്കുകളിൽ പട്ടാളനിയമം പാസ്സാക്കി—ഏറനാട്ട്, വള്ളുവനാട്ട്, പൊന്നാനി, കോഴിക്കോട്, വയനാട്ട്.

തിരൂരിൽ പാളയം അടിച്ചു കൂടിയിരുന്ന സൈന്യ സന്നാഹം ആഗസ്റ്റ് 30-ാംനു തിരൂരങ്ങാടിയിൽ എത്തി, മമ്പുറത്തെ പ്രധാന പള്ളി വളഞ്ഞു. പട്ടാളം അവിടെ ചെ

---

*"The Bangalore column consiting of the dorsets, a troup of the queen rays and one section of quarter battery of the field artillery, reached Malappuram on 28th August. A second column of the dorsets reached from Tirur from Kuttipuram on the same date." (Malabar Gazetteer)

ന്നപ്പോൾ അവിടം വിജനസ്ഥലമായിരുന്നു. ആലിമുസലിയാരും അതുപോലെ ആത്മാഹൂതി ചെയ്യാൻ തയ്യാറെടുത്തു. അല്പം ചില ലഹളത്തലവന്മാർ മാത്രം പള്ളിയിൽ അകത്ത് അടച്ചിരുന്നു. അവർ ആയുധങ്ങളും കരുതിയിരുന്നു.

അന്നു പകലും രാത്രിയും മുസലിയാരും കൂട്ടുകാരും പള്ളിക്കകത്ത് അനങ്ങാതെ അടച്ചിരുന്നു. പോലീസും പട്ടാളവും പുറത്തു കാവലും നിന്നു.

പിറേറദിവസം ആഗസ്റ്റ് 31-ാംനു കാലത്ത് അന്യോന്യം വെടിതുടങ്ങി. വെടിവെപ്പുമൂലം പള്ളിയിലുണ്ടായിരുന്ന പലരും മരിച്ചുവീണു. ലഹളത്തലവന്മാരിൽ പ്രധാനിയായ കാരാടൻ മൊയ്തീനും അതിൽപ്പെട്ടിരുന്നു. പട്ടാളക്കാർക്കും വലിയ നാശം പററി. പള്ളിയിലുണ്ടായിരുന്ന ചിലർ പുറത്തു ചാടി പട്ടാളക്കാരുടെ നേക്കു ചെന്നു് പലരേയും കുത്തിക്കൊന്നു് സ്വയം വെടിയേററു മരിച്ചു. കഞ്ഞലവി പട്ടാളക്കാരുടെ ഇടയിൽക്കൂടി ഓടി രക്ഷപ്പെടുകയും ചെയ്തു. ഒരു പട്ടാളക്കാരനെ ആ യോദ്ധാവ് കുത്തികൊന്നതായും പറയപ്പെടുന്നു. പ്രൈവററു വില്ല്യമിനെ പട്ടാളക്കത്തികൊണ്ടു് കുത്തി വീഴ്ത്തിയതു് കുഞ്ഞലവിയാണെന്നു പറയപ്പെടുന്നു. വില്ല്യം മരണമടഞ്ഞു.

കൂട്ടുകാരിൽ പലരും വെടികൊണ്ടു മരിക്കുകയും ചിലർ പുറത്തു ചാടി ഓടി രക്ഷപ്പെടുകയും ചെയ്തപ്പോൾ ആലിമുസലിയാരും 37 പേരും പട്ടാളച്ചിട്ടയിൽ വെള്ളക്കൊടി കാണിച്ചു് ശത്രുക്കൾക്കു് കീഴടങ്ങി.

പള്ളിയിൽ നിന്നു് പട്ടാളക്കാരുടെ നേക്കു് വെടിവെപ്പ് നടത്തിയപ്പോഴാണു് അവർ അങ്ങോട്ടും വെടിവെപ്പ്

നടത്തിയതെന്നു് ഗവൎമ്മെണ്ടിൻെറ റിപ്പോൎട്ടുകളിൽ ആക്ഷേപം പറയുന്നുണ്ടു്.

മലബാർ ഗസററിയറും ഏതാണ്ടു് അതേ അർത്ഥത്തിൽ ഈ സംഭവം റിക്കാർഡു് ചെയ്തിരിക്കുന്നു.

അങ്ങോട്ടാണു് ആദ്യം വെടിവെച്ചതെങ്കിൽക്കൂടി അതിനു് യാതൊരു തെററും കല്പിക്കുവാനില്ല. പട്ടാളക്കാരുടെ കയ്യിൽപ്പെട്ടു് നരകം അനുഭവിക്കുന്നതിനേക്കാൾ പതിന്മടങ്ങു് മെച്ചവും ആശ്വാസകരവും, പിടികൊടുക്കാതെ വെടിയേററു് മരിക്കുകയാണെന്നു് എനിക്കെൻെറ സ്വന്തം അനുഭവം വെച്ചുതന്നെ അഭിപ്രായപ്പെടാവുന്നതാണു്. അവരുടെ കയ്യിൽ കിട്ടിയതിൻെറ നരകം ഞാൻ അനുഭവിച്ചിട്ടുണ്ടു്. ഒരു കണക്കിൽ കീഴടങ്ങിയവർ ഭീരുക്കളാണെന്നു് പറയണം.

അസഹ്യമായ മൎദ്ദനത്തിൻെറ മുമ്പിൽ മനക്കരുത്തുള്ളവനു് മരണം ആശ്വാസമാണു്.

പട്ടാളത്തിൻെറ നേൎക്കു് അങ്ങോട്ടു വെടിവെയ്ക്കുന്ന കാൎയ്യത്തിൽ പള്ളിയിലുണ്ടായിരുന്നവരിൽത്തന്നെ ചിലൎക്കെതിൎപ്പുണ്ടായിരുന്നു. അങ്ങോട്ടു വെടിവെച്ചതാണു് ഈ അനൎത്ഥം മുഴുവൻ ഉണ്ടാക്കിയതെന്നുകൂടി അവർ തമ്മിൽ പഴിപറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്.

കോയമ്പത്തൂർ ജയിലിൽവെച്ചു് അവർ തമ്മിൽ സംസാരിക്കുന്നതിൽനിന്നാണു് ഞാൻ അതു് കേട്ടതു്. അവിടെ ഒരേ ബ്ലോക്കിലാണു് ആലിമുസലിയാരെയും കൂട്ടുകാരെയും ഞങ്ങളേയും ഇട്ടിരുന്നതു്. കാലത്തു് വെള്ളം പിടിക്കുവാൻ ഞങ്ങൾ ഒരുമിച്ചു് ഒത്തുകൂടും. ഒരുദിവസം അവരുടെ മേൽപ്പറഞ്ഞ സംസാരത്തിൽ ഞാൻ ചേരുകകൂടി ചെയ്തിട്ടുണ്ടു്.

വെള്ളക്കൊടി കാണിച്ച ചെറുപ്പക്കാരനേയും പട്ടവൃദ്ധനേയും ജയിലിൽ കണ്ട ഓമ്മ എനിക്ക് ഇന്നും ഉണ്ട്. ഒരു വട്ടത്താടിക്കാരനെക്കൂടി ഞാൻ പ്രത്യേകം ഓമ്മിക്കുന്നു. അയാൾ പട്ടാളത്തിൻെറ നേക്ക് വെടി വെച്ചതിൽ വലിയ ആക്ഷേപക്കാരനാണ്. കാഴ്ചയിൽ ഭയങ്കരനാണ് അയാൾ. ഉള്ളുമാദ്ദവമാണ്.

കീഴടങ്ങിയവരെ പട്ടാളത്തിൻെറ കാവലോട്ടുകൂടി തിരൂരങ്ങാടിയിൽത്തന്നെ മജിസ്ട്രേട്ടുകോടതിയിൽ അന്നു ബന്ധനത്തിൽവെച്ചു.

പിറെറ ദിവസം അവരെ തിരൂരിലേക്കു കൊണ്ടുപോയി. അന്നവിടെ പട്ടാളത്തിൻെറ കാവലോട്ടുകൂടി ലോക്കപ്പിൽവെച്ചു. അതിന്നു പിറേറദിവസം കാലത്തു് ഞങ്ങളെ ഷൊറണ്ണൂരിൽനിന്നും കയററിക്കൊണ്ടുപോയ വണ്ടിയിൽത്തന്നെ അവരെയും കോയമ്പത്തൂരിലേക്ക് കൊണ്ടുപോയിരുന്നു.

അവരെ മുമ്പിലും ഞങ്ങളെ പിമ്പിലുമായി ജയിലിൻെറ ഗയിററിൽ ഇരുത്തി. അവരെ മുമ്പിൽ അകത്തേക്കു കടത്തി ഞങ്ങളെ പിന്നാലെയും. ഓരോരുത്തരായിട്ടാണ് അവരേയും ഞങ്ങളേയും ജയിലിലേക്കു കടത്തിയതു്. കശാപ്പുശാലയിലേക്കു് മൃഗങ്ങളെ കൊണ്ടുപോകുന്ന ഒരു സ്ഥിതിയായിരുന്നു അതു്.

അതിനുശേഷം നാട്ടിൽ പോലീസും പട്ടാളവും ജനങ്ങളെ ക്രൂരമായി മർദ്ദിക്കുകയും വേട്ട നടത്തുകയും ചെയ്തു തുടങ്ങി. മർദ്ദനം വദ്ധിക്കുന്തോറും ലഹളയും വദ്ധിച്ചു തുടങ്ങി. ലഹളക്കാർ ആത്മഹത്യാ സംഘങ്ങളായി മാറിക്കഴിഞ്ഞു. അവക്ക് വീരസ്വർഗ്ഗം മാത്രം ഒരു ശരണമായി.

ജയിലിലെ മർദ്ദനങ്ങളും ജയിലിലേക്കു കൊണ്ടുവരുന്നവരുടെ ദേഹത്തിലെ പരുക്കുകളും മാത്രമേ ഞങ്ങൾക്കു നേരിട്ടനുഭവമുള്ളു. ചിലർക്ക് പരുക്കുകൾകൊണ്ട് വെള്ളമിറക്കുവാൻ സാധിക്കാത്ത മട്ടിൽ ദേഹത്തിൽ കേടുപാടുകൾ ഉണ്ടായിരുന്നു. പോലീസ്സിൻെറ ലോക്കപ്പ്മർദ്ദനം അന്നൊരു പേടിസ്വപ്നമാണ്. അതനുഭവിക്കുന്നതിനേക്കാൾ മരണം ആശ്വാസകരമാണ്. ഹിന്ദുക്കളിൽ എന്നെപ്പോലെ പ്രാണവേദന അനുഭവിച്ചവർ വളരെ ചുരുക്കമാണ്. എൻെറ ആയുസ്സ് ശേഷിക്കുമെന്ന് അന്നാരും കരുതിയിട്ടില്ല. ഞാൻ തന്നെ ഒന്നിലധികം പ്രാവശ്യം, ഇതാ കലാശിച്ചു കഴിഞ്ഞുവെന്ന് വിചാരിച്ചുപോയിട്ടുണ്ട്. അത് എൻെറ അനുഭവങ്ങൾ വിവരിക്കുമ്പോൾ വ്യക്തമാകും.

ഈ ക്രൂരമർദ്ദനങ്ങൾക്ക് എതിരായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഒരു ചെറുവിരൽപോലും അനക്കിയിരുന്നുവെങ്കിൽ ഗവർമ്മെണ്ടിന്ന് ഇത്രയും മൃഗീയമായ മർദ്ദനങ്ങൾ നടത്തുന്നതിന് ധൈര്യമുണ്ടാകുമായിരുന്നില്ല. മർദ്ദനം വദ്ധിച്ചിരുന്നില്ലെങ്കിൽ ലഹളയും ഇത്രത്തോളം പടന്ന് പന്തലിക്കുകയില്ലായിരുന്നു. ഇത് ഭാരതത്തിൻെറ സ്വാതന്ത്ര്യസമരചരിത്രത്തിലെ ഇരുളടഞ്ഞ ഒരദ്ധ്യായമാണ്.

'ഉപ്പുതിന്നവൻ വെള്ളം കുടിക്കട്ടെ' എന്നൊരു ഭാവമാണ് കോൺഗ്രസ്സ് ഈ സംഭവത്തിൻെറ നേക്കു കാണിച്ചത്. എന്നാൽ ഉപ്പു തിന്നവൻ മാത്രമല്ല വെള്ളം കുടിക്കുന്നതെന്ന സംഗതി കോൺഗ്രസ്സ് വിസ്മരിക്കുകയാണ് ചെയ്തത്.

പോലീസ് മർദ്ദനത്തെപ്പററി കോൺഗ്രസ്സിൻെറ വീക്ഷണം ശ്രീ. രാജൻ ബാബുവിൻെറ വിവരണത്തിൽനിന്ന്

സ്സ്പഷ്ടമാകുന്നുണ്ട്. "ജനങ്ങൾ പിടിയിൽനിന്നു് വിട്ടു. ഇത്തരം സന്ദർഭങ്ങളിൽ സാധാരണ സംഭവിക്കാറുള്ളതുപോലെ ഗവമ്മേണ്ടിൻെറ മദ്ദനം കഠിനവും അനിയന്ത്രിതവുമായിരുന്നു" [വിഭക്തഭാരതം, പുറം 207]

വാഗൻട്രാജഡി ഉൾപ്പെടെയുള്ള ഈ പോലിസു് മദ്ദനത്തെ ഒരു സാധാരണസംഭവമായിട്ടാണു് കോൺഗ്രസ്സ് കണക്കിലെടുത്തതു്. എന്നാൽ പഞ്ചാബിൽ നടന്ന പോലീസു് മദ്ദനത്തെ പൈശാചിക സംഭവമായിട്ടാണു് കോൺഗ്രസ്സ് കണക്കാക്കിയതു്.

പതിനാറ്

# എൻെറ അനുഭവങ്ങൾ

## ലഹള ചെപ്പ്ുളശ്ശേരിയിൽ:

ആഗസ്റ്റ് 21-ാംനു ഉച്ചതിരിഞ്ഞതോട്ടുകൂടി ലഹളയു ടെ വൎത്തമാനം കേൾക്കാൻ തുടങ്ങി. തിരൂരിന്നപ്പുറമാണ് ലഹള. തപ്പാൽകമ്പികൾ മുറിച്ചു; റെയിലുകൾ നീക്കം ചെയ്തു. എന്തൊക്കെയോ ഭയങ്കരമായ ലഹളകൾ നടക്കു ന്നുണ്ട്. എന്തൊന്നാണ് വരാൻ പോകുന്നതെന്നറി വില്ല എന്നാണ് ആദ്യം കേട്ടവൎത്തമാനം.

രാഷ്ട്രീയപ്രക്ഷോഭം മൂൎദ്ധന്യദശയിലെത്തിയ കാലമാ ണതു്. എന്തും സംഭവിച്ചേക്കാമെന്ന ഒരു ധാരണ പൊതു വെയുണ്ട്.

അന്നുവൈകുന്നേരം വില്ലേജ് കോൺഗ്രസ്സ് കമ്മററി സിക്രട്ടറി ശ്രീ. ടി. എ. കേശവൻ നായരും, അനുജൻ ഗോ വിന്ദൻ നായരും വേറെ ചിലരും കൂടി എൻെറ അടുക്കൽ വന്നു. ലഹളയുടെ വൎത്തമാനം പറയുവാനാണ് അവർ വ ന്നതു്. ഞങ്ങളെല്ലാവരും കൂടി ഇല്ലത്തെ വടക്കുഭാഗത്തുള്ള അമ്പലപ്പള്ളിയാലിലേക്കു പോയി. അവിടെ ഒരു പാറയു ണ്ടായിരുന്നു. അതിന്മേലിരുന്ന് ലഹളയുടെ വൎത്തമാനങ്ങൾ കേട്ടതെല്ലാം അവർ പറഞ്ഞു. മമ്പ്രത്തു പള്ളിക്ക് വെടി വെച്ചതാണെത്രെ ലഹളക്കു കാരണം. ഇവിടെയും ചില തൊക്കെ ചെയ്യണമെന്ന് ഇവിടത്തെ ഖിലാഫത്ത് പ്രവ ൎത്തകർക്ക് ആഗ്രഹമുണ്ട് എന്നു ശ്രീ. കേശവൻ നായർ

അല്പം ഒരു പുച്ഛരസത്തോടുകൂടി പറഞ്ഞു. അതു ചെയ്യരുതു്; ഇവിടെ ഒന്നും ചെയ്യരുതു് എന്നു് ഞാൻ തൽക്ഷണം തടസ്സം പറഞ്ഞു. ഖിലാഫത്തു സിക്രട്ടറിയും ആക്കൂട്ടത്തിലുണ്ടായിരുന്നു. ഞാൻ അയാളുടെ മുഖത്തേക്കു് ഒന്നുനോക്കി. അയാൾ മൌനം അവലംബിച്ചു. അയാൾ ഒരു ശാന്തനാണും.

ഖിലാഫത്തു് പ്രക്ഷോഭത്തിൻെറ അവസാനസമരമാണതെന്നാണു് അപ്പോൾ കരുതപ്പെട്ടിരുന്നതു്. ഏതായാലും ഇവിടെ ലഹള കൂടാതെ കഴിക്കണമെന്നു് ഞാൻ ഖണ്ഡിച്ചു പറഞ്ഞു. അതിനു് ശ്രമിച്ചുനോക്കാമെന്നു് ശ്രീ കേശവൻ നായരും മററുള്ളവരും യോജിച്ചു. അന്നു് സമാധാനത്തിലാണു് ഞങ്ങൾ പിരിഞ്ഞതു്. ചെപ്പുളശ്ശേരിയിൽ ലഹള ഉണ്ടാവില്ലെന്നു് തന്നെയാണു് ഞങ്ങളുടെ സമാധാനം.

പിറേറദിവസം വൈകുന്നേരം അവർ വീണ്ടും വന്നു. ഖിലാഫത്തുസിക്രട്ടറി കൂടെ ഉണ്ടായിരുന്നില്ലെന്നാണും എൻെറ ഓർമ്മ. അപ്പോഴെക്കും സ്ഥിതിഗതികൾ മാറിക്കഴിഞ്ഞിരുന്നു, തിരൂരങ്ങാടിയിൽ കലക്ടരും പാർട്ടിയും പട്ടാളവും കൂടിച്ചേർന്നു് മമ്പ്രത്തു പള്ളിക്കു് വെടിവെച്ചു. ആലിമുസലിയാരെ പിടിക്കുവാനാണു് വട്ടം കൂട്ടിയതു്. സാധിച്ചില്ല. കലക്ടരേയും ഡി. എസ്. പിയേയും മാപ്പിളമാർ കൊന്നുകഴിഞ്ഞു, പട്ടാളക്കാരിൽ കുറച്ചുപേർ മാത്രമേ രക്ഷപ്പെട്ടിട്ടുള്ളു. അധികം പേരും കൊല്ലപ്പെട്ടു. അവരെ സഹായിപ്പാൻ മലപ്പുറത്തുനിന്നു് പുറപ്പെട്ട സായുധ സേനയേയും വഴിക്കുവെച്ചു് ലഹളക്കാർ കൊന്നുകഴിഞ്ഞു. അവരുടെ ലോറി ചുട്ടുകളഞ്ഞു. മമ്പ്രത്തു പള്ളിക്കു വെടിവെച്ചതുകൊണ്ടു് ഇന്ത്യയിലെ രണ്ടരക്കോടി മുസ്ലീങ്ങളും ലഹളയ്ക്കൊരുങ്ങിക്കഴിഞ്ഞു. സ്വാതന്ത്ര്യസമരത്തിൻെറ അവസാന വിപ്ലവം ആരംഭിച്ചു കഴിഞ്ഞു. ഇന്ത്യ മുഴുവൻ വി

പ്ലവത്തിന്നു് ഒരുങ്ങിയിരിക്കയാണെന്നും എല്ലാം അവർ കേട്ടവത്തമാനം പറഞ്ഞു.

ഇതെല്ലാം ലഹളക്കൊതിയന്മാർ പൊട്ടിച്ചുവിട്ട നുണകളാണെന്നു് ആരും അറിഞ്ഞിരുന്നില്ല.

"ലഹള അട്ടത്തെത്തിക്കഴിഞ്ഞു. മഞ്ചേരിയിലും, പെരുന്തൽമണ്ണയിലും ഖജാനകൾ പൊളിച്ചു കഴിഞ്ഞു അവർ ഖുതപ്പുഴ കടന്നു് ഇവിടെ വരുന്നുണ്ടെന്നു കേൾക്കുന്നു. സബ് ഇൻസ്പെക്ടർ മൊസ്തീനെ കൊന്നു കഴിഞ്ഞു എന്നൊരു വത്തമാനം കേൾക്കുന്നു. (ഒട്ടവിൽ പറഞ്ഞതു് ലഹളക്കൊതിയന്മാർ പൊട്ടിച്ചു വിട്ട നുണയാണു്). ഇവിടത്തെ സ്ഥിതി നിയന്ത്രണാതീതമായിരിക്കുന്നു. ഇവിടെയുള്ളവർ ലഹളക്കു തന്നെയാണു് പുറപ്പാടു്. ഇവിടെ പോലീസ് കച്ചേരി കയ്യേറാനാണു് ഭാവമെന്നു കേൾക്കുന്നു," എന്നെല്ലാം അവർ കേട്ട വിവരങ്ങൾ വിവരിച്ചു പറഞ്ഞു.

"എന്നാൽ പോലീസ് വെടിവെപ്പു് നടത്തില്ലേ?" എന്നു് ഞാൻ കടന്നു ചോദിച്ചു. ലഹള നടന്ന മററു സ്ഥലങ്ങളിൽ പോലീസ് വെടിവെപ്പു് നടത്തിയിട്ടില്ല. ലഹളക്കാർ വരുന്നുണ്ടെന്നറിഞ്ഞാൽ പോലീസ് സ്ഥലം ഒഴിച്ചു പോവുകയാണു് അവിടങ്ങളിൽ ചെയ്തതു്. ഇവിടെയും അങ്ങനെ ചെയ്യാനാണു് വഴി എന്നൊരു വത്തമാനം കേൾക്കുന്നുണ്ടു് എന്നു് അതിന്നു് പുച്ഛരസത്തിൽ സമാധാനവും പറഞ്ഞു.

അന്യനാട്ടുകളിൽ നിന്നു് ആളുകൾ ഇവിടെ വന്നു് ലഹള കൂട്ടുകയാണെങ്കിൽ അതിനെ തടുക്കുവാൻ നമ്മൾക്കു് കഴിവില്ല, ഇവിടെയുള്ളവർ ലഹളയിൽ ചേരാതെ കഴിപ്പാൻ ആവുന്നതും ശ്രമിച്ചു നോക്കണം. ഇവിടെയുള്ള വർ

ചേന്നാൽ പൂർവ്വ വൈരത്തിന്നു് പകരം വീട്ടുവാൻ ഈ അവസരം ഉപയോഗിക്കുമെന്നു് ഒരു അപകടം കൂടിയുണ്ടു്.

ഇതിനു മുമ്പ് ഞാൻ വിവരിച്ച സംഭവ ഗതികൾ ഒന്നും അന്നെനിക്കു് അറിവുണ്ടായിരുന്നില്ല. അപ്പോഴത്തെ യഥാർത്ഥ സ്ഥിതിഗതികളെക്കുറിച്ചു് വേണ്ടും വിധം വിലയിരുത്തുവാനും അന്നാക്കും സാധിച്ചിരുന്നില്ല. നേതാക്കന്മാർക്കും കൂടി അതിന്നസാദ്ധ്യമായിരുന്നു. ലഹളക്കു ശേഷം എന്റെ അന്വേഷണ ഗവേഷണങ്ങളുടെ ഫലമായിട്ടാണെനിക്കു് ലഹളയുടെ ചരിത്രത്തെക്കുറിച്ചു് ഒരു അവലോകനം രേഖപ്പെടുത്തുവാൻ ഇപ്പോൾ സാധിച്ചതു്.

ലഹള തുടങ്ങി മൂന്നു ദിവസം കഴിഞ്ഞു. തപ്പാലുകൾ വരുന്നില്ല. കമ്പി തപ്പാൽ മുറിഞ്ഞുപോയി. തീവണ്ടികൾ ഓടുന്നില്ല. ബസ്സ് സർവ്വീസുകൾ അന്നു് നാമമാത്രമാണു്. റേഡിയോ അക്കാലത്തു് ഇവിടങ്ങളിൽ നടപ്പായിട്ടില്ല. ഗവമ്മേണ്ടിന്റെ നേക്കു് ഒരു തുറന്ന യുദ്ധമാണു് നടക്കുന്നതു്, ഗവമ്മേണ്ടു് യാതൊരു പ്രതിവിധിയും എടുത്തു കാണുന്നില്ല. ഇതിന്റെ അത്ഥം എന്താണെന്നു് വ്യക്തമാകുന്നില്ല.

സ്ഥിതിഗതികളെ ശരിക്കു വിലയിരുത്തുവാൻ കഴിയാത്തതുകൊണ്ടുള്ള വിഷമം അന്നു് അനുഭവിച്ചവക്കു മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. അതിന്നു സാധിച്ചിരുന്നുവെങ്കിൽ നാട്ടുകാരുടെ പ്രതിബന്ധം കൊണ്ടുതന്നെ ലഹള പടന്നു പന്തലിക്കാതെ കഴിഞ്ഞിരുന്നു. നാട്ടുകാർ ആകെ അന്തം വിട്ടുപോയതാണു് ലഹള ഇത്തരത്തിൽ പടന്നു പന്തലിക്കുവാൻ സംഗതി വരുത്തിയതു്.

ഒന്നാം ലോകമഹായുദ്ധം ജയിച്ച ബ്രിട്ടീഷ് ഗവമ്മേണ്ടിന്നു് ഏറനാട്ടു് മാപ്പിളമാർ അധൃഷ്യരും അജയ്യരുമാണെ

ന്നും ഒരിക്കലും കരുതിക്കൂടാ. എന്നാൽ ഖജാനകൾ പൊളിക്കുന്നതിനെക്കൂടി ഗവമ്മേണ്ടു് തടസ്സപ്പെടുത്തിയിട്ടില്ല. അങ്ങിനെയുള്ള ഒരു പ്രതിസന്ധിഘട്ടത്തിൽ ഇതികൎത്തവ്യത സുഗമമല്ല. ഗവമ്മേണ്ടു് പിന്മാറിയ ഘട്ടത്തിൽ ഉദ്യോഗസ്ഥന്മാരടക്കമുള്ള നാട്ടുകാരുടെ രക്ഷയാണു് മുൻഗണനന അർഹിക്കുന്നതു്. ആ കാര്യത്തിലാണു് എൻെറ ശുശ്രൂഷാന്തി മുഴുവനും സമൎപ്പിച്ചിരുന്നതു്.

## കാൎയ്യസ്ഥൻെറ പരിഭ്രമം:

23-ാംനു കാലത്തു് ഞാനെഴുന്നേററു് താഴത്തിറങ്ങി വന്നപ്പോൾ എൻെറ കാര്യസ്ഥൻ കിഴക്കെപ്പാട്ടു ചാത്തു നായർ എൻെറ അട്ടക്കൽ ഓടിവന്നു. പരിഭ്രമിച്ചിട്ടാണു് അയാൾ സംസാരിച്ചതു്. “മാപ്പിളമാർ ലഹളക്കൊരുങ്ങിയിരിക്കുന്നു. പാരി കമ്പനി റാക്കു് ഡിപ്പോ തൻെറ കെട്ടിടത്തിലാണു്. കെട്ടിടം കൊള്ളിവെക്കുമെന്നാണു് കേൾക്കുന്നതു്. തൻെറ കാര്യമായ മുതലാണതു്. അതു ചുട്ടുപോയാൽ താൻ കഷ്ടത്തിലാവും. തപ്പാലാപ്പീസു് തുറന്ന ഉടനെ ഒരു റജിസ്റ്റർ നോട്ടീസ്സയച്ചാൽ അവർ ഒഴിയുകയോ, തനിക്കു് നഷ്ടപരിഹാരം കിട്ടുകയോ ചെയ്യുകയില്ലേ” എന്നെന്നോടു് ധൃതിപ്പെട്ടു് ചോദിച്ചു. “മിണ്ടാതിരിക്കു്: നോട്ടീസ്സയച്ചാൽ നീ ലഹളക്കാരുടെ ഭാഗത്താണെന്നു് വരും. ജയിലിൽ പോകേണ്ടിവരും”. എന്നു ഞാൻ അയാളെ ഉപദേശിക്കുകയും ചെയ്തു. അതുകൊണ്ടയാൾക്കു് രക്ഷകിട്ടി. അയാളെ അങ്ങിനെ ചെയ്യാൻ ആരോ ‘ഭീരു’ പിടിപ്പിച്ചിരുന്നു.

## പരിഭ്രമത്തോടെ കേശവൻ നായർ വീണ്ടും വന്നു:

സുമാർ 7½ മണിക്കു് ഞാൻ കുളിക്കാനാരംഭിച്ചു. അ

പ്പോഴേക്കും കേശവൻ നായർ കുളക്കടവിലേക്കു വന്നു. "മാപ്പിളമാരെ തട്ടത്താൽ നില്ക്കുന്നില്ല. ലഹളക്കാർ ത്തൂതപ്പുഴ ഇക്കരെ കടന്നു. ഇവിടെയുള്ളവരും ലഹളക്കു തന്നെയാണു് പുറപ്പാടു്. സബ്ബ് ഇൻസ്പെക്ടർ മൊയ്തീനെ കൊന്ന വിവരം ശരിയാണത്രെ! അയാളുടെ കുടുംബക്കാരും ലഹളക്കൊരുങ്ങിക്കഴിഞ്ഞു. എനി തടുക്കുവാൻ ശ്രമിച്ചിട്ടു് ഫലമുണ്ടെന്നു തോന്നുന്നില്ല." എന്നു് കേശവൻനായർ വിവരങ്ങൾ പറഞ്ഞു. "സാധിക്കുമെങ്കിൽ ഒന്നുകൂടി ശ്രമിച്ചുനോക്കുക" എന്നു ഞാൻ വീണ്ടും ആവശ്യപ്പെട്ടു. സാധിക്കുമോ എന്ന കാര്യം സംശയമാണെന്നു് പറഞ്ഞു് കേശവൻ നായർ അതിന്നു വീണ്ടും ശ്രമിച്ചുനോക്കുവാൻ പുറത്തേക്കു പോയി.

സുമാർ 11 മണിക്കു് ഒരാൾ എൻെറ അടുക്കലേക്കു് ഓടിക്കിതച്ചുവന്നു. "ലഹളക്കാർ ത്തൂതപ്പുഴ കടന്നു വന്നുകഴിഞ്ഞു. കേശവൻ നായർ പറഞ്ഞാൽ അവർ മടങ്ങിപ്പോകുന്നില്ല. ഇവിടുന്നു് ഒന്നു അത്രത്തോളം വേഗം വരണം" എന്നു പറഞ്ഞു. ഞാൻ വേഗത്തിൽ അങ്ങോട്ടു പുറപ്പെട്ടു. പോകരുതെന്നു് കുടുംബക്കാർ തടഞ്ഞു. അമ്മയും എന്നെ നിർബ്ബന്ധിച്ചു. ഞാൻ ഒരുവിധം അവരെയെല്ലാം സമാധാനിപ്പിച്ചു എന്നു വരുത്തി ത്തൂതക്കൽ നിന്നും വരുന്ന റോഡിലേക്കു് ചെന്നു. മാടമ്പി നീലകണ്ഠൻ എൻെറ ഒപ്പം ഉണ്ടായിരുന്നു. അവിടെ കുറെ ലഹളക്കാർ കൂടിനിന്നിരുന്നു. അവർ വരുന്നവഴി കള്ളുഷാപ്പുകൾ കൊള്ളിവെച്ചാണു് വരുന്നതു്. ഞാൻ ചെല്ലുന്നതു കണ്ടപ്പോൾ കേശവൻനായർ എൻെറ അടുക്കലേക്കു് വന്നു. അവിടെ കൂടിയ ജനത്തെ മടക്കി അയപ്പാൻ സാധിക്കുമോ എന്നു് ഞങ്ങൾ ആലോചന നടത്തി. അപ്പോഴേക്കും എൻെറ നേക്കു് കല്ലെറിഞ്ഞു. എൻെറ മേൽ കൊള്ളുവാനല്ല എറിഞ്ഞതു്. എന്നെ പേടിപ്പിക്കുവാൻ മാത്രമാണു്. കല്ലു വന്നുവീണപ്പോൾ ഞാൻ

ജനക്കൂട്ടത്തിൻെറ അട്ടത്തേക്കു ചെന്നു. അക്രമരാഹിത്യമാണ് നമ്മുടെ ആയുധമെന്നും ലഹള കൂട്ടുന്നതു തെററാണെന്നും ഞാനവരോട്ട പറഞ്ഞു. അപ്പോഴെക്കും ലഹളക്കാർ ക്ഷുഭിതരായി. "നമുക്കു നമ്മുടെ കാര്യങ്ങൾ നടത്തുവാൻ ഈ നമ്പൂതിരിയുടെ സമ്മതം വേണമോ?" എന്നും മററും ക്ഷോഭവാക്കുകൾ പറഞ്ഞുതുടങ്ങി. ആവുന്നതും ശ്രമിച്ചു, ഫലിച്ചില്ല എന്നൊരു വിചാരത്തോട്ടകൂടി ഞാൻ മടങ്ങിപ്പോരികയും ചെയ്തു. അവർ നേരെ പള്ളിയിൽ പോയി പ്രാത്ഥന കഴിച്ചു് ലഹളആരംഭിച്ചു.

മുൻനിശ്ചയമനുസരിച്ചു് അന്നു ഞാൻ തൃശ്ശൂരിൽ എത്തേണ്ടതാണ്. അവിടെ ഒരു സാമുദായികയോഗമുണ്ടായിരുന്നു. അതിനെന്നെക്കൂടി കൊണ്ടുപോകുവാനാണ് മാടമ്പി നീലകണ്ഠൻ വന്നിരുന്നതു്. നാട്ടിൽ ഇത്തരം അനിശ്ചിതാവസ്ഥ ഉള്ളപ്പോൾ നാട്ടുവിട്ടു പോകുന്നതു് ശരിയല്ലെന്നു കരുതി ഞാൻ പോകാതിരുന്നതാണ്. എനിക്കു സഹായത്തിന്നു മാടമ്പിയേയും അവിടെ നിത്തി. മാടമ്പി അവധാനമുള്ള ഒരാളാണ്.

പതിനേഴ്

# വിവാഹാലോചന

"അന്യഥാ ചിന്തിതം കാര്യം
ദൈവ മന്യത്ര ചിന്തയേൽ"

അന്നും ഈ ബഹളത്തിന്നിടയിൽ വേറൊരു വിശേഷ സംഭവമുണ്ടായി. എൻെറ വിവാഹാലോചനക്ക് ഒരു സ്ത്രീജാതകവുമായി എടമന ആയ്യൻ (കുഞ്ഞു) തലേദിവസം വന്നു ചേൎന്നു. അന്നും വിവാഹ പരിഷ്ക്കരണ വിഷയം നമ്പൂതിരി സമുദായത്തിൽ ഒരു സജീവ പ്രശ്നമായിരുന്നു. ജ്യേഷ്ഠൻ വിവാഹം ചെയ്യുന്നതിന്നു മുമ്പ് അനുജനു വിവാഹം പാടില്ലെന്നായിരുന്നു അന്നത്തെ ആചാരം. അതു ലംഘിക്കുവാൻ ഞാൻ സന്നദ്ധനായിരുന്നു.

വിവാഹാലോചന നിൎത്തിവെക്കത്തക്കവണ്ണം ജനങ്ങളുടെ സാധാരണ ജീവിതം അപകടത്തിലേക്ക് എത്തിയിരുന്നില്ല. അത്രമാത്രം അന്തരീക്ഷം സംഭ്രമജനകമായിരുന്നില്ല. എന്നാൽ പുറമെ നടക്കുന്ന അനിഷ്ട സംഭവങ്ങളുടെ ഒരസുഖം എൻെറ മനസ്സിൽ തട്ടികൊണ്ടിരുന്നു. ഒരു വിവാഹാലോചന സമയത്തു് ഉണ്ടാവാറുള്ള ഭാവുക പ്രതീക്ഷകളും ഉന്മേഷവും എനിക്ക് തത്സമയം ഉണ്ടായിരുന്നില്ല എങ്കിലും മുൻകൂട്ടി ആലോചന ചെയ്ത കാര്യമായതുകൊണ്ടു് ആ ചടങ്ങ് ഒരുവിധം നടത്തികൊണ്ടു പോന്നിരുന്നു. ഇത്ര വലിയൊരാപത്തു് എൻെറ തലയ്ക്കൽ വെച്ചു കെട്ടുമെന്ന ഒരു ധാരണയും അപ്പോഴുണ്ടായിരുന്നില്ല. ലഹള നടന്ന

പ്പോഴും അതിന്നു ശേഷവും എന്നെ പട്ടാളം വന്നു പിടിക്കു ന്നതു വരേയും ആ പ്രദേശത്തു ജനങ്ങളുടെ സാധാരണ ജീ വിതം അപകടത്തിലായിരുന്നില്ല.

ലഹള തുടങ്ങിയതിന്നു ശേഷം ഒരാഴ്ചക്കുള്ളിൽ എന്റെ സ്നേഹിതൻെറ വിവാഹം മംഗളമായി നടന്നു. എനിക്കെ ന്തെങ്കിലും സംഭവിച്ചേക്കുമെന്ന വിചാരത്തോടെ ഞാനൊ രു സ്തംഭനാവസ്ഥയിൽ അനങ്ങാതെ ഇരിക്കുന്ന ഒരു കാല മായിരുന്നു അതു്.

കച്ചേരിക്കുന്നത്തും ലഹളകൾ നടക്കുന്നു. സുമാർ രണ്ടു മൂവ്വായിരത്തോളം ആളുകൾ ലഹളക്കുണ്ടായിരുന്നു എന്നാ ണു് കേട്ടതു്. ജനങ്ങൾക്കന്നു് ഭയത്തെക്കാളധികം ആശ്ചര്യ മാണുണ്ടായിരുന്നതു്. ഗവമ്മേണ്ടുദ്യോഗസ്ഥന്മാക്കു് മാത്രം അല്പം ആശങ്കയുണ്ടായിരുന്നു. ലഹളക്കാർ പോലീസ് സ്റ്റേ ഷൻ കയ്യേറി. അവിടെ ഒരു ഉറുമ്പു പോലും അവരെ തട സ്സപ്പെടുത്തിയില്ല. നടക്കാവു വൃക്ഷങ്ങൾ മുറിച്ചു തള്ളുന്നു. പാലം പൊളിക്കുന്നു. കാക്കത്തോട്ട പാലം തിട്ടക്കത്തോടെ പൊളിച്ചു തള്ളുന്നു. ടിപ്പു സുൽത്താൻെറ കാലത്തു് കെട്ടി യ പാലമാണതു്. തോടിന്നു് ഒരു കൊച്ചു പുഴയുടെ വീതി യുണ്ടു്. ഈ വക അക്രമങ്ങൾ ആരും തസ്സപ്പെടുത്തുന്നില്ല. ലഹളക്കാക്കു് ഉത്സാഹം, കാണുന്നവക്കു് ആശ്ചര്യം! ഈ വക സാഹസങ്ങൾ കാണ്മാനായി ജനങ്ങൾ ധാരാളം വന്നും പോയും ഇരിക്കുന്നു. അവിടെ പോയി കണ്ടു മടങ്ങുന്ന വർ സരസ്വതീ വിലാസം പോലെ അവിടെ നടക്കുന്നതി ന്നെ കണക്കിലേറെ അതിശയോക്തി കൂട്ടിപ്പറയുന്നു.

എൻെറ ഇല്ലത്തു നിന്നു് നാലോ, അഞ്ചോ ഫർല്ലോ ങ്ങു മാത്രമേ ലഹള നടക്കുന്ന സ്ഥലത്തേക്കു് അകലമുള്ളു.

"റജിസ്ട്രാഫീസ് കെട്ടിടം കൂടി ചുട്ടുകഴിഞ്ഞു. അകലെ നിന്നു നോക്കിയാൽ തീ കത്തുന്നതു കാണാം." എന്നു് ഒരാൾ അവിടെ വന്നു പറഞ്ഞു. അതു വെറും "പൊള്ള" പൊട്ടിച്ചതായിരുന്നു. എനിക്കു ലഹള വർത്തമാനം കേൾക്കുന്നതു് മനസ്സിന്നസുഖമായിരുന്നു. കാരണം അതു നടക്കുന്നതിൽ മനോ വേദനയുണ്ടു്. നിർത്തുവാൻ കഴിവുമില്ല. "ഇതാ വടക്കേ പറമ്പിൽനിന്നു് നോക്കിയാൽ കാണാം" എന്നയാൾ എന്നോടു പറഞ്ഞു. 'എനിക്കതൊന്നും കാണണ്ട' എന്നു ഞാൻ മറുപടിയും പറഞ്ഞു

ഞങ്ങൾ ജാതകപരിശോധനയും തുടങ്ങി. എന്റെ സ്നേഹിതൻ അനന്തരാമ ശാസ്ത്രിയായിരുന്നു ജ്യോത്സ്യൻ. ജാതകം ചേർന്നാലും ആചാരത്തിന്റെ തടസ്സം ബാക്കിയുണ്ടു്. ഇത്ര വലിയൊരാപത്തു് നേരിടുമെന്നു് അപ്പോൾ കരുതിയിരുന്നില്ല. ഈ ജാതകപരിശോധന സമയത്താണു് റോഡിൽ ലഹള നടക്കുന്നതു്. അതേ സമയത്താണു് മേൽപ്പറഞ്ഞ വിധം ഒരാൾ വന്നു പറഞ്ഞതു്.

## പനങ്ങാട്ടേയ്ക്കു ചെല്ലുവാൻ ആൾ വന്നു:

ഞങ്ങൾ ഇങ്ങനെ ജാതകം പരിശോധിച്ചുകൊണ്ടിരുന്ന സമയത്താണു് പനങ്ങാട്ടു നാരായണമേനോൻ അയച്ച ഒരാൾ അവിടെ വന്നതു്. നാരായണമേനോൻ അവിടത്തെ ഒരു നാട്ടു പ്രമാണിയും ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമാണു്. എന്നോടു് അദ്ദേഹത്തിന്റെ വീട്ടിലേക്കു ചെല്ലുവാൻ ആവശ്യപ്പെട്ട വിവരം അയാൾ പറഞ്ഞു: "ഇവിടെ സ്വല്പം തിരക്കുള്ളതുകൊണ്ടു് എനിക്കിപ്പോൾ അങ്ങോട്ടു വരുവാൻ അസൗകര്യമുണ്ടു്. ഇങ്ങോട്ടു വരുവാൻ പറയുക." എന്നു പറഞ്ഞു ആളെ ഞാൻ മടക്കി അയച്ചു് വീണ്ടും ജാതക പ

രിശോധന തുടങ്ങി. പുറമെ നടക്കുന്ന അനിഷ്ട സംഭവങ്ങളു ടെ പ്രതികൂലാവസ്ഥ അവിടെ ബാധിക്കാതിരുന്നില്ല. ജാത കം ചേരുമെന്നു കണ്ടു.

അപ്പോഴേക്കും മുൻപറഞ്ഞ ആൾ വീണ്ടും വന്നു. "നാ രായണമേനോനും പുറത്തിറങ്ങുവാൻ ഭയമാണ്; ഇവിടന്നു കോൺഗ്രസ്സുകാരനാണല്ലോ. അതുകൊണ്ട് അങ്ങോട്ടൊന്നി റങ്ങിയാൽ കൊള്ളാം" എന്നയാൾ പറഞ്ഞു. നാരായണ മേനവന്നു ഭയമാണെന്നു പറഞ്ഞതു് എനിക്കു ബോദ്ധ്യമാ യില്ല. അങ്ങോട്ടു ചെല്ലാൻ പറഞ്ഞ സ്ഥിതിക്ക് ലോഗ്യാ വസ്ഥയിൽ ഒന്നു ചെല്ലാമെന്നു ഞാൻ കരുതി. വെയിലാ റിക്കഴിഞ്ഞാൽ അങ്ങോട്ടു ചെല്ലാമെന്നു് പറഞ്ഞയച്ചു.

## പനങ്ങാട്ടേക്കു്:

വൈകുന്നേരം നാലു മണിക്കു് ഞാൻ നാരായണമേ നോന്റെ വീട്ടിലേക്കു പുറപ്പെട്ടു. മാടമ്പി നീലകണ്ഠനും, എ ടവന ആര്യനും, മററു ചിലരും എന്റെ കൂടെ ഉണ്ടായിരുന്നു. ലഹളയെപ്പററി വിചാരിച്ചു് എന്റെ മനസ്സിൽ അല്പം ഒര സ്വാസ്ഥതയുണ്ടായിരുന്നുവെങ്കിലും വലിയ സമാധാനക്കേ ടൊന്നും ഉണ്ടായിരുന്നില്ല. ലഹളയൊതുക്കുവാൻ കഴിയു ന്നതും ശ്രമിച്ചു എന്നൊരു കൃതാൎത്ഥത എന്റെ മനസ്സിലുണ്ടാ യിരുന്നു. വഴിക്കു് പോസ്റ്റാഫീസിന്റെ മുൻവശത്തെത്തിയ പ്പോൾ പോസ്റ്റൽ ഇൻസ്പെക്ടർ മഞ്ചുനാഥപ്രഭു അവിടെ നി ല്ക്കുന്നുണ്ടായിരുന്നു. "ലഹള ഇങ്ങോട്ടു വരുമോ"? എന്നദ്ദേ ഹം എന്നോടു ചോദിച്ചു. "എനിക്കറിഞ്ഞുകൂടാ" എനിക്കു് ലഹളയെപ്പററി ഒന്നും മനസ്സിലാകുന്നില്ല. അതിന്റെ വഴി ക്ക് അതു വരും. അതിന്റെ വഴിക്ക് അതു പോകുന്നു." എന്നു മാത്രമേ അറിയാവൂ. എന്നു ഞാൻ മറുപടിയും നൽകി. ഞ ങ്ങൾ കുറച്ചു മിനുട്ടുകൾ അവിടെ 'നേരംപോക്കു' പറഞ്ഞു

നിന്നു. എനിക്കപ്പോൾ എൻെറമേൽ ഇതിൻെറയെല്ലാം കുററം ചുമത്തുമെന്നു് ഒരു ഭയാശങ്കയുണ്ടായിരുന്നില്ല.

അതിനുശേഷം നാരായണമേനോൻെറ വീട്ടിൽ ഞങ്ങളെല്ലാം കയറിച്ചെന്നു. അവിടെ സബ്റജിസ്റ്റ്രാർ വലിയൊരു കസാലയിൽ കിടക്കുന്നുണ്ട്. ആ ദിക്കിലെ വലിയ ഒരു ഉദ്യോഗസ്ഥനാണദ്ദേഹം. നാരായണമേനോൻെറ പാർട്ടിക്കാരനും ആണു് അയാൾ, അന്നവിടെ ഇടപ്രഭുത്വത്തിന്നുള്ള കക്ഷിവഴക്കു് മൂർത്തകാലമാണു്. അന്നു ഞാനും കേശവൻ നായരും നാരായണമേനോൻെറ കക്ഷിക്കാരായിരുന്നു. കോൺഗ്രസ്സുകാരെല്ലാം നാരായണമേനോൻെറ കക്ഷിക്കാരായിരുന്നു. നാരായണമേനോൻ പുറമെക്കു് കോൺഗ്രസ്സുകാരോട്ടു് അനുഭാവം നടിച്ചിരുന്നു. പോലീസ്വാഴ്ച തുടങ്ങിയപ്പോഴാണു് ചെമ്പു പുറത്തായതു്.

പതിനെട്ട്

# ചെർപ്പുളശ്ശേരിയിലെ ദേശവഴക്ക്

ഈ വഴക്കിന്റെ ഗൌരവം മനസ്സിലാക്കേണ്ടതിലേയ്ക്കു് ഇവിടെ രണ്ടുവാക്ക് വിഷയംവിട്ടു സംസാരിക്കേണ്ടതുണ്ടു്. ഈ വഴക്കിനു് ഈ ചരിത്രവുമായി വളരെ അധികം ബന്ധമുണ്ടു്.

ചെർപ്പുളശ്ശേരിക്ഷേത്രം ഒരു വമ്പിച്ച മുതലെടുപ്പുള്ള ദേശക്ഷേത്രമാണു്. അതിന്റെ പിന്നിൽ രാഷ്ട്രീയമായ ഒരു നീണ്ട ചരിത്രമുണ്ടു്. അതിന്റെ ഊരാളന്മാർ പണ്ടു് ആ നാടുഭരിച്ചിരുന്ന നാടുവാഴികളാണു്. ഇന്നവരുടെ ശക്തി ക്ഷയിച്ചിരിക്കുന്നു. ഇന്നു് അതിലെ മേൽക്കോയ്മക്കാണു് നാടുവാഴിയുടെ പ്രഭുത്വം ഉള്ളതു്. ആ മേൽക്കോയ്മക്കുള്ള വഴക്കായിരുന്നു അന്നു് അവിടെ നടന്നിരുന്നതു്. തിയ്യാണി വാസുദേവൻ നമ്പ്യാരും നാരായണമേനോനും തമ്മിലായിരുന്നു ആ വഴക്കുനടന്നതു്. ശ്രീ. നമ്പ്യാരുടെ കയ്യിലായിരുന്നു മേൽകോയ്മസ്ഥാനം അപ്പോൾ ഉണ്ടായിരുന്നതു്. അതു പിടിച്ചെടുക്കുവാനായിരുന്നു ശ്രീ. നാരായണമേനോന്റെ സമരം

അക്കാലത്തും അതിന്നുമുമ്പും ക്ഷേത്രങ്ങളുടെ ഊരായ്മസ്ഥാനമാണു് യഥാർത്ഥ ദേശാധിപത്യം. അവയുടെ മേലധികാരത്തിന്നുള്ള മത്സരവും പോരാട്ടവും നാളിതുവരെ കേരളത്തിൽ പലയിടത്തും നടന്നിട്ടുണ്ടു്. അതിന്റെ പിന്നിൽ ഒരു നീണ്ടചരിത്രമുണ്ടു്.

കേരളത്തിലെ ക്ഷേത്രങ്ങൾ, ആരാധനസ്ഥലങ്ങൾ മാത്രമായിരുന്നില്ല. അധികാരസ്ഥാനങ്ങൾ കൂടിയായിരുന്നു. പരശുരാമക്ഷേത്രം സ്ഥാപിച്ചതുതന്നെ ക്ഷേത്രങ്ങളെ മുൻനിർത്തിക്കൊണ്ടാണ്. ഇവിടുത്തെ ഭരണകൂടം ക്ഷേത്രാധിഷ്ഠിതമായിരുന്നു. ആദ്യകാലത്ത് ക്ഷേത്രങ്ങളുടെ ആഭിമുഖ്യത്തിലായിരുന്നു കേരളത്തിന്റെ ഭരണചക്രം തിരിഞ്ഞുകൊണ്ടിരുന്നത്. ഈ രാജ്യത്തെ ഭൂസ്വത്തുക്കൾ ഏതാണ്ട് മുഴുവനും ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലായിരുന്നു. അല്പസ്വല്പം ഭൂസ്വത്തുക്കൾ മാത്രം നമ്പൂതിരിമാക്കും തിരിച്ചുവെച്ചിരുന്നു. സക്കാർ ഖജാന ദേവസ്വം ഭണ്ഡാരങ്ങളായിരുന്നു. സ്വർണ്ണമായിരുന്നു അന്നത്തെ ഖജാനനിക്ഷേപം. അടുത്തകാലത്ത് മാർത്താണ്ഡവർമ്മ സ്ഥാപിച്ച വഞ്ചിരാജ്യംകൂടി പത്മനാഭസ്വാമിക്ഷേത്രത്തിലേക്ക് വഴിപാട്ട് സമർപ്പിക്കുകയാണ് ചെയ്തതു്. ക്ഷേത്രങ്ങളുടെ ഊരായ്മസ്ഥാനം കേരളചരിത്രത്തിൽ വലിയ സ്ഥാനം പിടിച്ച ഒന്നാണ്.

കേരളത്തിലെ ആദ്യത്തെ കേന്ദ്രീകൃതവും പരിഷ്കൃതവുമായ ഭരണകൂടം തളിയാതിരി ഭരണമാണ്. അതിന്റെ തുടർച്ചയായ ചംക്രമണമാണ് ഇന്നത്തെ ഭരണക്രമം. തളിയാതിരി ഭരണത്തിന്റെ ഭരണസമിതി അമ്പലങ്ങളിൽ വെച്ചാണ് യോഗം ചേർന്നിരുന്നത്. ദേശക്ഷേത്രങ്ങളിലൊക്കെ അമ്പലത്തിന്റെ മതിൽ കെട്ടിനുള്ളിൽ അഗ്രശാല എന്ന പേരിൽ ഒരു കെട്ടിടമുണ്ടായിരിക്കും. അതു കൌൺസിൽ ഹാളുകൾ ആയിരുന്നു. അഗ്രാസനം എന്നാൽ അധികാരപീഠം എന്നർത്ഥമുള്ളതുപോലെ അഗ്രശാല എന്നതിനും കൌൺസിൽഹാൾ എന്നാണർത്ഥം. ഭരണസാരഥ്യം അമ്പലങ്ങളിൽ നിന്നും കൈവിട്ടുപോയപ്പോൾ ആ സ്ഥലം ഭോജനശാലയായി തരം താഴ്ത്തപ്പെട്ടു. ഇന്നതിന് ഊട്ടുപുര എന്നുകൂടി പേർ വന്നിരിക്കുന്നു.

തളിയാതിരിഭരണത്തിനുശേഷം പെരുമാൾ ഭരണമാണു് ഇവിടെ നടന്നതു്. അന്നും ആസ്ഥാനം ക്ഷേത്രങ്ങൾ തന്നെയായിരുന്നു. പെരുമാളവരോധകൃത്യം ക്ഷേത്രങ്ങളിൽ വെച്ചാണു് നടത്തിയിരുന്നതു്. അവരുടെ ഉപദേശസമിതി അമ്പലങ്ങളിലെ അഗ്രശാലകളിലാണു് യോഗം ചേൎന്നിരുന്നതു്.

പിന്നീടുണ്ടായതും ഛിന്നഭിന്നമായ സമാന്തര ഭരണമാണു്. അന്നും അമ്പലങ്ങൾ തന്നെ അധികാരത്തിൻെറ അടിത്തറ. രാജാക്കന്മാരുടെ കിരീടധാരണവും നാടുവാഴികളുടെ സ്ഥാനാരോഹണവും അമ്പലങ്ങളിൽ വെച്ചുതന്നെ നടത്തപ്പെട്ടിരുന്നു. നാടുവാഴികളെന്നു് പറയപ്പെടുന്നവരുടെ സ്ഥാനാരോഹണം അരിയിട്ടുവാഴ്ച അമ്പലങ്ങളിൽവെച്ചു് അടുത്തകാലംവരെ നടത്തപ്പെട്ടിരുന്നു. അങ്ങിനെയുള്ള ഒരു ചടങ്ങിൽ ഞാൻതന്നെ പങ്കുകൊണ്ടിട്ടുണ്ടു്.

രാജാക്കന്മാരും ക്ഷേത്രം ഉടമകളും തമ്മിൽ പലപ്പോഴും സംഘട്ടനങ്ങളും കൂട്ടക്കൊലകളും നടത്തിയിട്ടുണ്ടു്. അതിൽ അവസാനത്തേതാണു് മാൎത്താണ്ഡവൎമ്മ നടത്തിയ കൂട്ടക്കൊലകൾ. എട്ടുവീട്ടിൽ പിള്ളമാരെയും അദ്ദേഹം വംശവിച്ഛേദം ചെയ്തു.

ഇത്രയും പഴക്കമുള്ള ഒരു ദുഷിച്ച പാരമ്പര്യത്തിൻെറ അവശിഷ്ടമാണു് ചെപ്പുളശ്ശേരിയിൽ അന്നു നടന്നിരുന്നതു്. ഈ ലഹളയിൽ നമ്പ്യാരുടെ കഥ കഴിക്കണമെന്നു കൂടി ചിലൎക്കു് ആഗ്രഹമുണ്ടായിരുന്നു. എങ്കിലും അതു കൂടാതെ കഴിപ്പാൻ സാധിച്ചു ഈ വക ദുരാഗ്രഹങ്ങൾ യഥാൎത്ഥ ലഹളക്കാൎക്കല്ല ഉണ്ടായിരുന്നതു്. അവരെ പററിക്കുവാൻ പിന്നാലെ കൂടിയിരുന്നവൎക്കാണു്.

ഈ ദുരന്തനാടകത്തിൻെറ (ചെപ്പുളശ്ശേരി വഴക്കിന്റെ) അവസാനം, ശ്രീ. നമ്പ്യാർ ലഹളക്കു ശേഷം ഗതിമുട്ടി റെയിലിൽ ചാടി ആത്മഹത്യ ചെയ്തു. അദ്ദേഹത്തെ അവിടെ എത്തിച്ച നാരായണമേനോൻ നമ്പ്യാരുടെ വീട്ടുകൂടി കടത്തിന്നു് വില്പിച്ചെടുത്തു. എന്നാൽ നാരായണമേനോന്നു് അധികകാലം സമാധാനമായി ഇരിക്കുവാൻ സാധിച്ചില്ല. നാരായണമേനോൻ മഹാരോഗം പിടിച്ചു മരണമടഞ്ഞു.

മുമ്പു വിവരിച്ച പോലെ ഞാൻ ശ്രീനാരായണമേനോൻെറ വീട്ടിൽ കയറിച്ചെന്നു. "എന്താ! നിങ്ങളുടെ ഓഫീസെല്ലാം ചുട്ടുകരിച്ചു എന്നാണല്ലൊ കേട്ടതു്. അതു ശരിയാണോ?" എന്നു ഞാൻ അവിടെ ഉണ്ടായിരുന്ന സബ്ബ് റജിസ്ത്രാളോടു ചോദിച്ചു. "ഇല്ല ഇതുവരെ ചുട്ടുകളഞ്ഞിട്ടില്ല. ഞാൻ ആഫീസിൻെറ താക്കോൽ ശിപായിയുടെ കയ്യിൽ കൊടുത്തു് അയാളെ അവിടെ നിർത്തിയിട്ടാണു് കാലത്തു 10 മണിക്കു് മടങ്ങിപ്പോന്നതു്. ചുട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽ അയാൾ ഇവിടെ വന്നു് വിവരം പറയേണ്ടതാണു്." എന്നു് അതിന്നു് സബ്ബ് റജിസ്ത്രാർ മറുപടിയും പറഞ്ഞു. ഞങ്ങൾ ഒരു മണിക്കൂറിലേറെ പലതും സംസാരിച്ചുകൊണ്ടു് അവിടെ ഇരുന്നു. സ്കൂളിലേക്കു് ലഹളക്കാർ വന്നാൽ താൻ സ്ഥലം ഒഴിഞ്ഞുകൊടുക്കുവാനാണൊരുക്കം, അവർ അവിടെ വന്നാൽ അവിടെയുള്ള തോക്കു് അവക്കു് സമ്മാനിപ്പാൻ തുടച്ചു മിനുക്കി വെച്ചിരിക്കുന്നു എന്നെല്ലാം തമാശകൾ നാരായണമേനോനും പറഞ്ഞു. ഈ ലഹള കൂട്ടിയതിന്നെല്ലാം ഗവമ്മേണ്ടു് പകരം വീട്ടാതെ വിട്ടുമോ എന്നു് ഞങ്ങൾ സംശയം പ്രകടിപ്പിക്കുകയുണ്ടായി. എങ്കിലും പിന്നീട്ടു് നടന്ന നരബലി ഞങ്ങൾ അന്നു് സ്വപ്നം കണ്ടിട്ടുപോലും ഇല്ല.

ഞങ്ങൾ അങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുന്ന സമയത്തു് സുമാർ 5½ മണിക്കു് ലഹള നടക്കുന്നതിൻെറ വർത്തമാനം അറിയുവാൻ നാരായണമേനോൻ അയച്ച ആൾ മട

ങ്ങിവന്നു. ലഹളക്കാരെല്ലാം പോയിക്കഴിഞ്ഞു എന്ന വിവരം പറഞ്ഞു.

## ലഹള നടന്ന സ്ഥലത്തേക്കു്:

നാരായണമേനോനും, ഞാനും എൻെറ കൂടെയുള്ളവരും ഒരുമിച്ചു് അവിടെ അടുത്തുള്ള കുട്ടപാതയിലേക്കിറങ്ങി. പോകുംവഴിക്കു പോസ്റ്റാഫീസിന്നു് മുൻവശത്തു് നിന്നിരുന്ന ഇൻസ്പെക്ടർ മഞ്ചുനാഥപ്രഭു ഞങ്ങളോടു ചേൎന്നു. അപ്പോഴേക്കും ജനക്കൂട്ടമെല്ലാം പിരിഞ്ഞുപോയിരിക്കുന്നു. ഒററപ്പാലത്തേക്കു് തിരിയുന്ന കുട്ടപാതക്കൽനിന്നു് സുമാർ 1 ഫർല്ലോങ്ങു് തെക്കോട്ടു നടന്നു. അവിടെ ഒരു ഓവുപാലം പൊളിച്ചിട്ടിരുന്നു. അതു കണ്ടപ്പോൾ ഞങ്ങൾക്കു ഒരു ഞെട്ടൽ തോന്നി. ഇനി എന്തൊക്കെയാണു് വരാൻ പോകുന്നതു് ആവോ? എന്നുപറഞ്ഞു ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

ഈ നാരായണമേനോനും സബ്ബ് റജിസ്ട്രാറും എനിക്കെതിരായി പോലീസുഭാഗം സാക്ഷി പറഞ്ഞു. അതും അതിൻെറ കാരണവും പിന്നീടു വിവരിക്കാം. ഈ ഘട്ടത്തിൽ അവൎക്കങ്ങിനെ ഒരു ഉദ്ദേശമുണ്ടായിരുന്നില്ല ഇവരുടെ കരണം മറിച്ചിൽ ഈ കലാപത്തിലെ സംഭവവിശേഷങ്ങൾക്കു് ഒരു മകുടോദാഹരണമാണു്.

ലഹള കൂടാതെ കഴിപ്പാൻ ഞാൻ ആവുന്നതും സമാധാനശ്രമം ചെയ്യുവെന്നു് അവർ എതുവിസ്താരത്തിൽ സമ്മതിച്ചു. അതു് ഹൈക്കോടതി വിധിന്യായത്തിൽ പ്രത്യേകം എടുത്തു കാണിച്ചിട്ടുണ്ടു്. നാരായണമേനോൻെറ തെളിവുകൾ കേട്ടുകേൾവിയായി. ഹൈക്കോടതി തള്ളി. സബ്ബ് റജിസ്ട്രാർക്കു് ജസ്റ്റിസ് രാമേശം ചുട്ട ശുലികാപ്രഹരം നല്കുകയും ചെയ്തു.

പത്തൊൻപത്

# എന്നെ കുടുക്കുവാനുള്ള ഗൂഢാലോചന

ആ രാത്രി കുറച്ചുകഴിഞ്ഞപ്പോൾ എന്റെ മനസ്സിൽ അകാരണമായി ഒരസുഖം തട്ടിത്തുടങ്ങി. വരാൻ പോകുന്ന ആപത്തിന്റെ ദുശ്ശകുനമായിരുന്നു അതു്. അതേസമയത്തു എന്നെ കുടുക്കുവാനുള്ള ഒരു ഗൂഢാലോചന നടന്നിരുന്നു. അതു ഞാനറിഞ്ഞിരുന്നില്ല. അതിന്റെ അഗോചരമായ ഒരു പ്രതികരണമായിരുന്നു എന്റെ മനസ്സിൽ തട്ടിയതു്. അവിടെ നടന്നിരുന്ന ആലോചനകൾ എന്നെ വധശിക്ഷയ്ക്കു് വിധേയനാക്കുവാനുള്ള വഴികളായിരുന്നു. പോസ്റ്റൽ ഇൻസ്പെക്ടർ മഞ്ജുനാഥപ്രഭുവാണ് പിറ്റേ ദിവസം ഗൂഢാലോചന നടന്ന വിവരം എന്നെ അറിയിച്ചതു്. എന്നെ "വെടിവെക്കണം, തൂക്കികൊല്ലണം" എന്നൊക്കെയായിരുന്നു അതിൽ നടന്ന അട്ടഹാസങ്ങൾ. സബ്ബ് ഇൻസ്പെക്ടർ മൊയ്തീനാണ് അതിന്റെ ആസൂത്രകൻ. ('മരിച്ചു' പോയ അയാൾ ലഹള നടന്നുകഴിഞ്ഞപ്പോഴേക്കും അവിടെ എത്തി)

ഇതെല്ലാം കേട്ടപ്പോൾ മഞ്ജുനാഥപ്രഭുവിന്നു് എന്നിൽ അനുകമ്പ തോന്നി. ഗൂഢാലോചനസ്ഥലത്തു് അദ്ദേഹത്തിന്നു പ്രവേശനമുണ്ടായിരുന്നു. അദ്ദേഹം പിന്നീട്ട് എനിക്ക് നല്ല സഹായം ചെയ്തുതന്നു. അതു എന്റെ പേരിലുള്ള കേസ്സുവിസ്താരത്തിന്റെ സമയത്തു് വിവരിക്കാം.

## അഫ്ഘാനിസ്ഥാനിൽ നിന്നു് പട്ടാളം വരുമോ?

---

പിറ്റേദിവസം കാലത്തു് ഞാൻ എഴുന്നേൽക്കുന്നതി

ന്നുമുമ്പായി ജ; വാക്കയിൽ കുട്ടിയാലൻ എൻെറ പത്തായ പ്പുരയുടെ താഴത്തുവന്നു. ഞാൻ എഴുന്നേററു് താഴത്തുചെന്നു. എന്നെ സ്വകാര്യത്തിൽ വിളിച്ചു് "അഫ്ഘാനിസ്ഥാനിൽ നിന്നു് പട്ടാളം വരുമോ? ഇവിടുത്തെ പട്ടാളം ഇപ്പോൾ എത്തുമെന്നു് കേൾക്കുന്നു. ഇനി എന്താണു് രക്ഷ" എന്നെന്നോട ചോദിച്ചു. അയാൾ നല്ല ഒരു ആധാരമെഴുത്തുകാരനാണു്. എല്ലാവക്കും വിശ്വാസമുള്ള ഒരു ജനസമ്മതനാണു്. എനിക്കു പ്രിയപ്പെട്ടവനുമാണു്.

ആചാരവിഷയത്തിൽ ഞങ്ങൾ തമ്മിൽ വളരെ അകന്നവരാണു്. എൻെറ ഗൃഹത്തിൻെറ അകത്തേക്കു് അയാൾക്കു് അന്നു കടന്നുക്കൂടാ. എന്നാൽ അഭിപ്രായഗതിയിൽ ഞങ്ങൾ തമ്മിൽ വളരെ അടുത്തവരാണു്. ഞങ്ങൾ അന്യോന്യം ഹൃദയത്തിൽ കടന്നുക്കൂടിയവരാണു്. കാര്യസ്ഥവിഷയത്തിൽ എനിക്കയാളുടെ അഭിപ്രായമാണു് പൂണ്ണമായും സ്വീകാര്യം. ലഹളയുടെ കാര്യത്തിൽ എൻെറ അഭിപ്രായം മാത്രമേ വിശ്വാസമുള്ളൂ. അയാൾ ഖിലാഫത്തുകാരനല്ല. ഒരു രാഷ്ട്രീയമില്ലാത്തവനുമാണു്. അയാളോടു് ഞാനിങ്ങനെ മറുപടി പറഞ്ഞു: "അഫ്ഘാനിസ്ഥാനിൽനിന്നു് പട്ടാളം ഒന്നും വരില്ല." "അഫ്ഘാനിസ്ഥാനിൽനിന്നും പട്ടാളം വരുമെന്നാണല്ലോ കേൾക്കുന്നതു്" എന്നയാൾ വീണ്ടും പറഞ്ഞു. അങ്ങിനെയൊരു സംസാരം ലഹളക്കൊതിയന്മാർ പറഞ്ഞുപരത്തിയ സംഗതി ഞാനപ്പോഴാണു് അറിഞ്ഞതു്. "ലഹള കുട്ടരുതെന്നു് ഞാൻ പലതവണ പറഞ്ഞു. എൻെറ വാക്കു് ആരും എടുത്തില്ല. ഇനി വരുന്നതെല്ലാം അനുഭവിക്കുകതന്നെ" എന്നു ഞാൻ വീണ്ടും പറഞ്ഞു. മാപ്പിളമാർ കുണ്ടിൽച്ചാടി എന്നയാൾ വിഷാദിച്ചു. അയാളുടെ വാക്കിൽനിന്നു് ഹിന്ദുക്കളും അതിനു് കുററക്കാരാണെന്നു ധ്വനിച്ചിരുന്നു. അയാൾ മടങ്ങിപ്പോവുകയും ചെയ്തു.

## ലഹളസ്ഥലം പരിശോധന:

കാലത്തു് കാലും മുഖവും കഴുകി ഞാൻ പുറത്തൊന്നിറങ്ങിനോക്കി. അന്നെനിക്കു് കാലത്തു കാപ്പികുടി ഉണ്ടായിരുന്നില്ല. പുറത്തു കച്ചേരിക്കുന്നത്തു റോഡിൽ കയറി നോക്കിയപ്പോൾ തലേദിവസം ലഹളക്കാർ ചെയ്തതെല്ലാം കണ്ടു. പോലീസ്സ് സ്റ്റേഷനിലേക്കു് ഞാൻ കയറിനോക്കിയില്ല. കാക്കാത്തോട്ടുപാലം പകുതി പൊളിഞ്ഞു കിടക്കുന്നു. ആളുകൾക്കു നടക്കുവാൻ മാത്രം ബാക്കിയുണ്ടു്. ഞാനതെല്ലാം കണ്ടു് മടങ്ങിപ്പോന്നു. കുളിയും ഭക്ഷണവും കഴിഞ്ഞു് പത്തായപ്പുരയിലേക്കു് കയറി. അപ്പോഴേക്കും എന്റെ കാര്യസ്ഥൻ ചാത്തുനായർ അവിടെ വന്നു. ഇനി ഞാൻ പുറത്തിറങ്ങരുതെന്നും പട്ടാളം വരുന്നുണ്ടെന്നും എന്നെ കണ്ടാൽ വെടിവെക്കുമെന്നും പറഞ്ഞു. എനിക്കതു കേട്ടപ്പോൾ അതു് അയാളുടെ ഒരു ഭയപ്പാടു് മാത്രമായിട്ടാണു് തോന്നിയതു്.

## മരിച്ച ആൾ തിരിച്ചുവന്നു:

മൊയ്തീൻ സബ് ഇൻസ്പെക്ടർ ലഹള നടന്നു കഴിഞ്ഞപ്പോഴേക്കും ഇവിടെ മടങ്ങിയെത്തിയിരിക്കുന്നു. അയാളുടെ കുടുംബക്കാർ മുൻനിന്നു നടത്തിയ ലഹളയുടെ കുററം മുഴുവനും എന്റെ തലയ്ക്കു വെക്കുവാനാണു് ശ്രമം. "കോൺഗ്രസ്സ് ഖിലാഫത്തുമാണു് ലഹളക്കു കാരണം. അതിവിടെ കൊണ്ടുവന്നതു ഞാനാണു്. അതുകൊണ്ടു് ലഹളയുടെ കുററം എന്റെ തലക്കു വെച്ചുകെട്ടണം" എന്നയാൾ ഉറപ്പിച്ചു പറയുന്നുണ്ടു്. ഞാൻ പറഞ്ഞിട്ടാണു് ലഹള കൂട്ടിയതെന്നു് മാപ്പിളമാരെക്കൊണ്ടയാൾ പറയിപ്പിക്കുന്നുമുണ്ടു്. പോലീസ് കച്ചേരിയിൽനിന്നും എടുത്ത തോക്കുകൾ എന്റെ വളക്കുഴിയിൽ കൊണ്ടുവന്നിടുവാൻ കൂടി മാപ്പിളമാരോടു്

മൊയ്തീൻ സബ്ഇൻസ്പെക്ടർ ആവശ്യപ്പെട്ടിട്ടുണ്ടു്. അയാളുടെ ബന്ധുക്കൾ ചെയ്ത കുററം എൻെറ തലക്കുവെച്ചു് അവരെ ഒഴിവാക്കുവാനാണു് അയാളുടെ കൊണ്ടുപിടിച്ച ശ്രമം എന്നെല്ലാം എൻെറ കാര്യസ്ഥൻ പുറമെ കേട്ട വിവരങ്ങൾ എന്നോടു പറഞ്ഞു. ഇതെല്ലാം കേട്ടപ്പോൾ മനസ്സിൽ അല്പം വിഷാദം തട്ടിയെങ്കിലും അതൊന്നും അത്ര സാരമായി കരുതിയില്ല.

## ചെപ്പുളശ്ശേരിയിലെ ലഹളത്തലവന്മാർ:

ചെപ്പുളശ്ശേരിയിലെ ലഹളക്കു് മുൻനടന്നു പ്രവത്തിച്ചതു് മൊയ്തീൻ സബ്ബ്ഇൻസ്പെക്ടരുടെ കുടുംബക്കാരാണു്. പള്ളിയിൽ കൂട്ടവാങ്കു് കൊട്ടത്തു് അയാളുടെ വാപ്പ മമ്മതുഹാജിയാണു്, തൻെറ മകനെ ലഹളക്കാർ കൊന്നു കഴിഞ്ഞു, "തോണി മുങ്ങിയാൽ പുറം നല്ലം" എന്നു പറഞ്ഞു് ലഹളക്കു മുൻനിന്നതു്.

## കുററം കോൺഗ്രസ്സുകാർക്കു്:

കോൺഗ്രസ്സുകാരുടെ മേൽ കുററം ചുമത്തുവാൻ അന്നു് എളുപ്പമായിരുന്നു. ആരംഭത്തിൽ കോൺഗ്രസ് ലേബൽ ഒട്ടിച്ചാണു് ലഹള നടത്തിയതു്. ആഗസ്റ്റു് 20-ാംനു ലഹള നടന്നു. പിറേറ ദിവസം ശ്രീ. കെ. പി. കേശവമേനോൻ സഹപ്രവത്തകരോടൊരുമിച്ചു് കുണ്ടോട്ടി വഴിക്കു് ചെന്നപ്പോൾ വഴിക്കു് "മരം മുറിച്ചിട്ടന്നതെല്ലാം കോൺഗ്രസ്സിൻെറ കല്പനപ്രകാരമായിരുന്നുവെന്നും അതു ശരിയായി ചെയ്തിട്ടുണ്ടോയെന്നു് പരിശോധിപ്പാനാണു് ഞങ്ങൾ ചെന്നിട്ടുള്ളതെന്നും ആണു് അവരുടെ ധാരണ" എന്നു് അദ്ദേഹം പറഞ്ഞിട്ടുള്ളതു് സ്മരണീയമാണു്. ('കഴിഞ്ഞ കാലം')

## സ്നേഹിതന്മാർ യാത്രപറയുന്നു:

അന്നുച്ചതിരിഞ്ഞു് മാടമ്പി നീലകണ്ഠനും എടമന ആര്യനും യാത്ര പറഞ്ഞു മടങ്ങിപ്പോയി. എൻെറ മേലുള്ള കുററാരോപണങ്ങൾ കേട്ടു് മനസ്സിന്നല്പം സമാധാനക്കേടോടുകൂടിയാണു് അവർ പിരിഞ്ഞതു്. എങ്കിലും വിവാഹക്കാര്യത്തിൽ ഭാവി നടപടികൾ സംസാരിച്ചാണു് എടമന ആര്യൻ പിരിഞ്ഞതു്.

## ഗൂഢാലോചന അറിയിക്കുന്നു:

ചിങ്ങം 8–ാംനു- വൈകുന്നേരമായി. ഞാനാണു് ലഹളക്കെല്ലാം കാരണക്കാരനെന്നും എന്നെ തൂക്കിക്കൊല്ലുകയോ, വെടിവയ്ക്കുകയോ ചെയ്യും എന്നും എൻെറ ബന്ധുക്കൾ എന്നോടു പറഞ്ഞു തുടങ്ങി. ശോകമൂകമായ അന്തരീക്ഷം അവിടെ വ്യാപിച്ചു. എൻെറ തല പുകഞ്ഞു കനത്തു തുടങ്ങി. അപ്പോഴേക്കും ഇതാ മഞ്ചുനാഥപ്രഭു എൻെറ അടുക്കലേക്കു് ഒരു വർത്തമാനം പറഞ്ഞയയ്ക്കുന്നു. "നമ്പൂതിരി ഇങ്ങനെ കളിച്ചു ചിരിച്ചു് ഇരുന്നാൽ കഷ്ടത്തിലാവും. അദ്ദേഹത്തിൻെറ തലയ്ക്കാണു് ഇവിടെ നടന്ന കുററങ്ങളെല്ലാം കെട്ടിവലിച്ചിടാൻ പോകുന്നതെന്നു് ഞാൻ അറിഞ്ഞിരിക്കുന്നു. അദ്ദേഹം മനസ്സിരുത്തണം." ഈ വിധം പ്രഭു അവർകൾ പറഞ്ഞയച്ചതായി എൻെറ അനന്തരാമശാസ്ത്രി എന്നോടു വന്നു പറഞ്ഞു. "ഈശ്വരോ രക്ഷതു" എന്നു് ഞാനും കരുതി അപ്പോഴാണു് എനിക്കും തികച്ചും ഉള്ളിൽ കൊണ്ടതു്. എൻെറ തല നല്ലവണ്ണം കനത്തു.

## അഹോരാത്രം ഉറക്കം:

എന്തായാലും എന്നെ കുടുക്കുമെന്ന സംഗതി എനിക്കുറപ്പായി. പരിക്കേററ പാമ്പിനെപ്പോലെ ആ ഇരുളടഞ്ഞ

ദിവസങ്ങൾ പതുക്കെപ്പതുക്കെ ഇഴഞ്ഞു നീങ്ങുന്നു. എനിക്കു് അഹോരാത്രം ഉറക്കമായിരുന്നു അന്നൊരു ശരണം. ഉത്സാഹം ക്ഷയിച്ചാൽ ഉത്തരം കാണുന്നില്ലെങ്കിൽ എനിക്കു പിന്നീട്ട് ആലോചനയേയില്ല. മനസ്സിരുളടഞ്ഞാൽ ഇരുട്ടത്തു തപ്പുന്ന സമ്പ്രദായം എനിക്കില്ല. അപ്പോൾ മനസ്സു മങ്ങി ഞാൻ ഗാഢനിദ്രയിലാണ്ടുപോകും. ഈ സ്ഥിതി വിശേഷം ഇനിയുള്ള ഘട്ടങ്ങളിലും വ്യക്തമാവുന്നതാണു്, അതെന്റെ പ്രകൃതിയാണു്.

അക്കാലത്തു്, കാലത്തു് ഏഴുമണിക്കേ ഞാനുണരുകയുള്ളു കുളിയും ഊണും കഴിയുമ്പോഴേക്കും 11 മണിയാകും. അപ്പോൾ കിടന്നുറങ്ങിയാൽ വൈകുന്നേരം 4 മണിക്കേ ഉണരുകയുള്ളു. ഉണരുമ്പോഴേക്കു് കാപ്പി അരുകിൽ കൊണ്ടുവന്നു വച്ചു് കിട്ടൻപട്ടർ കാത്തിരിക്കുന്നുണ്ടായിരിക്കും. അതു കഴിഞ്ഞു് ഭഗവതി കാവിലേയ്ക്കു പോകും, മടങ്ങിവന്നു് 7 മണിക്കു് തേച്ചു കുളിക്കും. ഊണു കഴിഞ്ഞു 9 മണിക്കു മുമ്പേ കിടന്നുറങ്ങും.

## ടി. പ്രകാശം:

അക്കാലത്തു് ടി. പ്രകാശം അവിടെ വന്നു് ഒരന്വേഷണം നടത്തി – കച്ചേരിക്കുന്നത്തു കൂട്ടപാതക്കൽ നിന്നുകൊണ്ടാണു് അന്വേഷണം നടത്തിയിരുന്നതു്. ഒരാൾ വന്നു് എന്നോടു് അങ്ങോട്ടു ചെല്ലാൻ ആവശ്യപ്പെട്ടു. ഞാൻ സന്തോഷത്തോടെ അങ്ങോട്ടു ചെന്നു.

തത്സമയം രാഷ്ട്രീയ പ്രവർത്തകന്മാർ ഒന്നും അദ്ദേഹത്തെ സമീപിച്ചിരുന്നില്ല പോലീസ്സിന്റെ വിരോധം ഭയപ്പെട്ടാണവർ അവിടെ വരാതിരുന്നതു്. ഇനിമേലിൽ പോലീസ് രാജാണെന്ന ഒരു ബോധം പരക്കെ വന്നുകഴിഞ്ഞിരുന്നു.

പോലീസ് കക്ഷിക്കാരായിരുന്നു അദ്ദേഹത്തെ വളഞ്ഞു നിന്നിരുന്നത്. അവരോടദ്ദേഹം അവിടെ നടന്ന ലഹളകളുടെ വിവരം മാത്രം അന്വേഷണം നടത്തിയിരുന്നു. ഞാൻ ചെന്നപ്പോൾ അക്കൂട്ടത്തിൽ അതെന്നോടും ചോദിച്ചു. അതൊന്നും കാര്യമായ ചോദ്യങ്ങളായിരുന്നില്ല.

ലഹളക്കുമുമ്പും പിമ്പുമുള്ള അവിട്ടത്തെ സ്ഥിതിഗതികളെക്കുറിച്ചല്ല അദ്ദേഹം അന്വേഷണം നടത്തിയിരുന്നത്. അവിടെ എന്തൊക്കെയാണ് നാശം വരുത്തിയതെന്നു മാത്രമായിരുന്നു. ലഹളക്ക് എത്രപേർ ഉണ്ടായിരുന്നുവെന്നും അന്വേഷിച്ചു.

കോൺഗ്രസ്സിൻെറ ഭാരം ഒഴിക്കുവാനായിരുന്നു അദ്ദേഹത്തിൻെറ അന്വേഷണം. ലഹളയിൽ കുടുക്കുവാൻ ഉദ്ദേശിക്കപ്പെട്ട കോൺഗ്രസ്സുകാരെ രക്ഷിക്കുകയല്ലായിരുന്നു അതിൻെറ ഉദ്ദേശം. ഈ നിരുത്തരവാദിത്വം കോൺഗ്രസ്സിനെ ഒട്ടുവിൽ പ്രതികൂലമായി ബാധിച്ചു. അന്വേഷണത്തിന്റെ പോക്ക് ലഹളയുടെ ഭവിഷ്യത്തുകളെപ്പററിയല്ലെന്നു കണ്ടപ്പോൾ വൈദ്യൻ കയ്യൊഴിച്ച രോഗിയെപ്പോലെ നിസ്സഹായനായി ഞാൻ യാത്രചോദിച്ച് മടങ്ങിപ്പോന്നു. എൻെറ ഇരുളടഞ്ഞ ഭാവിയിലേക്ക് ആ സംഭവം ഒട്ടുംതന്നെ വെളിച്ചം തന്നില്ല.

ഭയങ്കരമായ ഭാവി തലക്കുമീതെ തൂങ്ങിനില്ക്കുമ്പോൾ അതിനെപ്പററി ഒന്നും ചിന്തിക്കാതെ ഞാൻ ദിവസങ്ങൾ തള്ളിനീക്കുമ്പോൾ എൻെറ ചുററുപാട്ടുമുള്ള ആളുകൾ അവർ കേട്ടവിവരങ്ങൾ ഉള്ളിൽ വെച്ചുകൊണ്ട്, എനിക്കുവരാൻ പോകുന്ന ആപത്തിനെക്കുറിച്ച് ഭയാശങ്ക പ്രകടിപ്പിച്ചിരുന്നു. ഞാൻ അതിനെ വകവെച്ചിരുന്നില്ല.

## ഒളിവിൽ പോകണം:

അന്നൊരു ദിവസം പനങ്ങാട്ട നാരായണമേനോൻ എൻെറ അട്ടക്കൽ വന്നു. എന്നോട്ട് ഒളിവിൽ പോകണ മെന്നു് ഉപദേശിച്ചു. എന്നെ കുടുക്കുവാൻ പലേ കള്ളപ്ര ചാരവേലകളും നടത്തുന്നുണ്ടെന്നും ഇവിടെയിരുന്നാൽ രക്ഷ കിട്ടുകയില്ലെന്നും എന്നെ ഉപദേശിച്ചു. ഇവിടുത്തെ സബ് ഇൻസ്പെക്ടർ വിചാരിച്ചാലും എന്നെ രക്ഷപ്പെടുത്താനാ വില്ല. അത്രമാത്രം എൻെറ പേരിൽ കുററം ദുരുദ്ദേശംവെ ച്ചു്, മനഃപൂർവ്വം പറഞ്ഞു പരത്തുന്നുണ്ടെന്നും പറഞ്ഞു സബ്ഇൻസ്പെക്ടരും, നാരായണമേനോനും അട്ടപ്പത്തിലാ ണു്. "ഞാൻ യാതൊരു കുററവും ചെയ്തിട്ടില്ലെന്ന് നിങ്ങൾ ക്കെല്ലാവക്കും അറിവുള്ളതാണു്. നിരപരാധിയായ എ ന്നെ കല്പിച്ചുകൂട്ടി കുടുക്കുകയാണെങ്കിൽ നിങ്ങളെക്കൊണ്ടാ വുന്ന സഹായം എനിക്കു ചെയ്തു തന്നാൽ മതി. പിന്നീട്ട് വരുന്നതെല്ലാം ഞാൻ അനുഭവിച്ചുകൊള്ളാം." എന്നു് ഞാൻ മറുപടിയും പറഞ്ഞു. അങ്ങനെ കുറച്ചു നേരവും കൂ ടി സംസാരിച്ചശേഷം ഞാൻ ഒളിവിൽ പോകാൻ സമ്മതി ക്കുന്നില്ലെന്നു കണ്ടപ്പോൾ "സത്യം കണ്ടുപിടിക്കപ്പെട്ടും" (Truth will be discovered) എന്നു പറഞ്ഞു് നാരായണമേ നോൻ കോണി ഇറങ്ങിപ്പോകുകയും ചെയ്തു.

## കേശവൻനായർ ഒളവിൽപ്പോയി:

ഈ ഘട്ടത്തിൽ ഒരു കാര്യം ഓക്കേണ്ടതുണ്ടു്. ഇവർ തന്നെ എൻെറ സ്നേഹിതൻ ടി. എ. കേശവൻ നായരോട്ട് ഒളിവിൽ പോകുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം ഒളിവിൽ പോയി. ആ വിവരവും എന്നോട്ട പറഞ്ഞു. പക്ഷെ അ തിൻെറ പരിണാമം വ്യസനകരമായിരുന്നു. എന്നെ അറ സ്റ്റും ചെയ്തതിനു ശേഷം ഇവർ പോലീസിൽ ഹാജരാകു

വാൻ ആവശ്യപ്പെട്ടുകയും അദ്ദേഹം അതനുസരിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മേൽ പോലിസ് നടത്തിയ മർദ്ദനം ഒരു പേടി സ്വപ്നം തന്നെയാണു്. ഹാജരാകുവാൻ പറഞ്ഞവർ ആ അവസരത്തിൽ ഒരു സഹായവും ചെയ്തില്ല. അദ്ദേഹം ജയിലിൽ വെച്ചു് മൃതപ്രായനായി പുറത്തേക്കു് വിട്ട ഉടനെ മരണമടഞ്ഞു.

അറസ്റ്റുംണ്ടാവും, കനത്ത ശിക്ഷ കിട്ടും എന്നൊരു തോന്നൽ ക്രമേണ എനിക്കു് മനസ്സിൽ തട്ടിത്തുടങ്ങി. എങ്കിലും മനസ്സിൽ ഭയം കയറാതിരിപ്പാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

പുറമെയുള്ള സംസാരങ്ങൾക്കൊന്നും ഞാൻ ചെവി കൊട്ടത്തിരുന്നില്ല. "ഞാൻ കുററമൊന്നും ചെയ്തിട്ടില്ല. എന്നെ ആരും ദ്രോഹിക്കുകയും ഇല്ല." എന്നുമാത്രം പറഞ്ഞു് ഞാൻ അവരുടെ നാവ് അടക്കിയിരുന്നു.

അമ്മയുടെ സങ്കടം:

അമ്മയെ ദാസിമാർ വല്ലാതെ പറഞ്ഞു ഭയപ്പെടുത്തിയിരുന്നു. എന്നെ പട്ടാളക്കാർ പിടിക്കുന്നതിന്നു തലേദിവസമോ തലത്തലേ ദിവസമോ ഞാൻ കെഴക്കിണിയിൽ രാത്രി ഉണ്ണാനിരിക്കുമ്പോൾ എൻെറ അമ്മ എൻെറ അട്ടക്കൽ വന്നു് സങ്കടത്തോടെ ഇങ്ങനെ പറഞ്ഞു: "പട്ടാളം വരും, വെടി വെയ്ക്കും എന്നെല്ലാം കേൾക്കുന്നുണ്ടല്ലോ". അമ്മനെ സമാധനിപ്പിക്കുന്നതിനു വേണ്ടി ഞാൻ ഒരു ധീരമാതാവിൻെറ ചരിത്രം പറഞ്ഞുകൊടുത്തു. അയർലണ്ടിൽ ഒരമ്മയ്ക്കു് മൂന്നു് ആൺമക്കൾ മാത്രമുണ്ടായിരുന്നു. അതിൽ രണ്ടുപേരേയും രാജ്യദ്രോഹത്തിന്നു് വെടിവെച്ചു കൊന്നു. അപ്പോൾ ആ ധീരമാതാവ് മൂന്നാമത്തെ മകനെ ചൂണ്ടിക്കാ

ണിച്ചു് "ഇവനേക്കൂടി വെടിവെച്ചു കൊല്ലുവിൻ" എന്നു് അധികാരസ്ഥന്മാരോട്ടു് ആവശ്യപ്പെട്ടു. അതിനു് അമ്മയു ടെ മറുപടി ആ അമ്മ തൻെറ സങ്കടം പറഞ്ഞതായിരിക്കു മെന്നായിരുന്നു. മേൽപ്പറഞ്ഞ ചരിത്രം ശ്രീ. കെ പി. കേശവമേനോൻ, ഒററപ്പാലത്തു വെച്ചു് കൂടിയ കേരള സം സ്ഥാന കോൺഗ്രസ്സു് കമ്മിററിയുടെ ഒന്നാം രാഷ്ട്രീയ സമ്മേ ളനത്തിൽ നിസ്സഹകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് പ്രസംഗിച്ചപ്പോൾ ഈ സമരത്തിൽ അമ്മമാരുടെ കത്ത വ്യം ഉപദേശിച്ചു കൊടുത്തതാണു്.

ആളുകൾ എന്നേയും എൻെറ കുടുംബക്കാരേയും പല തും പറഞ്ഞു ഭയപ്പെടുത്തുന്നു. എൻെറ ഇല്ല വളപ്പിൻെറ നാലു ഭാഗത്തും മിഷ്യൻ ഗണ്ണും നാട്ടി വെടിവെപ്പു നട ത്തുവാൻ പോകുന്നു എന്നു കൂടി പേടിപ്പിച്ചു തുടങ്ങി. ഞാനവിടെ ധൈര്യപ്പെട്ടിരിക്കുന്നതു് എൻെറ വിരോധി കൾക്കു് മനശ്ശല്യമായിരുന്നു. എൻെറ സഖാവു് കേശവൻ നായർ ഒളിവിൽപ്പോയി. ഞാൻ നിരപരാധിയാണെന്നു ള്ള ഉറപ്പു പുറത്തുകാണിക്കുന്നതും ഒളിവിൽ പോകാതെ സ്വ സ്ഥാനത്തിരിക്കുന്നതും അവരുടെ എതിർ പ്രചാരവേലക്കു് ഒരു ന്യൂനതയായിരുന്നു. ഇങ്ങിനെയുള്ള സമയത്തും ഇല്ല ത്തുള്ളവരുടെ മനഃസ്ഥിതി എന്തായിരിക്കുമെന്നു് വിചാരി ച്ചു നോക്കുക.

ഇല്ലത്തേക്കു് കാവൽക്കാരെ കിട്ടാതായി. ഇല്ലത്തു നി ന്നു് കക്കുവാൻ കൂടി ആളുകൾ ഭയപ്പെട്ടു് വരാതായി.

## ഇരുപതു്

# അറസ്റ്റ്

ചിങ്ങം 16-ാംനു പുലന്നു് സുമാർ 9 മണിയായിക്കഴിഞ്ഞു. ഞാൻ കുളികഴിഞ്ഞു് അട്ടക്കളയിൽ കടന്നു. അപ്പോൾ അമ്മ വടക്കോട്ടുനേദിക്കുകയായിരുന്നു. സ്ത്രീകൾ ശിവന്നു് നിവേദിക്കുന്നതു വടക്കോട്ട തിരിഞ്ഞിരുന്നിട്ടാണു്. വിധവകൾക്കു് ശിവപൂജ മുഖ്യമാണു്. തളിപ്പറമ്പത്തുള്ള പെരുംതൃക്കോവിലപ്പനാണു് നിവേദ്യം കഴിക്കുന്നതു്. അമ്മയുടെ അട്ടക്കൽ ഇരുന്നു് ഞാൻ ചന്ദനം കുറിയിട്ടു. അന്നു ഞാൻ അമ്മയുടെ തേവാരസ്ഥലത്തിന്നടുത്തു് ചെന്നതു് ജീവിതത്തിൽ അവസാനത്തേതായിരുന്നു. "പട്ടാളം വന്നു് നമ്മെ വല്ലതും കാട്ടുമോ"? എന്നു അമ്മ എന്നോടു് ചോദിച്ചു. "രക്ഷിക്കുവാൻ അല്ലേ അവർ വന്നിരിക്കുന്നതു്. ഞാൻ ഉച്ചതിരിഞ്ഞു് പട്ടാളക്കാരെ ഒന്നുപോയിക്കാണണമെന്നു് വിചാരിക്കുന്നു." എന്നു ഞാനമ്മയെ സമാധാനിപ്പിച്ചു. ഞാൻ മുണ്ടു് ഈറൻപിഴുതു. പത്തായപ്പുരയുടെ മുകളിലേക്കു പോയി. എന്നെപ്പററി ആക്ഷേപങ്ങൾ കേട്ടുകേട്ടു് കാര്യത്തിൻെറ വാസ്തവം അറിയുവാൻവേണ്ടി മാടമ്പി നീലകണ്ഠൻ നമ്പൂതിരി ഒരെഴുത്തോടുകൂടി ഒരാളെ അയച്ചിരുന്നു. മാടമ്പിയും ലഹളദിവസം ഇല്ലത്തുണ്ടായിരുന്നു. എഴുത്തിനു് മറുപടി രണ്ടു വാചകം വരാന്തയിലിരുന്നു് ഞാൻ എഴുതി. ഇല്ലത്തെ ചെറിയ ഉണ്ണിനീലകണ്ഠൻ പത്തായപ്പുരയുടെ മുകളിൽ ഓടിവന്നു് "പട്ടാളം വന്നു" എന്നു്, ഇഞ്ചനിൽനിന്നു് പുകപോകുംപോലെ ഒരു പ്രാണൻ പുറത്തേക്കു

വിട്ടു. ഞാൻ ഈററൻ പിഴതിരുന്നതു് ഒരു ശീലയായിരുന്നു. കൃഷ്ണേട്ടൻ ഒരു വലിയ ഇണ്ണമുണ്ടു് മുറിച്ചു് തൊടിയി ടയിൽ ഞാൻ മടക്കിച്ചുററിയ ശില മാററിത്തന്നു. ഒരു തോ ത്തുമുണ്ടും കയ്യിൽ തന്നു. പട്ടാളത്തിൻെറ "കവാത്തു്" പ ത്തായപ്പുരയുടെ മുററത്തെത്തി. "തിരുമനസ്സുകൊണ്ടു് പേടി ക്കാതെ താഴത്തേക്കിറങ്ങി എഴുന്നെള്ളുക' എന്നു് സബ്ബ് ഇൻസ്പെക്ടർ മൊയ്തീൻ എന്റെ ധൈര്യമവലംബത്തെ അപ ഹസിച്ചു. "എനിക്കു് ഇനി ഭയമൊന്നുമില്ല" എന്നു പറ ഞ്ഞു് കോണിയിറങ്ങിച്ചെന്നു. "ഞാൻ രാവിലെ ഒന്നും കഴിച്ചിട്ടില്ല. ഊണുകഴിഞ്ഞിട്ടുപോരെ" എന്നു ഞാൻ അ വരോടു് ചോദിച്ചു. "ഇപ്പോൾ ഊണു് കഴിക്കണ്ട" എന്നു മൊയ്തീൻ മുഖം ചുളിപ്പിച്ചു. ഉടനെ ടിയാൻ എന്നെ മുററത്തേ ക്കിറക്കി. എന്നെ പട്ടാളം ചുഴന്നു. ഒരു പട്ടാളക്കാരൻ രണ്ടു മാറു നീളമുള്ള ഒരു കയറെടുത്തു; മറെറാരുവൻ എന്റെ കൈ കൾ പിന്നോക്കം പിടിച്ചു് കയറു വാങ്ങി വരിഞ്ഞുകെട്ടി ക യറിന്റെ ഒരു തലകൊണ്ടാണു് കെട്ടിയതു്. മറേറതല എന്റെ കഴുത്തിലും ഇട്ടുമുറുക്കി. എൻെറ കഴുത്തു കുടുങ്ങി എൻെറ തൊണ്ട ഒന്നുഞെരുങ്ങി. അവർ തല്ക്കാലം എന്നെ ശ്വാസം മുട്ടിച്ചു് കൊല്ലേണ്ടെന്നുകരുതി കഴുത്തിലെ കുടുക്കു് അല്പമൊ ന്നഴിച്ചു. നാലുപുരയുടെ പടിഞ്ഞാറെ മുററത്തുകൂടെ വടക്കെ പടി കടത്തിയിട്ടാണു് എന്നെ കൊണ്ടുപോയതു്. കയ്യിൽ കെട്ടി കഴുത്തിൽക്കൂടെ ഇട്ട കയറിൻെറ തല ഒരു പട്ടാളക്കാ രൻ പിടിച്ചിരുന്നു. പടിഞ്ഞാററിയുടെ മുകളിൽനിന്നു് എ ന്റെ അമ്മമാരും മററു അന്തർജ്ജനങ്ങളും പെൺകിടാങ്ങളും കിളിവാതിലുകളിലൂടെ എന്നെ ഈ യമകിങ്കരന്മാർ കെട്ടിവ ലിച്ചു കൊണ്ടുപോകുന്നതു് നോക്കിക്കൊണ്ടിരുന്നു. അവർ എന്തോ ഒരവണ്ണനീയമായ സ്വരത്തിൽ "എ...എൻെറ..കു ...ട്ടി...ഒ...ഒ..ന്നുംചെയ്തിട്ടില്ല! അവനെ കൊണ്ടുപോകരുതേ!

ഇങ്ങോട്ടുതരണേ......ഏ്" എന്ന് മുറവിളികൂട്ടിത്തുടങ്ങി. "ഞാനൊന്നും ചെയ്തിട്ടില്ല. എന്നെ ആരും ഒന്നും കാട്ടുക യില്ല" എന്നു് ഞാനവരോടു് യാത്ര പറഞ്ഞു. "ഓ ഹോ" എന്നു് അപ്പോൾ മൊയ്തീൻ എന്നെ കൊഞ്ഞനം കാട്ടി.

മൊയ്തീന്നു് എന്താണു് എന്നോടിത്ര വൈരമെന്നു് വാ യനക്കാർ ശങ്കിച്ചേക്കാം. അയാൾ "ആരാൻെറ അപരാധം വാരിയൻെറ പുരപ്പുറത്തിട്ട"താണു്. അയാളുടെ കുടുംബ ക്കാരായിരുന്നു യഥാർത്ഥ ലഹളക്കാർ. അയാളെ മേലാററൂർ വെച്ചു് കൊന്നുവെന്നു് നാടാകെ ഒരു ശ്രുതി പരന്നു. "തോ ണി മുങ്ങിയാൽ പുറം നല്ലു"എന്നു കരുതി അയാളുടെ കുടും ബക്കാർ ലഹളയിൽ ചേർന്നു. അവരെ രക്ഷപ്പെടുത്തി കോൺഗ്രസ്സുകാരുടെ പ്രസിഡണ്ടായ എന്റെ തലയിൽ കുററം ചുമത്താനാണു് മൊയ്തീൻ ഏഷണികൂട്ടിയതു്.

എന്നെ ഇല്ലത്തെ പടികടത്തി ഞാൻ യാത്രാസമയ ത്തു്, സ്മരിക്കേണ്ടതായ വീരപുരുഷന്മാരെ സ്മരിച്ചു. എന്നെ പടിക്കലുള്ള പള്ളിയാലിലേക്കു് ഇറക്കി. അവിടെവെച്ചു് ഒരു പോലീസുകാരൻ എൻെറ ചുമലിൽ നിന്നു കിട്ടിയ തോ ർത്തുമുണ്ടു് എൻെറ തലയിൽ ഒരു കോമാളിക്കെട്ടു് കെട്ടി. "നമ്പൂരി, പള്ളിയിൽ മത്തിവെച്ചിട്ടുണ്ടു്. നല്ലവണ്ണം തി ന്നാം കെട്ടോ?" എന്നയാൾ എൻെറ തൊലികഴിച്ചു. പട്ടാ ളക്കാരും പോലീസുകാരും തോക്കും കുന്തവുമായി എന്നെ കച്ചേരിക്കുന്നത്തേക്കു് കൊണ്ടുപോയി. എന്തെല്ലാം ആഭാ സങ്ങളാണു് അവരെന്നെ പറഞ്ഞതെന്നു് ആവർത്തിക്കുവാൻ വയ്യ. അതികഠിനമായി എന്നെ ഭീഷണിപ്പെടുത്തിയിരുന്നു. എന്നെ വഴിക്കു വിശാലമായ പറമ്പിൽവെച്ചു് വെടി വെച്ചു് കാച്ചിക്കളയുമെന്നു് ഞാൻ ഊഹിച്ചുപോയി. കച്ചേരിക്കുന്നത്തുവെച്ചു് കുറെ ആളുകളെക്കൂടി പിടിച്ചു. ക

ച്ചേരിക്കുന്നിന്റെ മുകളിൽ പോലീസ്സ്റ്റേഷന്റെ മുമ്പിൽ ബംഗ്ലാവിലേക്ക് തിരിയുന്ന മൂന്നുംകൂടിയ നിരത്തിന്റെ വട ക്കുവശത്ത് ഞങ്ങളെയെല്ലാം നിരത്തിയിരുത്തി. "മിഷ്യൻ ഗൺ" നാട്ടി അതിന്റെ നട്ടുകൾ മുറുക്കി. "ഇതാ തലക്കു വെടിപൊട്ടി" എന്ന് ഞാൻ ഈശ്വരനിൽ മനസ്സുവെച്ചു. ആയുസ്സിന്റെ വലുപ്പം ആരുകണ്ടു! അവിടെവെച്ചും കലാ ശിച്ചില്ല.

സബ്ഇൻസ്പെക്ടർ മൊയ്തീൻ "എന്തിനാടാ നിങ്ങൾ ഈ ലഹളകൾ എല്ലാം നടത്തിയത്?" എന്ന് അവിടെ ഇരുത്തിയിരുന്ന മാപ്പിളമാരോടു ചോദിച്ചു ആരും ഒന്നും മിണ്ടിയില്ല. അങ്ങിനെ കുറച്ചു നിമിഷം കഴിഞ്ഞപ്പോൾ അതിൽ ഒരു മാപ്പിള "ഈ നമ്പൂരി പറഞ്ഞിട്ടാണ്" എന്ന് മുൻഉപദേശപ്രകാരം വളരെ വിഷമിച്ചു പറഞ്ഞു. "ലഹ ളക്കു കൂടാതിരുന്നാൽ കുടിയൊഴിപ്പിക്കുമെന്ന് നമ്പൂരി പറ ഞ്ഞപ്പോൾ നിങ്ങൾക്കു കുടിയൊഴിഞ്ഞുപോകാമായിരുന്നി ല്ലേ" എന്നു അതിനു മൊയ്തീൻ സമാധാനം പറഞ്ഞു. അ ങ്ങിനെ പറയണമെന്നാണ് അവക്ക് ഉപദേശം കൊടുത്തി രുന്നത്. മരണം കാത്തിരുന്ന അവർ അതെല്ലാം മറന്നിരു ന്നു. കുടിയൊഴിപ്പിക്കുമെന്നു ഭയപ്പെട്ടിട്ടാണ് അവർ ഈ ലഹളക്കു പോയതെന്നാണ് മൊയ്തീൻ പട്ടാളത്തലവനോട് തർജ്ജമ ചെയ്തു പറഞ്ഞുകൊടുത്തത് ഞാൻ ഒരു ലഹളത്ത ലവനാണെന്ന് പട്ടാളത്തലവനെ തെററിദ്ധരിപ്പിയ്ക്കാൻ മൊയ്തീൻ പാടുപെട്ടിരുന്നു.

ഈവക സമയത്തെല്ലാം മൊയ്തീൻ എന്നെ ഏഷണി കൂട്ടുകയായിരുന്നു.

പട്ടാളങ്ങൾ കുതിരപ്പുറത്തു കയറി തടവുകാരെയെല്ലാം പിന്നോക്കം കെട്ടി ഒരാളോട് മറെറാരാളെ കൂട്ടികെട്ടികോ

മ്പലയായികെട്ടി. പട്ടാളങ്ങൾ നാലുപുറവും വളഞ്ഞു് ഞങ്ങളെ വടക്കോട്ട നിരത്തിൽ കൂടി ആട്ടിക്കൊണ്ടുപോയി, കാറൽമണ്ണപൊട്ടത്തി പറമ്പിൽ കൊണ്ടുചെന്നിരുത്തി. അവിടെവെച്ച് പോലീസുകാർ കുറെപ്പേരെ പട്ടാളങ്ങൾക്കു് കാണിച്ചുകൊടുക്കുകയും അവരേയും പിടിച്ചു ബന്ധിക്കുകയും ചെയ്തു. അവരുടെ നരവേട്ട ഒരുവിധം അവസാനിച്ചു. പിന്നീട്ടു് അവർ സമാധാനത്തോടുംകൂടി വെള്ളം തീനും തുടങ്ങി പട്ടാളക്കാർ കണ്ടേടം കോഴികളെ കല്ലെറിഞ്ഞു കൊന്നുതുടങ്ങി. അവയുടെ തോലും തൂകിലും കളഞ്ഞു് പച്ച മാംസം കടിച്ചുതുക്കിനടക്കുന്നു. നേരം അപ്പോൾ നട്ടുച്ചയായി. ഞാൻ അതുവരെയാതൊന്നും കഴിച്ചില്ല. "ഇരുപതുനാഴിക", "കുതിര" "ഓടണം" എന്നൊക്കെ ചില മുറി ഇംഗ്ലീഷു വാക്കുകൾ കൊണ്ടു് പട്ടാളക്കാർ ഞങ്ങളെ ഭയപ്പെട്ടത്തിത്തുടങ്ങി. പട്ടിണികിടന്നു് ചത്തുപോകുമെന്നു് ഞാൻ ശങ്കിച്ചു. ചെപ്പുളശ്ശേരി അംശം മേനോൻ ശ്രീ. കൃഷ്ണപട്ടർ ആ കൂട്ടത്തിലുണ്ടായിരുന്നു. എനിക്കല്ലെം ഭക്ഷണം കഴിക്കുവാൻ കിട്ടുമോ എന്നു് ഞാൻ അദ്ദേഹത്തോട്ട ചോദിച്ചു. അദ്ദേഹം പട്ടാളക്കാരുടെ അനുവാദത്തോട്ടകൂടി കാറൽമണ്ണ അമ്പലത്തിൽ നിന്നും—അന്നൊരു നമസ്കാരമുണ്ടായിരുന്നു—ചോറുവരുത്തി. രണ്ടു ഉണ്ണിനമ്പൂരാരായിരുന്നു ചോറു കൊണ്ടുവന്നിരുന്നതു്. അവരെ കണ്ടപ്പോൾ ഉണ്ടായ വികാരങ്ങൾ എന്റെ ഹൃദയം തകർത്തു. ഞങ്ങളുടെ ദാമോദര വിലാസം വായനശാലയും, അതിനോട്ട് ചേന്ന വിദ്യാലയവും അതുകളിൽ എനിക്കുള്ള ചുമതലകളും എനി അവരേയും ഈ സ്ഥാപനങ്ങളേയും എന്നുകാണും എന്നുള്ള വിഷാദവും എല്ലാംകൂടി എന്റെ ഹൃദയം പൊട്ടിത്തകന്നു. കണ്ണിൽനിന്നു് വെള്ളം കുടുകുടെ ചാടിത്തുടങ്ങി. കൃഷ്ണൻ പട്ടർ ഉണ്ണിനമ്പൂതിരിമാരോട്ടു് ചോറു കയ്യിൽ വാങ്ങി.

പട്ടാളക്കാരോട്ട് എൻെറ കൈ അഴിച്ചുതരുവാൻ അഭ്യ ർത്ഥിച്ചു. അവർ അതിന്നനുവദിച്ചില്ല. ഒടുവിൽ മോരുകൊണ്ടുവന്ന ഗോകണ്ണത്തിൽ കൃപാലുവായ അദ്ദേഹം കുറേ ചോറെടുത്തു് മോരിൽ കലക്കി എൻെറ വായിൽ ഒഴിച്ചുതന്നു. ഞാൻ അതു രണ്ടുവായ മോന്തിയിറക്കി.

## കുതിരയുടെ ഒപ്പം ഓടിച്ചു:

കാറൽമണ്ണമൊട്ടത്തി പറമ്പിൽവെച്ചു് പട്ടാളങ്ങളുടെ വെപ്പുംതീനും കഴിഞ്ഞു. ഞങ്ങളെ തടവുകാരെ ഒന്നുകൂടി അന്യോന്യം പിടിച്ചു മുറുകെക്കെട്ടി. പട്ടാളക്കാർ കുതിരപ്പുറത്തുകയറി. ഞങ്ങളെ വളഞ്ഞു് നേരെ തെക്കോട്ട് ഓടിച്ചുതുടങ്ങി. ഞങ്ങൾ ചെർപ്പുളശ്ശേരി ചന്തയുടെ പടിഞ്ഞാറുവശത്തെത്തി. പിന്നീട്ട് വെട്ടുവഴിവിട്ട് കുറുക്കുവഴിയിലൂടെ ഒററപ്പാലം നിരത്തിലേക്കു് ഞങ്ങളെ ആട്ടിവിട്ടു. കുറുക്കുവഴി, ഇല്ലിക്കോൽനിറഞ്ഞ ഒരു ഇടവഴി, ഒരു കുണ്ടുപാടം, പിന്നീട് ഒരു കുത്തനെ കയററമായ മറെറാരിടവഴി ഇങ്ങനെയാണു്. ആ കുണ്ടുപാടത്തെ ചേററിൽക്കൂടി ഞങ്ങളെ ഓടിച്ചതും കുത്തനെയുള്ളവഴി കുതിരകൾക്കൊപ്പം കുതിച്ചു കയററിയതും, അപ്പോഴത്തെ എൻെറ കിതപ്പും ആർദ്രഹൃദയന്മാർ ഒന്നു വിചാരിച്ചുനോക്കുന്നതാണുത്തമം. ഇടവഴി കയറി പുത്തനാല്ക്കൽ ഭഗവതീക്ഷേത്രത്തിൻെറ—എൻെറ പരദേവതയുടെ—നടയിൽ ചെന്നു് നിരത്തിൽക്കൂടി കൊണ്ടുപോയപ്പോൾ എൻെറ പരദേവതയെ ഞാൻ മനസ്സുകൊണ്ടു വണങ്ങി. എൻെറ കൈകൾ പിന്നോട്ടു കെട്ടിയിരുന്നെങ്കിലും, എനിക്കു് വീഴ്ച്ചമുട്ടുന്നുണ്ടെങ്കിലും, ഞാൻ ആ പരാശക്തിയെ ഓട്ടന്നതിന്നിടയിൽ മനസ്സുകൊണ്ടുതന്നു് ശരണം പ്രാപിച്ചു. ഓട്ടം മുറുക്കുന്നു. ഒററപ്പാലത്തേക്കു തിരിയുന്ന റോഡിൻെറ—എൻെറ ഇല്ലത്തിൻെറ തെക്കുഭാഗത്തുള്ള

മൂന്നുംകൂടിയ നിരത്തിന്റെ–കൂട്ടപാതയുടെ—വക്കിൽ ഞങ്ങളെത്തി. ഇതാ പട്ടാളം ഞങ്ങളെ ഒററപ്പാലത്തേയ്ക്കുള്ള നിരത്തിൽക്കൂടി ആട്ടുന്നു. ഇതാ സ്വദേശം കണ്ണിൽനിന്നു മറയുന്നു. ഇതാ സ്വജനങ്ങളററുപോകുന്നു. ആ സ്ഥലത്തു് ഒരു വിളിപ്പാടകലെയായി കുറെ ജനങ്ങൾ ഞങ്ങളുടെ വർത്തമാനം കേട്ടു് ഞങ്ങളുടെ സങ്കടം കാണുവാൻ വന്നിരുന്നു. "ഇനി ഞാനെന്നുകാണും" എന്നു ഞാൻ പിൻതിരിഞ്ഞു് ആ കാണികളേയും പ്രദേശത്തേയും ഒന്നുനോക്കി. പട്ടാളം തിരതല്ലി ഞങ്ങളെ തെക്കോട്ടു നിരത്തിൽക്കൂടി ആട്ടി. വഴിക്കു് ഓവുകൾക്കു് പാലം ഇല്ല. മരങ്ങൾ അടിക്കടി മുറിച്ചു് വിലങ്ങനെ ഇട്ടിരുന്നു. ഓട്ടത്തിന്നു് വേഗത മതിയാകാഞ്ഞിട്ടു് പട്ടാളക്കാർ ഞങ്ങളുടെ തലയ്ക്കു് വടികൊണ്ടും മുഷ്ടികൊണ്ടും കൊട്ടിത്തുടങ്ങി. ഓടുവാനാണെങ്കിൽ ഞങ്ങൾക്കു "വയം" ഇല്ല; വായുവില്ല. കാരണം കൈകൾ പിന്നോക്കം വലിച്ചുകെട്ടിയിരിക്കുന്നു. പോരെങ്കിൽ ചെമ്മരിയാടുകളെപ്പോലെ അന്യോന്യം എല്ലാവരേയും പിടിച്ചുകെട്ടിയിട്ടുണ്ടു്. എന്നിട്ടും ഓട്ടത്തിന്നു് മുറുക്കക്കുറവില്ല. ഓരോരുത്തരും ഒററക്കു കുതിച്ചുമണ്ടുന്നതിലും വേഗത്തിൽ ഞങ്ങൾ ജീവൻ കയ്യിൽപിടിച്ചു് മണ്ടുന്നുണ്ടു്. നിമിഷംപ്രതി ഓട്ടത്തിന്നു് മുറുക്കം കൂട്ടുന്നു കുതിരകളുടെ ലാടംതട്ടി കാലിന്റെ മടമ്പിൽനിന്നും ചോര പൊട്ടിയൊലിക്കുന്നു വീഴ്ച്ചമുട്ടി കിതച്ചു് നേക്കുന്നു പട്ടാളക്കാർ ഉന്മേഷത്തോടെ കുതിരകളെ ഓടിക്കുന്നു. എന്റെ രണ്ടാംമുണ്ടു് ചുമലിൽനിന്നും കിഴിയുന്നു. ചുററിയ മുണ്ടഴിയുന്നു. കോണകം വിട്ടുന്നു. ഞാൻ ജീവനെകൊതിച്ചു മണ്ടുന്നു. മൃതപ്രായം ഓടുന്നു. വസ്ത്രങ്ങളെല്ലാം ഞാൻ പിന്നോക്കം തടവിനിർത്തി. എലിയപ്പററ കയററം ഇതാ ചുമർ പോലെ കുത്തനെ മുമ്പിൽ ഉയന്നുകാ

ണന്നു. വിഷം കയറുംപോലെ അതിൻെറ പകുതിവരെ കയറിക്കഴിഞ്ഞു. എൻെറ നെഞ്ഞടഞ്ഞു. ശ്വാസം നിന്നു. ഞാനിതാ വീഴുകയായി.

പെട്ടെന്നു് കുതിരകൾ അതാ നില്ക്കുന്നു. എൻെറ ഹൃദയത്തിൽനിന്നു് "അയ്യോ!" എന്നും ഒരാശ്വാസം പൊങ്ങിവന്നു. അതിന്നുപിന്നാലെ "ആവൂ" എന്നും പുറപ്പെട്ടു. പിന്നീട്ടു് ഉച്ഛ്വാസങ്ങളും നിശ്വാസങ്ങളും ഇടമുറിഞ്ഞു് പുറപ്പെട്ടുതുടങ്ങി. ഒരു പട്ടാളക്കാരൻ കുതിരയെ എൻെറ മേലേക്കു് ചാടിക്കുവാൻ കൊണ്ടുവന്നു. ഞാൻ മേൽ ചാടാൻ വന്ന കുതിരയുടെ ചുമലിലേക്കു് ചാരി. എൻെറ ഈ ആതുരത കണ്ടപ്പോൾ പട്ടാളക്കാരന്റെ മനസ്സൊന്നലിഞ്ഞു എന്നു തോന്നുന്നു. ആ പട്ടാളക്കാരൻ കുതിരയെ പിന്നോക്കം പിടിച്ചു. ആ കുതിരകൾ പട്ടാളക്കാരന്റെ അനുവാദം കിട്ടിയാലേ എടുത്ത കാലുകൾ നിലത്തുന്നുകയുള്ളു. അത്ര പഠിപ്പുള്ള കുതിരകളാണു്. പട്ടാളക്കാർ കുതിരപ്പുറത്തുനിന്നിറങ്ങുന്നു. തടവുകാരെ ഇരുത്തുന്നു. എന്നോടും ഇരിക്കുവാൻ ആംഗ്യം കാണിക്കുന്നു. ഞാൻ ഇരുന്നു.

തടവുകാരിൽ ഏററവും പിന്നാലെ ഓടിയിരുന്ന ഒരു മാപ്പിള തലതിരിഞ്ഞു വീണതാണു് ഇതിന്നുള്ള കാരണം. ഒരു കോലാർവണ്ടി കാലിയായി അവിടെ നിന്നിരുന്നു. അതിന്റെ അടുത്തു് ഉടമസ്ഥനും കാളകളും ഒന്നും ഉണ്ടായിരുന്നില്ല. ഉടനെ തലചുററിയവനെ ആ വണ്ടിയിൽ കയററിയിട്ടു. ആ വണ്ടി ഞങ്ങളെക്കൊണ്ടു വലിപ്പിക്കുവാൻ തുടങ്ങി. ആ വലിക്കൽ അപ്പോഴത്തെ സ്ഥിതിക്കു് അനായാസവും, ആശ്വാസകരവുമായിരുന്നു. കാരണം കുതിരകളുടെ ഒപ്പം ഓടാതെ വണ്ടിപിടിച്ചു നടന്നാൽ മതിയല്ലോ! അര നാഴികവഴി അങ്ങിനെ പിന്നിട്ടു. അപ്പോഴെക്കും മൂന്നുകാള

വണ്ടികൾ ഞങ്ങൾക്കെതിർമുഖമായി വന്നുമുട്ടി പട്ടാളക്കാർ ആ വണ്ടികൾ പിന്നോക്കം തിരിച്ചു. ഞങ്ങളെയെല്ലാം അതിൽ കുത്തിനിറച്ചു. ഞങ്ങൾ ഇരുപതോ, ഇരുപത്തൊന്നോ പേർ ഉണ്ടായിരുന്നു. ഞങ്ങളെ കാളവണ്ടിയിൽ കുത്തിനിറച്ചപ്പോൾ ഞങ്ങളുടെ കൈകളിലെ കെട്ടഴിച്ചു. കൈകളിലെ കെട്ടഴിച്ചപ്പോൾ ഞാൻ മുണ്ടും കോണകവും പിഴിഞ്ഞുടുത്തു ഞങ്ങൾ കുതിരകൾക്കൊപ്പം ഓടിയിരുന്ന സമയത്തു് മഴ കോരിച്ചൊരിഞ്ഞിരുന്നു. അതിന്നും പുറമെ ഞങ്ങളെ പാടത്തു് ചേററിൽക്കൂടി ആട്ടിയ സമയത്തു് മുണ്ടു് ചേററിൽ മുങ്ങിയിരുന്നു. ഞാൻ മുണ്ടു് അരയിലൊതുക്കി. കാലുകൾ ഒന്നു തോർത്തുവാൻ ഉദ്ദേശിച്ചു. ഇടത്തെ കാൽ വണ്ടിക്കു പുറത്തേക്കുനീട്ടി തോർത്തുമുണ്ടെടുത്തു് തുടക്കുവാൻ തുടങ്ങിയപ്പോൾ പെട്ടെന്നു് ബയനററുകൊണ്ടു് ആ ഉള്ളൻകാലിന്മേൽ ഒരു പട്ടാളക്കാരൻ ഒരു കുത്തുകുത്തി. ബയനററു് "കർ" എന്നു് എന്റെ ഉള്ളൻകാലിൽ ഒരിഞ്ചിലധികം തുളഞ്ഞുകയറി ഞാൻ കാൽ വേഗം ഉള്ളിലേക്കു വലിച്ചു വണ്ടിക്കാളകളെ കുതിരകളോടൊപ്പം അത്രവേഗത്തിൽ പട്ടാളക്കാർ പറപ്പിച്ചു. അവർ കാളകളെ കുതിരപ്പുറത്തിരുന്നു ചവിട്ടുന്നു, കുത്തുന്നു, കൂക്കിവിളിക്കുന്നു. കാളകൾ പ്രാണവേഗത്തിൽ പറക്കുന്നു. വണ്ടിക്കാർ അർദ്ധപ്രാണരായി മുക്കണമേൽ ഇരിക്കുന്നു. ഞങ്ങൾ വാണിയംകുളം ചന്തയിലെത്തി. അന്നു് ചന്തദിവസമായിരുന്നു. മാപ്പിളമാർ ഒന്നിനെയെങ്കിലും അവിടെ കാണുന്നില്ല. വണ്ടിക്കാളകൾ ചന്തസ്ഥലം കഴിഞ്ഞു് രണ്ടടികൂടി മുന്നോക്കം വെച്ചു. അതാ അവിടെ ചില കാളകൾ വീണു. ഞങ്ങളെ വണ്ടിയിൽ നിന്നിറക്കി. ഒരു വണ്ടി മാത്രം വിട്ടില്ല. അതിൽ തലച്ചുററിവീണ മാപ്പിളയേയും ഒരു കാവല്ലാരനേയും മാത്രമിരുത്തി. ഞങ്ങളെ ഷൊറണ്ണൂക്ക് തിരിയുന്ന പാതയിൽ ഇരുത്തി.

ആദിത്യൻ ആകാശവീഥിയിൽ അനവധി നാഴിക കുതിച്ചോടി. അസ്തമയ പർവ്വതത്തിന്മേൽ തളർന്നുവീഴുന്ന സായന്തനമാരുതൻ ഞങ്ങളുടെ ശേഷിച്ച പ്രാണങ്ങളെ കൂട്ടിക്കൊണ്ടുപോകുവാനായി എതിരേ വന്നു. ഇതാ അല്പം മുമ്പു പ്രസ്താവിച്ചപ്രകാരം ഞങ്ങളെ പട്ടാളക്കാർ വീണ്ടും കൂട്ടിക്കെട്ടിത്തുടങ്ങി. നേരം അസ്തമിച്ചു ഞാൻ ആ ദിവസം പറയത്തക്ക ഭക്ഷണമൊന്നും കഴിച്ചിട്ടില്ല. വഴി അനവധി ഓടിക്കഴിഞ്ഞു. ശരീരം തളർന്നു മനസ്സ് ഈ ലോകംവിട്ടു പരലോകത്തേക്കു് അടുത്തു "എത്ര നിമിഷങ്ങൾ ഇനി ഈ ലോകത്തിലുണ്ടു്" എന്നു ഞാൻ നിമിഷങ്ങൾ എണ്ണിത്തുടങ്ങി. ഓട്ടം പിന്നേയും മുറുകുന്നു. ഞാനിതാ മരിക്കുകയായി. അതാ ഷൊറണൂർ തീവണ്ടിസ്റ്റേഷനിൽ ഞങ്ങൾ എത്തി. ഞങ്ങളെ അവിടെ ഇരുത്തി.

## ഷൊർണൂർ പോലീസ്സ്റ്റേഷനിലെ നരകം:

"ആവൂ! എനിക്കല്പം ഭേദം, ഒന്നുമില്ലെങ്കിൽ പോലീസുകാർ സ്വന്തം നാട്ടുകാരാണല്ലോ?" എന്നു ഞാൻ വിചാരിച്ചിരിക്കുമ്പോൾ "നായിന്റെ മക്കളേ" എന്ന സ്വാഗതോക്തി ഇതാ കേൾക്കുന്നു. "പട്ടാളക്കാർ തന്നെയായിരുന്നല്ലോ ഈശ്വരാ, ഭേദം. വറവുചട്ടിയിൽനിന്നും തീയിലേക്കാണല്ലോ ഞങ്ങളുടെ ഗതി". പട്ടാളക്കാർ ഞങ്ങളെ പോലീസിന്റെ കയ്യിൽ ഏല്പിച്ചുകൊടുത്തു. പറയന്റെ കയ്യിൽ പശുക്കളെ മേയ്ക്കാൻ കൊടുത്തു. ബകന്നു് തുല്യം മലയാളനാട്ടിന്നകം വിറപ്പിച്ച മഹാകഠോരൻ എന്നു് കുപ്രസിദ്ധി നേടിയ പി. കെ. മാധവമേനോൻ പോലീസ് ഇൻസ്പെക്ടർ ഞങ്ങളെ ഏററുവാങ്ങി. ഞങ്ങളെ പോലീസിന്റെ പൂട്ടിലിട്ടു. പോലീസ് ഏററുവാങ്ങിയ മുതൽക്കു് ഞങ്ങളുടെ തലയിൽ പുലഭ്യം വർഷിക്കുന്നതിന്നു് യാതൊരവസാനവും

ഇല്ല. പുലയാട്ടുകേൾക്കുന്നതിന്നു് യാതൊരു കയ്യും കണക്കു മില്ല. തലക്കു് തരി ബോധമില്ലാതെ മാധവമേനോൻ അലറുന്നു. ഞങ്ങളെയെല്ലാം പോലീസ് സ്റ്റേഷനിൽ ഒരു മുറിയിൽ കൊണ്ടുപോയി കുത്തിനിറച്ചു. ഞങ്ങളുടെ ഉടുപ്പു് പരിശോധനക്കു് ഇൻസ്പെക്ടർ മാധവമേനോനും സബ്ഇൻസ്പെക്ടർ അനന്തനാരായണയ്യരും മുറിയുടെ ഉള്ളിൽവന്നു് എന്റെ വലത്തുഭാഗത്തുണ്ടായിരുന്ന ഒരുവന്റെ അരയും മടിയും തപ്പിനോക്കി. രണ്ടാമത്തു് എന്റെ അട്ടക്കലേക്കു് അണഞ്ഞു. "എന്റെ പക്കൽ ഒരു മോതിരം മാത്രമേയുള്ളു". എന്നു ഞാൻ അനന്തനാരായണയ്യരോടു് പൂർവ്വപരിചയം വെച്ചു് പറഞ്ഞ സമയം "ഠെ" എന്നു് എന്റെ ചെകിടത്തു് അയാൾ ഒന്നു പൊട്ടിച്ചു. തടവുകാരുടെ മനസ്സെന്നു വേണ്ട തടവുമുറിതന്നെ ഒന്നു കുലുങ്ങി. ഈശ്വരാ! ഇത്ര ഭയങ്കരമാണെന്നു് ആരോർത്തു. തടവുകാരുടെ പക്കൽ ആയുധപരിശോധന നടത്തുകയാണെന്നത്രേ പോലീസുകാരുടെ ധാർഷ്ട്യം. പൊന്നും പണവുമുണ്ടോ എന്നു തിരയുകയാണു് വാസ്തവം. എന്റെ പക്കലുണ്ടായിരുന്ന മോതിരം മാത്രം ഞാൻ ഇങ്ങനെ ഉറക്കെ പറഞ്ഞതുകൊണ്ടു് ശേഷിച്ചു. ആ മോതിരം ഇന്നും ഞാൻ ഈശ്വരനെപ്പോലെ കരുതി കയ്യിന്മേൽനിന്നു് ഒരു സമയത്തും അഴിക്കാറില്ല. ബാക്കിയുള്ളവരുടെ സകല പണ്ടങ്ങളും പോലീസ്സ്റ്റേഷനിൽ വെച്ചു് യാത്ര പറഞ്ഞിരിക്കുന്നു. പട്ടാളക്കാരും എന്റെ മോതിരത്തിന്നു് കുറെ പിശകുകയുണ്ടായി. ഉരുണ്ടുപിരണ്ടു് ആ മോതിരവും എന്നെപ്പോലെ രക്ഷപ്പെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ.

പരിശോധന കഴിഞ്ഞു് പോലീസുകാർ പുറത്തേക്കു കടന്നു് വാതിൽ പൂട്ടി. തടവുമുറിയുടെ വാതിൽ എവിടേയും ഇരുമ്പഴിയാണു്. മേല്പറഞ്ഞ മാധവമേനോനും അന

ന്തനാരായണയ്യരും ബാക്കി പോലീസുകാരും വാതില്ക്കൽ മുറിയുടെ പുറത്തുനിന്ന് എന്നെ അങ്ങോട്ടു വിളിച്ചു. എന്റെ കൈ രണ്ടും അഴിവാതിലിലൂടെ മാധവമേനോൻ വലിച്ചുപിടിച്ചു. എൻെറ കൈപ്പടം ഞെരിഞ്ഞു തുടങ്ങി. പുലയാട്ട് വിളി തുടങ്ങി. ഭയപ്പെടുത്തി തുടങ്ങി. അദ്ദേഹത്തിൻെറ അധികാരം വിളമ്പിത്തുടങ്ങി. ഒടുവിൽ എൻെറ മുഖത്തേക്ക് കാറി കുരച്ച് തുപ്പിത്തുടങ്ങി. അദ്ദേഹത്തിൻെറ വായിൽ ഉമിനീർ വററിത്തുടങ്ങി. വീണ്ടും ബീഡി വലിച്ചു തുടങ്ങി. വീണ്ടും എൻെറ മുഖത്തേക്ക് തുപ്പിത്തുടങ്ങി. അയാൾ തൃപ്തിപ്പെട്ടു മടങ്ങി. യജമാനപ്രീതിക്കു വേണ്ടിയോ സ്വന്തം ചാപല്യത്തിൻെറ തുള്ളിച്ചാട്ടമോ എന്തോ അനന്തനാരായണയ്യരും എൻെറ മുഖത്തേക്ക് ഒന്നു തുപ്പി. ഈ തുപ്പലുകൾ തന്നത്താൻ മാഞ്ഞതല്ലാതെ ഞാൻ തുടച്ചുകളഞ്ഞിട്ടില്ല. എനിക്ക് ആ സന്ദർഭത്തിൽ അത്രത്തോളം നൈരാശ്യം ഉണ്ടായിരുന്നു. ഇതു കഴിഞ്ഞ് മേല്പറഞ്ഞ രണ്ടു പേരും പോയി. എൻെറ ദേഹത്തിൻെറ അടയാളം എടുക്കുവാൻ വേണ്ടി തടവുമുറിയിൽനിന്ന് അടുത്ത മുറിയിലേക്ക് കടത്തി. ഞാൻ അവിടെ ഉണ്ടായിരുന്ന മേശയുടെ അടുത്തു ചെന്നുനിന്നു. സ്റ്റേഷൻ ക്ലാർക്ക്, ഒരു കോൺസ്റ്റബിൾ, ചെപ്പുളശ്ശേരിക്കാരൻ കുഞ്ഞിമൊയ്തീനായിരുന്നു. അയാൾ വളരെ അനുകമ്പാസ്വരത്തിൽ എന്നോട് ചില ചോദ്യങ്ങൾ ചോദിച്ചു. എന്നെ പേടിപ്പിക്കാതെ എൻെറ ദേഹത്തിലുള്ള അടയാളങ്ങളൊക്കെ കുത്തിയെടുത്തു. ഓ! ഇതാ എൻെറ വലത്തെ ചെകിടത്ത് പിന്നിൽനിന്ന് ഒരടി പൊട്ടി. അയ്യോ! ഇടത്തെ ചെകിടത്തും പൊട്ടി. എൻെറ ചെകിട്ടുകൾ "ശ്ശൂളം" പാടി. മേൽപ്പറഞ്ഞ സ്റ്റേഷൻ ക്ലാർക്ക് ദേഷ്യപ്പെട്ട് എന്നെ ദ്രോഹിച്ചവനെ അകററിനിർത്തി എന്നെ വീണ്ടും തടവുമുറിയിലേക്കാക്കി. കുറച്ചുകഴിഞ്ഞ

പ്പോൾ പിന്നെയും തടവുമുറി തുറന്നു. അതിലുണ്ടായിരുന്ന മൂത്രക്കലം നിറഞ്ഞൊഴുകിയിരുന്നു. അതെന്നെക്കൊണ്ട് എടുപ്പിച്ചു് പുറത്തുകൊണ്ടുപോയി ഒഴിപ്പിച്ചു. ആ സ്ഥലത്തു് അവരുടെ അനുവാദത്തോടുകൂടി ഒന്നു മൂത്രം വീഴ്ത്താനിരുന്നു. അവിടെ എനിക്കു് രണ്ടു് കാവൽപോലീസുണ്ടായിരുന്നു. അവരിൽ ഒരാൾ തോക്കിൻെറ പട്ടകൊണ്ടു് ഇടിച്ചാലോ എന്നു് ഓങ്ങി. "ചത്തുപോകും" എന്നു പറഞ്ഞു മററയാൾ തടുത്തു. വീണ്ടും എന്നെ തടവുമുറിയിലേക്കു് കൊണ്ടുപോയാക്കുകയും ചെയ്തു. ഇതാ തടവുകാർക്കു് ഭക്ഷണം കൊണ്ടുവരുന്നു. ഒരുമ്മയാണു് കൊണ്ടുവരുന്നതു്. ഞാൻ ഭക്ഷണത്തിന്നൊരുങ്ങാതെ മാറിനിന്നു. എന്നോടു് പോലിസുകാരൻ ഭക്ഷണം കഴിപ്പാൻ ശാസിച്ചു. ഞാൻ പിന്നേയും മാറിനിന്നു അപ്പോൾ അവിടെ ഉണ്ടായിരുന്നവരിൽ പ്രമാണി ഒരു റെയിൽവെ പോലീസ് സബ് ഇൻസ്പെക്ടരായിരുന്നു. അദ്ദേഹം ഒരു ബ്രാഹ്മണനാണു്. "ഉമ്മയുടെ ചോറു് ഉണ്ണുവാൻ കഴിയില്ലെങ്കിൽ വേണ്ട. നിർബ്ബന്ധമൊന്നുമില്ല" എന്നദ്ദേഹം പറഞ്ഞു. "ഈ ചോറുണ്ണുന്നതിലും സന്തോഷം പട്ടിണികിടക്കുകയാണെന്നു്" ഞാൻ മറുപടിയും പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ "എന്താണു് വേണ്ടതു്" എന്നു് എന്നോടു് ആ ബ്രാഹ്മണ ഇൻസ്പെക്ടർ ചോദിച്ചു. ചെർപ്പുളശ്ശേരിക്കാരൻ സ്റ്റേഷൻ ക്ലാർക്കു് ചോദിപ്പിച്ചതാണാചോദ്യം. "എനിക്കു് ഒന്നു് കുളിച്ചു് സന്ധ്യാവന്ദനം കഴിക്കണം" എന്നു ഞാനാവശ്യപ്പെട്ടു. "കുളിക്കുവാൻ ഇപ്പോൾ സൌകര്യപ്പെട്ടവാൻ ഞെരുക്കം. കാലും മുഖവും കഴുകി സന്ധ്യാവന്ദനം കഴിച്ചുകൊൾക. ഞങ്ങൾ തന്നെ അത്രേ ചെയ്യാറുള്ളു. കാലത്തു് അയ്യരുടെ ഹോട്ടലിൽനിന്നു് ചോറുവരുത്തിതരാം" എന്നു് മേപ്പടി ബ്രാഹ്മണൻ പറഞ്ഞു എന്നിട്ടു് എനിക്കല്പം വെള്ളം അദ്ദേഹം

വരുത്തിത്തന്നു. ഞാൻ സന്ധ്യാവന്ദനവും മററും കാട്ടികൂട്ടി. ചോറുവരുത്തുവാൻ ഒരു പോലീസുകാരനെയാണു് ഇൻസ്പെക്ടർ ഏല്പിച്ചതു്. ആ പോലീസുകാരനാണെന്നോട്ടു് ഉമ്മയുടെ ചോർ തിന്നണമെന്നു് കയത്തതു്. അയാൾ എൻെറ ഊണു് "കുന്ത"മാക്കണമെന്നു കരുതി എവിടെയോ ചുററിപ്പററിനിന്നു്, അസമയമായപ്പോൾ ചോറു് എങ്ങും കിട്ടിയില്ലെന്നും പറഞ്ഞു് മടങ്ങിവന്നു. "ഇതിനു് നിങ്ങളെക്കൊണ്ടു് സാധിച്ചു. അദ്ദേഹത്തെ പട്ടിണിക്കിടത്താതെ ഇരിക്കാൻ എന്നാൽ കഴിയുമോ എന്നു ഞാൻ നോക്കട്ടെ" എന്നു പറഞ്ഞു് സ്റ്റേഷൻ ക്ലാക്കു് കുറച്ചു പടപ്പുഴം വരുത്തി. ഞാനതു കുറച്ചു തിന്നു.

എൻെറ കൂട്ടത്തിലുള്ളവരുടേതു് എൻെറ അനുഭവത്തിലും സങ്കടകരമാണു്. ചിലരുടെ മണ്ട, താഴം പൂട്ടം വലിച്ചുകുത്തി ചോര പൊട്ടിച്ചു് ചോരപ്രളയമാക്കിയിരുന്നു. ചിലരെ തച്ചു് തള്ളിയിട്ടിരിക്കുന്നു. എങ്ങിനെയോ രാത്രി സുമാർ 11 മണിയായി. തടവുമുറി ചെറുതും ജനങ്ങൾ ഒരു പടി തിങ്ങിവിങ്ങിയിരിക്കുന്നതുമാണു്. ആ മുറിയുടെ മൂക്കിൽ മൂത്രം ആണ്ടുനില്ക്കുന്നു. എനിക്കു ദേഹമാസകലം വേദനിക്കുന്നു. കഠിനമായി പനിക്കുന്നു. കാലിന്മേലുള്ള മുറി കുത്തിവീങ്ങുന്നു. ചുളുചുളെയുള്ള കുത്തൽ സഹിക്കുന്നില്ല. ആകപ്പാടെ ഒരു സഞ്ചാരം. ഇടക്കു ഞാനെണീററുനില്ക്കും. വീണ്ടും ഞാൻ കാൽകുഴഞ്ഞിരിക്കും. അപ്പോഴേക്കും മുതുകടഞ്ഞു് ഒന്നു ചുരുണ്ടിട്ടെങ്കിലും കിടന്നുനോക്കും. മേലാസകലം കുളത്തിവലിച്ചു് പെട്ടെന്നെണീക്കും. ചുരുണ്ടു മടങ്ങി കിടപ്പാൻതന്നെ അവിടെ സ്ഥലം കഷ്ടി. ഈ കാഴ്ചകണ്ടു് ഒരു പോലീസുകാരൻെറ മനസ്സുപോലും അലിഞ്ഞു

പോയി. "രാത്രി തൻ കൊട്ടമയും ഘനമാമിരുട്ടും" മുഴവൻ വിവരിച്ച് വായനക്കാരെ ബോദ്ധ്യപ്പെടുത്തുവാൻ പ്രയാസം.

പിറേറദിവസം പുലന്നു. മാധവമേനോൻെറ അലച്ച് കേട്ടുതുടങ്ങി. "എനിക്ക് മാർഷ്യൽ ലൊ പാസ്സാക്കിയിട്ടില്ല? എടാ നീ ടിലാക്കിൻെറ പിണ്ണം വെച്ചില്ലേ?" എന്നെല്ലാം അയാൾ എന്നെ പ്രത്യേകിച്ചും, തടവുകാരെ പൊതുവിലും ചീററിത്തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോഴേക്കും പോസ്റ്റൽ സൂപ്രണ്ട് ശ്രീ. കെ. നാരായണൻ നായർ "തലേ ദിവസം പിടിച്ച നമ്പൂതിരി ഏതാണ് ഒന്നു കാണട്ടെ" എന്നു മാധവമേനോനോട്ട് ആവശ്യപ്പെട്ടുകൊണ്ട് അവിടെ വന്നു. ഉടനെ ഇൻസ്പെക്ടർ മാധവമേനോൻ എന്നെ ഒന്നലറിക്കൊണ്ടു വിളിച്ചു. ഞാൻ തൊഴുകയ്യുമായി നാരായണൻ നായർ അവർകളുടെ മുമ്പിൽ ചെന്നു. "ഇദ്ദേഹമോ"! നാരായണൻ നായർ ഒന്നുഞെട്ടി. ഞെട്ടൽ കണ്ടപ്പോൾ ഇൻസ്പെക്ടർ മാധവമേനോൻെറ തലയിൽ പകിരി പാഞ്ഞു. അയാൾ എന്നെപ്പററി എന്തൊക്കെയോ "പച്ചനുണ"കൾ പറഞ്ഞുതുടങ്ങി. ഉടനെ നാരായണൻ നായർ എന്തുചെയ്യട്ടേ എന്ന ഭാവത്തിൽ മടങ്ങിപ്പോയി.

മിസ്റ്റർ നാരായണൻ നായക്ക് എന്നോട്ട് ഒരു പ്രത്യേകസ്നേഹമുണ്ട്. അക്കാലത്ത് നമ്പൂതിരിമാരിൽ സാധാരണ കണ്ടിരുന്ന ആഢ്യത്വവും ആഭിജാത്യവും വിട്ട് ഞാൻ സമത്വത്തിൽ പെരുമാറിക്കണ്ടതാണ് അദ്ദേഹത്തിന്നു എൻെറ നേക്കുണ്ടായ പ്രതിപത്തിക്കു കാരണം. അവസാനം അദ്ദേഹം പോസ്റ്റ്മാസ്റ്റർ ജനറാലായി റിട്ടയർ ചെയ്ത ഒരു മാന്യനമാണു്. ഇപ്പോൾ മദ്രാസിൽ പൊതുകാര്യങ്ങളിലേർപ്പെട്ടു വസിക്കുകയാണദ്ദേഹം.

സമയം കാലത്തു് 8 മണിയായി. തടവുകാരെയെല്ലാം തടവു മുറിക്കു പുറത്തുവിട്ടു. ഈരണ്ടാളുകളെ തമ്മിൽ കൂട്ടി ക്കെട്ടി. എന്നെ എൻെറ സ്നേഹിതൻ ഗോവിന്ദൻ നായ രോട്ടു കൂട്ടിക്കെട്ടി. (കേശവൻ നായരുടെ അനുജൻ). "മാപ്പി ളയോട്ടു്" എന്നു് മാധവമേനോൻ കുരച്ചു. വീണ്ടും എന്നെ അഴിച്ചുകെട്ടിയപ്പോൾ അതു ഒരു ക്രിസ്ത്യാനിയോട്ടുകൂടിയായി രുന്നു. പോലീസിൻെറ സേവവഴിക്കും ഒന്നുരണ്ടു മാപ്പിള മാരെ അവിടെവെച്ചു വിട്ടു. അതിൽ ഒന്നു് ഒരു കശാപ്പുകാ രനായിരുന്നു. മറേറതു് അവിട്ടത്തെ മാപ്പിളമാരിൽവെച്ചു് പണക്കാരനായിരുന്നു.

## കോയമ്പത്തൂർ ജയിലിലേക്കു:

ഞങ്ങളെ തീവണ്ടിയാപ്പീസിലേക്കു പോലീസുകാർ തെളിച്ചു. വണ്ടിയിൽ കയററിയിരുത്തി. കാലത്തു് ഒമ്പ തുമണിക്കുള്ള ഷട്ടിലിലാണു് കയററിയതു്. ഞങ്ങൾ വണ്ടി യിലിരുന്നു് പ്ലാററുഫോറത്തിലേക്കു് കണ്ണുകൾ അയച്ചുതുട ങ്ങി. എത്ര തിരഞ്ഞിട്ടും ഞങ്ങളുടെ ഉദ്യമസ്ഥന്മാരിൽ ആ രേയും അവിടെ കാണുന്നില്ല. തീവണ്ടിയാത്രക്കാർ ഓരോ രുത്തർ വന്നു് ഞങ്ങളെ എത്തിനോക്കുന്നു. കൂട്ടശ്ശുവം കണ്ട പോലെ അവർ ഞെട്ടി പിന്നോക്കം മാറുന്നു. വണ്ടി അല്പ നേരം തലയും ഉടലും വേറിട്ടായി നിന്നിരുന്നു. വീണ്ടും എ ഞ്ചിൻ വണ്ടിയിൽ കുളത്തി മുറവിളി കൂട്ടിപ്പുറപ്പെട്ടു. കോ യമ്പത്തുക്കാണു് ഞങ്ങളെ കൊണ്ടുപോകുന്നതു്. ഒലവ ക്കോട്ടാഫീസിലെത്തി. വണ്ടിനിന്നപ്പോൾ എൻെറ ഒരു സ്നേഹിതൻ ഞങ്ങളെ കയററിയ മുറിയിൽ വന്നുകയറി. ഞ ങ്ങളെയൊക്കെ ഒന്നു പേർത്തുനോക്കി. അദ്ദേഹത്തിൻെറ മുഖത്തു് ചോരവററി. പ്രേതം കണക്കെ ആ മഹാൻ മര വിച്ചു നിന്നുപോയി. വണ്ടി അവിടെനിന്നും പുറപ്പെട്ടു.

പോത്തന്നൂർ എത്തി. വണ്ടി മാററി കയററി. അവിടെ ഇറങ്ങി വണ്ടിമാറി കയറുവാൻ എനിക്കു വയ്യായിരുന്നു. അന്നേദിവസം അതുവരെ ജലപാനം കൂടി ഉണ്ടായിട്ടില്ല. എൻെറ ഒരു കാൽ കുത്തിവീർത്തിരിക്കുന്നു. തലേ ദിവസം ബൈനററുകൊണ്ടു കുത്തുകൊണ്ട കഥ മുമ്പേ പറഞ്ഞുവല്ലോ. എങ്ങിനെയോ കൊക്കിച്ചാടി മറേറ വണ്ടിയിൽ കയറി. അരഗ്ലാസ്സു് കാപ്പി അവിടെവെച്ചു് എനിക്കു കിട്ടി. ക്ഷണത്തിൽ വണ്ടി കോയമ്പത്തൂരെത്തി. ഞങ്ങളെ ഇറക്കി ജയിലിലേയ്ക്കു് അതിവേഗം നടത്തിത്തുടങ്ങി. എന്റെ കാൽ മുറിഞ്ഞിരിക്കുന്നുവല്ലോ? അതുകൊണ്ടു് നിലത്തു് ഒരടി കാട്ടുക കൂടി വയ്യ. ശങ്കിച്ചു നിന്നുപോയാൽ തോക്കിൻെറ ചട്ട കൊണ്ടു ഇടികൊള്ളും. പ്രാണന്റെ ബലം ഒന്നുകൊണ്ടുമാത്രം ഞാൻ ജയിലിൻെറ പടിക്കൽ എത്തി. തടവുകാരുടെ കൂട്ടത്തിൽ എന്നേയും അവിടെ 'ഫയൽ' ഇരുത്തി. ജയിലിൻെറ പടിവാതിൽ തുറന്നുവെച്ചിരിക്കുന്നു. വാർഡർമാർ അനവധി അവിടെ കൈതിരുമ്മി നിൽക്കുന്നു. മനുഷ്യനെ പച്ചതിന്നുന്ന ദേവത—ജയിൽ— വാ പൊളിച്ചു നില്ക്കുന്നു. പല്ലുകൾ ഉരുമ്മുന്നു. ഭീഷണികൾ ഇരമ്പുന്നു. തടവുകാരെ വാർഡർമാർ എണ്ണുമെടുക്കുന്നു. ഓരോരുത്തരെയായി അറക്കുവാൻ കൊണ്ടുപോകുന്നു. മുമ്പിൽ നില്ക്കുന്നവരെ ഓരോരുത്തരെ പിടിച്ചു് ജയിലിൻെറ പടിപ്പുരയിലേയ്ക്കു് കടത്തുന്നു. അവിടെവെച്ചു ചോദ്യം ചെയ്യുന്നു. ബേററൺ വടി വലിച്ചു് കുത്തുന്നു. കൈ ഓങ്ങി അടിക്കുന്നു. കാൽ എടുത്തു് ഊന്നിച്ചവിട്ടുന്നു. കഠിനകൈകൾ മുറുക്കുന്നു. കഠോരന്മാർ തകർക്കുന്നു. കരുണരോദനം മുഴങ്ങുന്നു. കരുണാനിധി ഉറങ്ങുന്നു. എൻെറ അടുത്തിരുന്ന ഒരു തടിയൻ മാപ്പിളയെ പിടിച്ചുകൊണ്ടുപോകുന്നു. അവൻെറ നേക്കു് കയ്യോങ്ങുവാൻ തുടങ്ങിയപ്പോഴേയ്ക്കും അവൻ ഈവക ഉപദ്ര

വങ്ങൾ ഒഴിച്ചുകിട്ടുവാൻവേണ്ടി തന്നത്താൻ തിരിഞ്ഞു് മറിഞ്ഞു് വീഴുന്നു ഇതുകണ്ടു് ത്തുക്കാരൻെറ ചിരിപോലെ ഒരു വിസ്ഥിച്ചിരി എൻെറ ഹൃദയത്തിൽ തിളക്കുവാൻ പുറപ്പെടുന്നു. ഈ സമയം എൻെറ കയ്യും ഒരു വാർഡർ വന്നു പിടിക്കുന്നു ആ പടിപ്പുരയിലേയ്ക്കു് വലിക്കുന്നു. പടിപ്പുരയിൽ കടത്തിയ ഉടനെ എന്നെ അയാൾ പിടിച്ചുതള്ളുന്നു. ഞാൻ വീണു. എൻെറ മുണ്ടഴിയുന്നു. പൂണൂൽ വലിക്കുന്നു. കോണകം ചരടോടുകൂടി പൊട്ടിച്ചുകളയുന്നു. പൂണൂൽ പൊട്ടുന്നില്ല. പൊട്ടിയതുമില്ല ഇതിനിടയിൽ ആരോ അരുതെന്നു് വിലക്കുന്നു. എന്നെ പിടിച്ചു് പൊന്തിച്ചു് നിർത്തുന്നു. മുണ്ടുമാത്രം കയ്യിലേൽപ്പിക്കുന്നു. ജയിലിൻെറ ഉള്ളിലേക്കു് കൊണ്ടുപോകുന്നു. രണ്ടുകയ്യും രണ്ടു വാർഡർമാർ പിടിക്കുന്നു. പിടന്നക്കു് ഇടവിടാതെ പിടയ്ക്കുന്നു. അവരുടെ കൈകൾ ഉളുക്കുന്നു. അപ്പോഴതാ ആ വഴിക്കുവന്നിരുന്ന ഒരു ചെറുപ്പക്കാരൻ വാർഡരെ വിളിക്കുന്നു. അയാൾ പിന്നിൽനിന്നും എൻെറ കഴുത്തിന്നുമീതെ ഇടവിടാതെ അടിക്കുന്നു. എന്നെ ഓടിക്കുന്നു. മനുഷ്യവേട്ടയിൽ അവർ ലഹരികൊള്ളുന്നു. ഞാൻ ഇങ്ങനെ കുറച്ചു് തീപാലത്തിന്മേൽകൂടി ഓടിയപ്പോൾ ഒരു തടവുമുറിയിലെത്തി. അവിടെ വെച്ചു് ചെകടത്തു് ഒരടികൂടി പൊട്ടി. ഞാൻ വീഴുന്നു. വാർഡർമാർ കോലാഹലത്തോടെ മടങ്ങിപ്പോയി. പോകുന്നസമയം അവർ വാതിൽ പൂട്ടുകയും ചെയ്തു. എൻെറ പഞ്ചേന്ദ്രിയങ്ങളുടെ ചേഷ്ടവിട്ടു് മയങ്ങിക്കിടപ്പായി.

ഷൊറണ്ണൂർവെച്ചു് എനിക്കു് സഹായത്തിന്നുവരുന്ന ആരെങ്കിലും ചിലരെ കാണാമെന്നു് കരുതിയിരുന്നു. എന്നാൽ കണ്ടില്ല. പിന്നീടു് കോയമ്പത്തൂർ എത്തുമ്പോഴേയ്ക്കും അവിടെ ആൾ ഉണ്ടാകുമെന്നു് കരുതി. അവിടേയും ആരേ

യും കണ്ടില്ല. ഇനി എന്തുചെയ്യട്ടെ? കിട്ടുന്നതു ഭക്ഷിക്കുക തന്നെ. ജീവൻ കിടക്കണ്ടേ?

കുറച്ചുകഴിഞ്ഞപ്പോൾ കുറച്ചുചോറും കറിയും ഒരു താമ്പാളത്തിൽ ഒരാൾ കൊണ്ടുവന്നു വെച്ചു. അതിന്നു ചോറെന്നോ, കറിയെന്നോ പറയുന്നതു് കഷ്ടമാണു്. അടുത്തുചെന്നാൽ ദുർഗ്ഗന്ധംകൊണ്ടു് മൂക്കടെയ്ക്കും. വായിലേക്കു് കാട്ടിയാൽ ദുസ്വാദുകൊണ്ടു് ഓക്കാനിക്കും. എങ്കിലും ജീവനെക്കൊതിച്ചു് ആ സാധനം അല്പം വായിൽ വെച്ചുനോക്കി. ഇറങ്ങിയില്ല. വെള്ളം മുഴവൻ കുടിച്ചു. ഞാൻ അവിടെ ചേഷ്ടകൾ അടങ്ങി കിടപ്പായി. ആകപ്പാടെ ഒന്നു മയങ്ങി. മയക്കത്തിൽനിന്നു് ഒന്നു് ഉണൎന്നപ്പോൾ നേരം രാത്രിയായിരുന്നു. ദേഹമാസകലം കടയുന്നു. കാൽ ചുളുചുളെ കുത്തുന്നു. കഠിനമായി പനിക്കുന്നു. സിമിൻറിട്ട വെറുംനിലത്താണു് കിടപ്പു്. എഴുന്നേൽക്കുവാൻ വയ്യ. ദാഹിച്ചു് തൊണ്ടവരണ്ടു് ഇപ്പോൾ ചാവും എന്നു് തീൎച്ചപ്പെട്ടുതുടങ്ങി. 15 മിനിററു കൂടുമ്പോൾ കാവൽക്കാരുടെ വിളക്കു് കാണാം. വെളിച്ചം വരുമ്പോൾ "ഇത്തിരി വെള്ളം തരണേ"! എന്നു ഞാൻ നിലവിളിക്കും. "ചെത്തം പോടാതെ" എന്നുപറഞ്ഞു് ആ വിളക്കു് മറഞ്ഞുപോകയും ചെയ്യും. ആ രാത്രിയും വെളിച്ചാകാതിരുന്നില്ല. പിറേറന്നു കാലത്തു് ഒരു വാർഡർ എൻെറ മുറിയിൽ കടന്നുവന്നു. എന്നോടു് എഴുന്നേററു് തലേദിവസത്തെ എച്ചിൽ ചോറു് എടുത്തു് പുറത്തുകളയുവാൻ പറഞ്ഞു. എനിക്കു് എഴുന്നേല്ക്കുവാൻ വയ്യ എന്നു് ഞാനയാളോടു നാവിൻെറ ചോടെ പറഞ്ഞു. അയാൾ അതിന്നു് മറുപടിയായി ബാററൺ വടി ഓങ്ങി. എൻെറ പ്രാണൻ എഴുന്നേററു. എങ്ങിനെയോ ആ എച്ചിൽ ഞാൻതന്നെ പുറത്തേക്കു് കൊണ്ടുവെച്ചു. ഉടൻതന്നെ

അയാൾ എന്നെ എൻെറ മുറിയുടെ അകത്തേക്കു് ആക്കു കയും ചെയ്തു.

രണ്ടുനാലു ദിവസത്തേയ്ക്കു് എനിക്കു് എന്തെന്നില്ലാത്ത തളർച്ചയുണ്ടായിരുന്നു. ഞാൻ അവിടെവെച്ചുതന്നെ കഴിയും, നാട്ടിലേക്കു മടങ്ങുകയുണ്ടാവില്ല എന്നു് ഞാൻ തത്സമയത്തു് വിചാരിക്കുകയും കൂട്ടത്തിലുള്ളവരോടു് പറയുകയും ചെയ്തിരുന്നു. ഭക്ഷണം യാതൊന്നും ചെല്ലുന്നില്ല. ജയിലിലെ ചിട്ട – മൂന്നുനേരം ഭക്ഷണമാണു് – രാവിലെ കഞ്ഞി, ഉച്ചക്കും വൈകുന്നേരം 5 മണിക്കും ഊണു്–ഇതായിരുന്നു. കോയമ്പത്തൂരിൽ രാവിലേയും ഉച്ചയ്ക്കും കോറയായിരുന്നു ഭക്ഷണം–കോറയായാലും ശരി, ചോറായാലും ശരി അവിടുത്തെ ഭക്ഷണം വായിലേക്കു കാട്ടുവാൻ മാത്രം വയ്യ. കുട്ടാനിലെ പരിപ്പിൻെറ നാലു മണി മാത്രം എൻെറ വയററിലേക്കു് അതാതുനേരം ചെന്നിരുന്നു. ക്രമേണ ഭക്ഷണം ചെന്നുതുടങ്ങി. ക്ഷീണം ചുരുങ്ങി. കാലിന്മേൽ ഉണ്ടായിരുന്നമുറി ഉണങ്ങി. യൂറോപ്യന്മാർക്കു് എന്നെക്കണ്ടു് ഒരാശ്ചര്യമായി. ഞാൻ നാട്ടിലെ സംഭവങ്ങൾ സ്വപ്നം കണ്ടുതുടങ്ങി–.നാട്ടിലേക്കു മടങ്ങിപോകുവാൻ സാധിക്കുമെന്നു് ഒരു ആശ വന്നുതുടങ്ങി. തടവുമുറിയിലിരുന്നു് നേരം പോകാതായി. ദിവസത്തിന്നു് 36 മണിക്കൂറുകൾ ഉണ്ടെന്നു് തോന്നിത്തുടങ്ങി. വൈകുന്നേരമായാൽ പിന്നിലെ മുറിയിൽനിന്നു് കുറെ തടവുകാർ പാട്ടും താളവും ആരംഭിക്കും. "ഒമക്കു് എത്തിന വഷം" എന്നു ഞാൻ അപ്പോൾ അവരോടു ചോദിക്കും. 16 വഷം, 20 വഷം എന്നെല്ലാം മറുപടിയും കിട്ടും.

കൊലക്കുററക്കാർ എനിക്കു പരിചിതന്മാരായി. ലഹളത്തടവുകാർ മലബാറിൽനിന്നും വദ്ധിച്ചുവന്നുതുടങ്ങിയപ്പോൾ ഒരു മുറിയിൽ അഞ്ചും ആറും പേരെ ഇട്ടുതുടങ്ങി.

അതിൽ ചിലർ അശേഷം ധൈര്യമില്ലാത്തവരും ഉണ്ടാവും. "കപ്പലിൻെറ അടിപ്പലക ഊരിക്കളയുമോ, ഇവിട്ടന്നെ" എന്നു് അതിൽ എൻെറ മുറിയിൽ ഉണ്ടായിരുന്ന ഒരാൾ കേണുതുടങ്ങി. തടവുകാരെ ഒന്നിച്ചു കപ്പലിൽ കേററി കപ്പലിൻെറ അടിപ്പലക ഊരിക്കളഞ്ഞു് മുക്കിക്കൊല്ലുമെന്നു് അന്നൊരു ഭീഷണി എസ്കോർട്ടു പോലീസ് പറഞ്ഞിരുന്നു. എൻെറ കൂട്ടത്തിലുണ്ടായിരുന്ന വളപ്പിൽ അച്ചുതൻനായരാണു് ഈ ഭയം എന്നോടു് പ്രകടിപ്പിച്ചതു്.

ജയിലിലെ മേലുദ്യോഗസ്ഥന്മാർ ദിവസത്തിൽ ഒരു തവണയോ, രണ്ടുതവണയോ ഞങ്ങൾ കിടക്കുന്ന മുറിയുടെ മുൻവശത്തുവന്നു് ഞങ്ങളെ എത്തിനോക്കും. ഒരുദിവസം ഞാൻ എനിക്കു വായിക്കുവാൻ ഒരു ബുക്കു് ജയിലരോടാവശ്യപ്പെട്ടു. അയാൾക്കു് അതൊരു പുച്ഛമായിട്ടാണു് തോന്നിയതു്. അയാൾ പുച്ഛം ഭാവിച്ചു് പിറുപിറുത്തുപോകയും ചെയ്തു.

ജയിൽ പൊളിച്ചു് ഞങ്ങളെയെല്ലാം വിട്ടുകൊണ്ടുപോകുവാൻ മലബാറിൽ നിന്നും ലഹളക്കാർ കോയമ്പത്തൂരിലേക്കു് വരുന്നുണ്ടെന്ന വർത്തമാനം അവിടെ പരന്നിരിക്കുന്നുവെന്നു് ഞങ്ങളെ കാത്തുനിന്നിരുന്ന ഒരു വാർഡൻ ഞങ്ങളോടു പറഞ്ഞു. ഞങ്ങൾക്കതു് വിശ്വാസം വന്നില്ല. എന്നാൽ കോയമ്പത്തൂർകാർ അതിലല്പം ഭയപ്പെട്ടതു് ഒരു വാസ്തവമാണു്.

"ഞങ്ങൾ കോൺഗ്രസ്സുകാരല്ല; വെറും ലഹളക്കാരാണു്" എന്നു് പേപ്പറിൽ അടിച്ചു വരുന്നുണ്ടെന്നു് പിന്നൊരു ദിവസം ഞങ്ങളെ കാത്തിരുന്ന വാർഡൻ പറഞ്ഞു. ഇതു കേട്ടപ്പോൾ എനിക്കു് മനസ്സിന്നല്പം കുണ്ഠിതം തോന്നി. അതുവരെ ഞാൻ കരുതിയിരുന്ന രക്ഷ കോൺഗ്രസ്സിൻെറ

പിൻബലമാണു്. ലഹളയുടെ പേരിൽ, കോൺഗ്രസ്സുകാരു ടെ മേൽ നടത്തുന്ന പോലീസ്മർദ്ദനത്തെ കോൺഗ്രസ് എതിക്കുമെന്നായിരുന്നു എൻെറ വിശ്വാസം. ഇനി എനി ക്കു് ബന്ധുബലം മാത്രമേ ശേഷിപ്പുള്ളൂ.

ആലിമുസലിയാരേയും കൂട്ടുകാരേയും ഞങ്ങളേയും ജയി ലിൽ ഒരു ബ്ളോക്കിലാണിട്ടിരുന്നതു്. ആ ബ്ളോക്കിൽ രണ്ടുവരികളായിട്ടാണു് തടവുമുറികൾ. അതിൻെറ ഒരു ഭാഗ ത്തു് പൈപ്പുവെള്ളമുണ്ടു്. അവിടെ ഞങ്ങൾ എല്ലാവ രും കാലത്തു് ഒരുമിച്ചു് ഒത്തുകൂടും. തത്സമയം ഞങ്ങളെ കാ ണുവാൻ യൂറോപ്യന്മാരും ചട്ടക്കാരും ഉദ്യോഗസ്ഥരായ നാടൻ ദൊര മാരും മററും വരുന്നതു പതിവാണു്. എന്നെ ചൂണ്ടിക്കാ ണിച്ചു് ഞാനൊരു ബ്രഹ്മണനാണെന്നവർ പറയും. മുസ ലിയാരുടെ കൂട്ടുകാരെ ചൂണ്ടിക്കാണിച്ചു് അവർ ഭയങ്കരന്മാ രാണെന്നും പറയും. അതിൽ ഒരു വട്ടത്താടിക്കാരനുണ്ടായി രുന്നു. ആൾ കാഴ്ചയിൽ ഭയങ്കരനാണു്. അയാളുടെ നേക്ക് ചൂണ്ടി "അയാൾ ഒരു നരിയാണു്; ഒരു കരടിയാണു്" എന്നൊക്കെ അവർ തമ്മിൽ ഇംഗ്ലീഷിൽ പറയും. അവർ പോയാൽ ഞാൻ അവർ പറഞ്ഞ വിവരം അയാളോടു പറ യും. "ഞാനൊരു നരിയും കരടിയുമൊക്കെയാണു്. ഞാൻ എത്ര ആളുകളെയാണു് പിടിച്ചു തിന്നിരിക്കുന്നതു്."

വെള്ളം പിടിച്ചിരുന്ന സ്ഥലത്തു വെച്ചു് 31-ാംനു തി രൂരങ്ങാടിയിൽ നടന്ന വെടിവെപ്പിനെപ്പററി മുസലിയാരു ടെ കൂട്ടുകാർ തമ്മിൽ കൂട്ടം കൂടുന്നതു് കേട്ടിരുന്നു. "അപ്പോ ഴം പറഞ്ഞു അങ്ങോട്ടു വെടി വെക്കേണ്ട എന്നും" അതി ലൊരാൾ പറഞ്ഞു. എന്താ പറയുന്നതു് എന്നു് ഞാൻ ത ത്സമയം അവരോടു ചോദിച്ചു. "വെറുതെ അങ്ങോട്ടു നാ ലുവെടി പൊട്ടിച്ചു. ഇങ്ങോട്ടു വെടി തുടങ്ങിയപ്പോൾ ആ

ളുകൾ ചത്തുവീണുതുടങ്ങി. അവസാനം വെള്ളക്കൊടി കാട്ടുകയും ചെയ്തു. ഈ വെള്ളക്കൊടി കാട്ടിയതു് ആദ്യമായിരുന്നുവെങ്കിൽ ഈ അനത്ഥങ്ങൾ ഒന്നും ഉണ്ടാകുമായിരുന്നില്ല." എന്നയാൾ എന്നോടു പറഞ്ഞു. മേൽപ്പറഞ്ഞ വട്ടത്താടിക്കാരനാണതുപറഞ്ഞതു്.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ശ്രീ. എം. പി. നാരായണമേനോനെ ഞങ്ങളുടെ ബ്ളോക്കിൽ കൊണ്ടുവന്നാക്കി. അവിടെ ഒരു പ്രാവശ്യം അദ്ദേഹത്തെ ഞങ്ങളുടെ കൂട്ടത്തിൽ ഫയൽ ഇരുത്തി, എൻെറ അടുത്താണു് അദ്ദേഹത്തെ ഇരുത്തിയതു്. എന്തു കുററമാണു് എൻെറ പേരിൽ പോലീസുകാർ വെയ്ക്കുവാൻ ഇടയുള്ളതെന്നും ഞാൻ അദ്ദേഹത്തോടു ചോദിച്ചു. ചെർപ്പുളശ്ശേരിയിൽ എന്തെല്ലാമാണു് നടന്നതെന്നു് അദ്ദേഹം എന്നോടു ചോദിച്ചു. മരം മുറി, പാലം പൊളി, പോലീസ് സ്റ്റേഷൻ കയ്യേററം മുതലായവയാണു് അവിടെ നടന്നതെന്നു് ഞാൻ സമാധാനം പറഞ്ഞു. "അതിൽ പാലം പൊളിയാണു് ഏററവും വലിയ കുററം. അതായിരിക്കും നിങ്ങളുടെ പേരിൽ വെയ്ക്കുക. നിങ്ങൾ ചെർപ്പുളശ്ശേരിയിലെ ലഹളത്തലവനാണെന്നു് പേരു പരത്തിയിരിക്കുന്നു. ഞാനും അതു കേട്ടിട്ടുണ്ടു്." എന്നദ്ദേഹം എന്നോടു പറഞ്ഞു. അദ്ദേഹത്തെ അടുത്ത ദിവസം തന്നെ യൂറോപ്യൻ വാർഡിലേക്കു് മാററിത്താമസിപ്പിച്ചു.

## കേസ്സുവിചാരണ:

സപ്തമ്പർ 1-ാംനു-യാണു് എന്നെ പിടിച്ചതു്. 17-ാം തിയ്യതിയാണു് പാലക്കാട്ടു കേസ്സു വിചാരണക്കു് വെച്ചിരിക്കുന്നതു്. അന്നു കാലത്തു ഞങ്ങളെ കോയമ്പത്തൂരിൽ നിന്നും പാലക്കാട്ടേയ്ക്കു കൊണ്ടുപോയി. കോടതിയിൽ കേസ്സു

നടത്തുവാൻ കുടുംബക്കാർ ഒരുങ്ങി വന്നിട്ടുണ്ടാകുമെന്നായിരുന്നു എൻേറയും കൂട്ടുകാരുടേയും ആശ. ഒലവക്കോട്ട സ്റ്റേഷനിൽ ഞങ്ങളെ കാത്തു ഞങ്ങളുടെ ബന്ധുക്കൾ നില്ക്കുന്നുണ്ടായിരിക്കും എന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. അവിടെ ആരേയും കണ്ടില്ല. മനസ്സിന്നു കുണ്ഠിതം തോന്നി. നാട്ടിൽ ജനങ്ങൾ അത്രമാത്രം ഭയപ്പെട്ട വിവരം ഞങ്ങൾ അറിഞ്ഞിരുന്നില്ല. പോലീസിനെ ഭയപ്പെട്ടാണു് അവർ ഞങ്ങളെ തിരഞ്ഞുനോക്കാതിരുന്നതു്.

പകൽ രണ്ടുമണിക്കു് കേസ്സെടുത്തു. എന്നെ മാത്രം പുറത്തിരുത്തി. ബാക്കിപേരെ ഒന്നിച്ചു് വിചാരണ ചെയ്തു. അതിൽ ഒരാളെ കോഴിക്കോട്ടേയ്ക്കു് സെഷൻസിലേക്കു് കമ്മിററു ചെയ്തു. ബാക്കിയുള്ളവരെ ഈരണ്ടു കൊല്ലം വീതം ശിക്ഷിച്ചു. അവരെ കോടതിയിൽ നിന്നു പുറത്തുകൊണ്ടുവന്നു.

എന്നെ കോടതിയിൽ കൂട്ടിൽ കയററി. രണ്ടു് ഹെഡ്കോൺസ്റ്റബിൾമാരും, രണ്ടു കോൺസ്റ്റബിൾമാരും അന്യായഭാഗം സാക്ഷിപറഞ്ഞു. കാക്കത്തോട്ടു് പാലം പൊളിക്കുന്ന സമയത്തു് ഞാനവിടെ നിന്നിരുന്നു എന്നായിരുന്നു അവരുടെ വായ്മൊഴി. ഈ സമയത്തു മാത്രമേ എൻെറ പേരിൽ ചുമത്തിയ കുററം എന്താണെന്നു് എനിക്കു് മനസ്സിലായുള്ളു. സാക്ഷികളെയെല്ലാം വിസ്തരിച്ചു കഴിഞ്ഞു. ജഡ്ജി മിസ്റ്റർ ക്രോംബി ഒരു യൂറോപ്യനായിരുന്നു. അദ്ദേഹത്തിനു് ആലോചനയായി. അദ്ദേഹം പെൻസിലിൻെറ കട ഒന്നു കടിക്കും. ഇടയ്ക്കിടെ എൻെറ മുഖത്തേക്കു് ഒന്നു ഓട്ടക്കണ്ണിട്ടു നോക്കും. 'ഈശ്വരി! രക്ഷിക്കണേ!' എന്നായിരുന്നു തത്സമയം എൻെറ പ്രാർത്ഥന. അന്നു ഞാൻ സഗുണോപാസനയിൽ വിശ്വാസിയായിരുന്നു. ഇത്തരത്തിൽ കുറച്ചു

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ എന്നെയും സെഷൻസിലേക്ക കമ്മിററു ചെയ്തു. ആ ഓർഡറിൽ ഞാൻ യാതൊരു കുററവും ചെയ്തതായി കാണുന്നില്ലെന്നും സംഭവം കാണുവാൻ വന്നു നില്ക്കുന്ന ആളാണോ ഇദ്ദേഹം എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു എന്നും ശരിയായി വിചാരണ നടത്താതെ ഇദ്ദേഹത്തെ ശിക്ഷിച്ചു കൂടാ എന്നും കൂടി എഴുതിയിരുന്നു.

കോൺഗ്രസ്സിൻെറ പിൻബലം ഇല്ലെന്നു് ഇതിനുമുമ്പു് മനസ്സിലായിക്കഴിഞ്ഞു. ഇപ്പോൾ അവശിഷ്ടമായ ബന്ധുബലവും നഷ്ടപ്പെട്ടു. അനാഥക്കു് ദൈവം തുണ!

പാലക്കാട്ട് ജയിലിലേയ്ക്കു്:

ശിക്ഷിച്ചവരെയെല്ലാം കൂട്ടം പിരിച്ചു കൊണ്ടുപോയി. ഞാനും, സെഷൻസിലേക്ക കമ്മിററു ചെയ്ത ഒരെഴുത്തച്ഛനും ബാക്കിയായി. നേരം സുമാർ സന്ധ്യയായി. അന്നു കാലത്തു് നാഴിക്കഞ്ഞിയുടെ വെള്ളം മാത്രമാണു് ഞാൻ കഴിച്ചിട്ടുള്ളതു്. വേറെ ജലപാനം ചെയ്തിട്ടില്ല. മനസ്സു് ഉഷ്ണിക്കുന്നുണ്ടു്. വയററിൽ വിശപ്പു് കത്തിയമന്നിരിക്കുന്നു! ഞങ്ങൾ രണ്ടു പേരുടേയും കൈകൾ കൂട്ടി ആമം വെച്ചു്, പാലക്കാട്ടുജയിലിലേയ്ക്കു് സുൽത്താൻ പേട്ടങ്ങാടിയിൽക്കൂടി നടത്തി. വഴിയിൽ നില്ക്കുന്നവർ എന്നെ പകച്ചു നോക്കിയിരുന്നു. എൻെറ വാടിയ മുഖം, ചപ്രക്കുട്ടുമ, മാറിലെ പൂണുൽ, കൈയിലെ ആമം എല്ലാം കൂടി കാണുമ്പോൾ റോഡിൽ നോക്കി നില്ക്കുന്ന ജനങ്ങൾക്കു് അനുതാപമോ, ഭയമോ എന്തൊക്കെ വികാരങ്ങളാണു് അവരുടെ ഉള്ളിൽ കിടന്നു മറിയുന്നതെന്നു് അവരുടെ മുഖത്തുനിന്നും പകന്നെടുപ്പാൻ പ്രയാസം. ആകെക്കൂടി അവർ ഒന്നു ഞെട്ടും. ഞാൻ ഒരു നമ്പൂതിരിയാണെന്നും, അന്നു് ഭക്ഷണം കിട്ടാതെ പട്ടിണിയാണെന്നും മനസ്സിലായപ്പോൾ ഒരു ചെട്ടിയാർ എനിക്കു് ഒരു

നേന്ത്രപ്പഴവും, ഒരു ഗ്ലാസ്സ് ചായയും വാങ്ങിത്തന്നു. അതിന്റെ പകുതി ഞാൻ കഴിച്ചു. പകുതി കൂട്ടുകാരന്നു് കൊടുത്തു. അന്നു രാത്രി ഞങ്ങളെ പാലക്കാട്ടു സബ് ജയിലിൽ ഇട്ടു പൂട്ടി.

സപ്തമ്പർ 18-ാംനു- നേരം പ്രകാശമായി. ഞങ്ങളെ പൂട്ടിയിട്ടിരുന്ന മുറിയുടെ അടുത്ത മുറിയിൽ നിന്നു് ഞങ്ങളുടെ കൂട്ടത്തിൽ നിന്നും തലേന്നു ശിക്ഷിച്ചവരെ പുറത്തുവിട്ടു. "ഞങ്ങളെ ഇതാ ശിക്ഷിച്ചുകൊണ്ടു പോകുകയായി", എന്നു് എന്നെ അവർ യാത്ര നോക്കി. "എന്റെ കഥയെന്തോ?" എന്നു ഞാൻ അനുയാത്രയും നോക്കി. കുറച്ചുകഴിഞ്ഞപ്പോൾ ഞങ്ങളെ പുറത്തുവിട്ടു. മുറിക്കു പുറത്തു കടന്നപ്പോൾ ഞാൻ ഞെട്ടിപ്പോയി. പോലീസുകാർ തടവുകാരെ ചതക്കുന്ന ജയിലായിരുന്നു പാലക്കാട്ടു് സബ്ജയിൽ. ഞങ്ങളുടെ അടുത്തു നിന്നു് സുമാർ 10 വാര അകലെയായി രണ്ടുപേർ നില്ക്കുന്നു. അവരുടെ വേഷവും ഭാവവും മററുള്ള തടവുകാരുടേതിൽ നിന്നു് വ്യത്യാസപ്പെട്ടതാണു്. മണ്ണാർക്കാട്ടു് ഇളയനായർ അവർകളും, കൃഷ്ണനുണ്ണിനായർ അവർകളും ആയിരുന്നു അതു്. ഞാൻ അവരെ ഒന്നു തല ചരിച്ചു നോക്കി. "എവിടേക്കാ നോക്കണേ"? അപ്പോഴേക്കും ഒരു പോലീസുകാരൻ എന്റെ നേക്കു് കുരച്ചു. ഞങ്ങൾ തമ്മിലുള്ള ആ ദൃഷ്ടിപാതം പോലീസിന്റെ കോൽച്ചങ്ങല കൊത്തിനുറുക്കുവാൻ പര്യാപ്തമാകുമെന്നു് അന്നു ഈശ്വരന്നുമാത്രമറിയാമായിരുന്നു.

തടവുകാരെ ജയിലിന്റെ നടുമുററത്തുനിന്നും പുറത്തു കടത്തി. ഈരണ്ടാളുകളെ വരിവരിയായി ഇരുത്തി. പോലീസുകാർ എന്റെ മുമ്പിൽ ഇരിക്കുന്നവരെ ചതച്ചു തുടങ്ങി എന്റെ കൂട്ടുകാരന്റെ പുറത്തു് ഒരു പോലീസുകാരൻ പുറംകാലുകൊണ്ടു് 'ഡും' എന്നു് ഒന്നു വീക്കി. എനി

ക്കു ഉള്ള ഒട്ടാകെ ഒന്നു കലങ്ങി. തടവുകാരെ കക്കൂസിലേക്കു വിട്ടതായിരുന്നു. എനിക്കു ഒന്നും കൂടാതെ മുറിയിൽ എത്തിക്കൂടിയാൽ മതിയെന്നായി.

വീണ്ടും ഞങ്ങളെ മുറിയിൽ ഇട്ടു പൂട്ടി. സമയം ഉച്ചക്കു 11 മണിവരെ ഞങ്ങൾ അതിൽ കിടന്നു. അതിനിടക്കു പലരും ഞങ്ങളെ വന്നു നോക്കിയിരുന്നു. അപ്പോത്തിക്കരി കൃഷ്ണനായിരുന്നു ആ കൂട്ടത്തിൽ പ്രധാനി. അദ്ദേഹം എന്നെ പൂട്ടിയ വാതിലിന്നടുക്കലേക്കു വിളിച്ചു. ഞാൻ അടുത്തു ചെന്നു. അതൊരു അഴിവാതിലാണു്. അദ്ദേഹം അതിൽക്കൂടി കയ്യിട്ടു് ഞാൻ ചുററിയ മുണ്ടു് പിടിച്ചു നോക്കി. "ഇതു ഖദറാണോ" എന്നു് അദ്ദേഹം എന്നോടു് പുച്ഛത്തോടെ ചോദിച്ചു. "ഖദർ കിട്ടിയില്ല, സ്വദേശിയാണെ"ന്നു് ഞാൻ കൂസൽ കൂടാതെ മറുപടി പറഞ്ഞു. എനിക്കു് കൂസലില്ലെന്നു കണ്ടു് അദ്ദേഹം വീണ്ടും എന്നോടു് ചോദിച്ചു: "സപ്തമ്പർ 30-ാംനു-ക്കള്ളിൽ തൂക്കിക്കളയുമോ എന്നു മാത്രമേ ഭയമുള്ളൂ! അല്ലേ! ഒക്ടോബർ 1-ാംനു- സ്വരാജ്യം കിട്ടുകയായല്ലോ" എന്നദ്ദേഹം എന്നെ പുച്ഛിച്ചു. "തൂക്കിക്കൊല്ലുന്നതിനും എനിക്കു് ഭയമില്ല" എന്നു ഞാൻ മറുപടിയും പറഞ്ഞു.

"അത്യുത്സാഹംകൊണ്ടു് ചെറുപ്പക്കാർ കഷ്ടത്തിൽ ചെന്നു ചാടുന്നു" എന്നദ്ദേഹം അനുഭാവവും പ്രകടിപ്പിച്ചു.

സമയം ഉച്ചക്കു് 11 മണി കഴിഞ്ഞപ്പോൾ ഞങ്ങളെ ഊണിന്നു് ഒരു മണ്ടപ്പുരയിലേക്കു് കൊണ്ടുപോയി അവിടെയിരുത്തി. തടവുകാർ എല്ലാവരുംകൂടി ഉണ്ണുവാനിരിക്കുന്നു. പോലീസുകാർ തടവുകാരുടെ തലപിടിച്ചു് ചുമരിന്മേൽ "ഡും, ഡും" എന്നു മുട്ടുന്നു. ഇതാ ഒരു പോലീസ്സുകാരൻ എൻെറ ചപ്രത്തല പിച്ചിപ്പിടിക്കുന്നു. വലത്തെ

കൈകൊണ്ടു് എൻെറ ചെകിടത്തേക്കു് ഓങ്ങുന്നു. "ഈശ്വരീ" എന്നു ഞാൻ കണ്ണടച്ചു് കൈകൂപ്പി സർവ്വശക്തിയിൽ മനസ്സുറപ്പിച്ചിരുന്നു. "ഛരി! അരുതു്" എന്നു് മറ്റൊരു പോലീസുകാരൻ വിലക്കുകയാൽ അയാൾ കുറെ അസഭ്യം പുലമ്പിക്കൊണ്ടു് മാറിപ്പോയി. അല്പം വററു് എൻെറ പിഞ്ഞാണത്തിൽ കൊണ്ടുതള്ളി. അതിൽ ഒപ്പത്തിനൊപ്പം കല്ലുണ്ടു്. ഞാൻ അതു് ഒരു പിടിയെടുത്തു് വായിലിട്ടു. അതു് ഇറങ്ങുന്നില്ല. ഭയംകൊണ്ടു് കണ്ണു മങ്ങി സ്തംഭിച്ചിരിക്കുന്നു. നെഞ്ഞടഞ്ഞിരിക്കുന്നു. അല്പം പച്ചവെള്ളം എനിക്കു കൊണ്ടുവന്നു തന്നു. അതുമാത്രം കുടിച്ചു ഞാൻ എഴുന്നേററു. വീണ്ടും എന്നേയും എൻെറ കൂട്ടുകാരേയും ഒരു മുറിയിലിട്ടു പൂട്ടി. "ഈശ്വരീ എന്നെ ഒരു നിമിഷമെങ്കിലും ഇവിടെ വെക്കരുതേ" എന്നു പ്രാർത്ഥിച്ചുകൊണ്ടു് മലർന്നു കിടന്നു. ഉടനെ ഒന്നു മയങ്ങി. പാലക്കാട്ടു്, ഒററപ്പാലം, തിരൂർ എന്നീ സബ് ജയിലുകളിൽ ലഹളക്കാലത്തു് നരബലിതന്നെയായിരുന്നുവെന്നു് പരക്കെ ഒരു ശ്രുതി ഉണ്ടായിരുന്നു.

## കോഴിക്കോട്ട് സബ്ജയിലിലേക്കു്:

അരമണിക്കൂർ കഴിഞ്ഞു. പോലീസുകാർ ഞാൻ കിടന്നിരുന്ന മുറിയുടെ വാതിൽ തുറന്നു. എന്നേയും കൂട്ടുകാരേയും കൊണ്ടുപോകുകയായി എന്നു് എന്നോടവർ പറഞ്ഞു. ഞങ്ങളെ ഇരുവരേയും കൂട്ടി ആമംവെച്ചു് തീവണ്ടിയിൽ കൊണ്ടുവന്നു കയററി. ഒലവക്കോട്ടുനിന്നു് വണ്ടി ഓരോ ആപ്പീസായി കടന്നു പോന്നു തുടങ്ങി. ആപ്പീസുകളിൽ വണ്ടിയെ സ്വാഗതം ചെയ്യുവാനായി സ്റ്റേഷൻ മാസ്റ്ററും കൊടിയും മാത്രമേയുണ്ടായിരുന്നുള്ളു. ഇടക്കു ചില സ്റ്റേഷനുകളിൽ ഒന്നോ രണ്ടോ ആളുകൾ മാത്രം വന്നു കയറും.

അവർ പൂച്ച എലിയെ പിടിക്കാൻ പോകുന്ന മാതിരി പാളി പതുങ്ങി വന്നു കയറും. തീവണ്ടിയിലെ യാത്രക്കാക്ക്, എട്ടത്ത നാവിന്നു് പോലീസ്സുകാരെ പൊന്തിയ്ക്കലാണും ജോലി. രണ്ടാമതൊരു വാക്കുണ്ടെങ്കിൽ അതു തങ്ങൾ കഷ്ടത്തിൽപ്പെടാതെ കഴിച്ചതിനെപ്പററിയുള്ള മേനിയാണു്.

വണ്ടി പട്ടാമ്പി സ്റ്റേഷനിലെത്തി. ഒരാൾ അതിൽ വന്നുകയററി. അയാൾ പടിഞ്ഞാറെ നാട്ടിലുള്ള ഒരു മേനോനാണു്. എൻെറ സ്നേഹിതൻ മേലേടത്തിൻെറ കാര്യസ്ഥനമാണു്. അയാൾ എന്നെ കേട്ടറിയുകയേയുള്ളു. അദ്ദേഹം എന്നെ കണ്ടപ്പോൾ ഇതാരാണെന്നന്വേഷിച്ചു. എൻെറ പേർ പോലീസുകാർ പറഞ്ഞു. "പോലീസ് മർദ്ദനത്തിൽ ഇദ്ദേഹം മരിച്ചുപോയെന്നാണല്ലോ നാട്ടിലെ ശ്രുതി" എന്നു് ഞാനാരാണെന്നറിഞ്ഞപ്പോൾ അദ്ദേഹം തന്നത്താൻ പറഞ്ഞു.

ഞാൻ ഇന്നലെ രാവിലെ അല്പം അന്നത്തിൻെറ വെള്ളം കണ്ടതാണു്. മനസ്സിലെ വേവല്യം വയററിലെ കത്തല്യം എല്ലാം കൂടി ഞാൻ കണക്കിലധികം തളന്നിരിക്കുന്നു. എനിക്കു് തല്ക്കാലം രുചിയോടുകൂടി അല്പം കാപ്പികുടിക്കണം എന്നു ഞാൻ മനസ്സിൽ കരുതി. തിരൂർ തീവണ്ടി ആപ്പീസിൽ രാമയ്യരുടെ കാപ്പിക്ലബ്ബുണ്ടല്ലോ. പക്ഷെ എൻെറ കയ്യിൽ അര കാശുപോല്യമില്ല. അതുവരേയും പരിചയക്കാരെ ആരെയും കണ്ടതുമില്ല. അതാ! പടിഞ്ഞാററുകര വാസുദേവൻനമ്പൂതിരി തിരൂരാപ്പീസിൽ വണ്ടിയിറങ്ങുന്നു. അദ്ദേഹത്തോടു് എനിക്കുവേണ്ടി എട്ടണ വാങ്ങി രാമയ്യരുടെ കാപ്പിക്ലബ്ബിൽ നിന്നു് അല്പം കാപ്പിയും പലഹാരവും വാങ്ങിത്തന്നാൽ കൊള്ളാമെന്നു് ഞാൻ എന്നെ കൊണ്ടുപോകുന്ന പോലീസ്സുകാരനോടു പറഞ്ഞു. അയാൾ അദ്ദേഹത്തോടും

ചോദിച്ചു. ''അദ്ദേഹം അണ്ണ തരില്ലെ''ന്നാണ് പറഞ്ഞ തെന്ന് ആ പോലീസ്സുകരാൻ മടങ്ങിവന്നു പറഞ്ഞു. എന്റെ പരിചയക്കാർ എന്നെ ഉപേക്ഷിച്ചിരുന്ന കഥ ഞാനോത്തിരുന്നില്ല. ഞാൻ ഈ സംഭവം എന്റെ ദുഷ്കാലമായി കരുതി. അതു് പുറത്തുവിട്ടില്ല. എന്നാൽ ഈ സംഗതി പുറത്തുവന്നു. എൻെറ എസ്കോട്ട് പോലീസ് കോട്ടക്കൽ പോലീസ്സ്റ്റേഷനിലുണ്ടായിരുന്നു. അയാൾ ഈ വർത്തമാനം കോട്ടക്കൽ കോവിലകത്തും ബന്ധുക്കളായ എൻെറ സ്നേഹിതരോട്ട പറഞ്ഞു. അവർ പടിഞ്ഞാറക്കരയോട്ട് ഈ കാര്യം അന്വേഷണം നടത്തി. താൻ ചെയ്തതു് ന്യായമാണെന്നു് അദ്ദേഹം വാദിച്ചു. അതുകേട്ടപ്പോൾ അവഞ്ഞിക്കാട്ട് ഭവദാസൻ, കൊയ്മ്പടി നീലകണ്ഠൻ എന്നീ എൻെറ രണ്ടു സ്നേഹിതന്മാർ അദ്ദേഹത്തിൻെറ നേക്കു തട്ടിക്കയറി. അദ്ദേഹം അല്പം അബദ്ധമായി. ഈ വിവരം അവർ എന്നോട്ട പറ്ഞ്ഞപ്പോഴാണ് ഞങ്ങൾക്കന്യോന്യം മനസ്സിലായതു്.

അന്നു രാത്രി ഞങ്ങളെ കോഴിക്കോട്ടു കൊണ്ടുപോയി പോലീസ് ലോക്കപ്പിൽ വെച്ചു.

## കോഴിക്കോട്ട് സബ്ബ്ജയിൽ

പിറേറദിവസം കലത്തു് 8 മണിക്കു ഞങ്ങളെ കോഴിക്കോട്ട് സബ്ജയിലിൻ കടത്തി. ഞാൻ കിടന്നിട്ടുള്ള ജയിലുകളിൽ വെച്ചും കഴിച്ചുകൂട്ടുവാൻ ഭേദമുള്ളതാണ് ഈ ജയിൽ. അന്നത്തെ അവിടത്തെ ജയിലർ അതിശുദ്ധൻ. സൂപ്രണ്ടു് ഒരു വിശാല ഹൃദയൻ. തീയിനെക്കാൾ ഭേദം വറവു ചട്ടി എന്നല്ലാതെ ഒരു ജയിൽ പരമസുഖമാകുവാൻ തരമില്ലല്ലോ! ആദ്യത്തെ ഘട്ടത്തിൽ ഒരു ദിവസം എനിക്കവിടെ മുന്നുപ്രാവശ്യമായി മോഴക്കു് ഭക്ഷണമേ കിട്ടിയിരുന്നുള്ളു. എപ്പോഴും വയർ വിശന്നു കത്തും. നാററമുള്ള ചാക്കരി

വാത്ത കഞ്ഞി ഇടനേരം ഞാൻ ഉപ്പുകൂടാതെ കഴിച്ചിട്ടുണ്ട്. അവിടെ എനിക്കു കുറച്ചു പരിചയം വന്നപ്പോൾ ഭക്ഷണം വിശപ്പടക്കാൻ മാത്രം കിട്ടിത്തുടങ്ങി. ഇതിലിടക്കു "ഉർവ്വശീ ശാപം ഉപകാര"മാവുകയുണ്ടായി. എന്നെ പിടിക്കുന്ന സമയത്തു് ഞാൻ വലിയ ഒരു ഗ്രഹണിരോഗക്കാരനായിരുന്നു. പട്ടിണിയും പരിഭ്രമവും കാരണം ദീനം ഇപ്പോൾ തീരെ സുഖപ്പെട്ടു.

ശത്രുവിൻെറ കയ്യിൽപ്പെട്ട് ബന്ധനത്തിൽ കുടുങ്ങിയവനു് വിമോചനത്തിന്നു മാർഗ്ഗം മാനസപൂജ മാത്രമാണു്. ഈശ്വരഭജനമെന്നാണ് പൌരാണിക മതം. അതിനെ അടിസ്ഥാനപ്പെടുത്തി ഞാൻ പരാശക്തിയെ മാനസ പൂജ ചെയ്യുവാൻ തുടങ്ങി. ഇടയുള്ളപ്പോൾ എല്ലാം എനിക്കു് ഈശ്വര പ്രാർത്ഥനയും ധ്യാനവും മാത്രമാണ് മനസ്സിന്നു സമാധാനവും വെളിച്ചവും തന്നിരുന്നതു്. വെളുപ്പാൻ കാലത്തു് അഞ്ചു മണിക്കു് ഞാൻ ഉണരും. രാത്രി 8 മണിവരെ പലപ്പോഴായി ഈശ്വരപ്രാർത്ഥന ചെയ്യും. സങ്കല്പ സ്വരൂപമായ സഗുണോപാസനയിൽ ഞാനന്നു് പൂർണ്ണമായി വിശ്വസിച്ചിരുന്നു.

അന്നൊരു ദിവസം ഞാൻ വേറെ ചില തടവുകാരോടുകൂടി പൂട്ടാതെ കിടന്നിരുന്ന ഒരു തടവുമുറിയിൽ—കിളിമുറി എന്നാണതിൻെറ പേർ—ഇരിക്കുകയായിരുന്നു. ഇതാ അഴിവാതുക്കൽ ഒരു ധീരാത്മാവ് വന്നു നില്ക്കുന്നു. ഓജസ്സുള്ള മുഖം, തേജസ്സുള്ള കണ്ണുകൾ, ധീരോദാത്തമായ മുഖഭാവം. ഞാനദ്ദേഹത്തെ കണ്ടപ്പോൾ അല്പമൊന്നു പകച്ചുനിന്നു. "മണ്ണാർക്കാട്ടു് ഇളയനായരാണു് ഞാനെന്നു"ദ്ദേഹം എന്നോടു പറഞ്ഞു.

പിറേറ ദിവസം മുതല്ക്കു് ഞങ്ങൾ തമ്മിൽ അടുത്തു സം സാരിപ്പാൻ തുടങ്ങി. കേട്ടുകേൾവികൊണ്ടു് ഞാനൊരു കാടനാണെന്നായിരുന്നു അദ്ദേഹത്തിൻെറ ധാരണ. പക്ഷെ എന്നെ കണ്ട മാത്രയിൽ തന്നെ അദ്ദേഹത്തിന്നു് എന്നിൽ കൌതുകം ജനിച്ചു.

## കടവല്ലൂർ പ്രയോഗം ജീവനെ രക്ഷിച്ചു:

എനിക്കു കടവല്ലൂർ പ്രയോഗം ഉണ്ടോ എന്നായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ അന്വേഷണം. അദ്ദേഹത്തി ൻെറ പ്രായക്കാക്കും പദവിക്കാർക്കും ഒരു നമ്പൂതിരിക്കു തികഞ്ഞ യോഗ്യത കടവല്ലൂർ പ്രയോഗമാണു്. തൃശ്ശിവ പേരൂർ യോഗക്കാരും, തിരുനാവായ യോഗക്കാരും കൂടി കട വല്ലൂർ ക്ഷേത്രത്തിൽവെച്ചു് മണ്ഡലക്കാലത്തിൽ നടത്തുന്ന ഒരു വേദഘോഷമാണു് കടവല്ലൂർ പ്രയോഗം. അതിന്നു് അവിടെ നാലമ്പലത്തിനുള്ളിൽ ഒരു കൂത്തമ്പലമുണ്ടു്. മാ മാങ്കം പോലെത്തന്നെ പണ്ടു കാലം മുതൽക്കേ നടത്തി വന്നിരുന്ന ഒരു വേദപരീക്ഷയാണിതു്. അടുത്ത കാലത്താ ണിതു നിത്തിയതു്. അതിന്നു് രാജകീയ ബഹുമതിയുണ്ടു്. തൃശ്ശിവപേരൂർ യോഗം കൊച്ചിരാജാവിൻെറയും തിരുനാ വായ യോഗം സാമൂതിരി രാജാവിൻെറയും പരിപാലനത്തി ലാണു് നടത്തിവന്നിരുന്നതു്. മേൽപ്പറഞ്ഞ യോഗങ്ങളു ടെ അവിടെവച്ചുള്ള ജയാപജയം രാജാക്കന്മാക്കുള്ളതാണു്.

ഈ രണ്ടു യോഗങ്ങളും അതിരാഷ്ട്രീയങ്ങളായിരുന്നു. എ ന്നാൽ രാജാക്കന്മാക്കു് തന്ത്രോപദേശവും ചാരപ്രവൃത്തിയും ഇവർ നടത്തിയിരുന്നു. ബ്രാഹ്മണൻ രാജകീയ ശിക്ഷയിൽ നിന്നു് ഒഴിവായിരുന്നു. അവക്കു് ശിക്ഷ അവരുടെ ജ്ഞാ തിശാസ്യം മാത്രമായിരുന്നു.

"എന്താ, നമ്പൂതിരി, കടവല്ലൂർ എന്നൊക്കെ കേട്ടിട്ടുണ്ട ല്ലേ" എന്നദ്ദേഹം പിന്നീട്ട ചോദിച്ചു. "കേൾക്കുക മാത്രമ ല്ല, എനിക്ക് കടവല്ലൂർ പ്രയോഗം തന്നെ ഉണ്ട്" എന്നു ഞാൻ മറുപടിയും പറഞ്ഞു. "പിന്നെന്തേ ലഹളക്കു പോ യതു്" എന്നായിരുന്നു അടുത്ത ചോദ്യം. "ഞാൻ ലഹളക്കു പോയിട്ടില്ല" എന്നു മറുപടി കൊടുത്തപ്പോൾ പിന്നെ എങ്ങിനെ ഇവിടെയെത്തിയെന്നായി ഒടുവിലത്തെ ചോ ദ്യം. ഉണ്ടായ സംഭവം മുഴുവൻ വിവരിച്ചുകൊടുത്തു ഞാൻ പറഞ്ഞതെല്ലാം അദ്ദേഹത്തിനു് ക്ഷണത്തിൽ ബോദ്ധ്യ മായി.

രണ്ടുപേരുടെയും അനുഭവങ്ങൾ ഒരു തരത്തിലുള്ളതാ ണെന്നു് അന്യോന്യം അറിഞ്ഞതുമുതൽക്കു് ഞങ്ങളുടെ രണ്ടു പേരുടെയും മനസ്സ് ഒന്നായി. ഞങ്ങൾ അന്യോന്യം സ ന്സ്നേഹം ബന്ധപ്പെട്ടു. തടവുമുറിയിൽ പോലും അന്യോന്യം വിട്ടുപിരിയുന്നതു അസഹ്യമായിരുന്നു. എനിക്കദ്ദേഹത്തോ ടു് അകൈതവമായ ബഹുമാനവുമുണ്ടു്.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ പെരുമനവും കൂട്ടുകാ രും കൂടി എത്തി. "എൻെറ ഇല്ലത്തു നിന്നു് എൻെറ കാര്യ ത്തിൽ വല്ല ശ്രമവും ചെയ്യുന്നുണ്ടോ?" എന്നു ഞാൻ പെരു മനത്തിനോടു് ചോദിച്ചു. "വിശേഷിച്ചു് ശ്രമമൊന്നും ചെയ്യുന്നില്ല" എന്നദ്ദേഹം മറുപടിയും പറഞ്ഞു. ഇതു കേട്ട പ്പോൾ എൻെറ മനസ്സിൽ അസ്വാസ്ഥ്യം ജനിച്ചു.

അന്നൊരു ദിവസം ഞാൻ കാലത്തു് വെള്ളത്തിങ്കൽ പോയി മടങ്ങിവരുന്നു. ടി. എ. കേശവൻ നായരേയും, ചെ റുപ്പുളശ്ശേരിക്കാരായ വേറെ തടവുകാരേയും ഗയിററു കടത്തി ജയിലിൻെറ മുററത്തിരുത്തി. ഗയിററിൽവെച്ചു് ഒരു ഹെ

ഡ്കോൺസ്റ്റബിൾ കേശവൻ നായരെപ്പററി ഒരു വാർഡ ക്കു് ഏഷണികൂട്ടിക്കൊടുത്തു ആ വാർഡർ കേശവൻ നായരെ മൃഗീയമായി മർദ്ദനം തുടങ്ങി. അവസാനം കേശവൻ നായരുടെ വളർത്തിയ താടിരോമം രണ്ടു ചെന്നിക്കും പിടിച്ചു് ഒരു പകിടതിരിച്ചു. കേശവൻ നായർ തിരിഞ്ഞു് നെഞ്ഞാടിഞ്ഞു വീണു. താടിരോമം കുറെ വാർഡറുടെ കയ്യിൽ പറിഞ്ഞുപോരുകയും ചെയ്തു. ഇതുകണ്ടു് ഞങ്ങളെല്ലാം ഓടിച്ചെന്നു. അപ്പോഴേക്കും കഴിയേണ്ടതെല്ലാം കഴിഞ്ഞിരുന്നു.

അവിടെ ഏറനാട്ടിൽ നിന്നും, കോഴിക്കോട്ടു താലൂക്കിൽ നിന്നും കൊണ്ടുവരുന്ന തടവുകാരായ മാപ്പിളമാരുടെ കഥയാണു് കഷ്ടം. അവരെ കൊണ്ടുവരുന്ന സമയത്തു് അമ്മിയിലിട്ടു കുത്തിച്ചതച്ച ഈഞ്ഞത്തോലുപോലെ ദേഹം മർദ്ദിതമായിരുന്നു. അവക്കു് തിരിയാനും മറിയാനും വയ്യാത്തവിധം ദേഹത്തിൽ അത്രമാത്രം പരിക്കുണ്ടായിരുന്നു. ഒരു പിടി ചോറുകൂടി വായിലേക്കു് പൊന്തിക്കുക വയ്യ. നാലു ദിവസം കഴിയുമ്പോഴേക്കും അവരുടെ പരുക്കെല്ലാം പോയെന്നുമാത്രമല്ല അവർ ജയിലിൽ മേസ്ത്രിമാരും ആയി. അവരുടെ കയ്യിൽ ഒരു വടിയുമായി. നോക്കുക ഈശ്വരവിലാസം!

## കൊട്ടിച്ചെഴുന്നെള്ളത്തു്:

ഒരു ദിവസം തടവുകാരോടുകൂടി എന്നെയും കൈക്കു് ആമം വെച്ചു് ഹുസ്സൂരിലുള്ള ട്രിബ്യൂണൽ കോടതിയിലേക്കു് കൊണ്ടുപോകുകയായിരുന്നു. സായുധപോലീസ് എസ്കോർട്ടും ഉണ്ടു്. ഞാൻ കുണ്ഠിതം കൂടാതെ അവരോടൊപ്പം നടന്നിരുന്നു. അപ്പോൾ എൻെറ മനസ്ഥിതി

കണ്ടിട്ട് ഒരു പോലീസ്സുകാരൻ "എന്താ തിരുമനസ്സുകൊണ്ടു് ഒരു കൊട്ടിച്ചെഴുന്നെള്ളത്ത് ആണെന്നു തോന്നുന്നുണ്ടോ" എന്നും എന്നെ കളിയാക്കി.

## ഒരു തമാശ:

തമാശ മനുഷ്യനെ ഏതൊരാപത്തിലും വിട്ടുപിരിയാതെ സമാധാനിപ്പിച്ചുകൊണ്ടുനടക്കുന്ന ഒരു ശക്തിയാണു്. ഈ കഷ്ടപ്പമായ നരകത്തിൽക്കൂടി ഞങ്ങളുടെ ചിത്തത്തിനു് യാതൊരു ഭ്രമവും വരാതെ കഴിച്ചുകൂട്ടിയതു് തമാശ ഒന്നുമാത്രമാണു്. ശ്രീമാൻ പെരുമനം ദുഃഖം തൊഴിച്ചുനീക്കുന്ന ഒരാളാണു്. അദ്ദേഹംകൂടി തമാശയുടെ രസക്കമ്പി മുറുക്കി ആവശ്യമുള്ളപ്പോഴൊക്കെ ശ്രുതി പാടിച്ചിരുന്നു. ഞങ്ങളുടെ തമാശകളിൽ ഏററവും പ്രധാനമായതു് ഒരു ശുദ്ധികർമ്മമാണു്. ജയിലിൽ പാങ്ങോടൻ എന്ന അബ്ദുള്ള എന്നു പേരുള്ള ഒരു തടവുകാരൻ ഉണ്ടായിരുന്നു. അവനെ പിടിച്ചു് ഞങ്ങൾ വീണ്ടും പറങ്ങോടനാക്കി. അവൻ ഒരു ഇടപ്പൊട്ടനാണു്. ഡോക്ടരുടെ അനുമതിയോടുകൂടി ഞങ്ങൾ താടിയും തലയും ഒപ്പം വടിപ്പിച്ചു് അവനെ കോണകം ഉടുപ്പിച്ചു, ഉൽബുദ്ധരായ മാപ്പിളമാർ ഇതൊരു തമാശയായിട്ടേ കണക്കിലെടുത്തുള്ളു. ഇതുകണ്ടു് ശുണ്ഠിക്കാരായ മാപ്പിളമാർ അവൻെറ നേരെ കയർത്തുതുടങ്ങി. അന്യനെ ശുണ്ഠിയെടുപ്പിക്കുന്നതു് മനുഷ്യനു് ഒരു വിനോദമാണു്. ഒരു ദിവസം അവൻ ചില മാപ്പിളമാർ നിസ്കരിക്കുന്ന സമയത്തു് അവരെ ചെന്നു തൊട്ടു. അവർ അവനെ അടിച്ചുവിട്ടു. അവൻ അതിനെപ്പററി ജയിൽ സൂപ്രണ്ടിൻെറ പക്കൽ ആക്ഷേപം ബോധിപ്പിച്ചു. സൂപ്രണ്ടു് മി. മന്ദൻ ഞങ്ങളെ സാക്ഷി വിസ്തരിച്ചു. അടിച്ചവരെ ശിക്ഷിച്ചു. മൂന്നു ദിവസം കാൽക്കു് കോൽച്ചങ്ങലയും ഉപ്പുകൂടാതെ വെറും ചോറും പച്ചവെള്ളവും മാത്രം ഭക്ഷണവുമാണു് ശിക്ഷ.

ഒരുദിവസം ഉച്ചക്കു് ഞാൻ ഭക്ഷണത്തിന്നു് ഇരിക്കുകയായിരുന്നു. അപ്പോൾ ശ്രീമാൻ ഇളയനായർ എൻെറ അട്ടത്തുവന്നു നിന്നു. ഭക്ഷണം കരിഞ്ഞും നാറിയിട്ടു് പൊറുതിയില്ല. "കുട്ടാനോ, ചോറോ കരിഞ്ഞുനാറുന്നതു" എന്നദ്ദേഹം എന്നോടു ചോദിച്ചു. "എൻെറ ഇന്ദ്രിയങ്ങൾ ഇപ്പോൾ കല്പനയിലാണു്. ഞാൻ ജീവൻ കിടക്കാനാണു് ഭക്ഷണം കഴിക്കുന്നതു്. സ്വാദ്ദു് ലേശംപോലും നോക്കുന്നില്ല. ഏതാ കരിഞ്ഞിരിക്കുന്നതു് എന്നു് എനിക്കറിഞ്ഞുകൂടാ" എന്നു ഞാൻ മറുപടിയും പറഞ്ഞു.

## സന്ധ്യാവന്ദനം:

എനിക്കു് സന്ധ്യാവന്ദനത്തിന്നു് വെള്ളം എടുക്കുവാൻ പാടില്ല എന്നു് വാർഡർമാർ കല്പന പാസ്സാക്കി. ഒടുവിൽ അതിന്നായി ഞാൻ നിരാഹാരവ്രതം ആരംഭിച്ചു. ഒരു വാർഡർ എന്നെ തീററാൻവേണ്ടി അടിച്ചു. അതിലും ഞാനടങ്ങിയില്ല. ഒടുവിൽ കേസ്സു് സൂപ്രേണ്ടിൻെറ അടുത്തെത്തിയപ്പോൾ എനിക്കു് വേണ്ടിടത്തോളം വെള്ളം എടുക്കാമെന്നു് കല്പനയായി ശ്രീമാൻ പെരുമനം വന്നപ്പോഴേയ്ക്കും ഈവക സംഭവങ്ങളെല്ലാം നടന്നുകഴിഞ്ഞിരിക്കുന്നു. ഞാൻ സന്ധ്യാവന്ദനവും ദൈവകാര്യവുമായി അവിടെ കൂടുന്ന സമയത്താണു് പെരുമനം വന്നുചേർന്നതു്. ആദ്യത്തെ ദിവസം അദ്ദേഹത്തിന്നു് സന്ധ്യാവന്ദനം ചെയ്യാമോ എന്നു് ഒരു സംശയമുണ്ടായിരുന്നു. പിന്നീടു് എൻെറ ഒപ്പം കൂടി. ഞാൻ വേദമന്ത്രങ്ങൾ ജപിച്ചിരുന്നു. അദ്ദേഹം നാമം ജപിച്ചിരുന്നേതയുള്ളു.

## വിട്ടുവന്നാൽ:

വിട്ടുവന്നാൽ സമുദായത്തിൽ കൂടുവാൻ യാതൊരു തടസ്സവും ഉണ്ടാവില്ലെന്നു ഞാൻ വാദിച്ചിരുന്നു. "നമ്മുടെ കാ

രണവന്മാർക്ക് ഈ ഗവമ്മേണ്ടിനോളവും കണ്ണിൽ ചോര യില്ലാത്തവരാണെ''ന്നും പെരുമനവും വാദിക്കും. ഒടുവിൽ പുറത്തു വന്നതിന്നുശേഷമുള്ള അനുഭവം കൊണ്ടു് ''ഇപ്പോഴോ'' എന്നുള്ള അദ്ദേഹത്തിന്റെ ചോദ്യത്തിന്നു് ''പെരുമനം തന്നെ കേമൻ'' എന്നെനിക്കു സമ്മതിക്കേണ്ടിവന്നു.

ഒരുദിവസം കാലത്തു് കിഴക്കുഭാഗത്തുള്ള കുളിമുറിയുടെ മുററത്തു് ഞാനും അബ്ദുറഹിമാനും കൂടി സംസാരിച്ചു നില്ക്കുകയായിരുന്നു. അവിടെ കുറച്ചു പൂച്ചെടികളുണ്ടു്. അതിൽനിന്നു് ചില സമയത്തു് അബ്ദുൾറഹിമാൻ പൂ പറിച്ചെടുക്കും. തടവുകാർക്ക് പൂവ് തൊട്ടുകൂടാ. അബ്ദുൾറഹിമാന്റെ അചഞ്ചലമായ നിർഭയത്വം വിസ്മയാവഹമായിരുന്നു. ഞങ്ങൾ സംസാരിച്ചുനില്ക്കുമ്പോൾ ആലിമുസലിയാർ കാലത്തെ കാര്യങ്ങളെല്ലാം കഴിച്ചു് കാലും മുഖവും കഴുകി അതിലെ കയ്യിൽ വെള്ളപ്പാത്രവുമായി വരുകയായിരുന്നു ''മുസലിയാർ ഇതാ വരുന്നു'' എന്നു് ഞാൻ അബ്ദുൾറഹിമാനോടു് പറഞ്ഞു. അപ്പോഴേയ്ക്കും മുസലിയാർ അടുത്തെത്തിക്കഴിഞ്ഞിരുന്നു. ''ഞാനപ്പോളും പറഞ്ഞിരുന്നില്ലേ മുസലിയാരെ നിങ്ങളോടു് ഹാജരാകുവാൻ. നിങ്ങൾ ഹാജരായിരുന്നുവെങ്കിൽ ഈവക ആപത്തു ഉണ്ടാകുമായിരുന്നോ?'' എന്നു മുഖത്തുനോക്കി അബ്ദുൾറഹിമാൻ ആലിമുസലിയാരോടു് ചോദിച്ചു. മുസലിയാർ അതിന്നു് ലോഗ്യത്തിൽ ചിരിച്ചുകൊണ്ടു് അതിലെ കടന്നുപോയി

## കിളിമുറികൾ:

മേൽപ്പറഞ്ഞ കിളിമുറികളിലാണു് ഞങ്ങളെ പകൽ സമയം കൊണ്ടുവരുന്നതു്. അതു് ആറോ, ഏഴോ മുറികളുള്ള ഒരു ബ്ളോക്കാണു്. വലിയ കുററക്കാരെ ഇടു

ന്ന മുറികളാണവ. മുറികൾ പകൽ സമയത്തു പൂട്ടുകയില്ല. വധശിക്ഷ വിധിച്ചുകഴിഞ്ഞവരെ മാത്രം പകൽ പൂട്ടിയിടും. മേൽപ്പറഞ്ഞ മുറികൾക്കു് ഒരു കാവൽ വാർഡർ ഉണ്ടു്.

ഞാനതിൽ നടുക്കിലുള്ള മുറിയിലായിരുന്നു. ഞാനിരിക്കുന്ന മുറിയുടെ കിഴക്കേതിൽ ഇളയനായരായിരുന്നു. ഞങ്ങൾ രണ്ടുപേരും തനിച്ചേ ഉള്ളു. എൻെറ പടിഞ്ഞാറെ മുറിയിൽ ഒളപ്പമണ്ണമന കാര്യസ്ഥന്മാരായിരുന്നു. അവർ അഞ്ചാറുപേർ ഉണ്ടു്. അതിന്നപ്പുറത്തെ മുറിയിൽ എടച്ചോല കുട്ടപ്പണിക്കരും കൂട്ടുകാരുമായിരുന്നു.

## താനൂർക്കാരൻ കുഞ്ഞിക്കാദർ:

ആലിമുസലിയാരെ കഴിച്ചാൽ ഏററവും പ്രധാനിയാണു് താനൂർക്കാരൻ കുഞ്ഞിക്കാദർ. കാദറുടെ നേതൃത്വത്തിലാണു് താനൂരിൽനിന്നു് ആഗസ്റ്റ് 20-ാം തിയ്യതി തിരൂരങ്ങാടിയിലേയ്ക്കു് ജനക്കൂട്ടം പ്രവഹിച്ചതു്. കുഞ്ഞിക്കാദരെ തിരൂരങ്ങാടിയിൽ വെച്ചു് ആഗസ്റ്റ് 20-ാം തിയ്യതി തന്നെ അറസ്റ്റുംചെയ്തു.

കുഞ്ഞിക്കാദരെ വെച്ചിരുന്നതു് കിളിമുറികളുടെ ഏററവും പടിഞ്ഞാറുഭാഗത്തുള്ള മുറിയിലായിരുന്നു. അദ്ദേഹം പലതവണ ഞാനിരിക്കുന്ന മുറിയുടെ ഉമ്മറത്തുവന്നു് ഇരുന്നു വർത്തമാനങ്ങൾ പറയുക സാധാരണയായിരുന്നു. വധശിക്ഷ ഉണ്ടാകുമെന്നു് അന്നു് ആർക്കും പ്രതീക്ഷയില്ല. വർത്തമാനം പറച്ചിലിൻെറ അവസാനം പലപ്പോഴും മതഭ്രാന്തിളക്കമാണു്. ഞാൻ അയാളെ ശുണ്ഠിപിടിപ്പിക്കുവാൻ വേണ്ടി "ഈശ്വരൻ" എന്നോ "ദൈവം" എന്നോ പറഞ്ഞുവിടും. അതു കേട്ടാൽ അയാൾക്കു് കലികയറും. പിന്നീടു് വായിൽ വന്നതെല്ലാം, അസഭ്യങ്ങളൊക്കെ, പറയും. തൊട്ടു

മുറിയിലാണു് ഇളയനായർ ഇരിക്കുന്നതു്. അദ്ദേഹത്തിനും ഇതു കേൾക്കുന്നതു് സൈ്വരക്കേടാണു്. കുഞ്ഞിക്കാദർ ശ്രുണ്ടി പിടിച്ച് എഴുന്നേററുപോയാൽ ഇളയനായർ എന്നെ ശകാരം തുടങ്ങും. എങ്കിലും എനിക്കു് അതൊക്കെ ഒരു രസമാണു്. ഇതു് ഒരു തവണയോ, പത്തുതവണയോ അല്ല ഉണ്ടായിട്ടുള്ളതു്. എങ്കിലും അയാൾക്കെന്നെ വലിയ കാര്യവുമാണു്. എന്നോട്ടു് സംസാരിച്ചാലേ അയാൾക്കു് മനസ്സമാധാനമുള്ളൂ.

അയാളുടെ കേസ്സുവിചാരണകഴിഞ്ഞു് വിധി പറയാൻ നിൎത്തിവെച്ചു. വിധി അടുക്കുംതോറും അയാൾക്കു് ആശങ്ക വൎദ്ധിച്ചു. കേസു് വിചാരണക്കെട്ടത്തപ്പോൾ നാലോ, അഞ്ചോ കൊല്ലം ശിക്ഷകിട്ടുമെന്നേ വിചാരമുണ്ടായിരുന്നുള്ളൂ. വിധി പറയുവാൻ നിൎത്തിവെച്ചപ്പോൾ ഒരു "അച്ചു്" കിട്ടുമോ എന്നായി ആശങ്ക. വിധി പറയുന്ന ദിവസമോ, അതിന്റെ തലേദിവസമോ "രണ്ടു് അച്ചു് കിട്ടുമോ നമ്പൂരിയച്ചാ" എന്നയാൾ എന്നോട്ടു് ആശങ്ക പ്രകടിപ്പിച്ചു. അയാളുടെ കേസ്സ് ആദ്യത്തേതായിരുന്നു. തൂക്കിക്കൊല്ലുവാനാണു് വിധി. ഇതുകേട്ടപ്പോൾ ജയിലിലുള്ളവർ ഒട്ടാകെ ഞെട്ടിപ്പോയി. കോടതിയിൽനിന്നു് മടക്കിക്കൊണ്ടുവന്ന അന്നുരാത്രി അയാളെ മേൽപ്പറഞ്ഞ കിളിമുറിയിൽ ഇട്ടുപൂട്ടി. പിറേറന്നു കാലത്തു് ആരും അങ്ങോട്ടടുക്കുന്നില്ല. ഞാൻ സൂപ്രേണ്ടിനോട്ടു് ആ സ്നേഹിതനെ കാണുവാൻ അനുവാദം ചോദിച്ചു. സൂപ്രേണ്ടിന്നു് സന്തോഷമായി. അദ്ദേഹം ദയാലുവാണു്. "ആരും കാണുന്നില്ല. ആരെങ്കിലും ഒന്നു കാണേണ്ടതാണു്. അങ്ങോട്ടു് ചെന്നു് കാണൂ" എന്നു് എന്നോട്ടു പറഞ്ഞു.

ഞാൻ അടുത്തു ചെന്നപ്പോൾ വാതില്ക്കലേയ്ക്കു് വന്നു. മുഖം വാടിയിരുന്നു. ഇരുമ്പഴിവാതിലാണു്. "ഇങ്ങനെയൊക്കെയായി" എന്നയാൾ അല്പം മ്ലാനഭാവത്തോടുകൂടി പറ

ഞ്ഞു. "ഇതവസാനത്തെ വിധിയല്ല. ഹൈക്കോടതിയിൽ അപ്പീൽ ഉണ്ട്. അവിടെനിന്നു വിട്ടും" എന്നു ഞാൻ അയാളെ സമാധാനപ്പെടുത്തി. അതുകഴിഞ്ഞാൽ വൈസ്രോയിയുടെ അടുത്തും അപ്പീലുണ്ട്. അവിടെനിന്നും വിട്ടയക്കാമെന്നു പറഞ്ഞു. അതുകഴിഞ്ഞാൽ "ദൈവമുണ്ടല്ലോ" എന്നയാൾ മറുപടി പറഞ്ഞു. ദൈവം എന്നു ഞാൻ പറയുമ്പോൾ ശുണ്ഠിപിടിച്ച് അസഭ്യം പറഞ്ഞിരുന്ന നാവുകൊണ്ടുതന്നെ അവസാനം എന്നോട് "ദൈവം ഉണ്ടല്ലോ" എന്നു പറഞ്ഞു കേട്ടപ്പോൾ ഞാൻ അനുകമ്പാമഗ്നനായി

## ചുററിയമുണ്ട് ദ്രവിച്ചുപോയി:

എന്നെ പിടിച്ച സമയം എൻെറ പക്കൽ ഒരു വലിയ മുണ്ടും ഒരു തോർത്തുമുണ്ടും മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു പറഞ്ഞുവല്ലോ. ഷൊർണ്ണൂർ പോലീസ് കച്ചേരിയിൽ വെച്ച് തോർത്തുമുണ്ട് എൻെറ പക്കൽനിന്നു വാങ്ങി. കോയമ്പത്തൂർ ജെയിലിൻെറ പടിപ്പുരയിൽവെച്ച് കോണകവും ചരടും പോലീസുകാർ പൊട്ടിച്ചെടുത്തു അതിന്നുശേഷം ബാക്കി ഒരു വലിയ മുണ്ടുമാത്രമായി. ആ മുണ്ടിൻെറ ഒരു തല വിലങ്ങനെ ചീന്തി ഒരു കോണകമാക്കി ഉടുത്തു. ആ ഒരു തല ചീന്തിയ ഒററമുണ്ടാണ് എൻെറ കയ്യിൽ ശേഷിച്ചുനിൽക്കുന്നതു്. എന്നെ പിടിച്ച് തടവിലിട്ടിട്ട് മാസം രണ്ടോളമായി. മുണ്ട് ഇന്നേവരെ മുഷിക്കാതെ മുക്കിത്തിരുമ്മി കഴിച്ചുകൂട്ടി. ഒരുമാസം കഴിഞ്ഞപ്പോഴേക്കുതന്നെ മുണ്ടു പിന്നിത്തുടങ്ങി. അതിന്നുശേഷം പതിനഞ്ചുദിവസം കഴിഞ്ഞപ്പോഴേയ്ക്കും കീറിപ്പൊളിഞ്ഞു. സൂപ്രേണ്ടിൻെറ കരുണയോടുകൂടി കരുമാപ്പള്ളിയ്ക്കു് ഒരു കത്തയച്ചു. അദ്ദേഹം മുൻസിപ്പാലിററിക്കുള്ളിൽ തന്നെയായിരുന്നു അന്നു് താമസിച്ചിരുന്നതു്. ഒരു മുണ്ടെനിക്കു കൊണ്ടുവന്നു തരണമെന്നും

എന്നെ ഒരാൾ ജയിലിൽ വന്നു് കണ്ടു് എൻെറ ആവശ്യങ്ങൾ നിറവേററിത്തരണമെന്നും ഉള്ള താല്പര്യത്തിലായിരുന്നു ആ കത്തു്. എഴുത്തിനു് മറുപടി യാതൊന്നും കാണുന്നില്ല. ആളേയും കാണുന്നില്ല. മുണ്ടും കാണുന്നില്ല എനിക്കിത്രത്തോളം നിസ്സഹായത എത്തിച്ചേൎന്ന കഴിഞ്ഞതോൎമ്മയില്ല. എങ്കിലും ഞാനാത്മവിശ്വാസം വിട്ടില്ല.

മുണ്ടു് കലശലായി കീറിക്കഴിഞ്ഞു. രണ്ടായിമടക്കിച്ചുററി. അതിന്നിടയിൽ ഇല്ലത്തിന്നടുത്തുള്ള ഒരു ചെറുക്കൻ അടിശിക്ഷയും വാങ്ങി ജയിലിൽനിന്നും പുറത്തുപോയി. അവനോടു മേൽപ്പറഞ്ഞ വിവരം പറഞ്ഞയച്ചു. അതിന്നും മറുപടി യാതൊന്നും ഇല്ല. മുണ്ടു് കീറിപ്പൊളിഞ്ഞതുകൊണ്ടു് രണ്ടു മടക്കാക്കി ചുററാനും വയ്യാതായി. ഒടുവിൽ നാലുമടക്കാക്കി ചുററി. ആ മുണ്ടു് വെള്ളത്തിൽ മുക്കാനും വയ്യാതായി മുക്കിപ്പിഴിഞ്ഞാൽ അതു് തവിടുപൊടിയാകും. മുണ്ടു മുക്കാതെ ഒന്നോ രണ്ടോ ആഴ്ചകൾ കഴിഞ്ഞു. മുണ്ടിൽ വെള്ളപ്പേനുകൾ നിറഞ്ഞു. കോണകത്തിലും ആ പേനുകൾ നിറഞ്ഞു. അരമുതൽ കീഴ്പോട്ടു് കാൽ മുട്ടുവരെ കടിച്ചുപൊറിഞ്ഞു. മാന്തിപ്പൊളിഞ്ഞു. "അങ്ങനെ താങ്കളുടെ വസ്ത്രം കുട്ടപ്പമായല്ലോ" എന്നു് എന്നെ കാണുന്ന സമയത്തൊക്കെ സൂപ്രേണ്ടു് മന്ദൻ പറയുക പതിവായി. ഞാൻ ആവശ്യപ്പെട്ടാൽ ജയിലിൽനിന്നു് എനിക്കൊരു മുണ്ടു കിട്ടുവാൻ അവകാശമുണ്ടു്. എന്നാൽ മുണ്ടിരക്കുവാൻ ഞാൻ കൂട്ടാക്കിയിരുന്നില്ല. എനിക്കു് ഈ ജന്മത്തിൽ ഒരു മുണ്ടു ചുററുവാനില്ലാതെ കഷ്ടപ്പെടേണ്ടി വരുമെന്നു് ഞാൻ സ്വപ്നേപി കരുതിയിട്ടില്ല. ഇപ്പോൾ അതിന്നു യോഗം വന്നുവല്ലോ! ഇനി ഇതു് ഭോഗം അനുഭവിച്ചുതീരട്ടെ എന്നായിരുന്നു എൻെറ നിശ്ചയം. എൻെറ ഈ വാശിയിൽ ഒരുമിച്ചുള്ളവൎക്കു് ശുണ്ഠി കൂടി വന്നുതുടങ്ങി.

ഒരു ദിവസം കാലത്തു 8 മണിയോടുകൂടി ഒരു മല്ലുമുണ്ട് സൂര്യകിരണംപോലെ അന്വേഷിച്ചുവന്നു. "ഇതു് എവിടെ നിന്നു വന്നു" എന്നു് എന്റെ മനസ്സ് പരക്കം പാഞ്ഞു തുടങ്ങി. കൂട്ടുകാരുടെ മനസ്സും അത്ഭുതപ്പെട്ടു തുടങ്ങി. ഈ മുണ്ടിന്റെ കാര്യംപോലെ എന്റെ എല്ലാ കാര്യവും ശുഭോദർക്കമാണെന്നു് ഇളയനായർ അവർകളും തീർച്ചപ്പെടുത്തി. കുറച്ചുകഴിഞ്ഞപ്പോൾ എന്നെ കാണാൻ ഒരാൾ വന്നിട്ടുണ്ടെന്നു് അറിവുകിട്ടി. ഞാൻ കിടക്കുന്ന ജയിലിന്നും പ്രസവവേദന തുടങ്ങി എന്നു് എനിക്കു് ഒരിളക്കം തോന്നി. ജയിലിന്റെ പടിപ്പുരയിലേക്കു് ഞാൻ കുതിച്ചുചെന്നു. കാണ്മാൻ വന്ന ആളോട്ടു് എന്റെ ആവശ്യങ്ങൾ, ഇല്ലത്തു പറയേണ്ട കാര്യങ്ങൾ പറഞ്ഞു. അയാൾ കണ്ണിൽനിന്നു മറഞ്ഞതോടെ ഞാൻ പറഞ്ഞിരുന്ന കാര്യങ്ങൾ വെള്ളത്തിൽ വരച്ച വര പോലെയായി. അയാൾ എന്നെ കാണ്മാൻ വന്നതല്ല. എന്റെ ഒരുമിച്ചുവന്ന എഴുത്തച്ഛനെ കാണ്മാൻ വന്നതാണു്. സൂപ്രണ്ട് മിസ്റ്റർ മന്ദന്റെ ആവശ്യപ്രകാരം എന്നെ കാണാൻ ഹരജി കൊടുത്തതാണു്. എന്നെ കണ്ടു് എന്റെ ആവശ്യം അറിയുകയും എനിക്കു് ഒരു മുണ്ടുതരുകയും ചെയ്താൽ മാത്രമേ അയാൾക്കു് ജയിലിലുള്ള അയാളുടെ ആളെ കാണിച്ചുകൊടുക്കുകയുള്ളു എന്നു് മി. മന്ദൻ അയാളെ നിർബ്ബന്ധിച്ചു. ആ വഴിക്കാണയാൾ അതു ചെയ്തതു്.

ചെർപ്പുളശ്ശേരിക്കാരൻ ഒരു കത്താവും ജയിലിലുണ്ടായിരുന്നു. അയാളുടെ അനുജൻ അയാളെ കാണുവാൻ വന്ന സമയം "കൃഷ്ണൻ നമ്പൂതിരിയെയോ ശാന്തിക്കാരൻ നമ്പൂതിരിയേയോ കൂട്ടിക്കൊണ്ടുവരണം" എന്നർത്ഥംവെച്ചു പറഞ്ഞു. ഇവർ രണ്ടുപേരും എന്റെ ജ്യേഷ്ഠന്മാരാണു്. എന്റെ ആവശ്യമാണയാൾ പറഞ്ഞതു്. ജയിലിൽ ഒരുവന്റെ കാര്യം മറെറാരുത്തൻ പറഞ്ഞുകൂടാ. സ്ഥിതിഗതികൾക്കു്

സ്വല്പം മാററം വന്നുകഴിഞ്ഞു. ജനങ്ങൾക്കു് ഭയം കുറഞ്ഞു തുടങ്ങി. പോലീസ് അറസ്റ്റുചെയ്തവരിൽ ചിലരെയൊക്കെ വിട്ടുതുടങ്ങി. എൻെറ കഷ്ടകാലവും നീങ്ങിത്തുടങ്ങി.

അക്കാലത്തേക്കു് എൻെറ പേരിലുള്ള കേസ്സ് വിചാരണക്കുവെച്ചിരുന്നു. ഹജ്ജൂരിലെ ഒരു മുറിയിലാണു് കോടതി കൂട്ടുന്നതു്. മേൽപ്പറഞ്ഞ സംഗതി പറഞ്ഞയച്ചതിന്നു് പിറെറദിവസം എന്നെ വിചാരണക്കു് ഹജ്ജൂരിൻെറ വളപ്പിൽ കിഴക്കെ മതിലിന്നടുത്തുള്ള മണ്ടപ്പുരയുടെ കോലായിൽ വേറൊരു തടവുകാരനോടുകൂടി കയ്യാമംവെച്ച് ബാക്കി തടവുകാരുടെ കൂട്ടത്തിൽ ഇരുത്തിയിരുന്നു. അതാ കൃഷ്ണേട്ടൻ മതിലിൻെറ ഓട്ടയിൽക്കൂടെ എന്നെ നോക്കുന്നു. എൻെറ ഹൃദയം തുടിച്ചുതുടങ്ങി. അന്നുരാത്രി ഞാൻ മുറിയിലാണോ കിടന്നതു്! സങ്കല്പസ്വർഗ്ഗത്തിൽ മധുരസ്വപ്നം കണ്ടുകൊണ്ടു് അന്നുരാത്രി മുഴുവൻ ഞാൻ സ്വാതന്ത്ര്യം ഓർത്തു കഴിച്ചുകൂട്ടി.

പിറെറദിവസം ജ്യേഷ്ഠൻ ജയിലിൻെറ പടിപ്പുരയിലെത്തി. എന്നെ അവിടേക്കു വിളിച്ചു. ഭാവുകപ്രകൃതി എൻെറ ഉള്ളംകയ്യിലെടുത്തു് ചാഞ്ചാടിച്ചുകൊണ്ടു് ജയിലിന്റെ പുറത്തേക്കുള്ള വാതുക്കൽ, ജ്യേഷ്ഠൻെറ മുമ്പിൽ കൊണ്ടുവന്നു നിറുത്തി. അദ്ദേഹത്തിൻെറ മുഖത്തു നോക്കിയപ്പോൾ ജയിലിൽ പെട്ടവരെക്കാൾ അവരുടെ ശേഷക്കാരാണു് കുഴങ്ങുന്നതെന്നെനിക്കു തോന്നി. ജ്യേഷ്ഠൻ അവിടെ ഇടിവെട്ടികപോലെ നില്ക്കുന്നു. അദ്ദേഹത്തിൻെറ മുഖം കരുവാളിച്ചിരിക്കുന്നു. കണ്ണും സ്തംഭിച്ചിരിക്കുന്നു. കണ്ണീർ സ്ഫുരിക്കുന്നു. ആ നില്പ് എന്റെ ഉള്ളിൽ വല്ലാതെ തട്ടി. "എന്താ എന്നു്" കവിളത്തുനിന്നു് ഒരു പുഞ്ചിരി പുറപ്പെടുവിച്ചു് ആ സ്തംഭനത്തെ ഞാൻ ലംഘിച്ചു. അതിന്നുശേഷം ഞാനദ്ദേഹത്തെ സമാധാനിപ്പിക്കുവാനും എൻെറ ഭാ

വിയിലദ്ദേഹത്തിന്നു് ആശയും, വിശ്വാസവും ഉണ്ടാക്കുവാനും ശ്രമിച്ചു. അതേതാണ്ടു് ഫലിച്ചു. "രാജാവിനോടു് യുദ്ധത്തിന്നൊരുങ്ങി" എന്നാണു് എൻെറ പേരിലുള്ള ചാർജ്ജ് എന്നദ്ദേഹം എന്നോടു പറഞ്ഞു.

ഈ ചാർജ്ജിന്നു് നിയമിച്ച ശിക്ഷ വെടിവെക്കൽ, അല്ലെങ്കിൽ തൂക്കിക്കൊല്ലൽ, ചുരുങ്ങിയതു് ജീവപര്യന്തം തടവു്, അഥവാ നാടുകടത്തൽ എന്നിങ്ങനെയാണു്. ഈ ഭയങ്കരവർത്തമാനം കേട്ടതോടെ ജ്യേഷ്ഠനെ കണ്ടതുകൊണ്ടുണ്ടായ സന്തോഷത്തോടൊപ്പം സന്താപവും വർദ്ധിച്ചു. എൻെറ തല പുകഞ്ഞു. എനിക്കു തിന്നുവാൻ വല്ല മധുരപലഹാരങ്ങളും വേണമോ എന്നു് ജ്യേഷ്ഠൻ മറിഞ്ഞുനിന്നു് ചോദിപ്പിച്ചു. എനിക്കീചോദ്യം "ചെവിയിലോത്താ"യിട്ടാണു് അനുഭവപ്പെട്ടതു്. കൊലച്ചോറുകൊടുക്കുന്ന മാതിരി വല്ലതും തിന്നുവാൻ തന്നു് സന്തോഷിപ്പിക്കുവാൻ മാത്രമേ കഴിവുള്ളു എന്നോണം അത്ര ഇച്ഛാഭംഗം ആയോ എൻെറ ഭാവി! ഇളയനായർ മുതലായവർ എന്നെ സമാധാനിപ്പിക്കുവാൻ നോക്കി എന്തു പറഞ്ഞാലും എനിക്കു് മനസ്സമാധാനം വരുന്നില്ല. അന്നത്തെ പകൽ മുഴുവൻ ഉള്ളുനീറി പുകഞ്ഞുകഴിഞ്ഞു. രാത്രി നല്ല ഉറക്കം കിട്ടിയതുകൊണ്ടു് പിറേറന്നാളത്തേക്കു് തല നല്ലവണ്ണം തണുത്തു. "ഞാൻ രാജാവിനോടു് യുദ്ധം പ്രഖ്യാപിച്ചു. തോററു. ജർമ്മൻ ചക്രവർത്തി തോററതിൽ അധികം കുറവല്ലല്ലോ" എന്നൊരു ഫലിതം ഞാനന്നു് ഇളയനായർ അവർകളോടു് പൊട്ടിച്ചു. "ഓ നമ്പൂതിരിയുടെ വിഡ്ഢിത്തം തുടങ്ങി" എന്നു് ഇതിന്നദ്ദേഹം ദേഷ്യപ്പെട്ടു.

വേഷം നന്നായി:

ജ്യേഷ്ഠൻ വന്നുകണ്ടതിൽ പിന്നെ വേരുപിടിച്ച വൃക്ഷം പോലെ എൻെറ വേഷം ഒന്നു പകന്നു. നാറിയ മുണ്ടിന്നു

പകരം ചുററുവാൻ നാരപ്പട്ടായി. ഇതുവരെ ഞാൻ ജയിലിൽ കൊഴിഞ്ഞുവീണുകിടന്നിരുന്ന ഒരു നമ്പൂതിരിയായിരുന്നു. ഇന്നു ഞാൻ ഉടമസ്ഥനുള്ള ഒരു മുതലായി. ഇതു കണ്ടപ്പോൾ, ഈശ്വരൻ ഓടിക്കുന്നതായാൽ കുടിലിൽ നിന്നു കൊട്ടാരത്തിലേയ്ക്കു് വഴി കുറച്ചുമാത്രമേ ഉള്ളുവെന്നു് തടവുകാർക്കും ഉദ്യോഗസ്ഥന്മാർക്കും തോന്നിക്കഴിഞ്ഞു.

ഇളയനായർ വിട്ടുപോകുന്ന സമയം ജയിലിൽ നിന്നു് യാത്ര പറഞ്ഞിട്ടാണു് പോയതു്. "എൻെറ കാര്യമോ" എന്നു ഞാൻ യാത്രാസമയത്തു് അദ്ദേഹത്തോടു ചോദിച്ചു. "ഞാൻ പുറത്തുപോയാൽ നമ്പൂതിരിയും പുറത്തു്" എന്നദ്ദേഹം മറുപടിയും പറഞ്ഞു. അദ്ദേഹത്തിൻെറ മഹാമനസ്കത പ്രശംസനീയവും, പ്രസിദ്ധവുമാണു്.

അദ്ദേഹത്തിൻെറ കേസ്സു് വിട്ടു. തത്സമയം എന്നെ ഹജ്ജൂരിൻെറ കിഴക്കെ തലക്കൽ വിചാരണക്കായി കൊണ്ടുപോയി ഇരുത്തിയിരുന്നു. അദ്ദേഹം വിട്ട ഉടനെ ഞാൻ ഇരിക്കുന്ന സ്ഥലത്തുവന്നു. കൂടെ അനുജൻ കുഞ്ചുണ്ണിനായരും വേറെ ചിലരും ഉണ്ടായിരുന്നു. അവിടെവെച്ചു് എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം ഇങ്ങനെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: "അതാ. ആ ഇരിക്കുന്നതാണും മോഴിക്കുന്നത്തു് നമ്പൂതിരി. അദ്ദേഹം നിരപരാധിയാണു്. സബ്ഇൻസ്പെക്ടർ മൊയ്തീനാണു് അദ്ദേഹത്തെ കുടുക്കിയതു." അതു കേട്ടപ്പോൾ കൂടെയുള്ളവർ ഒന്നു ഞെട്ടി. ഇളയനായരെ കോടതി തത്സമയം വിട്ടതേയുള്ളു. അന്നവിടെവെച്ചു തന്നെ പോലീസിന്നെതിരായി ഇങ്ങനെ ഒരു വാക്കു പറഞ്ഞതു് അന്നത്തെ നിലയിൽ അസാമാന്യ ധൈര്യപ്രകടനമായിരുന്നു.

ഈ ഘട്ടത്തിൽ ഒരു സംഗതി ഓർക്കേണ്ടതുണ്ട്. അദ്ദേഹത്തിൻെറ വിരോധി ജ. കല്ലടി മൊയ്തുട്ടിയാണ്. അവരുടെ വിരോധം രാഷ്ട്രീയമാണ്. കല്ലടി, ബ്രിട്ടീഷ് കക്ഷിയാണ്. ഖിലാഫത്ത് വിരോധിയാണ്. ബോധമില്ലാത്ത മാപ്പിളമാരെ പറഞ്ഞിളക്കി ഗവമ്മേണ്ടിനും, തനിക്കും, തന്നെപ്പോലെയുള്ളവക്കും എതിരാക്കി വിട്ടതു് ഹിന്തുക്കളായ കോൺഗ്രസ്സുകാരാണെന്നാണ് അവരുടെ പക്ഷം. ഉളയനായർ മണ്ണാക്കാട്ടെ കോൺഗ്രസ്സ് നേതാവാണ്.

അങ്ങിനെ മണ്ണാക്കാട്ടും ചെർപ്പുളശ്ശേരിയിലും രണ്ടു മുസ്ലിംകളാണ് പോലീസിൻെറ ചൂണ്ടുപലകകൾ. അതുകൊണ്ടു് ഈ രണ്ടു സ്റ്റേഷനുകളിലും സവണ്ണഹിന്തുക്കളെ സാമാന്യത്തിലധികം പോലീസ് മട്ടിച്ചിട്ടുണ്ട്. അവിടെ നിന്നു വരുന്ന തടവുകാരുടെ കൂട്ടത്തിൽ നാലുവണ്ണക്കാരുമുണ്ടായിരിക്കുമെന്നു് പോലീസുകാർ തമാശ പറഞ്ഞിരുന്നു.

മണ്ണാക്കാട് കണക്കിലേറെ സവണ്ണക്കാരെ കുടുക്കിയിട്ടുണ്ട്. മൂപ്പിൽ നായരുടെ കാര്യസ്ഥന്മാരെ മുഴുവനും കുററപ്പെടുത്തി ശിക്ഷിച്ചു. വലിയ ഒരു പ്രമാണിയും വയോധികനുമായ ഇടച്ചോല കുട്ടപ്പണിക്കരെ അറസ്റ്റുചെയ്തു കേസ്സാക്കി. കുട്ടപ്പണിക്കരുടെ ബന്ധുക്കളായവരേയും കൂട്ടത്തിൽ പിടിച്ചു. പെരുമനത്തു് അഷ്ടമൂത്തി നമ്പൂതിരിപ്പാട്ട്, പേക്കോട്ടു ദാമോദരപ്പണിക്കർ, മേലേവീട്ടിൽ അച്ചുതപ്പണിക്കർ മുതലായ മാന്യന്മാരും അതിൽ പെട്ടിരുന്നു. അവരുടെ പേരിൽ രാജാവിനോട്ടു് യുദ്ധം പ്രഖ്യാപിച്ചതായിരുന്നു കുററം.

കുട്ടപ്പണിക്കർ തികച്ചും രാജകീയ കക്ഷിക്കാരനായിരുന്നു. അദ്ദേഹത്തിൻെറ വിരോധിയുടെ ആവശ്യപ്രകാരം

സക്കിൽ ഇൻസ്പെക്ടർ കൂട്ടക്കിയതാണ്. കേസ്സുനടത്തുവാൻ ആളുണ്ടാവരുതെന്ന ദുഷ്ടവിചാരത്തിൽ ബാക്കി ആളുകളേയും കൂട്ടക്കി. മണ്ണാക്കാട്ട് തച്ചുങ്ങാട്ട നാരായണമേനോനായിരുന്നു പോലീസിൻെറ സിൽബന്ധി. ആ നാരായണമേനോൻ കുട്ടപ്പണിക്കരുടെ കുടുംബരത്തിൽ കടന്നുകൂടി. ആ ബന്ധം കുട്ടപ്പണിക്കരിഷ്ടപ്പെട്ടില്ല. അതു കാരണമുള്ള ശത്രുതയാണ് അവർ തമ്മിൽ. നാരായണമേനോൻെറ ബന്ധം സമ്മതിച്ചാൽ കുട്ടപ്പണിക്കക്ക് ഒഴിവാകാം. തൂക്കുമരത്തിൽ കയററി ചോദിച്ചാലും കുട്ടപ്പണിക്കർ അതു സമ്മതിക്കയില്ല. ''സമ്മതിച്ചുകൂടെ'' എന്നു ഞാൻ ഇടക്കു നേരംപോക്ക് ചോദിക്കും. ''എന്നെക്കൊന്നാലും ശരി അവനെ അകത്തുകടക്കാൻ ഞാൻ സമ്മതിക്കുകയില്ല'' എന്നദ്ദേഹം മറുപടി പറഞ്ഞു് ചിരിക്കും. പട്ടവൃദ്ധനാണെങ്കിൽക്കൂടി നേരംപോക്കിനു ചെറുപ്പക്കാരുടെ കൂടെ കൂട്ടം.

കുട്ടപ്പണിക്കരേയും ബന്ധുക്കളേയും ട്രിബ്യൂണൽ കോടതി വിട്ടയക്കുകയാണുണ്ടായതു്.

ഇളയനായർ വിട്ടുപോയി. ദിവസങ്ങൾ കുറെ കഴിഞ്ഞു. എൻെറ കാര്യത്തിൽ യാതൊരന്വേഷണവും കാണുന്നില്ല. പിന്നീട്ട ഒരു ദിവസം എൻെറ കേസ്സ് വിചാരണക്ക് വെച്ച ദിവസം ജ്യേഷ്ഠനെന്നെ വന്നു കണ്ടപ്പോൾ ഇളയനായരെ ചെന്നു കണ്ടു് അദ്ദേഹത്തിൻെറ ഉപദേശപ്രകാരം കേസ്സ് നടത്തുവാൻ ജ്യേഷ്ഠനോട്ട് ഞാനാവശ്യപ്പെട്ടു. അന്നുമുതൽക്ക് എനിക്കു് ഭക്ഷണവും പുറത്തുനിന്നു കൊണ്ടുവാൻ ഏർപ്പാട്ട ചെയ്തു.

ഒരു ദിവസം വൈകുന്നേരം ചോറുവന്നില്ല. പകരം കുറച്ചു് കാപ്പിയും പലഹാരവും മാത്രം. ''ഇതെന്തുകാരണം''

എന്നു് എന്റെ മനസ്സു തുടിച്ചു തുടങ്ങി. അരമണിക്കൂർ കഴിഞ്ഞപ്പോൾ എന്നെ ജാമ്യത്തിൽ വിട്ടിരിക്കുന്നുവെന്നറിഞ്ഞു എൻെറ ഹൃദയം സന്തോഷത്താൽ സ്തംഭിച്ചു. ജാമ്യത്തിന്നു് ഹരജി കൊടുത്തതുതന്നെ ഞാനറിഞ്ഞിരുന്നില്ല. രാത്രി ജയിൽ പൂട്ടിയപ്പോഴേയ്ക്കും കല്പന കൊണ്ടുവന്നു. എന്നെ അപ്പോൾ തന്നെ തുറന്നുവിട്ടു. സൂപ്രണ്ടിൻെറ വീട്ടിൽ കൊണ്ടുപോയി. ജയിൽ സൂപ്രണ്ടിന്നു് എന്നെ ജാമ്യത്തിൽ വിട്ടതിനുള്ള സന്തോഷം പറഞ്ഞാൽ തീരില്ല. ജാമ്യത്തിന്നു വന്നവരെ സൂപ്രഡേണ്ടിന്നു് തീരെ വിശ്വാസമുണ്ടായിരുന്നില്ല. ഒടുവിൽ എൻെറ ഒപ്പിനെ മാത്രം വിശ്വസിച്ചു വിട്ടയച്ചു.

കൃഷ്ണേട്ടനും അന്നുമുതൽക്കു് എൻെറ പ്രാണസ്നേഹിതനായിത്തീൎന്നു. ശങ്കുണ്ണിപ്പണിക്കരും അവിടെ നിൽപ്പുണ്ടു്. അവർ ജാമ്യത്തിന്നു വന്നതാണു്. 1000 ക.ക്കു് ഓരോരുത്തർ അങ്ങിനെ രണ്ടാൾ ജാമ്യത്തിൽ വിടാനാണു് ഓർഡർ. മജിസ്ട്രേട്ടു് അവരോടു് അവരുടെ സ്ഥിതിയെപ്പററി ചോദിച്ചു. കൃഷ്ണേട്ടൻ നെല്ലും പണവും ഇടവാടു് കണക്കാക്കി കൊണ്ടു് പരുങ്ങി പരുങ്ങി, തനിക്കായിരം ഉറുപ്പിക സ്വത്തുണ്ടെന്നു പറഞ്ഞു. പണിക്കർ ഉശിരോടെ തനിക്കു് 10,000 ക. യുടെ സ്വത്തുണ്ടെന്നു പറഞ്ഞു. മജിസ്ട്രേട്ടു് തുടൎന്നു് എന്നോടിങ്ങനെ പറഞ്ഞു: "ഈ ആളുടെ നെല്ലും, പണവും, മററാളുടെ 10,000 കയും എനിക്കു് ബോധിച്ചിട്ടില്ല. അങ്ങുന്നിനെ എനിക്കു് വിശ്വാസമാണു്. അങ്ങുന്നു് ശുദ്ധവായു ശ്വസിച്ചു കാണുവാൻ എനിക്കാഗ്രഹമുണ്ടു്. അല്ലെങ്കിൽ ലോക്കപ്പു ചെയ്താൽ അന്നു വിടേണ്ട ആവശ്യമില്ല. ഈ രാത്രിക്കു രാത്രി വിടുന്നതു് അങ്ങിനെ ഒരാഗ്രഹമുള്ളതുകൊണ്ടാണു്. അങ്ങു നാട്ടിൽ പോയി അധികാരിയുടെ സർട്ടി

ഫിക്കറേറാട്ടുകൂടി രണ്ടാളെ അയക്കണം. അവരോട്ട് ശീട്ട് എഴുതിവാങ്ങി ഞാൻ കോടതിക്കു് അയച്ചുകൊള്ളാം. എനിക്കു് മൂന്നുദിവസത്തിനകം ജാമ്യശീട്ട് കോടതിക്കെത്തിച്ചാൽ മതി. അങ്ങുന്നു് ഒപ്പിട്ടുപൊയ്ക്കോള്ളൂ.''

പിറേറദിവസം നാട്ടിൽനിന്നു് അധികാരിയുടെ സർട്ടിഫിക്കറേറാട്ടുകൂടി രണ്ടാളെ അദ്ദേഹത്തിൻെറ അട്ടക്കലേക്കയച്ചു. അവരായിരുന്നു എൻെറ ജാമ്യക്കാർ.

ഇളയനായർ പന്നിയങ്കര വീടെട്ടത്തു് താമസിക്കുന്നുണ്ടു്. ഞങ്ങൾ വേഗത്തിൽ അങ്ങോട്ടു പുറപ്പെട്ടു. ഞങ്ങൾ ഒരു കുതിരവണ്ടിയിൽ കയറി. ജയിൽ മുറിയിൽനിന്നു് കുതിരവണ്ടിയിലേക്കു് വന്നു് പെട്ടെന്നുള്ള മാററം എൻെറ ഹൃദയത്തെ വല്ലാതെ തുള്ളിച്ചു തുടങ്ങി. കുതിരവണ്ടിയുടെ ചക്രങ്ങൾ വേഗത്തിൽ ചുററുംതോറും എൻെറ ഹൃദയത്തിൽ ആഹ്ലാദത്തിൻെറ പൊരികൾ തുരുതുരെ പാറിത്തുടങ്ങി. കതിരവണ്ടി കല്ലായി പാലത്തിന്മേൽക്കൂടി "ചട്ട" "ചട്ട" എന്നോടിത്തുടങ്ങി. എൻെറ ഹൃദയവും ആഹ്ലാദംകൊണ്ടു് വെട്ടിത്തിളച്ചു തുടങ്ങി. സന്താനഗോപാലത്തിൽ കൃഷ്ണനൊരുമിച്ചു് സ്വർഗ്ഗത്തിൽ എത്താറായപ്പോൾ അർജ്ജുനനുണ്ടായ മാതിരി എൻെറ ഹൃദയം സന്തോഷസാഗരത്തിൽക്കിടന്നു് തുടിച്ചു് നീന്തിത്തുടങ്ങി. ഞങ്ങൾ കയറിച്ചെന്നപ്പോൾ "ആരാണു് ഇതു്" എന്നു് ഇളയനായർ അവർകൾ ചോദിച്ചപ്പോൾ ഞാൻ സ്വർഗ്ഗത്തിലോ, ദേവലോകത്തിലോ നിന്നിരുന്നതു് എന്നു എനിക്കു സംശയമായി.

സുഖദുഃഖങ്ങൾ ഒരേ വസ്തുവിൻെറ ഇരുവശങ്ങൾ ആണെന്നു് അദ്വൈതികൾ ഉപദേശിക്കുന്നു.

പിറേറദിവസം ഉണർന്നപ്പോൾ തലേദിവസത്തെ ഉന്മേഷം കുറെ കുറഞ്ഞു. വീണ്ടും ശിക്ഷിച്ചാലോ എന്നായി

ഉള്ളിൽ കത്തൽ. അന്നു വൈകുന്നേരം ഞാൻ ചെർപ്പുള ശ്ശേരിയിൽ എത്തി. മരിച്ചുപോയ ആൾ തിരിച്ചു വന്ന പോലെ ആളുകൾ എന്നെ കണ്ടപ്പോൾ അത്ഭുതപ്പെട്ടു തുട ങ്ങി. ജാമ്യത്തിൽ വിട്ടിരുന്ന കഥ ആരും അറിഞ്ഞിരു ന്നില്ല. ഞാൻ നേരിട്ടു് പുത്തനാല്ക്കൽ ഭഗവതീക്ഷേത്രത്തി ലേയ്ക്കു് ചെന്നു് നടക്കൽ സാഷ്ടാംഗം നമസ്കരിച്ചു, കുളി യും തൊഴലും കഴിഞ്ഞ് രാത്രി 8 മണിക്കു് ഇല്ലത്തെത്തി. ചെന്നവഴിക്കു് വലിയ ജ്യേഷ്ഠനെ ഒന്നു നമസ്കരിച്ചു. അക ത്തു ചെന്നു് ഉണ്ണാനിരുന്നു. "ഞാൻ തീണ്ടി തിന്നുവല്ലോ" എന്ന സങ്കടം, അമ്മക്കു് എന്നെ വിട്ടതിലുള്ള സന്തോ ഷത്തെ തടസ്സം കൂടാതെ പുറത്തേക്കു വിട്ടുന്നില്ല.

## ഇരുപത്തൊന്നു്

# ത്രികോണമത്സരം (തുടച്ച്)

### നാട്ടിലെ സംഭവഗതികൾ:

സപ്റ്റെമ്പർ 1-ാംനു-ക്കശേഷം നാട്ടിലെ സംഭവങ്ങൾ എല്ലാം വിട്ട് ഞാൻ ജയിലിലേക്ക് നടന്നു. ഇനി നമുക്ക് നാട്ടിലെ സംഭവങ്ങളിലേക്കുതന്നെ മടങ്ങി പോകാം.

ആലിമുസലിയാരെ പിടിക്കുന്നതിനു് മുമ്പുതന്നെ വെള്ളപ്പട്ടാളം ഇവിടെ വന്നു നിറഞ്ഞ വർത്തമാനം മുമ്പു് വിവരിച്ചിട്ടുണ്ടു്. അവക്കു് ലഹളയൊതുക്കുവാൻ കഴിഞ്ഞില്ല. പോലീസ്സിന്റെ ചൂണ്ടുവിരൽ അനുസരിച്ചു് നാട്ടിലുള്ളവരെ മൃഗീയമായി മർദ്ദിക്കുവാൻ മാത്രമേ അവക്കു് സാധിച്ചിരുന്നുള്ളൂ. ലഹളക്കാർ കാട്ടിൽ കയറി ഒളിച്ചിരുന്നു. വെള്ളപ്പട്ടാളത്തിന്നു നഗരങ്ങളും, റോഡുകളും വിട്ടു് ഉള്ളോട്ടു കടക്കുവാൻ സാധിച്ചിരുന്നില്ല. ലഹളക്കാർ കാടുകളിലും ഉൾനാടുകളിലുമാണു് ജീവിച്ചിരുന്നതു്.

ഇങ്ങനെ സുമാർ രണ്ടുമാസം എത്തിക്കഴിഞ്ഞു. ലഹളയൊതുങ്ങുവാനുള്ള ഭാവമില്ല. നാട്ടുകാർ ബുദ്ധിമുട്ടിലായി. അവക്കു് ലഹളക്കാരേയും, പോലിസുകാരേയും ഭയപ്പെടണം. പോലീസ്സിന്നു് തിരുവുള്ളക്കേടായാൽ ഉടനെ ബന്ധനവും, മർദ്ദനവും ആണു് അനുഭവം. ലഹളക്കാക്കു് അനുകൂലം നിൽക്കാഞ്ഞാൽ അവർ കഴുത്തെടുക്കും. ഈ അരക്ഷിതാവസ്ഥക്കു് അറുതി കിട്ടാതെ ജനങ്ങൾ പൊറുതിമുട്ടിക്കഴിഞ്ഞു ഇതിന്നൊരവസാനവുമില്ല.

പോലീസുകാർക്കു് ഈ അരക്ഷിതാവസ്ഥ നീണ്ടു നി ല്ക്കുന്നതാണധികം സന്തോഷം. അവക്കു് ജനങ്ങളെ ഭയപ്പെ ടുത്തി പണം വാങ്ങാം. ഏതു കോടീശ്വരനും അവരുടെ കൈപ്പിടിയിലാണു്. മാപ്പിളമാരുടെ വീടുകൾ കവച്ച്ചെയ്യാം. അവർ നിയമഭ്രഷ്ടരാണു്. കവച്ച്ക്കു് ഹിന്ദുക്കളേയും ഒപ്പം കൊണ്ടുപോകാം. ഹിന്ദുക്കൾക്കു് തന്മൂലം പോലീസിൻെറ സേവ പിടിക്കാം. അതുവരെ ഭയപ്പെട്ടിരുന്ന മാപ്പിളമാ രുടെമേൽ എളുപ്പത്തിൽ കയറുകയും ചെയ്യാം. ഇത്തരത്തി ലൊരു "ശുക്രദശ" പോലീസുകാർക്കു് അതിന്നു മുമ്പിലും, പിമ്പിലും ഉണ്ടായിട്ടില്ല. ഇങ്ങനെ ഒരിക്കലും അവസാന മില്ലാത്ത ഒരു മലബാർ ലഹള!

ഇക്കാര്യം കേന്ദ്രഗവമ്മെണ്ടിന്നു് ചിന്താവിഷയമായി. എക്സിക്യൂട്ടീവ് മെമ്പർമാരിൽ ഒരാൾ ഓണറബിൾ മെ മ്പർ സർ വില്യം വിൻസെൻറ് ഒക്ടോബർ രണ്ടാമത്തെ ആഴ്ചയിൽ കോഴിക്കോട്ടു വന്നു. സ്ഥിതിഗതികൾ വിലയി രുത്തി ഫലപ്രദമായ പട്ടാളനടപടികൾ എടുത്തു് ലഹള യൊതുക്കുവാൻ തീച്ച്പ്പെടുത്തി.

വെള്ളപ്പട്ടാളക്കാരെക്കൊണ്ടും ലഹളയൊതുക്കുവാൻ സാധിക്കുന്നതല്ല. കാട്ടിൽ കടന്നു് കയറി യുദ്ധം ചെയ്യുവാൻ പരിചയിച്ച പട്ടാള വിഭാഗത്തെ കൊണ്ടുവരുവാൻ തീരു മാനിച്ചു. അതനുസരിച്ചു് 7/70th ബമ്മ റൈഫിൾസ്. 7/8th ഗൂർഖാപട്ടാളം, സാപ്പേഴ്സ് ഒരു കമ്പനി, മരുഭൂമിയി ലേക്കു് പററിയ 20th കോവർ കഴുതപ്പട്ടാളം, പട്ടാളവാഹ നങ്ങൾ എന്നിവ ഒക്ടോബർ മദ്ധ്യത്തിൽ ഇവിടെ എത്തി ച്ചേർന്നു. കോവർ കഴുത (Mule) പട്ടാളത്തിന്റെ മറെറാരു വിഭാ ഗവും രണ്ടു പീരങ്കിപ്പട്ടാളസംഘവും നാലു കവചിത കാറുക ളും കൂടി അതോടൊപ്പം എത്തിച്ചേർന്നു. മലപ്പുറത്തിന്നടുത്തുള്ള

മേൽമുറിയിൽവെച്ച് പട്ടാളക്കാരും, ലഹളക്കാരും തമ്മിൽ ഒരു തുറന്ന യുദ്ധം നടന്നു. പീരങ്കിയും, കവചിത കാറുകളും അതിൽ മുൻകയ്യെടുത്തു. നവമ്പർ 12-ാംനു രണ്ടു ഗ്രൂക്കാപട്ടാളസംഘങ്ങൾ പിന്നേയും എത്തിച്ചേൎന്നു. 350 പേരടങ്ങിയ എം. എസ്. പി. സംഘടിപ്പിച്ചു.

## ത്രികോണമത്സരം: പട്ടാളനടപടികൾ ശക്തിപ്പെടുത്തി:

മേൽപ്പറഞ്ഞ പ്രകാരം പട്ടാളനടപടികൾ ഊൎജ്ജിതപ്പെടുത്തിയപ്പോൾ ലഹളയും മൂൎച്ഛിച്ചു കഴിഞ്ഞു. ലഹളക്കാർ പട്ടാളത്തേയും നാട്ടുകാരേയും കൂട്ടത്തോടെ അക്രമിക്കുവാൻ തുടങ്ങി.

ഒക്ടോബർ മാസം മദ്ധ്യത്തോടുകൂടിയാണ് ഈ മാററം സംഭവിച്ചതു്. അതുവരെ നാട്ടുകാർ നാടുവിട്ടുപോയിരുന്നില്ല. അന്നുമുതല്ക്കു് അവർ നാടുവിട്ടുപോകുവാൻ തുടങ്ങി. സവൎണ്ണഹിന്ദുക്കൾ ഒട്ടുമുക്കാലും ലഹളസ്ഥലത്തുനിന്നു് വിട്ടുപോയി. അവരുടെ അതിന്നുള്ള കഴിവും ഭീരുതവും ആണു് അതിന്നു കാരണം. അവൎണ്ണഹിന്ദുക്കൾ മിക്കവരും നാട്ടിൽത്തന്നെ താമസിച്ചു. അവരുടെ വിട്ടുപോകുവാനുള്ള കഴിവുകേടും ധൈൎയ്യവും അതിന്നു കാരണമാണു്.

ഒക്ടോബർ 13-ാംനു (കന്നി 29)യോ അതിന്നടുത്ത ദിവസമോ ആണു് ആററുപുറത്തിനെ കൊലപ്പെടുത്തിയതു്. അദ്ദേഹം കുടുംബത്തിലെ സ്ത്രീകളേയും കുട്ടികളേയും പറപ്പാട്ടേക്കു് ലഹളയുടെ ആരംഭത്തിൽത്തന്നെ മാററിത്താമസിപ്പിച്ചിരുന്നു. അദ്ദേഹവും, പരിവാരങ്ങളും അവിടെ താമസിച്ചു. അദ്ദേഹം ഒരു ധൈൎയ്യശാലിയാണു്, അരിയക്കോടംശം അധികാരിയും ഒരു തികഞ്ഞ ബ്രിട്ടീഷ് കക്ഷിയും. അദ്ദേഹത്തെ ഒരു ദിവസം പകൽ ഉച്ചക്കുമുമ്പായി ലഹളക്കാർ

ഇല്ലത്തു കയറിച്ചെന്നു പിടിച്ചു. കൂടെ ഉള്ളവരേയും പിടിച്ചു. അരിയക്കോട്ട പോലീസ് സ്റ്റേഷനിൽ ലോക്കപ്പിൽ കൊണ്ടുവെച്ചു. വൈകുന്നേരം വെട്ടിക്കൊന്നു. ബാക്കിയുള്ളവരെ വിട്ടയച്ചു.

ഈ സംഭവം കഴിഞ്ഞപ്പോൾ ഏതു ധൈര്യശാലിക്കും നാട്ടിൽ ഇരുന്നുപൊറുക്കുവാൻ സാദ്ധ്യമല്ലെന്നുള്ള നില വന്നു. ആളുകൾ നാടുവിട്ടു പോയിത്തുടങ്ങി.

ഞാൻ വിവാഹം ചെയ്തിരിക്കുന്നതു് വള്ളിക്കുന്നത്തു് എടശ്ശേരി മനക്കൽ നിന്നാണു്. ആ മനക്കാർ 97 കന്നി 30-ാംനു (ഒക്ടോബർ 15-ാംനു) ആണു് നാടുവിട്ടുപോയി കോട്ടയത്തു് ചെന്നു് അവരുടെ ബന്ധുഗൃഹത്തിൽ അഭയം പ്രാപിച്ചതു്. അവിടുത്തെ ധൈര്യശാലിയായ അച്ഛൻനമ്പൂതിരി അക്കൂട്ടത്തിൽ ഒഴിച്ചുപോയില്ല. ഇല്ലത്തുതന്നെയിരുന്നു. രണ്ടുദിവസം കഴിഞ്ഞപ്പോൾ സ്ഥിതിഗതികൾ മോശപ്പെട്ടുന്നതുകണ്ടു് അദ്ദേഹവും സ്ഥലമൊഴിച്ചു. എന്റെ വിവാഹം ലഹളക്കുശേഷമാണു് നടന്നതു്.

പട്ടാളമർദ്ദനങ്ങൾ ക്രൂരമായിത്തുടങ്ങി. ലഹളക്കാരെ ഒതുക്കുവാൻ വേണ്ടി അവരുടെ കുടുംബങ്ങളെ മർദ്ദിച്ചു തുടങ്ങി. സ്ത്രീകളെ മാനഭംഗപ്പെടുത്തുക, കുട്ടികളെ വെട്ടിക്കൊല്ലുക, വീടു് കൊള്ളയടിക്കുക മുതലായ ക്രൂരനടപടികളും നടത്തിയിട്ടുണ്ടെന്നു പറയപ്പെടുന്നു. ഇതിൽ മാപ്പിളമാർ പൊതുവിൽ, ലഹളക്കാരല്ലാത്തവർ ഉൾപ്പാടെ, ക്ഷുഭിതരായി. രോഗത്തേക്കാൾ കഠിനമാണു് ചികിത്സ എന്നായിരുന്നു അവരുടെ ആക്ഷേപം. മർദ്ദനത്തിന്റെ സൂക്ഷ്മവിവരങ്ങൾ എടുക്കുവാൻ സാധിച്ചിട്ടില്ല. പോലീസുമർദ്ദനത്തെ ആരും രേഖപ്പെടുത്തിവെച്ചിട്ടില്ല. അന്വേഷണത്തിൽ ആരും പരമാർത്ഥം മാത്രം പറയുന്നതുമില്ല.

ഈ ക്രൂരനടപടികൾക്കു് ഹിന്ദുക്കളേയും കൂട്ടുപിടിച്ചിരുന്നു. സവർണ്ണഹിന്ദുക്കൾ ഒഴിഞ്ഞുപോയതുകൊണ്ടു് അവർണ്ണഹിന്ദുക്കളെയാണു് അധികം അതിൽ ഉപയോഗപ്പെടുത്തിയിരുന്നതു്. അതുകൊണ്ടു് അവർണ്ണഹിന്ദുക്കൾക്കു് പ്രത്യേകിച്ചും ലഹളക്കാരിൽനിന്നു് അനുഭവിക്കേണ്ടിവന്ന ദുരിതം വിവരിക്കുവാൻ പ്രയാസമാണു്.

ലഹളക്കാർ പട്ടാളക്യാമ്പുകൾ അക്രമിക്കുവാനും ഹിന്ദുക്കളുടെമേൽ കൂട്ടക്കൊല നടത്തുവാനും തുടങ്ങി.

ലഹളക്കാർ പട്ടാളക്കാരെ പലതവണ അക്രമിച്ചിട്ടുണ്ടു്. അതിൽ പ്രധാനമായിട്ടുള്ളതു് നവമ്പർ 13-ാംനു പട്ടാളത്തിൻെറ നേക്കു് നടത്തിയ ഭയങ്കര അക്രമണമാണു്.

പാണ്ടിക്കാട്ടു് ക്യാമ്പുചെയ്തിരുന്ന ഗൂർക്കാപട്ടാളത്തിനെതിരെയാണു് അതു നടന്നതു്. അരുണോദയത്തിന്നു് അല്പം മുമ്പായി കുറച്ചു ലഹളക്കാർക്കു് ക്യാമ്പിന്നുള്ളിൽ കടക്കുവാൻ കഴിഞ്ഞു. ഒരു ബ്രിട്ടീഷ് ആഫീസർ—ക്യാപ്റ്റൻ ആർസനൻെറയും, മററനേകം ഗൂർക്കാപട്ടാളത്തേയും കൊന്നൊടുക്കി. എന്നാൽ അവർക്കതിന്നു് തക്കതായ പ്രതിഫലം ലഭിച്ചു. 234 ലഹളക്കാരെ വെടിവെച്ചു കൊല്ലുകയും അവരുടെ മൃതദേഹം ചുട്ടുകരിക്കുകയും ചെയ്തു.

ഇതിന്നുശേഷം പട്ടാളക്കാർ ക്രൂരമായി പക വീട്ടിത്തുടങ്ങി. ലഹളക്കാരുടെ കുടുംബത്തിൻെറ നേക്കാണു് പട്ടാളത്തിൻെറ ക്രൂരത മുഴുവനും പ്രകടിപ്പിച്ചതു്. അപമാനവും, മർദ്ദനവും സഹിക്കാതെ വന്നപ്പോൾ ഡിസമ്പർ അവസാനത്തോടുകൂടി ലഹളത്തലവന്മാർ കീഴടങ്ങി. ലഹളക്കാർ പട്ടാളത്തിൻെറ നേക്കു് മണ്ടിച്ചെന്നു് വെടികളേററു് ആത്മഹത്യ ചെയ്തുതുടങ്ങി.

ഡിസമ്പർ 23-ാംനു ചിററമ്പലം കുഞ്ഞലവിയേയും, മറവകുളത്തു് അബ്ദുള്ളകുട്ടി ഹാജിയേയും മററഞ്ചുപേരേയും വലിയോറയിൽ ഒരു വീട്ടിൽ 'ഇ' കമ്പനി എം. എസ്. പി. വെടിവെച്ചു കൊന്നു.

സീതിക്കോയതങ്ങൾ ഡിസമ്പർ 20-ാംനു യും ചെമ്പ്രശ്ശേരി തങ്ങൾ ഡിസമ്പർ 18-ാംനു യും, വാരിയൻ കുന്നത്തു് കുഞ്ഞഹമ്മദ്ഹാജി ജനവരി 6-ാംനു യും കീഴടങ്ങി. ലഹളത്തലവന്മാരെ പട്ടാളക്കോടതി കല്പനപ്രകാരം വെടിവെച്ചുകൊന്നു.

ഇരുപത്തിരണ്ട്

# സ്വന്തം അനുഭവങ്ങൾ വീണ്ടും

വീണ്ടും നമുക്ക് സ്വന്തം അനുവഭങ്ങളിലേക്കുതന്നെ മടങ്ങുക.

ഞാൻ ഇല്ലത്തു ജാമ്യത്തിൽ വിട്ടുവന്നപ്പോൾ അവിടുത്തെ സ്ഥിതിഗതികൾ എല്ലാം മാറിക്കഴിഞ്ഞിരുന്നു. ഞാൻ ഒരു വൈദികകുലത്തിലാണു് ജനിച്ചിരുന്നതു്. എൻെറ സ്വജനങ്ങൾ എന്നെ കൂട്ടത്തിൽ നിന്നും തള്ളിക്കളഞ്ഞിരുന്നു. ആ പ്രദേശത്തെ കക്ഷിവഴക്കിൽ ഞാൻ പനങ്ങാട്ടു നാരായണമേനോൻെറ കക്ഷിയിൽ പെട്ട ആളാണു്. അവരാണു് എന്നെ ഈ കേസ്സിൽ സഹായിക്കേണ്ടതു്. അയാൾ പോലീസിൻെറ സിൽബന്ധിയായി മാറിക്കഴിഞ്ഞിരുന്നു.

ഇങ്ങനെയുള്ള ഒരു പ്രതിസന്ധിഘട്ടത്തിൽ ഇത്രയും കുഴപ്പമായ ഒരാപത്തിൽനിന്നു് രക്ഷപ്പെടുന്നതു് എളുപ്പമല്ല. നാട്ടിൽ യഥാർത്ഥ പോലീസ് ഭരണമാണു് (പോലീസ് രാജ്) നടക്കുന്നതു്.

നാരായണമേനോൻ പോലീസ് ഭാഗത്തു കൂടിയതു് അയാളുടെ എതിരാളിയായ തിയ്യാടി നമ്പ്യാരെ കുടുക്കുവാനാണു്. അതിന്നു സാധിച്ചില്ലെങ്കിലും പോലീസ് നമ്പ്യാരുടെ പേരിൽ കേസ്സു് എടുക്കുകയും, മൃഗീയമായ മർദ്ദനങ്ങൾ നടത്തുകയും ചെയ്തു. തന്മൂലം നാരായണമേനോൻ പോലീസിന്നു് കടപ്പെട്ടവനായി.

നാരായണമേനോൻെറ ഈ ദുഷ്കൃത്യം അന്നും ഇന്നും ഒരു വലിയ അപകീർത്തിതന്നെയാണു്.

ശ്രീമാൻ കെ. പി രാമമേനോനായിരുന്നു എൻെറ പ്രധാനവക്കീൽ. മണ്ണാർക്കാട്ട് എളയനായരാണു് അദ്ദേഹത്തെ ഏല്പിച്ചതു്. എളയനായരുടെ ഭാര്യാ സഹോദരനായ അഡ്വക്കററ് പരപ്പിൽ മാധവ മേനോനാണു് എൻെറ സ്വന്തം ആളായി കേസ്സു നടത്തിയിരുന്നതു്.

എളയനായർ പരസ്യമായിത്തന്നെ എന്നെ സഹായിച്ചിരുന്നു. കേസ്സു നടത്തുവാൻ അദ്ദേഹം ഒപ്പം വന്നിരുന്നു. അദ്ദേഹത്തിൻെറ പരോപകാരതല്പരത സ്മരണീയമാണു്. അദ്ദേഹം ആ വിഷയത്തിൽ ഒരു കർമ്മയോഗിയാണു്.

ശ്രീ. മാധവമേനോൻെറ ബുദ്ധിസാമർത്ഥ്യം അന്നുതന്നെ പ്രകടമായിരുന്നു. "മുളയിൽ തന്നെ അറിയാം വിളയുടെ മെച്ചം" എന്ന പഴമൊഴി അദ്ദേഹത്തിൻെറ കാര്യത്തിൽ സ്പഷ്ടമാണു്.

എന്നെ ജാമ്യത്തിൽവിട്ടതു് മൂന്നു ജഡ്ജിമാരുള്ള ഒരു ട്രിബ്യൂണൽ കോർട്ടിൽ നിന്നാണു്. (1) ഹ്യൂസ്. ജെ. ഡബ്ളിയൂം, (2) എ. എജിങ്ങ്ട്ടൺ, (3) ആർ. നാരായണയ്യർ എന്നിങ്ങനെ മൂന്നു പേരായിരുന്നു ജഡ്ജിമാർ. അവർ പിന്നീട്ട് മൂന്നായിപ്പിരിഞ്ഞു് മൂന്നുകോടതികളായി. അതിൽ എജിങ്ങ്ട്ടണിൻെറ കോടതിയിലാണു് എൻെറ കേസ്സും വിചാരണക്കുവെച്ചതു്. ആ ജഡ്ജി കണ്ണിൽ ചോരകുറഞ്ഞവനാണു്. അതിൽ ഞാനും എൻെറ വക്കീൽമാരും ഒന്നു ഭയപ്പെട്ടു. അയാൾക്കു് ഈ കേസ്സെടുക്കുന്നതിൽ ചില നിയമസംശയങ്ങൾ വന്നു. ഒടുവിൽ ഹ്യൂസിൻെറ കോടതിയിലേക്കുതന്നെ ഈ കേസ്സ് മാററിവെച്ചു. അദ്ദേഹം നിസ്സംശയം അ

തെട്ടത്തു. അദ്ദേഹം ഒരു ദയാലുവാണ്. അതിൽ ഞങ്ങൾ സന്തോഷിച്ചു.

എന്റെ പേരിൽ മൂന്നുകുററങ്ങളായിരുന്നു പോലീസ് ആരോപിച്ചിരുന്നതു്.

1. രാജാവിനോടു് യുദ്ധം പ്രഖ്യാപിച്ചു.

2. പട്ടാളത്തിന്റെ വഴി തടസ്ഥപ്പെടുത്തുവാൻ കാക്കാടത്തോട്ടു പാലം പൊളിച്ചു.

3. നിയമവിരുദ്ധമായി സംഘം ചേർന്നു.

ഇതിനു് സാക്ഷിത്തെളിവുകൾ മാത്രമേയുള്ളു. ഒരു സബ്ഇൻസ്പെക്ടർ, രണ്ടു ഹെഡ്കോൺസ്ററബിൾമാർ, രണ്ടു കോൺസ്ററബിൾമാർ, ഹെഡ്മാസ്റ്റർ നാരായണ മേനോൻ, സബ്റജിസ്ട്രാർ സുബ്രഹ്മണ്യയ്യർ, രണ്ടുമാപ്പിള മാർ— ഇത്രയും പേരായിരുന്നു പ്രോസിക്യൂഷൻ സാക്ഷികൾ. സാക്ഷികൾ പ്രബലന്മാരാണ്. ഇതിൽനിന്നു പുറത്തുചാടു വാൻ സാധിക്കയില്ലെന്നു് പരക്കെ ധാരണയുണ്ടായിരുന്നു. പോലീസുകാരുടെ കള്ളത്തെളിവിൽ ദ്വാരങ്ങൾ ഉണ്ടാകാതിരിക്കയില്ല. അതിൽക്കൂടി പുറത്തുചാടുവാൻ സാധിക്കും എന്നു് എളയനായക്കുറപ്പുണ്ടായിരുന്നു. ആ ഉറപ്പോടുകൂടി കേസ്സു നടത്തുവാനും ഒരുക്കം ചെയ്തു.

## സാക്ഷിവിസ്താരം:

കേസ്സ് വിചാരണക്കെടുത്തു. അന്യായഭാഗം വിചാരണ (Chief examination) കഴിഞ്ഞു. അവരെ എതൃവിസ്താരത്തിന്നു് കേസ്സ് നിർത്തിവെച്ചു.

അതുവരെ പനങ്ങാട്ടു നാരായണമേനോൻ രണ്ടു തോണിയിലും കാലിട്ടാണ് കളിച്ചിരുന്നതു്: എന്നോടുള്ള പഴ

യസ്സേഹം, പോലീസിനോട്ടള്ള പുതിയ കൂട്ടുകെട്ട്. ഒട്ടു വിൽ സാക്ഷിവിസ്താരം ചീഫ് കഴിഞ്ഞപ്പോൾ അയാളുടെ ചെമ്പ് പുറത്തായി.

അന്നു വൈകുന്നേരം ശ്രീ. കെ. പി. രാമമേനോൻെറ വസതിയിൽ എല്ലാവരും ഒത്തുകൂടി, "നാരായണമേനോൻ തികച്ചും കുററപ്പെട്ടത്തിക്കൊണ്ടുതന്നെ മൊഴികൊടുത്തിരിക്കുന്നു. അയാളെ വിശ്വസിച്ചാൽ കേസ്സ് ശിക്ഷിക്കുകതന്നെ ചെയ്യും. ഇനി അയാളുടെ കുററങ്ങൾ പുറത്തു കൊണ്ടുവരുത്തണം. അതിന്നു ഈ നമ്പൂതിരിക്കുട്ടി പോരാ. അയാളുടെ എതിരാളി ശ്രീ. നമ്പ്യാരെ ഇവിടെ വരുത്തണം" എന്നു് കെ. പി. രാമമേനോൻ പറഞ്ഞു. "ഞാൻ ഇങ്ങോട്ടുവരുവാൻ പറഞ്ഞു എന്നു് അയാളോട്ട് പറയൂ" എന്നു് എന്നോട്ട് പറഞ്ഞു.

ഈ വിവരം ഞാൻ ശ്രീ. നമ്പ്യാരോട്ടു പറഞ്ഞപ്പോൾ അദ്ദേഹത്തിൻെറ ഹൃദയം സന്തോഷംകൊണ്ടു നിറഞ്ഞു. അദ്ദേഹം തൽക്ഷണം എൻെറ ഒരുമിച്ച് ശ്രീ. കെ. പി. രാമമേനോൻെറ അട്ടക്കലേയ്ക്കുവന്നു നാരായണമേനോൻെറ കുററവും കുറവും ആഹ്ലാദപൂർവ്വം രാമമേനോനെ ധരിപ്പിച്ചു. അന്നുവരെ ശ്രീ. രാമമേനോൻ നമ്പ്യാരുടെ എതിർവക്കീലാണു്. നാരായണമേനോൻെറ ഭാഗം വക്കാലത്തു് അദ്ദേഹത്തിനാണു് ഉള്ളതെന്നു് കൂടി ഇവിടെ സ്മരണീയമാണു്.

## സാക്ഷികളെ എതിർ വിസ്താരം:

അന്യായഭാഗം സാക്ഷികളെ എതിർവിസ്താരവും കഴിച്ചു.

ഒന്നാം സാക്ഷി സബ്ഇൻസ്പെക്ടർ വി. അച്ചുതമേനോൻ എന്നെ കുററപ്പെട്ടത്തി പറഞ്ഞില്ല. ഹെഡ്കോൺസ്ററ

ബിൽ തന്നോടുപറഞ്ഞ വർത്തമാനം മാത്രമേ പറഞ്ഞുള്ളു. എൻെറരാഷ്ട്രീയവശം മാത്രമാണു് അദ്ദേഹം വിവരിച്ചതു്. കോൺഗ്രസ്സ്ഖിലാഫററ് കമ്മററികൾ രൂപീകരിച്ചതും ആഗസ്റ്റ് 1-ാംനു മീററിങ്ങു് കൂടിയതും അതിൽ ഞാൻ രാജ്യദ്രോഹപരമായി പ്രസംഗിച്ചതും ആയിരുന്നു സബ്ഇൻസ്പെക്ടരുടെ തെളിവു്.

പിന്നീട്ട് മററു പോലീസുകാരുടെ തെളിവാണു്. അതിൽ നല്ലൊരു വിടവുണ്ടായിരുന്നു. ഞാൻ പാലം പൊളിപ്പിക്കുന്നതു് കണ്ടതായി അവർ തെളിവുകൊടുത്തു. പക്ഷെ ഇവർതന്നെയായിരുന്നു പാലക്കാട്ടു് ക്രോംബിയുടെ കോടതിയിൽ വെച്ചു് തെളിവുകൊടുത്തതു്. അവർ അവിടെ ഈ തെളിവുകൊടുത്തിട്ടില്ല. "ഈ ആൾ കുററം ചെയ്തതായി കാണുന്നില്ല. ലഹള കാണുവാൻ വന്നുനില്ക്കുന്ന ആളാണോ എന്നുകൂടി സംശയിക്കുന്നു. അതുകൊണ്ടു് ക്രമപ്രകാരം വിചാരണചെയ്യാതെ ഈ ആളെ ശിക്ഷിച്ചുകൂടാ" എന്നെഴുതി എന്നെ കമ്മിററു ചെയ്യുകയാണു് അദ്ദേഹം ചെയ്തതു്. അതൊരു സമ്മറികോർട്ടായിരുന്നു. ക്രോംബി ഈവിധം ഓർഡറിൽ പറഞ്ഞിട്ടുണ്ടെന്നും അവിടെ വിചാരണ ഉദ്യോഗസ്ഥനായിരുന്ന ഒരു മാന്യൻ (അദ്ദേഹത്തിൻെറ പേർ ഇപ്പോൾ ഓർമ്മയില്ല) സസ്നേഹം എന്നോടു പറഞ്ഞു. ഞാനങ്ങോട്ടുചോദിക്കാതെയാണു് ഈ ഉപദേശം തന്നതു്. ഞാൻ കോഴിക്കോട്ടു് ഹുസൂരിൽ വിചാരണ കാത്തുനില്ക്കുന്ന സമയത്താണു് ഇതു പറഞ്ഞതും. ഈ റിക്കാർഡു് പകർത്തി ഹാജരാക്കിയതോടെ പോലീസുകാരുടെ തെളിവ് പൊളിഞ്ഞു കഴിഞ്ഞു.

7-ാം സാക്ഷി നാരായണമേനോൻ എന്നെ കുററപ്പെടുത്തി മൊഴി കൊടുത്തു. പക്ഷെ സർട്ടിഫൈഡ്കോപ്പി വായിച്ചുനോക്കിയപ്പോൾ അയാളുടെ തെളിവു കേട്ടുകേൾവിയായി

മാറിയിരിക്കുന്നു—വാഗ്വാദത്തിന്നു വേണ്ടി ശ്രീ കെ. പി. രാമമേനോൻ കയ്യെഴുത്തുകൾ വായിക്കുകയായിരുന്നു. നാരായണമേനോൻെറ കൈപ്പീത്ത് വായിച്ചപ്പോൾ അദ്ദേഹം തെള്ളി, തെള്ളി ചിരിച്ചുതുടങ്ങി. "എന്താചിരിക്കുന്നതു്" എന്നു് പരപ്പിൽ മാധവമേനോൻ വിനയത്തോടെ ചോദിച്ചു. "നാരായണമേനോൻെറ തെളിവ് കേട്ടുകേൾവിയായി മാറിയിരിക്കുന്നു' 'വെന്നു പറഞ്ഞു. നേരിട്ടുള്ള തെളിവും കൈപ്പീത്തിൽ എഴുതിയെടുത്തില്ല എന്നു് പറഞ്ഞു. ദൈവം തൽക്ഷണം അവിടെ പ്രത്യക്ഷപ്പെട്ടതുപോലെ ഞങ്ങൾക്കു തോന്നി. കുററപ്പെടുത്തി നേരിട്ട തെളിവായി ഒരു വാക്കുമാത്രമേ നാരായണമേനോൻ പറഞ്ഞിരുന്നുള്ളൂ. അതു് ജഡ്ജി എഴുതിയെടുത്തിട്ടില്ല. മനഃപൂർവ്വമോ, അതോ മറന്നിട്ടോ എന്താണെന്നറിയില്ല; അദ്ദേഹം അതു വിട്ടുകളഞ്ഞിരുന്നു.

"സ്കൂളിൻെറ കാര്യം ലഹളക്കാർ തീർച്ചപ്പെടുത്തിയിട്ടില്ല. എനിക്കു് കേശവൻ നായരോട്ട് ആലോചിക്കണം" എന്നു ഞാൻ പറഞ്ഞിരുന്നു എന്നാണു് നാരായണമേനോൻ മൊഴികൊടുത്തിരുന്നതു്. (സ്കൂളിൻെറ കാര്യം ഞാനങ്ങോട്ടാണു് അന്വേഷിക്കുകയുണ്ടായതെന്നു് മുമ്പ് പറഞ്ഞിട്ടുള്ളത് ഇവിടെ ഓർക്കേണ്ടതാണു്.) അതിൽ "എനിക്കു്" എന്നൊരൊററ വാക്കുമാത്രം കൈപ്പീത്തും പകർത്തിയെടുത്തില്ല. അതോടെ ആ തെളിവിൻെറ സ്വഭാവം മാറി. നാരായണമേനോൻ കുറച്ചു സങ്കോചത്തോടുകൂടിയാണു് ആ കളവു പറഞ്ഞതു്. അതായിരിക്കുമോ അതു കൈപ്പീത്തിൽ കാണാതിരുന്നതു്.

ഞാൻ സബ് റജിസ്ട്രാഫീസിൻെറ താക്കോൽ അയാളോട് ചോദിച്ചു എന്നാണു് സബ്റജിസ്ട്രാർ തെളിവു കൊടുത്തതു്. (നാരായണമേനോനോട്ടു് സ്ക്കൂളിൻെറ കാര്യവും,

സബ്റജിസ്റ്റ്രാളോട്ട് റജിസ്റ്റാഫീസിന്റെ കാര്യവും ഞാനന്ന ങ്ങോട്ടാണ് അന്വേഷിച്ചതെന്ന് ഇവിടെ സ്മരണീയമാണ്. അതിനെ എനിക്കെതിരായി തിരിച്ചു പറയിച്ചതാണ്). അയാൾ ലഹള കഴിഞ്ഞു് പിറെറ ദിവസം ഒരു റിപ്പോർട്ട യച്ചിട്ടുണ്ട്, അതിൽ എന്റെ പേർ പറഞ്ഞിട്ടേ ഇല്ല. അക്കാര്യം പുറത്തു വരുത്തിയപ്പോൾ അയാളും കഷ്ട ത്തിലായി. അതിൽ എന്റെ പേരില്ലെന്നു് ആപ്പീസിൽ നിന്നു അതി ഗൂഢമായി എനിക്കറിവു തന്നതാണ്. അ തും ഞാനാവശ്യപ്പെട്ടിട്ടല്ല. ഏതുവിധത്തിലെങ്കിലും നിര പരാധിയായ ഞാൻ രക്ഷപ്പെടണമെന്നു് എല്ലാവക്കും ആ ഗ്രഹമുണ്ടായിരുന്നു.

പിന്നീട് രണ്ടു മാപ്പിളമാരായിരുന്നു പോലീസ് സാ ക്ഷികൾ. അതിൽ ഒരാൾ ലഹളക്കു മുൻനിന്നവനായിരുന്നു. “ലഹള നടത്തിയവരെക്കൊണ്ടു് കള്ളസ്സാക്ഷി പറയിപ്പി ച്ചു് നിരപരാധിയായ നമ്പൂതിരിപ്പാടിനെ കുടുക്കുവാനാണു ഭാവം അല്ലെ?” എന്നു് ശ്രീ. ടി. വി. സുന്ദരയ്യർ ബാറിൽ വെച്ചു് സബ്ഇൻസ്പെക്ടറോട് തമാശയായി ചോദിച്ചു. “അ തിൽ ഒരാൾമാത്രമേ ലഹളക്കു കൂടിയിട്ടുള്ളു” എന്നു് സബ് ഇൻസ്പെക്ടർ അതിന്നു മറുപടിയും പറഞ്ഞു. സുന്ദരയ്യരും എന്റെ വക്കീലായിരുന്നു. അദ്ദേഹം പല പൊടിക്കൈക ളും കാണിച്ചിട്ടുണ്ട്.

തെളിവുകൾ ഇപ്രകാരമെല്ലാമാണെങ്കിലും കോൺഗ്ര സ്സുകാരായ ഹിന്ദുക്കളെ ശിക്ഷിച്ചേ കഴിയു എന്നു് ബ്രിട്ടീഷു കാർ ജഡ്ജിമാരെ നിർബ്ബന്ധിച്ചിരുന്നു. മണ്ണാക്കാട്ട് ഇളയനാ യർ വിട്ടുപോയപ്പോൾ “കണ്ണൻ ചാടിപ്പോയി” എന്നാണു് ഗവമ്മേണ്ടു ഭാഗത്തിൽ നിന്നു് പറഞ്ഞതു്. ആ പറഞ്ഞ തു് തമാശയാണെങ്കിലും ആരുടെ നേക്കാണു് വലവീശുന്ന തു് എന്നു് സ്പഷ്ടമാണല്ലോ.

എൻെറ പേരിൽ കുററപത്രം തയ്യാറാക്കി പ്രതിസാക്ഷി ചോദിച്ചു. തത്സമയം ജഡ്ജി ഒരു പ്രത്യേക കരുണ കാണിച്ചു. "രാജാവിനോട്ട് യുദ്ധം പ്രഖ്യാപിച്ചു" എന്ന കുററത്തിനാണു് കുററപത്രം തയ്യാറാക്കിയതു്. ജാമ്യത്തിന്മേൽ വിട്ടവാൻ പാടില്ലാത്തതാണു് ആ കുററം. അദ്ദേഹം എന്നെ മുൻ ജാമ്യത്തിന്മേൽത്തന്നെ വിട്ടു.

ഏതു കുററത്തിന്നാണു് ചാർജ്ജ് വെക്കുന്നതെന്നു് വക്കീൽ രാമമേനോൻ ചോദിച്ചു. "അതെന്തിനാണു് അറിയുന്നതു്" എന്നു ജഡ്ജി ഇങ്ങോട്ടും ചോദിച്ചു. "രാജാവിനോട്ട് യുദ്ധം പ്രഖ്യാപിച്ചു എന്ന ചാർജ്ജിന്മേൽ" എന്നദ്ദേഹം തുടന്നു പറഞ്ഞു. "ആ വകുപ്പു പ്രകാരം പ്രതിക്കു് ജാമ്യം അനുവദിക്കുവാൻ പാട്ടുള്ളതല്ല, അപ്പോൾ എൻെറ കക്ഷി ജയിലിൽ പോകണം. അദ്ദേഹം ജയിലിൽ പോയാൽ കേസ്സു നടത്തുവാൻ പുറത്താരും ഇല്ല. അപ്പോൾ അദ്ദേഹത്തിൻെറ നിരപരാധിത്വം തെളിയിക്കുവാൻ സാധിക്കില്ല" എന്നു വക്കീൽ മറുപടിപറഞ്ഞു. "ഞാൻ 121–A. (രാജാവിനോട്ട് യുദ്ധം പ്രഖ്യാപിച്ചു) എന്ന വകുപ്പുപ്രകാരമാണു് കുററപത്രം തയ്യാറാക്കുന്നതു്. പ്രതിയെ ഞാൻ പഴയ ജാമ്യത്തിന്മേൽ തന്നെ വിട്ടവാനാണും നിശ്ചയിച്ചിരിക്കുന്നതു്" എന്നു ജഡ്ജിപറഞ്ഞു. അതെല്ലാവരും നന്ദിപൂർവ്വം സ്വീകരിച്ചു.

## പ്രതിഭാഗംസാക്ഷികൾ:

(1) കൃഷ്ണേട്ടൻ (2) പാവുട്ടി ശ്രീധരൻനമ്പൂതിരി (3) കൃഷ്ണൻ നായർ (4) കൃഷ്ണപ്പട്ടർ (5) സ്ലാമ്പിക്കൽചാമി.

## പ്രതിഭാഗം തെളിവു്:

ഞങ്ങൾ പ്രതിഭാഗം തെളിവുകൊട്ടക്കാനൊരുങ്ങി. മണ്ണാക്കാട്ട് ഇളയനായരുടെ പ്രബലമായ പിൻബലത്തോട്ട

കൂടിയാണ് ഒരുക്കങ്ങൾ ചെയ്തതു്. തിയ്യാടിനമ്പ്യാരുടെ സന്നാഹമാണ് പ്രതിസാക്ഷികൾ.

ഞങ്ങളുടെ എതിർപ്പ് ഒരു സമരം തന്നെയായിരുന്നു. കോഴിക്കോട്ട് സത്രത്തിലാണ് ഞങ്ങൾ ക്യാമ്പുചെയ്തിരുന്നതു്. മണ്ണാർക്കാട് ഇളയനായരുടെ സ്വാധീനം വഴിക്കാണ് എനിക്കാസ്ഥലം കിട്ടിയതു്. ഞങ്ങൾ അവിടെ ഒരു "സത്രം"തന്നെ നടത്തി. അഡ്വെക്കററ് സി. ഗോപാലൻ നായരാണ് അതു് വാടകക്കെടുത്തു് താമസിച്ചിരുന്നതു്. അദ്ദേഹവും ഞങ്ങൾക്കൊരു ചങ്ങാതിയായിമാറി. അദ്ദേഹം ഒരു ജർനലിസ്റ്റുംകൂടിയാണ്.

"സത്രത്തിൽ വളരെ പേരുണ്ടായിരുന്നു. മണ്ണാർക്കാട്ട് ഇളയനായരുടെ മഹത്തായ ഒരു സംഘം, തിയ്യാടിനമ്പ്യാരുടെ സന്നാഹം, അതിന്നും പുറമെ എന്നെസ്സ്നേഹിക്കുന്ന മറെറാരുസംഘം—ഇങ്ങനെ രണ്ടു മൂന്നു സംഘം ചേർന്നപ്പോൾ അതു് ഒരു വമ്പിച്ച സത്രം തന്നെയായിരുന്നു.

സാക്ഷികൾക്കു് എല്ലായ്പ്പോഴും "ഗാഡുകൾ" ഉണ്ടു്. ഞങ്ങൾ സംഘം ചേർന്നല്ലാതെ പുറത്തിറങ്ങിയില്ല. സാക്ഷികളെ പോലീസുകാർ റാഞ്ചിക്കൊണ്ടുപോകുമോ എന്നൊരു ഭയം ഞങ്ങൾക്കുണ്ടായിരുന്നു. മുൻകരുതലെടുക്കുന്നതിൽ സമർത്ഥനാണ് ശ്രീ. പരപ്പിൽ മാധവമേനോൻ. സാക്ഷികൾ പുറത്തേക്കിറങ്ങുന്നതു് കുതിരവണ്ടിയിൽ മാത്രമായിരുന്നു. ഒററയ്ക്കാരും പോകരുതെന്നു് മാധവമേനോൻ എപ്പോഴും താക്കീതു ചെയ്യും.

ഈ ഗുരുതരമായ അന്തരീക്ഷത്തിൽപ്പോലും വൈകുന്നേരം തിയ്യാടി നമ്പ്യാരുടെ "വെടിയുടെ വട്ടം" ഉണ്ടായിരുന്നു. ഇളയനായർ നമ്പ്യാരുടെ ഫലിതം കേട്ട് ചിരിച്ചു്

മണ്ണു കപ്പും. അത്രമാത്രം പൊടിപ്പനാണു് ആ പ്രഭാഷണം. ഇരുന്നും "വെടിപറയുക" മാത്രമല്ല എഴുനേററു് അഭിനയവും ഉണ്ടു്. ഞങ്ങളുടെ വിരോധികളെ പരിഹസിക്കലായിരിക്കും വിഷയം.

പല മാന്യന്മാരും ഇളയനായരെ കാണാൻ അവിടെ വന്നിരുന്നു. അതോടൊപ്പം പോലീസ് മദ്ദനത്തിനു് മാറു കാണിച്ച നമ്പൂതിരിയുവാവിനെ കാണുന്നതു് അവക്കു് സന്തോഷമാണു്. അവക്കെന്നെപ്പററി കേട്ടുകേൾവിയേ ഉള്ളു. അങ്ങനെ വന്നവരിൽ പ്രധാനിയാണു് കിണററിൻകര കൃഷ്ണൻനായർ. അദ്ദേഹം ഏററവും ഉയന്ന, മലബാറിൽ ശ്രുതിപ്പെട്ട ഒരു എഞ്ചിനിയറാണു്. അദ്ദേഹം യൂറോപ്യന്മാരെ മത്സരിച്ചു് തോല്പിച്ചതിൻെറ ഐതിഹ്യങ്ങൾ നാട്ടിൽ പ്രചരിച്ചിരുന്നു. ഞാനും ഇളയനായരും അദ്ദേഹവും കൂടി അന്നും വളരെനേരം സംസാരിച്ചിരുന്നു. അദ്ദേഹം ഒരു സരസവാഗ്മിയാണു്. ഒട്ടുമാങ്ങ ധാരാളം നറുക്കിവെച്ചിരുന്നു. അതു ചവച്ചുകൊണ്ടാണു് വത്തമാനങ്ങൾ പലതും പറഞ്ഞിരുന്നതു്. ചിലകഷ്ണങ്ങൾ പുളിക്കുമ്പോൾ അദ്ദേഹം എളയനായരോടു് "നസ്യം" പറയും.

ഇളയനായരെ വിട്ടതിലുള്ള സന്തോഷവും എന്നോടുള്ള സഹതാപവും പ്രകടിപ്പിക്കുവാനാണു് അദ്ദേഹം വന്നതു്. പോകുന്നസമയം "ഇനി കേസ്സുവിട്ടയച്ചതിന്നുശേഷം കാണാം" എന്നു് എന്നോടുപറഞ്ഞു പിരിഞ്ഞു. എന്നെ ശിക്ഷിച്ച വത്തമാനം അറിഞ്ഞപ്പോൾ അദ്ദേഹം ഖേദിച്ചു. "ആ നമ്പൂതിരിക്കുട്ടിയെ ശിക്ഷിച്ചു എന്നറിഞ്ഞപ്പോൾ എനിക്കു് ഖേദം തോന്നി. അന്നു് ആ മാങ്ങതിന്നേണ്ടായിരുന്നില്ല; അതു് എൻെറ വയററിൽ കിടന്നു് ഉഴയ്ക്കുന്നു" എന്നദ്ദേഹം പറഞ്ഞതായി ഞാൻ ജയിലിൽനിന്നു് വന്നപ്പോൾ കേട്ടു.

സാക്ഷികൾ വിചാരിച്ചതിലും നന്നായി മൊഴികൊടുത്തു. അവർ വിചാരണക്ക് കൂട്ടിൽ കയറി നിൽക്കുമ്പോൾ അവക്ക് ഒരാവേശംതന്നെ കിട്ടിയിരുന്നു. അധികാരികാണിച്ച പൌരുഷം, കൃഷ്ണൻനായർ കാണിച്ചധൈര്യം, അംശംമേനോൻ കൃഷ്ണപ്പട്ടർ കാണിച്ച അടവുകൾ, ഇവയെല്ലാം അവിസ്മരണീയങ്ങളാണ്. എന്നെ അറസ്റ്റ്ചെയ്യുന്ന സമയം എൻെറ വിരോധിയായിരുന്ന സബ്ഇൻസ്പെക്ടർ മൊയ്തീൻ പ്രകടിപ്പിച്ച വിദ്വേഷങ്ങൾ അധികാരി വെട്ടിത്തുറന്ന് വെളിവായി വിസ്തരിച്ച് മൊഴികൊടുത്തു. ഇതുകേട്ടപ്പോൾ കോടതിയിൽ കൂടിയിരുന്നവർ അത്ഭുതസ്തബ്ധരായി. പാലം പൊളിക്കുന്നസ്ഥലത്ത് ഞാൻ ഉണ്ടായിരുന്നില്ലെന്നായിരുന്നു കൃഷ്ണൻനായരുടെ തെളിവ്. "നിങ്ങൾ എത്രനേരം അവിടെനിന്നു?" എന്ന വക്കീലിൻെറ ചോദ്യത്തിന്നു "പാലം പൊളിക്കുന്ന സമയം മുഴുവനും" (ഒന്നരമണിക്കൂർ) എന്ന് സാക്ഷി മറുപടിപറഞ്ഞു. ഇതുകേട്ടപ്പോൾ അവിടെ ഉണ്ടായിരുന്നവർ ഞെട്ടിപ്പോയി.

സാക്ഷിപറയരുതെന്നു് പോലീസ് അയാളെ ഭയപ്പെടുത്തി. പോസ്റ്റൽ ഇൻസ്പെക്ടർ മഞ്ജുനാഥപ്രഭു അയാളെ ധൈര്യപ്പെടുത്തി. അയാളുടെ പേരിൽ ശ്രീ. പ്രഭു മുൻകൂട്ടി തന്നെ നല്ല റിക്കാർഡ് സമ്പാദിച്ചുവെച്ചിരുന്നു. പോസ്റ്റാഫീസ് നശിക്കാതെ കാത്തു രക്ഷിച്ചതിന്നു് അയാൾക്കു് ഗവർമ്മേണ്ടിൽ നിന്നും സമ്മാനം വാങ്ങിക്കൊടുത്തിരുന്നു.

കൃഷ്ണപ്പട്ടർക്കു് സായിപ്പുമാരോട് പെരുമാറിയശീലമുണ്ട്. സായ്പ്പ് തിരിഞ്ഞുനോക്കുന്നസമയത്തൊക്കെ അദ്ദേഹം കൂട്ടിന്മേൽനിന്നു് സായിപ്പിനെ കുമ്പിട്ടുതൊഴലും, വക്കീലിൻെറ ചോദ്യങ്ങൾക്കു് സംശയരഹിതമായ മറുപടിയും കേൾക്കുമ്പോൾ ആളുകൾ ആശ്ചര്യപ്പെട്ടിരുന്നു. അന്യായ

ഭാഗം സാക്ഷി നാരായണമേനോൻെറ വീട്ടിലേക്ക് ഞാൻ പോകുമ്പോൾ എൻെറ ഒപ്പം വന്നതും, നാരായണമേനോൻ കുററപ്പെടുത്തി പറഞ്ഞതൊന്നും ഞാൻ പറഞ്ഞിട്ടില്ലെന്നും ആയിരുന്നു കൃഷ്ണപ്പട്ടരുടെ മൊഴി. ഇത്രയും നിർഭയമായ ഒരു തെളിവുകൊടുക്കൽ ഈ കോടതിയിൽ നടന്നിട്ടില്ലെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

ശ്രീ. കെ. പി. രാമമേനോൻെറ വാഗ്വാദം ശ്രദ്ധേയമായിരുന്നു. മാപ്പിളമാരുടെ മതഭ്രാന്തും, പോലീസിൻെറ ഭീരുത്വവും കാരണമാണ് ലഹള നടന്നതെന്ന് അദ്ദേഹം യുക്തിയുക്തം സമർത്ഥിച്ചു. തിരൂരിൽ നടന്ന സംഭവം ഈ കേസ്സിൽ മൊഴികൊടുത്ത സബ്ഇൻസ്പക്ടരുടെ സാക്ഷിമൊഴി അതിന്ന് ഉദാഹരണമായി എടുത്തു കാണിച്ചു. തോക്കുകളും, തിരകളും കയ്യിൽവെച്ച് മൂന്നു മണിക്കൂർ നേരം പോലീസ് വെറുതെ മിഴിച്ചുനിന്നപ്പോഴാണ് ലഹളക്കാർ അകത്തുകടപ്പാൻ ധൈര്യപ്പെട്ടതെന്ന് എതിർവിസ്താരത്തിൽ തെളിവുവരുത്തിയിരിക്കുന്നു. ലഹളകണ്ട ദിക്കിലൊക്കെ ഈ പോലീസുകാർ— മരച്ചാണകൾ— പേടിച്ചോടിയിരുന്നില്ലെങ്കിൽ ഈ വക അനർത്ഥങ്ങളൊന്നും സംഭവിക്കയില്ലായിരുന്നു എന്നദ്ദേഹം ഉച്ചൈസ്തരം ഉൽഘോഷിച്ചു.

കേസ്സ് വിട്ടുപോകും എന്നൊരുതോന്നൽ അവിടെ പരന്നു. "നമ്പൂതിരി, കോഴിക്കോട്ടങ്ങാടിയിൽ കുടക്ക് വിലകൂട്ടും" എന്ന് ഇളയനായർ കളിപ്പിക്കുവാൻ തുടങ്ങി. ജയിച്ചഭാഗത്ത് കുട പിടിക്കുന്നവരാണ്—അവസരവാദികൾ— നമ്മുടെ നാട്ടുകാരെന്നാണ് അതിൻെറ അർത്ഥം.

കേസ്സ് വിടുന്നതാണെങ്കിൽ ആദ്യം വിധിപറയുവാൻ നിശ്ചയിച്ച ദിവസംതന്നെ പ്രതിയെ വിട്ടയക്കാം. നീട്ടിക്കൊണ്ടുപോകുന്തോറും ശിക്ഷയുടെ ഗൌരവം കൂടിക്കൂടി

വരും എന്നൊരുപതിവ് ട്രിബ്യൂണൽ കോടതിയിൽ ഉണ്ടായിരുന്നു. അടുത്ത ദിവസം വിധി പറയുവാൻ നിശ്ചയിച്ചു. കേസ്സ് വിട്ട് എല്ലാവക്കും ഒരുമിച്ച് പോകാമെന്ന സന്തോഷത്തിൽ ഇളയനായർ മുതലായവരും മററുസാക്ഷികളും എൻെറ ഒരുമിച്ച് താമസിച്ചു. എൻെറ കേസ്സ് നിശ്ചയിച്ച ദിവസം വിധി പറഞ്ഞില്ല. അവിടേയ്ക്ക് അല്പം കുണ്ഠിതം ബാധിച്ചു. "അഹങ്കരിച്ചാൽ മുഖം കറുക്കും". "നമ്മൾ അധികം അഹങ്കരിച്ചുപോയെന്നു" ഇളയനായർ ഖേദിച്ചു.

ശ്രീ. ഇളയനായർ കുണ്ഠിതത്തോടും സംഭ്രമത്തോടും കൂടി യാത്രപറഞ്ഞു് പിരിഞ്ഞു. എൻെറ സാക്ഷികളും സഹായികളും ഓരോരുത്തരായി എന്നോടു് യാത്ര പറഞ്ഞു പിരിഞ്ഞു. യാത്ര പറയുന്ന സമയത്തു് അവരുടെ മുഖത്തു ചോര തുള്ളിയില്ല. ആ സമയത്തു് ഞാൻ തല ഒന്നു കുണങ്ങാൻ നോക്കുന്നതല്ലാതെ സമാധാനം പറയുവാൻ എൻെറ കണ്ഠം അടഞ്ഞിരുന്നു. അവർ യാത്രപറഞ്ഞു് പോകുമ്പോൾ ഇനി ഈ ജന്മം ഇവരെ കാണുമോ ആവോ? എന്തെന്നാൽ അവർ കണ്ണിൽ നിന്നു് മറയുന്നതുവരെ അവരുടെ പിറകെ നോക്കിക്കൊണ്ടിരിക്കും. ആളുകൾ ഓരോരുത്തരായി എന്നെ വിട്ടു പിരിഞ്ഞു. ഒടുവിൽ കൃഷ്ണേട്ടനും, പി. എസ്. പണിക്കരും (ഇവരാണു് എന്നെ ജാമ്യത്തിൽ വിട്ടദിവസം കൊണ്ടുപോയതു്) അപ്പുപ്പട്ടരും മാത്രം എൻെറ ഒരുമിച്ചു ബാക്കിയായി.

വിധി പറയാതെ കേസ്സ് നീട്ടി നീട്ടി ദിവസം പത്തായിക്കഴിഞ്ഞു. തൊട്ടേടത്തെല്ലാം ദുശ്ശകുനം കണ്ടുതുടങ്ങി. കോഴിക്കോട്ടെ സത്രത്തിലാണു് ഞാൻ താമസിച്ചിരുന്നതു്. ഇളയനായർവഴിക്കാണു് ആ സ്ഥലം എനിക്കു കിട്ടിയതെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ സത്രത്തിൽ ചെറിയ

ഒരു അമ്പലമുണ്ടു്. അന്നു ഞാൻ അമ്പലത്തിൽ ആല്യവിളക്കു കളും മാലകളും വെച്ചപ്പോൾ അതെല്ലാം ഒരൊററ കാററിന്നു പൊലിഞ്ഞുപോയി. അതോടുകൂടി എൻെറ മനസ്സും പൊട്ടിപ്പോയി. പിറെറദിവസം സൂര്യൻ ഉദിച്ചതുതന്നെ എനിക്കു് ഒരു ദുശ്ശകുനമായി തോന്നി. അന്നു 11 മണിക്കു് ഞങ്ങൾ 4 പേരും കോടതിക്കുപോയി.

"ഇന്നലെയോളമെന്തെന്നറിഞ്ഞീല,
ഇനി നാളേയും എന്തെന്നറിഞ്ഞീല;
കണ്ടു കണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും കാണായി."

ഞാൻ പ്രതിയുടെ സ്ഥാനത്തു് ചെന്നുനിന്നു. "ജീവപര്യന്തം നാടുകടത്തി. രണ്ടായിരം ഉറുപ്പിക പിഴയടച്ചില്ലെങ്കിൽ അതിന്നു ആറുമാസം കഠിന ശിക്ഷ" എന്നു എൻെറ വിധി പറഞ്ഞു, എൻെറ തല ഇരുളടഞ്ഞു. സർജൻറു് പട്ടാളച്ചെരിപ്പുകൾ ഇട്ടു് എൻെറ അടുത്തേക്കു് "കരെ, കരെ" എന്നെത്തി. എൻെറ രണ്ടു കയ്യും കൂട്ടി ആമം വെച്ചു രണ്ടു പോലീസുകാരുടെ കയ്യിൽ ഏല്പിച്ചുകൊടുത്തു. എന്നെ ഹജ്ജൂരിൽ ഒരു ചാപ്പിൽ കൊണ്ടിരുത്തി. അടുത്ത നിമിഷത്തിൽ "കുമാരൻ കടുത്തരാം പിശാചിൻ പടയാൽ ചൂഴപ്പെട്ടു."

എൻെറ കേസ്സു നടത്തുവാൻ പല രസികന്മാരും ഉണ്ടായിരുന്നു. ആ പരിതസ്ഥിതിയുടെ പരിമേളനത്തിൽ മഴക്കു മുമ്പുള്ള വെയിൽ പോലെ ഞാനും അല്പം അഹങ്കരിച്ചുപോയി. അഹങ്കരിച്ചാൽ മുഖം കറുക്കുമെന്നു് ഇളയനായർ പലപ്പോഴും എന്നെ വിലക്കിയിരുന്നു. ഒടുവിൽ ആ പരിലസിതമായ പരിതസ്ഥിതിയിൽനിന്നു് വെടികൊണ്ട പക്ഷിയെപ്പോലെ ഞാൻ ഈ മനുഷ്യവേട്ടക്കാരുടെ കയ്യിലേക്കു് ചിറ

കൊടിഞ്ഞുവീണപ്പോൾ എന്റെ മനസ്സ് പുകഞ്ഞു പൊട്ടി പ്പോയി. ഞാൻ പൊട്ടിക്കരഞ്ഞു പോയി. തത്സമയത്തും ഒരു കോൺസ്റ്റബിളിന്നു് അയാളുടെ ചാപലൃം കാണിക്കാ തിരിക്കുവാൻ കഴിഞ്ഞില്ല. അയാൾ വന്നു എന്നെ ശല്യ പ്പെടുത്തുവാൻ തുടങ്ങി. ഒടുവിൽ എനിക്കല്പം ശുണ്ഠിതന്നെ വന്നു. "ഇപ്പോൾ കരച്ചിൽ എവിടെപ്പോയി" എന്നായി അയാൾ. "ദേഷ്യത്തിന്നടിയിൽ പെട്ടു" എന്നു ഞാനും.

ഞാൻ നിരാശയിൽ ആണ്ടിരിപ്പായി. കുറച്ചു കഴി ഞ്ഞപ്പോൾ ഒരു പോലീസുകാരൻ കക്കൂസിൽ പോകണ്ടേ എന്നു ചോദിച്ചു. എന്തോ ഇതിൽ ഉണ്ടെന്നു മനസ്സിലാക്കി ഞാൻ അങ്ങോട്ടു ചെന്നു. അവിടെ ചെന്നപ്പോൾ കൃഷ്ണേ ട്ടനും, പണിക്കരും അടുത്തുള്ള മതിലിന്റെ ദ്വാരത്തിൽ കൂടി നോക്കി നിൽക്കുന്നു. "ഇനി എന്താ വേണ്ടതു്" എന്നു പണിക്കർ എന്നോടു് ചോദിച്ചു. "വേഗം അപ്പീൽ കൊടു ക്കണം" എന്നു മാത്രം ഞാൻ മറുപടിയും പറഞ്ഞു.

നേരം പകൽ 5 മണിയായി. സൂര്യന്റെ കരങ്ങൾ കു ഴഞ്ഞുതുടങ്ങി. അന്ധകാരം ആടി ആടി അടുത്തു തുടങ്ങി. എന്നെ കോഴിക്കോട്ടു ജയിലിലേക്കു് വീണ്ടും കടത്തി. ഇള യനായരും വിട്ടുപോയി. പെരുമനവും കൂട്ടരും രക്ഷപ്പെട്ടു. ഞാൻ ഇതാ ഈ ദുർവ്വാര നരകത്തിൽ എത്തും പിടിയുമില്ലാ തെ കരകാണാതെ മുങ്ങിച്ചാവുകയായി. ഇതാ, ഇന്നു തൂക്കി ക്കൊല്ലുവാൻ വിധിച്ച മാപ്പിളച്ചെക്കന്മാർ മുറിയിലേയ്ക്കു് കൂസൽ കൂടാതെ ഓടിപ്പോകുന്നു. ഈ കാണിക്കുന്ന ഉശി രിന്നു് അന്തമില്ലായ്മ എന്നോ, ധൈര്യമെന്നോ പറയേണ്ട തെന്നറിയുന്നില്ല.

നേരം അസ്തമിച്ചുതുടങ്ങി. എന്റെ മനസ്സിൽ പുകഞ്ഞു കട്ടകുത്തുന്ന നിരാശ ലോകം ഒട്ടുക്കു് എന്റെ ദൃഷ്ടിയിൽ

അന്ധകാരമാക്കി. മുൻചട്ടപ്രകാരം ഞാൻ ജയിലിൻെറ രണ്ടാം നിലയിൽ ഒരു മുറിയിൽ കിടക്കാനായി കടന്നു. ഉടനെ ഒരു വാർഡർ വന്ന് ചുവട്ടിൽ എനിക്ക് ഒററക്ക് ഒരു മുറി ഒഴിച്ചിട്ടിട്ടുണ്ടെന്ന് എന്നോട്ട് സാദരം പറഞ്ഞു. "ഓ" എന്നു ഞാൻ താഴത്തു ചെന്നപ്പോൾ ആ മുറിയിലും അനവധി മാപ്പിളമാർ ഉണ്ടായിരുന്നു. ഏഴ കൊല്ലത്തിലധികം ശിക്ഷയുള്ള വക്കുകളിലെ മുറിയിൽ കിടന്നുകൂടാ എന്നൊരു ജയിൽച്ചട്ടമുണ്ട്. ഞാൻ ജീവപര്യന്തം നാട്ടുകടത്തപ്പെട്ടവനാണെന്ന് ആ വാർഡർക്ക് എന്നെ ഓർമ്മപ്പെടുത്തുവാൻ വയ്യ. അതുകൊണ്ടാണ് അയാൾ എന്നെ നല്ലവാക്ക പറഞ്ഞു ചുവട്ടിലേക്കാക്കിയത്.

എൻെറ ഹൃദയം തീരെ മങ്ങുഴമായി. എൻെറ ചിന്താഗതി അടഞ്ഞു. അന്നുരാത്രി പന്ത്രണ്ടു മണിക്കൂർ ഒററ ഉറക്കത്തിൽ തൻെറടം വിട്ട് മയങ്ങി. പിറെറദിവസം ഉഷസ്സ് എത്ര പുഞ്ചിരിതൂകിയാലും എൻെറ മനസ്സിൽ ഇരുളടഞ്ഞുപോയതിനെ നീക്കം ചെയ്യുവാൻ സാധിച്ചില്ല.

"എന്നെച്ചുഴന്നുണ്ടൊരു ശുദ്ധ ശൂന്യലോകം
പിശാചിൻ പടി നോക്കിനില്പൂ."

ആകപ്പാടെ അന്തം കാണാതെ തല കനത്തു തുടങ്ങി. ഒരു ഉറക്കംതൂക്കൽ മാത്രമായി എൻെറ സ്ഥിതി. കേസ്സു നടത്തുന്നതിലുള്ള അതിജാഗ്രതയും ഭവിഷ്യത്തിനെപററിയുള്ള അപായശങ്കയുംകൊണ്ട് ശിക്ഷിക്കുന്നതുവരെ എനിക്കുറക്കം കുറവായിരുന്നു. ശിക്ഷിച്ചപ്പോൾ "കുറുകുറുപ്പ്" എല്ലാം തീൻ. ശിക്ഷിച്ചതിനുശേഷം ഒരാഴ്ച പതിവായി 18 മണിക്കൂർ ഉറക്കത്തിലായിരുന്നു എൻെറ മയക്കം. "എന്താ ഇത്! 20 കൊല്ലം ശിക്ഷിച്ചാൽ പതിവായി 18 മണിക്കൂർ ഉറക്കം വരുമോ?" എന്നായി കൃഷ്ണനുണ്ണിനായർ

അവർകളുടെ ആക്ഷേപം, അദ്ദേഹവും ഒരു തടവുകാരനായിരുന്നു.

ഞാൻ ജാമ്യത്തിൽ വിട്ടുപോരുന്നതിന്നു് മുമ്പും കോഴിക്കോട്ടുജയിലിൽ 4 മാസം കിടന്നിട്ടുള്ളതുകൊണ്ടു് അവിടെയുള്ള വാർഡർമാർക്കു് എന്നിൽ ധാരാളം അനുകമ്പ വന്നിട്ടുണ്ടു്. അതുകൊണ്ടു് അവർ ഒരു സമയത്തും എന്നെ ശല്യപ്പെടുത്തിയിരുന്നില്ല.

ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും എന്റെ ഉറക്കം സ്റ്റോക്കു് തീന്നു് വീണ്ടും പുറത്തേക്കു പോകാനുള്ള ആശ ജനിച്ചു. അപ്പോഴേക്കും എന്നെ കോയമ്പത്തൂർ ജയിലിലേക്കു് കൊണ്ടു പോകയാണെന്നു് കേട്ടു. കോഴിക്കോട്ടു ജയിലിൽ കിടന്നതു് പൂർവ്വസ്മരണ നിമിത്തം എനിക്കു് മനശ്ശല്യമായിത്തീന്നു. രക്ഷപ്പെടാൻ മാർഗ്ഗമുണ്ടാവുമെന്ന പ്രത്യാശയും അന്നുണ്ടായിരുന്നു. ഇളയ നായർ മുതലായവരോടുകൂടി കഴിച്ചുകൂട്ടിയ ആ സ്ഥലത്തു് കൂട്ടുകാരെല്ലാം 'ചൊട്ടയിൽ കയറി'. ഞാൻ മാത്രം വഴിക്കുവീണതുകൊണ്ടു് അവിടെ താമസം ഒരു വിധത്തിലും പൊറുക്കുവാൻ വയ്യാതായി. കോയമ്പത്തൂർക്കു് എന്നെ എടുക്കുന്നതു് എനിക്കു് അല്പം ഭേദമായിത്തോന്നി.

ബല്ലാരിയ്ക്കു്:

അപ്പോഴേക്കും, അതാ, ബെല്ലാരിയ്ക്കാണെന്നു് ഡോക്ടർ പറയുന്നു. ഇതുകേട്ടപ്പോൾ എന്റെ മനസ്സു് ഒന്നു കാളി. ബല്ലാരി ജയിൽ എന്നു കേട്ടാൽ അന്നു തടവുകാർക്കു് "കോളറ" ദീനത്തേക്കാൾ പേടിയായിരുന്നു. അവിടെ തല്ലലും കൊല്ലലും, ദീനംപിടിക്കലും ചാകലും സാധാരണയാണു്. വീണ്ടും അന്വേഷിച്ചപ്പോൾ കോയമ്പത്തൂർ ജയിലിലേയ്ക്കാണെന്നു് പറഞ്ഞു് അവർ എന്നെ സമാധാനിപ്പിച്ചു. അന്നു

തന്നെ കുറെ തടവുകാരുടെ കൂട്ടത്തിൽ എന്നെ തീവണ്ടി കയററി. ഡാക്ടർ പറഞ്ഞതു്— ബല്ലാരിയ്ക്കാണെന്നു്— മറക്കുന്നില്ല. എൻെറ മനസ്സു് എന്തോ എന്നു് അമ്പരന്നു തുടങ്ങി. വണ്ടി പോത്തനൂർ എത്തി, നേരം അദ്ധരാത്രിയായി. ഇതാ കുറെ പോലീസുകാർ ഞങ്ങളെ ഏററെടുക്കുന്നു. ഞങ്ങളുടെ യോഗം ബല്ലാരിക്കു തിരിഞ്ഞു. കറുത്തവാവിൽ മഴക്കാറെന്നപോലെ എൻെറ മനസ്സിൽ നിരാശ കുന്നുകൂടി, കട്ടകുത്തി. പിറേറ ദിവസം വൈകുന്നേരം വണ്ടി ആർക്കോണത്തെത്തി. ഞാൻ ഊണു കഴിച്ചിട്ടു് മൂന്നുനേരം കഴിഞ്ഞിരുന്നു. അന്നു കാലത്തു് ഒരു റൊട്ടിയുടെ കഷ്ണം മാത്രമേ ഞാൻ കഴിച്ചിട്ടുള്ളു. തീവണ്ടിയിൽ ഭക്ഷണസാധനങ്ങൾ വില്ക്കാൻ കൊണ്ടുവരുന്നതു കണ്ടപ്പോഴത്തെ സങ്കടം എങ്ങനെ പറയും. വണ്ടി ആർക്കോണത്തെത്തിയിട്ടു് ഒരു മണിക്കൂർ കഴിഞ്ഞു. കമ്പാർട്ടുമെൻറിൽ വായു സഞ്ചരിക്കാതെ കിടന്നു് വിങ്ങുന്നു. തടവുകാർ തിങ്ങിയിരിക്കുന്നു. എനിക്കു ശ്വാസിക്കുവാൻ കൂടി ശക്തിയില്ലാതായി. "അയ്യോ" "ആവൂ" എന്നു ഞാൻ ഞെരുങ്ങിത്തുടങ്ങി. ഇതു കണ്ടപ്പോൾ ഒരു ഹെഡ്കോൺസ്റ്റബിൾ എന്നെ പുറത്തേയ്ക്കുള്ള വാതിൽക്കൽ കൊണ്ടുപോയി നിത്തി. എനിക്കു് കുറെ പച്ചവെള്ളം വരുത്തിത്തന്നു. പിറെറ ദിവസം വൈകുന്നേരം ഞാൻ ബല്ലാരി ക്യാമ്പു ജയിലിൽ ചെന്നു വീണു. എൻെറ കയ്യാമം അഴിച്ചു. ഞാൻ എൻെറ കയ്യിൻെറ വിരലുകൾ ഒന്നു പൊട്ടിച്ചു. അതു കണ്ടു് ഒരു പോലീസുകാരന്നു് അത്ഭുതം തോന്നി.

## ബല്ലാരി ജയിലിൽ:

വാർഡർമാർവന്നു് ഞങ്ങളെ ഏററെടുത്തു. അവർ ഞങ്ങളെ ഭീഷണിപ്പെടുത്തി തുടങ്ങി. എന്നെയും ബാക്കി തടവുകാരേയും ജയിലിൻെറ ഉള്ളിൽ ആക്കി. കുറച്ചു കഴി

ഞ്ഞപ്പോൾ എൻെറ കാൽക്ക് കോൽച്ചങ്ങല വെയ്ക്കുവാൻ വിളിച്ചു. ഏഴുകൊല്ലത്തിലധികം ശിക്ഷിച്ചവരുടെ കാല്ക്ക് വിലങ്ങു വെക്കണമെന്നാണ് ബെല്ലാരികേമ്പ് ജയിലിലെ നിശ്ചയം. ബാക്കിതടവുകാർ കാല്ക്ക് കനംകുറഞ്ഞ ചങ്ങല കിട്ടുവാൻ വേണ്ടി എൻെറ മുമ്പിൽ ഓടിച്ചാടിച്ചെന്നു തുടങ്ങി. എനിക്കവിടെ ഉള്ളതിലും ഘനംകൂടിയ ചങ്ങലതന്നെ ആയിക്കൊള്ളട്ടെ! ചങ്ങല തിരഞ്ഞെടുക്കുന്നതിൽ എനിക്ക് യാതൊരു പൊത്തിപ്പിടിയും ഇല്ല, എന്നു ഞാൻ ഒഴിഞ്ഞു നിന്നു. ഒടുവിൽ ഒരു കൈവണ്ണത്തിലുള്ള ആനച്ചങ്ങല എൻെറ കാൽക്ക് വെച്ചു കരുവാൻ മേടി ഉറപ്പിച്ചു. ചങ്ങല ഒരു മാറു നീളം. അതിൻെറ രണ്ടു തലയ്ക്കലും ഓരോവട്ടക്കണ്ണി, ആ രണ്ടു വട്ടക്കണ്ണികളും രണ്ടു കാലിൻെറയും ഞെരിയാണിക്കണ്ടത്തിൽ വെച്ച് ആണി ഉറപ്പിച്ചു. ആ ചങ്ങലയുടെ നടുക്ക് ഒരു വട്ടക്കണ്ണിയുണ്ടു. അതിൽ ഒരു ചൂടിക്കയർ ഇട്ട് വലിച്ചാൽ ഇടറിക്കൊണ്ടു നടക്കാം. അപ്രകാരം നടന്നു ഞാൻ ഒരിടത്തുചെന്നു നെററിത്തടം കൈകൊണ്ടു താങ്ങിയിരുന്നു.

വൈകുന്നേരം അഞ്ചുമണിയോടുകൂടി ശാപ്പാടു കൊണ്ടുവന്നു. അവിടെ ഉണ്ണുവാനുള്ള പാത്രങ്ങൾ മൺചട്ടികളാണ്. അതും എച്ചിൽച്ചട്ടികളല്ലാതെ ഇല്ല. ഊണ് നാറിപുളിച്ച ഒരു നേദ്യപ്പടയാണ്. പെരുച്ചാഴി ചത്തുനാറുന്നതു സഹിക്കാം. ഈ നേദ്യപ്പടയുടെ കെട്ടനാററം നാസ്സുളുടെ മൂക്കുകൂടി അടയ്ക്കും. ഞാൻ ആ നേദ്യപ്പട ഇടത്തേകയ്യിൽപ്പിടിച്ച് വലത്തെ കൈകൊണ്ടു് അതിൻെറ മേൽഭാഗത്തുനിന്നു് ഒന്നു രണ്ടു് നുള്ളു് എടുത്തു് വായിലേക്കു കാട്ടി. ഒരു വററുപോലും വായിലേക്കു വെയ്ക്കാൻ വയ്യ. ഒടുവിൽ ആ നേദ്യപ്പിണ്ഡം വലിച്ചെറിഞ്ഞു് കൊടുത്തു.

ബല്ലാരികൃാമ്പു ജയിലിൽ മററു ജയിലുകളിലെപ്പോലെ മതിൽക്കെട്ടും, ബ്ളോക്കതിരിച്ച കെട്ടിടങ്ങളും ഇല്ല. മതിലിന്നു പകരം മുള്ളുകമ്പികൊണ്ടുള്ള വേലിയാണു്. വേലിയ്ക്കു പുറത്തു് എല്ലാ ഭാഗത്തും സായുധ പോലീസ് കാവലുണ്ടു്. ബ്ളോക്കുകൾ കെട്ടിടങ്ങളല്ല. ദാർപ്പായകൊണ്ടുള്ള കൂടാരങ്ങളും ഓലമേഞ്ഞിട്ടുള്ള നീണ്ട ഷെഡ്ഡുകളും ആണ്. ഷെഡ്ഡുകൾ ഇരുവശവും മറച്ചിട്ടുമുണ്ടു്. കാററും വെളിച്ചവും കടപ്പാൻവേണ്ടി ആ ഷെഡ്ഡുകളുടെ ഇരുവശത്തും ഉടനീളം ഒന്നരടി വീതിയിൽ ദ്വാരമുണ്ടു്. അഞ്ചോ, ആറോ ടെൻറുകൾ തൊട്ടു തൊട്ടു് തമ്പടിച്ചു് ഒരു ബ്ളോക്കാക്കിയിരുന്നു. ഷെഡ്ഡുകൾ കുറച്ചധികം നീളമുള്ളതാണു്. ആദ്യത്തെ ലോകമഹായുദ്ധത്തിൽ തുക്കിഭടന്മാരെ പിടിച്ചു് ബന്ധിച്ചിരുന്ന സ്ഥലമാണിതു്. അന്നു കാവൽ നിന്നവർ ഇന്നു തടവുകാരാണു്.

ഞങ്ങളെ ചെന്ന ദിവസം കോറണ്ടിലാണു് ആക്കിയതു്. കോറണ്ടി തമ്പുകൾകൊണ്ടുള്ള ബ്ളോക്കാണു്. തടവുകാരെ രാത്രി മുറിയിലിട്ടടയ്ക്കുന്നതിന്നു പകരം ചങ്ങലക്കു് ഇട്ടു് തളയ്ക്കുകയാണു് അവിടെ ചെയ്തിരുന്നതു്. തടവുകാരുടെ കാലിന്മേൽ ഇരുമ്പു തണ്ടങ്ങളുണ്ടാക്കിയിരിക്കും ഇരുമ്പുകമ്പികൊണ്ടുള്ള ഒരു വട്ടാണു് അതു്. ഒരു നീണ്ട ആനച്ചങ്ങല ആ തണ്ടയിൽ കൂട്ടിക്കോർത്തു് മാലപ്പടക്കം പോലെ കോമ്പലയാക്കി പത്തു നൂറു തടവുകാരെ ഒന്നിച്ചുകോർത്തു് ആ ചങ്ങലയുടെ ഇരുതലയും നിലത്തു കുഴിച്ചിട്ടു് കുററിമേൽ കുളത്തി തഴച്ചിട്ടു് പൂട്ടിയിടും. അതു പ്രകാരം അഞ്ചുമണിക്കുശേഷം ചങ്ങലയിട്ടു് തടവുകാരെ അന്നു പൂട്ടി.

തടവുകാരുടെ കൂട്ടത്തിൽ എന്നെ ചങ്ങലയിൽ കോർത്തു പൂട്ടിയിട്ടു. നേരം അസ്തമിച്ചു കഴിഞ്ഞു. സൂര്യഭഗവാൻ അന്ധകാരത്തിൽ ആണ്ടുപോയി. വാരുണിയുടെ മുഖ

ത്തു് ചോര വററി. വിശപ്പും ക്ഷീണവും സഹിക്കവയ്യാതെ ഭാവിയുടെ കരകാണാതെ ഞാൻ കണ്ണടച്ച് ഉറക്കമായി രണ്ടോ നാലോ മണിക്കൂർ കഴിഞ്ഞപ്പോൾ ഞാൻ ഞെട്ടിഉണന്നു. ആകാശവെടിപോലെ ആളെ ഞെട്ടിക്കുന്ന ഒരു ഇടി വെട്ടൽ ആണു് എന്നെ ഉണർത്തിയതു്. അഞ്ചാറു കൂടാരങ്ങൾ കൂട്ടി തൊട്ടുവിച്ചു് തമ്പടിച്ചു് ഒരു ബ്ളോക്കാക്കി അതിലാണു് എന്നെ തളച്ചിട്ടിരിക്കുന്നതു്. പത്തുനൂറു തടവുകാരെ ഒന്നായി മാലപ്പടക്കം പോലെ കാലിന്മേലുള്ള വട്ടക്കണ്ണിയിൽക്കൂടി ചങ്ങല ഒരു തലയ്ക്കൽ നിന്നു് മറേറത്തലവരെ കോർത്തിരിക്കുന്നു. ആ നീണ്ട ചങ്ങലയുടെ രണ്ടു തലയും കരിങ്കല്ലിന്മേൽ ഉറപ്പിച്ചു. ഒരോ ഇരുമ്പു വട്ടക്കണ്ണിയും പൂട്ടിയിട്ടിരിക്കും. ഞങ്ങൾക്കു് ഒരു കാൽ "കൂച്ചിൽ" ആണു്. ആകാശം അതികഠിനമായി ഗർജ്ജിക്കുന്നു. സംഹാരരുദ്രൻെറ ഘോര നിശ്വാസംപോലെ എന്തെന്നില്ലാത്ത കൊടുങ്കാററു് ആഞ്ഞടിക്കുന്നു. "കാരാളമാം കാളിമയോടും കാണക്കാണെന്ന പയോദാളി നിരന്നതിൽ" പേമാരികോരിച്ചൊരിഞ്ഞു തുടങ്ങി. ഞങ്ങൾ മഴ പൊതിരെ കൊണ്ടു നില്പായി. കാലിന്മേലുള്ള ചങ്ങല അഴിച്ചു കിട്ടുവാനായി തടവുകാർ കേണുനിലവിളിച്ചു തുടങ്ങി. അതുകൊണ്ടു് എന്തു പ്രയോജനം? താക്കോൽ തലയ്ക്കു വെച്ചുകൊണ്ടു് ജയിൽ സൂപ്രണ്ടു് അയാളുടെ ബങ്കളാവിൽ പൂമെത്തമേൽ കിടന്നുറങ്ങുമ്പോൾ ആയാളെ ഉണർത്താൻ ഇന്നു ആരുണ്ടു്?

ഞാൻ എൻെറ പട്ടക്ക മടക്കി തലയിൽവെച്ച് മഴ തോരുന്നതുവരെ നിന്നു. ചൂടിപ്പായയും കരിമ്പടവും ആണു് ജയിലിലെ പട്ടക്ക. മഴതോന്നപ്പോൾ ദൈവാധീനം കൊണ്ടു് കരിമ്പടം കലശലായി നനഞ്ഞിരുന്നില്ല. എന്റെ കാൽപ്പടയും കുപ്പായവും ചുകന്ന തൊപ്പിയും എല്ലാം നനഞ്ഞിരുന്നു. തടവുകാരുടെ ഉടുപ്പ് മനസ്സിലാക്കുവാൻ ആലി

സഹോദരന്മാരുടെ ജയിലിൽനിന്നെടുത്ത പടം നോക്കിയാൽ മതി. എൻെറ കരിമ്പടം മാത്രമേ നനയാതിരുന്നുള്ളു. ഞാൻ അതു് ചൂടിപ്പായയിൽ സൂക്ഷിച്ചതുകൊണ്ടു് അതിൽ അത്രമാത്രം വെള്ളം തട്ടിയിട്ടില്ല. ബാക്കി എല്ലാവരുടേയും നനഞ്ഞിരുന്നു.

ദിവസങ്ങൾ പതുക്കെററ ചേരയെപ്പോലെ ഇഴഞ്ഞിഴഞ്ഞു് നീങ്ങുന്നു. എനിക്കു് ജീവിതം മടുത്തുതുടങ്ങി: കാലിന്മേൽ കനത്ത ചങ്ങല വിലങ്ങിക്കഴിഞ്ഞു–ചങ്ങലമേൽ പൊത്തിപ്പിടിച്ചു് നടക്കുവാൻ ശീലമില്ലാത്തതുകൊണ്ടു് അതു് എല്ലായ്പോഴും കെട്ടു പിണയുവാനേ ഇടയുണ്ടായിരുന്നുള്ളു. ഒരു ദിവസം എനിക്കു വല്ലാതെ മനസ്സു് മടുത്തപ്പോൾ ഞാൻ കോൽച്ചങ്ങലമേൽ പൊട്ടുപിടിക്കാതെ ''പേക്രാന്തം'' അടിച്ചു് പത്തടി കൊട്ടിപ്പിണഞ്ഞു. കാലിൻെറ മണികണ്ഠങ്ങൾ പൊട്ടി ഒലിച്ചു തുടങ്ങി. ഞാൻ നെററിത്തടം ഉള്ളം കൈകൊണ്ടു് താങ്ങി അവിടെയിരുന്നു. ഒന്നുമറിയാതെ കരഞ്ഞു പോയി.

ഇങ്ങനെ എട്ടോ, പത്തോ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഹൈക്കോർട്ടിൽനിന്നും എൻെറ വിധി സസ്പെൻറ് ചെയ്ത ഓർഡർ കിട്ടി. കാലിന്മേൽ വിലങ്ങുവെച്ച ചങ്ങല വെട്ടി. ഇടത്തെ കാലിന്മേൽ ഇരുമ്പുകൊണ്ടുള്ള ഒരു തള മാത്രം ഇട്ടു. ഇതിന്നു് തണ്ട എന്നാണു് ജയിൽപ്പേർ.

ഉള്ളിൽ തീയ്യു്, പുറമെ വെയിൽ. എപ്പോഴും മനസ്സും ദേഹവും കിടന്നുരുകിത്തുടങ്ങി. ബല്ലാരിക്യാമ്പു് ജയിൽ ഒരു കെട്ടിടമോ, മാളികയോ ഒന്നും അല്ല എന്നു് മുമ്പു് പറഞ്ഞുവല്ലോ. ഒരു കാക്കക്കു് ഇരിക്കാൻ തണലില്ലാത്ത ഒരു മൊട്ടപ്പറമ്പിൽ തമ്പടിച്ച കൂടാരങ്ങളും കുത്തിമറച്ച നെട്ട

ന്തുരകളും മാത്രമാണ് ആ ജയിൽ. പൊരിഞ്ഞ വേനൽ ക്കാലം! ആഴ്ചയിൽ ഒരു കുളി കിട്ടിയാൽ ഭേദം. മലശോധന കഴിഞ്ഞാൽ അര കുഴിയിൽ വെള്ളം കിട്ടും. ദാഹിച്ചാൽ വെള്ളംകൂടി കിട്ടാൻ ഞെരുക്കം. ദേഹത്തിൽ വിയർപ്പും ചളിയും കട്ടകുത്തി. അതു പോകണമെങ്കിൽ ഉളി കൊണ്ടു് ചെത്തണം. അത്ര കനത്തിൽ പിടിച്ചിരുന്നു.

ഇക്കാലത്തു് ബല്ലാരി ജയിലിൽ 5,000ത്തിലധികം തടവുകാരുണ്ടു്. ഒരോ ബ്ളോക്കിലും ഒരു നൂറിലധികം ജനങ്ങൾ ഉണ്ടു്. ഇപ്രകാരം അനവധി ബ്ളോക്കുകളുണ്ടു്. അവിടെ ഒരു കുത്തിമറച്ച നെട്ടന്തുരയിലാണു് എന്നെ പാർപ്പിച്ചിരുന്നതു്. ആ ബ്ളോക്കിൽ നൂറിലധികം തടവുകാരുണ്ടു്. കാലം പൊരിഞ്ഞ വേനലാണു്. യാതൊരു താങ്ങും, തണലും അവിടെ ഇല്ല. എല്ലാസമയത്തും ദാഹിച്ചു തൊണ്ട വരണ്ടിരിക്കും. ഒരു യാഗശാലയിലെ ഉഷ്ണവും ഇതിനു സമമല്ല. പൈപ്പുവെള്ളം രണ്ടുനേരം മാത്രമേ തൊടാൻ കിട്ടുകയുള്ളു. ആ സമയത്തു് തൊട്ടുവെയ്ക്കാൻ മാത്രമേ കിട്ടുകയുള്ളു. എൻെറ അട്ടക്കൽ ഒരു കുട്ടിപ്പാനിയുണ്ടായിരുന്നു. അതിൽ രാവിലെ വെള്ളം കൊണ്ടുവെച്ചാൽ വൈകുന്നേരം വരെ ദാഹിക്കുമ്പോഴൊക്കെ അതു ഊററിക്കുടിച്ചുകൊണ്ടിരിക്കും. ആ "കരോപാനി"യുടെ ചുവ ഇപ്പോഴും ഓർമ്മ വരുന്നു.

അന്നൊരുദിവസം പകൽ ഊണുകഴിഞ്ഞു. വൈകുന്നേരം അഞ്ചുമണിക്കു എന്നെ മുൻവിവരിച്ച 21-ാം ബ്ളോക്കിൽ ആക്കി കാലപാശംപോലുള്ള ചങ്ങല കാലിന്മേൽ കൂടെ കോത്തു് ഞങ്ങളെ പൂട്ടിയിട്ടു.

അതാ പ്രകൃതി മാറുന്നു. സൂര്യഭഗവാൻെറമേൽ അനവധി കാളമേഘങ്ങൾ കൂട്ടം കൂട്ടമായി ചെന്നു വീഴുന്നു. ബ്രി

ട്ടീഷ് ഗവമ്മേണ്ടിൻെറ ദീർഘനിശ്വാസംപോലെ കൊട്ട ങ്കാററു് ചീററിത്തുടങ്ങി. ഇതിൽ നെട്ടമ്പുരകൾ ആടിത്തു ടങ്ങി. തടവുകാർ പ്രാണഭയത്തോടെ നിലവിളിച്ചു തുടങ്ങി. കാവൽക്കാർ പരിഭ്രമിച്ചു തുടങ്ങി. ഇതാ! പതിനാലാം ബ്ളോക്ക വീണു...,..പതിനേഴം!......മുക്കാലും വീണുക ഴിഞ്ഞു. ഇതാ! ഞാൻ നില്ക്കുന്ന ബ്ളോക്ക് ഒരു ഭാഗത്തു ചെരിഞ്ഞു തുടങ്ങി. ഇതാ! പൊട്ടിച്ചാടി "ഈശ്വരി"!!! എന്നാൽ ഞാൻ അതിൻെറ കാററും വെളിച്ചവും തട്ടാൻ വേണ്ടിയുള്ള തുറന്ന പഴുതിൽക്കൂടി തലയിട്ടു. അതുകൊണ്ടു് ആ പുര വീണപ്പോൾ എൻെറ മേൽ പററിയില്ല. നേരം അസ്തമിച്ചിട്ടില്ല. വാർഡർമാർ എല്ലാം വന്നു് തടവുകാരെ യെല്ലാം അഴിച്ചുവിട്ടു. പരുക്കേററവരെ ആസ്പത്രിയിലേ ക്കെടുത്തു.

ബ്ളോക്ക വീണതിനുശേഷം എന്നെ തമ്പുകളിലാണു് പാർപ്പിച്ചിരുന്നതു്. ഈശ്വരവിശ്വാസത്തിന്നു് എനിക്ക യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. അരുണോദയത്തിൽ ഞാൻ ഉണരും. സ്തോത്രങ്ങൾ ചൊല്ലും. മന്ത്രങ്ങൾ ഓർ മ്മിക്കും. ബെല്ലാരികൃാമ്പു് ജയിലിലെ അരക്ഷിതാവസ്ഥ ദുസ്സഹനീയമാണു്. അവിടെ ജീവന്നു് രക്ഷയില്ല. ഇവി ടെ പ്രാണഭയത്തോടെ ഉഷ്ണിച്ചിരിക്കും. ജീവികൾക്കു് ആ യുസ്സു് ലഭിച്ചതു് മെച്ചമെന്നല്ലാതെ ജീവിതം ശാശ്വതമാ ണെന്നു് വിശ്വസിച്ചു പോകരുതെന്ന വേദാന്തം എനിക്കി വിടെ ദൃഷ്ടാന്തമായി. കരൾ അഴിയും. കാലത്തു് പൂട്ടഴിച്ചു് പുറത്തുവിട്ടാൽ കുഴൽവെള്ളം കൊണ്ടു് കാലും മുഖവും നല്ല വണ്ണം കഴകും. കൊഴകൊഴൊന്നനെയുള്ള കഞ്ഞി കുടിച്ചു കൊണ്ടു് വിശപ്പടക്കും. മാനസപൂജ ചെയ്തിട്ടും, മന്ത്രങ്ങൾ ജപിച്ചിട്ടും, പത്തടി കിഴക്ക പടിഞ്ഞാറു് നടന്നിട്ടും നാമ ങ്ങൾ ഇടവിടാതെ ജപിച്ചിട്ടും മനസ്സിന്നു് സമാധാനം നല്ലം.

ഉച്ചക്ക് ദിവസവും കുളിക്കും. ഇവിടെ വന്നിട്ട് ഒന്നിൽ ചില്ലാനം മാസം കഴിഞ്ഞപ്പോൾ കുഴൽവെള്ളം സുലഭമായി പിടിക്കുവാൻ എനിക്ക് അനുവാദം കിട്ടി. ഞാൻ രാത്രി എട്ടുമണിക്ക് കിടന്നുറങ്ങും. തഞ്ചംപോലെ ഉച്ചക്കോ രാത്രിയിലോ രണ്ടോ നാലോ ആളുകൾ കൂടി കുറച്ചു തമാശ പൊട്ടിക്കും. അരികിലും മൂക്കിലും ആയി ചിലപ്പോഴൊക്കെ അതിന്നു തഞ്ചം കിട്ടും, അതാണ് ഈ ജയിലിലുള്ള ഒരേ ഒരു തണൽ. ഇവിടെയും "രാജാവും മന്ത്രിയും" മുതലായ കളികൾ തടവുകാർ മൂക്കിലും മൂലയിലും വെച്ചു നടത്തിയിരുന്നു. ഞാൻ കളികളിൽ ഒന്നിലും പങ്കുകൊണ്ടിരുന്നില്ല.

വാർഡർമാർ നാട്ടുകാരെ തല്ലിക്കൊന്നാൽ അതിന്നു ചോദ്യമില്ല. ഏതു സമയത്തും എന്തും സംഭവിച്ചേക്കുമെന്നൊരു ഭയം മനസ്സിലുണ്ടായിരിക്കും. സൂര്യോദയം സ്പഷ്ടമായി കാണാം. അതൊരു മൊട്ടപ്പറമ്പാണ്. കാലത്ത് അരുണവർണ്ണത്തിലുള്ള സൂര്യബിംബം വൃത്താകൃതിയിൽ ഉദയഗിരിയിൽ നിന്നും ഉദിച്ചുയരുന്നതു് വ്യക്തമായി കാണാം. അതു കാണുമ്പോൾ അല്പം കൌതുകം തോന്നുമെങ്കിലും അതിലേറെ ഭയമാണ് മനസ്സിൽ ഉയരുക. ഈ സൂര്യൻ എങ്ങിനെ അസ്തമിക്കും! അതിലിടക്ക് എന്തെല്ലാം സംഭവിക്കും എന്നൊരു ഭയാശങ്ക മനസ്സിൽ കടന്നു കൂടും. മക്കളോടൊപ്പം പിടിച്ചുകൊണ്ടുവന്ന ഒരു തടവുകാരൻ മാപ്പിളയോട് ഒരു വാർഡർ "തനിക്ക് ഇവിടെ സുഖമല്ലേ" എന്നു് ചോദിച്ചപ്പോൾ അയാൾ പറഞ്ഞ മറുപടി "പിന്നിൽ നിന്നു് ഒരാൾ എന്നെ വെടിവെച്ചു വീഴ്ത്തിയാൽ അതാണെനിക്ക് ഏറെ സുഖം" എന്നായിരുന്നു. കൂട്ടത്തോടുകൂടി കിടക്കുന്ന അയാൾക്ക് അങ്ങനെ തോന്നണമെങ്കിൽ ഒററക്കു് കിടക്കുന്ന

എന്റെ സ്ഥിതി എന്തായിരിക്കും! എനിക്കവിടെ കഴിച്ചു കൂട്ടുന്നതിനേക്കാൾ സ്പൃഹണീയം മരണമായിരുന്നു.

ഈ കഠോരമായ പരിതസ്ഥിതിയിൽ എനിക്കു് മൂന്നു തവണ മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവന്നു.

ഭക്ഷണം കഴിക്കുമ്പോൾ മർദ്ദനം:

ഒരു ദിവസം ഞാൻ കാലത്തു് കഞ്ഞികുടിക്കുകയായിരുന്നു. മററുള്ള തടവുകാരിൽ നിന്നു് സ്വല്പം അകന്നിരുന്നാണു് കഴിക്കുന്നതു്. ചീഫ് വാർഡർ അതിലെ വന്നു. ഞാൻ വേറിട്ടിരുന്നു് ഭക്ഷണം കഴിക്കുന്നതു കണ്ടപ്പോൾ അയാൾക്കെന്നോട്ടു് ദ്വേഷ്യം വന്നു. അയാൾ അടുത്തു വന്നപ്പോൾ ഞാൻ എഴുന്നേററു നിന്നു. അയാൾ എന്റെ കാലിന്റേയും കയ്യിന്റേയും മൊട്ടകളിന്മേലും, ഞെരിയാണിയിലും, സന്ധികളിലും അയാളുടെ ചൂരലിന്റെ കടയ്ക്കലുള്ള കിഴങ്ങുകൊണ്ടു് അടിച്ചു് എന്റെ ദേഹമാസകലം തരിപ്പിച്ചു. അവിടെ ഭക്ഷണ സമയത്തും മർദ്ദനത്തിന്നു് ഒഴിവില്ല.

മറെറാരു മർദ്ദനത്തിന്നു് കാരണം ഞാൻ പണിയെടുക്കുവാൻ വിസമ്മതിച്ചതാണു്. ഒരു ദിവസം സാധാരണ തടവുകാരുടെ കൂട്ടത്തിൽ പണിക്കിറങ്ങുവാൻ ഒരു ഹെഡ്‌ വാർഡർ എന്നെ നിർബ്ബന്ധിച്ചു. "എന്റെ വിധി സസ്പെൻറു് ചെയ്തിരിക്കുന്നു. എനിക്കു് പണിയെടുക്കുവാൻ ബാദ്ധ്യതയില്ല. ഞാൻ പണിയെടുക്കുകയില്ല" എന്നു് ഞാൻ മറുപടി പറഞ്ഞു. അയാൾ നിർബ്ബന്ധം വിട്ടില്ല. ഞാൻ അനുസരിച്ചതുമില്ല. അയാൾ എന്നെ കഠിനമായി അടിച്ചു തുടങ്ങി ഞാൻ അതു സഹിച്ചു നിന്നു. മർദ്ദനത്തിലും ഞാൻ ഒതുങ്ങുന്നില്ലെന്നു കണ്ടപ്പോൾ അയാൾ ആ സംഗതി മേലധികാരിക്കു് റിപ്പോർട്ടു ചെയ്തു. ഞാൻ വിചാരണയിലിരി

ക്കുന്ന തടവുകാരനാണ്. പണിയെടുപ്പിക്കരുതെന്ന് അതിന്നും കല്പനയായി. എന്നെ അക്കാര്യത്തിൽ മർദ്ദിച്ചതിന് വാർഡർക്ക് ഒരു കുററവും ഇല്ല.

ഇതിലെല്ലാം ഉപരിയായി വേറൊരു മർദ്ദനം കൂടി നടന്നു. അത് എൻെറ സ്നേഹിതന്മാരിൽ അല്പം ക്ഷോഭമുണ്ടാക്കി. ഞങ്ങൾ ഇരുന്നു വർത്തമാനം പറയുന്ന സ്ഥലത്ത് ഒരു വാർഡർ കയറിവന്നപ്പോൾ ഞാൻ ബെഹുമാനിച്ചെഴുന്നേററില്ല എന്നാണതിന്ന് കാരണം. ആ മർദ്ദനംമൂലം എനിക്കു ദേഹത്തിൽ കഠിനമായ പരിക്കു പററി. തന്മൂലം എനിക്ക് പനിപിടിപെടുകയും നാലുദിവസം കിടപ്പിലാവുകയും ചെയ്തു.

കിടത്തി ചികിത്സിക്കുന്ന ഒരു വലിയ ആസ്പത്രിയുണ്ട് ബല്ലാരിജയിലിൽ. അത് ജയിൽ ബ്ളോക്കുകളിൽ നിന്ന് സ്വല്പം വിട്ടിട്ടാണ്. ബ്ളോക്കുകൾക്ക് അടുത്ത് ഒരു ക്യാമ്പ് ആസ്പത്രിയും ഉണ്ട്. അതിൽ മരുന്നുകൊടുക്കൽ മാത്രമേ ഉള്ളു. ഉൽബുദ്ധരായ തടവുകാരെ ആസ്പത്രിജോലിക്കാരായി എടുക്കും. ഉച്ചക്കു 11 മണിയോടുകൂടി ആസ്പത്രി വിടും. എന്നാൽ അവിടെയിരുന്ന് എല്ലാവരുംകൂടി അല്പം വർത്തമാനം പറയും. ഇടക്ക് ഡോക്ടരും അതിൽ കൂടും. അബ്ദുൾ റഹിമാൻ സാഹിബാണ് അതിൽ തലവൻ. ആ സമയത്തേക്കു ഞാനും അവിടെ ചെല്ലും. എനിക്ക് ഒരു തവിതയിരും കിട്ടും.

ഒരു ദിവസം ഞങ്ങൾ വർത്തമാനം പറഞ്ഞിരിക്കുമ്പോൾ കുട്ടികൃഷ്ണൻ നായർ എന്നു പേരായ ഒരു വാർഡർ അവിടെ കയറിവന്നു. ആൾ വലിയൊരു ഘാതകനാണ്. അയാൾ വന്നപ്പോൾ എല്ലാവരും എഴുന്നേററുനിന്നു. എനിക്കു അതിൻെറ ഓർമ്മ ഉണ്ടായില്ല. മററു ജയിലുകളിൽ

അങ്ങിനെയൊരു ചട്ടമില്ല. അബ്ദുൾറഹിമാൻ സാഹിബും എഴുന്നേററില്ലെന്നാണു് എൻെറ ഓർമ്മ. സാഹിബിനെ അവിടുത്തെ വാർഡർമാർക്കു് ബഹുമാനമാണു്. സാഹിബിൻെറ തലയിട്ടപ്പും സൂപ്രണ്ടു്ഒന്നിച്ചു് ഇംഗ്ലീഷ് സംസാരിച്ചുള്ള നടത്തവും കാണുമ്പോൾ വാർഡർമാർ താനേ തലതാഴ്ത്തും. ഞാൻ എഴുന്നേററില്ലെന്നു് കണ്ടപ്പോൾ ആ വാർഡർ എന്നെ അടിക്കുവാൻ തുടങ്ങി. ഞാനതു സഹിച്ചു. അയാൾ അടി മാററുന്നില്ല. ഒടുവിൽ അയാളുടെ കയ്യുളുക്കി. അപ്പോൾ അയാൾ ഒരു തള്ളു്കൊടുത്തു. ഇതെല്ലാം കണ്ടു് എല്ലാവരും ക്ഷോഭിച്ചു. അയാൾ എന്നെ അടിച്ചുകൊണ്ടു് ഹെഡ്‌വാർഡരുടെ അടുക്കലേയ്ക്കു് നടത്തി. അബ്ദുൾറഹിമാർസാഹിബ്ബും ക്ഷോഭിച്ചു് എൻെറ ഒപ്പം വന്നു. ആ ഹെഡ്ഡ്വാർഡരും ഒരു ഘാതകനാണു്. എങ്കിലും പരുക്കേല്പിച്ച എന്നെ കണ്ടപ്പോൾ അയാളുടെ കഠിന മനസ്സും അയഞ്ഞുപോയി. കുററം എന്താണെന്നു് കൊണ്ടുചെന്ന വാർഡരോടു് അയാൾ ചോദിച്ചു. ഞാനെൻെറ ബ്ളോക്കു് വിട്ടുകൊണ്ടു ആസ്പത്രിയിൽ പോയി വർത്തമാനം പറഞ്ഞിരുന്നു എന്നതാണു് കുററമെന്നു വാർഡർ മറുപടി പറഞ്ഞു. "ബ്ളോക്കുവിട്ടു് പുറത്തുപോകരുതെന്നു് വിവരമില്ലേ"? എന്നു് എന്നോടും ഹെഡ്‌വാർഡർ ചോദിച്ചു; ഏതായാലും ബ്ളോക്കിൽ പോയി കിടന്നോളൂ എന്നു് എന്നെ സമാധാനിപ്പിച്ചു. "തയിരിന്നല്ലേ നമ്പൂതിരിപ്പാടു് അങ്ങോട്ടു് വന്നതു്! ഞാനെൻെറ തയിരും അങ്ങോട്ടെത്തിച്ചുതരാം" എന്നു് അബ്ദുൾറഹിമാൻ സാഹിബ്ബും പറഞ്ഞു. ഞാൻ ബ്ളോക്കിൽ പോയി കിടപ്പായി.

മേൽപ്പറഞ്ഞ വാർഡറെ കണ്ടസമയം ബഹുമാനിച്ചെഴുന്നേററു് നില്ക്കാതിരുന്നതിന്നാണു് എന്നെ മർദ്ദിച്ചതെന്നു്, എന്നെ സമാധാനിപ്പിച്ച ഹെഡ്‌വാർഡർക്കു് പിന്നീടു് മന

സ്സിലായി. "തന്നെ കണ്ടപ്പോൾ എഴുന്നേററു നില്ക്കാത്തതിനാ ണ് താൻ ആ നമ്പൂതിരിപ്പാട്ടിനെ കഠിനമായി അടിച്ച തു്, അല്ലേ? അദ്ദേഹത്തിന്നു് തന്നെക്കണ്ടാൽ എഴുന്നേ ല്ക്കണമെന്നു് തോന്നണമെങ്കിൽ അദ്ദേഹം എത്രകാലം ജയി ലിൽ കിടക്കണമെന്നും തനിക്കറിയുമോ? അദ്ദേഹത്തിൻെറ നില എവിടെ, തൻെറ നില എവിടെ? പോയി അദ്ദേഹ ത്തോടു് തെററു പറയൂ" എന്നു് ഹെഡ്‌വാർഡർ ആ മട്ടിച്ച വാർഡരെ ശാസിച്ചു. അതുപ്രകാരം ആ വാർഡർ എൻെറ അടുക്കൽ വന്നു തെററു പറഞ്ഞു. "നിങ്ങളുടെ തെ ററല്ല, എന്റെ യോഗമാണു്" എന്നു് ഞാനതിന്നു് മറുപടിയും പറഞ്ഞു. ഹെഡ്ഡ്‌വാർഡർ ശാസിച്ചതനുസരിച്ചാണു് അ യാൾ തെററു പറഞ്ഞതെന്നു, ശാസിക്കുന്നതു് കേട്ടുനിന്ന മ ററു തടവുകാർ എന്നോടു് പറഞ്ഞു. അടികഴിഞ്ഞു രണ്ടാം പക്കമോ, മൂന്നാംപക്കമോ ആണു് അയാൾ തെററു പറയാൻ വന്നതു്. അപ്പോഴും ഞാൻ തലപൊക്കുവാൻ വയ്യാതെ ക്ഷീണിച്ചു് കിടക്കുകയായിരുന്നു.

എനിക്കു് ജീവിതം അത്രമാത്രം മടുത്തു. വാർഡർമാർ ഇരിക്കത്തൊയിരം തരില്ല. ഉച്ചക്കു് മുതു ചാഞ്ഞു് കണ്ണൊ ന്നു ചിമ്മിയാൽ മറേറ തലയ്ക്കൽനിന്നു് അടികേട്ടു് ഞെട്ടി ഉണരും. അവനവൻെറ തടി കാക്കാൻ ഓടി ഒളിക്കേണ്ടി വരും. തടവിൽ പെട്ടിട്ടു് ഞാൻ മാസങ്ങൾ എട്ടുപത്തോളം ഉന്തിനീക്കി. എനിക്കു് ജീവിതം മടുത്തുതുടങ്ങി. ആശ ക്കും വഴി കാണുന്നില്ല. എന്നെ ആരെങ്കിലും വെടിവെച്ചു കൊന്നാൽ മതിയായിരുന്നു. ഈ ജയിലിൽ കഷ്ടപ്പാടു ചുരുക്കാൻ ഞാൻ ആലോചിച്ചിരുന്നില്ല. കഷ്ടപ്പെടേണ്ടതു കഷ്ടപ്പെട്ടുകഴിഞ്ഞാൽ കഷ്ടപ്പാടു് വേഗത്തിൽ തീർന്നുകിട്ടു മെന്നാണു് എൻെറ വിശ്വാസം.

ആഗസ്റ്റ് 1-ാംനു എന്നെ വിട്ടും എന്നു് ഞാൻ മനസ്സിൽ ഉറപ്പിച്ചു. ആ ദിവസവും കഴിഞ്ഞു. വിടേണ്ട വട്ടം കാണുന്നില്ല. നിരാഹാരവ്രതം എടുത്തു മരിക്കുവാൻ കൂടി മനസ്സിൽ തോന്നിത്തുടങ്ങി. ആഗസ്റ്റ് 1-ാംനു മുതൽ 17 ദിവസം ഉപ്പു കൂട്ടുകയില്ലെന്നു് വ്രതം എടുത്തു. രാവിലെ കഞ്ഞിയിലും, ഉച്ചത്തെ അരത്തവി തൈരിലും ഉപ്പുചേത്തിട്ടുണ്ടായിരിക്കും. അതൊഴിച്ചു് ഉപ്പിൻശകലം അകത്തേക്കു കടത്തിയിരുന്നില്ല. ഇതു് 18-ാംനു നിത്തി. 19-ാംനു കഠിനമായി പനി തുടങ്ങി. എന്നെ ആസ്പത്രിയിലേക്കു് എടുത്തു. കുനിന്മേൽ കുരുവായി. അന്നുരാത്രിതന്നെ എൻെറ കഥ കഴിയുമെന്നു് തോന്നിത്തുടങ്ങി. എന്നെ പിടിച്ചു് തടവിലിട്ടതിനുശേഷം ആദിത്യൻ 12 രാശികളിലും സംക്രമിച്ചു് വീണ്ടും പൂവ്വസ്ഥാനത്തു് വന്നുദിച്ചുയന്നു. സപ്തമ്പർ 1-ാംനു കഴിഞ്ഞു. 2-ാംനു വൈകുന്നേരമായി.

## കേസ്സു വിട്ടു:

"നമ്പൂതിരിയുടെ കേസ് വിട്ടു. കല്പനകിട്ടിയോ?" എന്നു ചോദിച്ചു് ഡോക്ടർ ലക്ഷ്മണൻ എൻെറ അടുക്കലേക്കു് ഓടിവന്നു. എൻെറ ചെവിയിൽ അമൃതുതളിച്ചു. "എന്താണു്" എന്നു ഞാൻ കൈകുത്താതെ മലന്നെഴുന്നേററു. എനിക്കു് കല്പനകിട്ടിക്കഴിഞ്ഞിട്ടില്ലെന്നു് ഞാൻ പറഞ്ഞപ്പോൾ, അദ്ദേഹം അങ്ങുമിങ്ങും തൊടാതെ ഓരോന്നു് പറഞ്ഞു് അവിടെ നിന്നും പോയി. എൻെറ മനസ്സു് മേല്പോട്ടും കീഴ്പ്പോട്ടും ചാഞ്ചാടിത്തുടങ്ങി.

"മാർഷ്യൽ ലാ" കാലത്തു തടവുകാരുടെ പേരിൽ അല്പം അനുഭാവമുണ്ടെങ്കിൽ അതു പുറത്തേക്കു കാണിക്കുന്നതിനോ, അവക്കു് പുറത്തുനടക്കുന്ന വല്ല വത്തമാനവും അറിവു

കൊട്ടക്കുന്നതിനോ, അധികൃതന്മാക്ക് അതിരററ ഭയമായിരുന്നു. എന്നെ ഹൈക്കോടതിയിൽ നിന്നു് വിട്ടവിവരം എൻെറ ഇല്ലത്തുനിന്നും എന്നെ കൂട്ടിക്കൊണ്ടുവരുവാൻ അയച്ചിരുന്ന ആൾ ഡോക്ടർ ലക്ഷ്മണനു് കമ്പി അടിച്ചിരുന്നു. ആ വർത്തമാനമൊന്നും ഡോക്ടർ എന്നോടു പറഞ്ഞിരുന്നില്ല.

ഡോക്ടർ എസ്. മന്നാടിയാർ എൻെറ അട്ടക്കൽ പരിശോധനക്കു വന്നു. "എന്താ നാട്ടിൽ പോയി വിചാരിക്കുന്നതു്." എന്നായി മൂപ്പരുടെ ചോദ്യം. എന്താണീ ചോദ്യത്തിൻെറ അർത്ഥമെന്നു് ഞാൻ അല്പമൊന്നതിരക്കി ചോദിച്ചിട്ടുകൂടി അദ്ദേഹം പറഞ്ഞമറുപടി. "വരാൻ പോകുന്നതു് വഴിയിൽ തങ്ങുമോ?" എന്നു മാത്രമായിരുന്നു.

ഏതായാലും എന്നെ വിട്ടു എന്നു് പിറേറദിവസത്തേക്കും ജയിലിലൊക്കെ സംസാരമായി. എനിക്കു് വിട്ട കല്പനയോ, അതിനെപ്പററി അടിസ്ഥാനപ്പെട്ട വിവരമോ കിട്ടുന്നില്ലതാനും. രണ്ടുദിവസം അങ്ങനെ സന്തോഷവും പരിഭ്രമവുമായി കഴിഞ്ഞുകൂടി. സപ്തെമ്പർ 4-ാംനു- വൈകുന്നേരമായി. ഡോ: മന്നാടിയർ എൻെറ ദീനം പരിശോധിക്കുവാൻ വന്നു. അന്നു മുൻദിവസത്തെപ്പോലെ എന്നെ അദ്ദേഹം കളിപ്പിച്ചു. അദ്ദേഹം എൻെറ കൈനാഡി പരിശോധിക്കുന്ന സമയം "ശരിയായ വിവരം ഉണ്ടെങ്കിൽ പറയണേ" എന്നു് ഞാൻ മറേറകൈ മാറത്തു വെച്ച് അദ്ദേഹത്തോടു കേണു. "ഉവ്വ്", വിട്ടു" എന്നദ്ദേഹം എന്റെ മുഖത്തേക്കു് പുഞ്ചിരിതൂകി. എന്നെ കൂട്ടിക്കൊണ്ടുപോകുവാൻ തായന്നൂർ കൃഷ്ണൻനായർ വന്നിരിക്കുന്നു. കല്പന എത്തിക്കഴിഞ്ഞിട്ടില്ല എന്നും അദ്ദേഹം എൻെറ ഉള്ളു് തണുപ്പിച്ചു.

സപ്റ്റെമ്പർ 1-ാംനു ഹൈക്കോടതി വിട്ടു. കല്പന കമ്പിവഴിക്കു് കോയമ്പത്തൂർ ജയിലിലേക്കു് അയച്ചു. ആ ജയിലിലേക്കായിരുന്നു എന്റെ കീഴ്ക്കോടതിവാറണ്ടും. എന്റെ കഷ്ടകാലത്തിന്റെ കട്ടപ്പംകൊണ്ടു് എന്നെ നാലുമാസത്തിലധികം ബല്ലാരി ക്യാമ്പു് ജയിലിൽ ഇട്ടു് വരുത്തി എന്നേ ഉള്ളു. കല്പന കോയമ്പത്തൂരിൽ നിന്നു് തപ്പാൽ വഴിക്കു് എത്തണം. അതുകൊണ്ടു് ആ 5-ാംനു വരെ ഒരു 'കിഞ്ചില്ശ്ലേഷവും' ഭവിച്ചു.

എന്നെ വിട്ടവിവരം ഡോ: മന്നാടിയാർ തുറന്നു പറഞ്ഞതിനുശേഷം തടവുകാർ എന്നെ അനുമോദിച്ചു തുടങ്ങി. പനി തീരെ വിട്ടു. അവിടെ കാണുന്നതെല്ലാം കരളിനു് ഒരു കൌതുകമായി. ഒരു കൊല്ലത്തെ ജയിൽ വാസത്തിൽനിന്നു് എന്റെ സമാവത്തനവുമായി. 4-ാംനു ഇങ്ങനെ കഴിഞ്ഞു. 5-ാംനു ഉച്ചതിരിഞ്ഞു് പൂന്താനം, കേശവൻ നായർ തുടങ്ങിയ എന്റെ സുഹൃത്തുക്കൾ എനിക്കൊരു ചായ സൽക്കാരം തന്നു. ചായപ്പൊടി എങ്ങിനെയോ ശുദ്ധമായി വരുത്തി. ചായക്കു പഞ്ചസാര ഉണ്ടായിരുന്നില്ല. എന്നാലും അതിന്റെ മധുരം "അമൃതു്, അമൃതും" എന്നുമാത്രമേ പറയുകവയ്ക്കു. ഞങ്ങൾ ചായ കഴിച്ചു. കേശവൻ നായർ എന്നെ അഭിനന്ദിച്ചു നാലുവാക്കു സംസാരിച്ചു. പൂന്താനം ഒന്നു ചിരിച്ചു ലോഗ്യം പറഞ്ഞു. അന്യോന്യം മറക്കരുതെന്നും അവരുടെ കഷ്ടപ്പാടു തീക്കുവാൻ എന്നാൽ കഴിയുംവണ്ണം ശ്രമിക്കുമെന്നും ഞാൻ മറുപടി പറഞ്ഞു. ഉടനെ എന്റെ പേർ വിളിച്ചുകൊണ്ടു് ഒരു വാർഡർ വന്നു. ഞാൻ അയാളുമൊരുമിച്ചു് ഓഫീസിൽ പോയി. എന്റെ ജയിലുടുപ്പു് അവിടെ അഴിച്ചുവാങ്ങി. എനിക്കു് ഓഫീസിൽനിന്നു് ഒരുവന്റെ നാറിപ്പുളിച്ച ഒരു മുണ്ടു് മാറിത്തന്നു. "ഈ മുണ്ടു് നല്ലതല്ലേ" എന്നു്

സായ്പ്പ് എന്നോട്ട ചോദിച്ചു: "മഹാകേമാ" എന്നു ഞാൻ സമ്മതിക്കുകയും ചെയ്തു. എന്നെ ഒരു ബ്ലാക്ക് കാവൽപ്പുരയിലേക്ക് കൊണ്ടുപോയി. അവിടെ വെച്ച് എൻെറ കാലിന്മേലുള്ള ഇരുമ്പു തണ്ട കരുവാൻ മേടി മുറിച്ചു.

ജയിലിൽ നിന്നു് എൻെറ സ്നേഹിതന്മാർ എന്നെ സ്നേഹത്തോടുകൂടി നോക്കിനില്ക്കുന്നു. സമയം വൈകുന്നേരമായി.

പ്രകൃതീദേവി കരച്ചിൽ നിർത്തി കണ്ണീർ തുടച്ച കൈ കുടഞ്ഞമാതിരി, തൽക്ഷണം ഒരു മഴ പെയ്തു തോന്നു. സൂര്യൻ തടവു നീങ്ങി തുടങ്ങിയപ്പോൾ ഉലക് തങ്കവൎണ്ണമായി. മഴക്കാറിൻെറ മറവ് എല്ലാം പോയി താനേ തെളിഞ്ഞു നില്ക്കുന്ന മരീചിമാലി തൻെറ തിരളൊളിക്കരങ്ങൾ കൊണ്ടു ആ പാഴററ കാവൽപ്പുര ഒന്നും തലോടിയപ്പോൾ ആ പുരയുടെ എറ അലുക്ക് വെച്ചപോലെ അതിൻെറ എറത്തുള്ളികൾ സൂര്യകിരണം തട്ടി തനി മുത്തുകളായി.

ആ മഴ, പോത്തുപോലെ പൊതിരെ കൊണ്ടു് ചീഫ് വാർഡർ അവിടെ എത്തിച്ചേർന്നു. അല്പസമയം മുമ്പുവരെ എനിക്കന്തകനായി തോന്നിയിരുന്ന അയാളിൽ അപ്പോൾ അത്രമാത്രം അനുകമ്പതോന്നി. ഈ മനുഷ്യനാണു് എന്നെ ചൂരലിൻെറ കിഴങ്ങുകൊണ്ടു സന്ധികളിൽ അടിച്ച് എൻെറ മേലാസകലം തരിപ്പിച്ചതു്. എൻെറ മാതിരി തന്നെ അയാളുടെ മനസ്സിനും തല്ക്കാലം ഒരു മാററവും ഉണ്ടായി.

എന്നെ കാലടിയുടെ ചുവടെ കിടക്കുന്ന പൊടിയേക്കാൾ നീചമായി കരുതിയിരുന്ന അയാൾക്കു്, എൻെറ കാലിലെ തണ്ട വെട്ടിക്കണ്ടപ്പോൾ എന്നിൽ ഉണ്ടായ ബഹുമാനം അനുഭവിച്ചറിയേണ്ടതുതന്നെ.

## ജയിലിൽ നിന്നു വിട്ടു:

ഞാൻ ജയിലിൽ നിന്നു് രക്ഷപ്പെട്ടു് പുറത്തേക്കു കടന്നു. അപ്പോഴേക്കും വണ്ടി കൂവി. പിന്നെ അന്നു് ശരിക്കു് വണ്ടിയില്ല. ഞാൻ നേരിട്ടു് ഡോ: മന്നാടിയാരുടെ വീട്ടിലേക്കുചെന്നു. അദ്ദേഹം ഒരു വാർഡറെ കൂട്ടി എന്നെ പട്ടണത്തിലെ അസിസ്റ്റൻറ് സ്റ്റേഷൻ മാസ്റ്റർ മി. ശ്രീധരമേനോൻെറ അടുക്കലേക്കയച്ചു. ഞാൻ ഒരു കുതിരവണ്ടിപിടിച്ചു് അങ്ങോട്ടു് പുറപ്പെട്ടു. വഴിക്കുവെച്ചാണു് എന്നെ കൂട്ടിക്കൊണ്ടുപോവാൻ വന്ന കൃഷ്ണൻ നായരെ കണ്ടുമുട്ടിയതു്. എന്നെ വിട്ട സമയത്തു് അയാൾ മന്നാടിയാരുടെ വീട്ടിൽ നിന്നും പുറത്തുപോയിരുന്നു. തമ്മിൽ കണ്ട ഉടനെ അയാൾ വണ്ടിയിൽ കയറി ബല്ലാരി പട്ടണത്തിലുള്ള തീവണ്ടിയാഫീസിൽ കുതിര വണ്ടി ചെന്നുനിന്നു. ഉടനെ നാറമുണ്ടു് മാററി. അതു് കുതിരക്കാരനു് കൊടുത്തു. വേഷം മാററി ചെരുപ്പും ഇട്ടു് നടക്കാൻ തുടങ്ങിയപ്പോഴത്തെ രോമാഞ്ചം എന്തെന്നില്ല! ഞങ്ങൾ അന്നു് ശ്രീധരമേനോൻെറ വീട്ടിലാണു് താമസിച്ചതു്. സന്തോഷം കൊണ്ടു് അന്നു് ഊണും വേണ്ട, ഉറക്കവുംവേണ്ട. പിറേറ ദിവസം വിട്ടവിവരത്തിന്നു് ബന്ധുക്കൾക്കു് കമ്പികൊടുത്തു. വൈകുന്നേരം ബേങ്കളൂർക്കു് നേരിട്ടുള്ള വണ്ടിക്കു ഞങ്ങൾ ഇങ്ങോട്ടു് പോരികയും ചെയ്തു. പിറേറദിവസം രാവിലെ ബേങ്കളൂരിൽ എത്തി. അവിടെ ഒന്നു് ടൌണിൽ ചുററിയടിച്ചു "ഒന്നാം തിയതി ഹൈക്കോടതി വിട്ട ആളാണോ?" എന്നു് അവിടെവെച്ചു് ഓരോരുത്തരായി വർത്തമാനം പറയുന്ന സമയത്തു് അവർ എന്നെ സന്തോഷിപ്പിക്കും. ഞാൻ അവിടെ വെച്ചു് ശ്രീ. കെ. പി. കേശവമേനോൻ, ശ്രീ, മാധവൻ നായർ മുതലായവരെ കണ്ടു. അവർ ഒരുമിച്ചു് അന്നുകാല

ത്തു് ഞാൻ അവിടത്തെ റിട്ടയർഡ് ചീഫ് കോർട്ടു് ജഡ്ജിയുടെ അതിഥിതിയായി താമസിച്ചു. പകൽ ഓരോന്നു് കണ്ടു് കഴിച്ചുകൂട്ടി. അന്നു രാത്രി എട്ടുമണിക്കുതന്നെ ഞാൻ അവിടെനിന്നും സ്വദേശത്തേക്കു് വണ്ടികയറി. തടവററ മനോരഥം പോലെ ആ മെയിൽവണ്ടി അവിടെ നിന്നും പുറപ്പെട്ടു. അന്നുരാത്രിയും ഞാൻ കണ്ണു മൂടിയിട്ടില്ല. മനസ്സിൽ സന്തോഷം വെട്ടിത്തിളച്ചു. ചോരക്കുഴലുകൾക്കു്, ബഹുരസമായി ചൂടുപിടിച്ചിരിക്കുന്നു. വെളുപ്പാൻ കാലത്തു് അല്പം ഉറങ്ങി. പറളി ആഫീസിൽ നിന്നും വണ്ടിക്കുക്കിവിളിച്ചു, പുറപ്പെട്ടപ്പോഴാണു് ഞാൻ ഉണന്നതു്.

അതാനി ജഗ്രാമവും അക്ഷിലക്ഷ്യമായ്
സീതാംഗ ഗംഗാ ജല സംഗനിർവൃതം
പ്രത്യസ്യായാം നാഗിലതൻ പാദാർപ്പണാൽ
അതാന്ത സൌഭാഗ്യം അതീവ പാവനം.

മേഘലങ്ങളുടെ പിടിയിൽ നിന്നു് രക്ഷപ്പെട്ട ജലപ്രവാഹം കണ്ണാടിപ്പുഴയിൽക്കൂടെ വന്നു് ഭാരതപ്പുഴയിൽ ചേന്നു് സ്വസ്ഥാനത്തേക്കു് തടവററു് കുതിച്ചു് ഒഴുകുന്നു. കക്കിടകമാസത്തിലെ ദുർഘടം പിടിച്ച മലവെള്ളത്തിൽ നിന്നും തടികാത്തു നില്ക്കുന്ന നെൽത്തണ്ടുകളിന്മേൽ ചെങ്കിളിർക്കതിർകുല ചാഞ്ചാടിനിന്നിരുന്നു. ആകാശാംഗനത്തയ്യൽ കരച്ചിൽ നിറുത്തി മൂക്കു തുടയ്ക്കുംപോലെ "ചിനു ചിനെ" മഴ ഓരോ തുള്ളി അങ്ങുമിങ്ങും പാററുന്നു. ആകാശത്തു കാർമേഘങ്ങൾ കൈരളിയുടെ കരളിൽനിന്നു് സങ്കടങ്ങൾ പോലെ നീങ്ങിത്തുടങ്ങിയിരിക്കുന്നു—സ്വദേശത്തെ വളരെ നാൾക്കുശേഷം സ്വന്തമായിക്കണ്ടു് എൻെറ മനസ്സു് അലിയുന്നു. ഞാൻ കേറിയിരുന്ന വണ്ടി ക്ഷണനേരംകൊണ്ടു് എരമ്പിക്കുക്കി പരക്കം പാഞ്ഞു ഉദ്ദിഷ്ടസ്ഥാനത്തു്—ഒററപ്പാലത്തു്

-എത്തിച്ചേന്നു. പിഞ്ചുകിടാങ്ങൾ കൊഞ്ചുന്ന മാതാവിൻെറ മാറിടത്തിലെന്നപോലെ ഞാൻ കേരളമാതാവിൻെറ മൃദുലകളേബരത്തിൽ, "ഭൂഗർഭ ഗേഹമതിലെച്ചരലിൽ ചവുട്ടി". എൻെറ വരവിനെ കാത്തുകൊണ്ടു് ശ്രീ. തിയ്യാടി വാസുദേവൻ നമ്പ്യാരും അദ്ദേഹത്തിൻെറ സീമന്തപുത്രനും കാത്തു നിന്നിരുന്നു. അവർ എന്നെ കണ്ടപ്പോൾ ആദ്യം അറിഞ്ഞില്ല. എൻെറ മുഖം അത്രമാത്രം കൊങ്ങൻ മട്ടിലായിരുന്നു. അവിടെ അത്യാവശ്യം കാണേണ്ട ആളുകളെ കണ്ടതിനുശേഷം ഒരു കുതിരവണ്ടി പിടിച്ചു് ചെർപ്പുളശ്ശേരിക്കു് "പട പടേ" എന്നു പുറപ്പെട്ടു. പ്രാണികളുടെ ജീവിതം പരാശക്തിയിൽ ലയിക്കുന്നതുപോലെ ആ കുതിരവണ്ടി എൻെറ പരദേവതയായ ഭഗവതിയുടെ നടക്കൽ എത്തിച്ചേന്നു. ഞാൻ ആ നടക്കൽ ഇറങ്ങി നമസ്കരിച്ചു. അടുത്തുള്ള ഓരോ ആളുകളും കൂട്ടം കൂട്ടമായി ആശ്ചര്യത്തോടെ എൻെറ അടുക്കലേക്കു് എത്തി. ഞാൻ ഉടനെ കുളിച്ചുതൊഴുതു. ഞാൻ തന്നത്താനറിയാതെ ചുററുമുള്ള ജനങ്ങളാൽ ചൂഴപ്പെട്ടുകൊണ്ടു് ഇല്ലത്തെ പത്തായപ്പുരയുടെ താഴ്വരയിൽ എത്തി.

ഞാൻ കാലപാശം കഴുത്തിൽ വീണു് വടക്കെ പടികടന്നു പോകുന്നതും കൈവീശി കൌതുകത്തോടെ പടിഞ്ഞാറെ പടികടന്നു വരുന്നതും കണ്ട ഒരു പട്ടർകുട്ടി കൃഷ്ണൻ കാററു നിറച്ച പോലെ സന്തോഷംകൊണ്ടു് ഹൃദയം നിറഞ്ഞു ഓടിച്ചാടി കുട്ടിക്കരണം മറിയുന്നതു കണ്ടപ്പോൾ എൻ്റെ സന്തോഷമോ എന്നെ കാണുന്നവരുടെ സന്തോഷമോ മേലേ എന്നു് എനിക്കു അജ്ഞാതമായിരുന്നു. ഈയുള്ളവൻ്റെ പരിധി എത്രതന്നെ ചുരുങ്ങിയതായിരുന്നാലും ശരി അതിലൊതുങ്ങിയിട്ടുള്ള സകല ജനങ്ങളും ആബാലവൃദ്ധം അവിടെ എത്തിച്ചേന്നു.

"രണ്ടു നാലു ദിനംകൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ"

ഞാൻ ഗുരു കാരണവന്മാരെ വന്ദിച്ചശേഷം അട്ടക്കള യിലേയ്ക്കു ചെന്നു. എൻെറ അമ്മ കണ്ടുസ്തംഭിതബാഷ്പ വൃദ്ധികലുഷയായിക്കൊണ്ടു കിഴക്കപുറത്തെ കോലായിപ്പടി മേൽ ഇരിക്കുന്നു. മററു അമ്മമാരും അതുപോലെ ഇരിക്കുന്നു. അവിടെയുള്ള മററന്തർജ്ജനങ്ങളും അവിടെ കൂടിയിരുന്നു. എന്റെ വയോവൃദ്ധയായ അച്ഛൻപെങ്ങൾ "കു...ഉ...ട്ട...ൻ ...നെ......നീ...ഈ......ജാ......ന്മ......ത്തി...ൽ...കാ... ണാ...ൻ...ക...ഴി...യു...മെ......ന്നു്...കരുതീല്യേ.....ഏ... ......എ" എന്നു സന്തോഷം കൊണ്ടു് പൊട്ടിക്കരഞ്ഞു.

ഞാൻ പത്തായപ്പുരയുടെ മുകളിൽ ചെന്നപ്പോൾ വയസ്സൻ ഗണപതി താങ്ങിപിടിച്ചുവന്നു് "അടിയനിനി ച ത്താലും......വേണ്ടില്ലെ......ഏ" എന്നു പറഞ്ഞു വടി കൈ യ്യിൽനിന്നും വിട്ടു് വീണു നമസ്കരിച്ചു് സന്തോഷാശ്രും വാർത്തു തുടങ്ങി.

## ഇരുപത്തിമൂന്നു്

# "ഭ്രഷ്ട്"

ഞാൻ വിട്ടുവന്നതിനുശേഷം ഒരു മാസത്തോളം ഇല്ലത്തു് സസന്തോഷം താമസിച്ചു. എനിക്കു് ധാരാളം അനുമോദനങ്ങൾകിട്ടിക്കൊണ്ടിരുന്നു. കത്തുമൂലവും, നേരിട്ടുവന്നു കണ്ടും ആളുകൾ എന്നെ അനുമോദിച്ചിരുന്നു. അനുമോദന സന്ദേശങ്ങൾ എനിക്കു് നേരിട്ടു പരിചയമുള്ളവരിൽനിന്നു് മാത്രമല്ല, പോലീസുമർദ്ദനത്തിൽ വിരോധമുള്ള മററെല്ലാ ജനവിഭാഗങ്ങളിൽനിന്നും ലഭിച്ചിരുന്നു. അന്നു ലഹളയിൽ കുടുങ്ങിയവരെല്ലാം ഒരേ ഒരു കുടുംബക്കാരായിക്കഴിഞ്ഞിരുന്നു. അതിൽ ഏതെങ്കിലും ഒരാളെ വിട്ടാൽ ആ കുടുംബക്കാരെല്ലാം സന്തോഷിക്കും. അവരുടെ പരിബന്ധികൾക്കും അതിൽ സന്തോഷമുണ്ടു്.

ജാമ്യത്തിൽ വിട്ടിരുന്ന കാലത്തേക്കാൾ എനിക്കു് അന്നേക്കു് "ഭ്രഷ്ടു്" ഡിഗ്രി കൂടിയിരിക്കുന്നു. "ഈ ഗവൎമ്മെണ്ടിനേക്കാൾ നമ്മളുടെ കാരണവന്മാൎക്കു് ദുഷ്ടത കൂട്ട"മെന്നു് പെരുമനം ജയിലിൽവെച്ചു് പറഞ്ഞതു് സ്മരണീയമാണു്. എന്നാൽ ഈവക ശല്യങ്ങളൊന്നും എന്റെ മനസ്സിൽ തട്ടിയിരുന്നില്ല. ജയിലിൽനിന്നും വിട്ടുവന്ന സന്തോഷം അത്രത്തോളം പൂൎണ്ണമായിരുന്നു. എന്നാൽ അമ്മയെ ഈ സങ്കടം വേദനപ്പെടുത്തിയിരുന്നു. എന്റെ ഇല്ലത്തുള്ളവരേയും ഈ സംഗതി കുറച്ചു വിഷമിപ്പിച്ചു.

ഒരു മാസത്തോളം ഞാൻ ഇല്ലത്തു് സന്തോഷമായി താമസിച്ചു. അപ്പോഴേക്കും പോലീസുകാർ വേറൊരു

ഭീഷണി പുറപ്പെട്ടുവിച്ചു. എന്നെ മാപ്പിളനിയമപ്രകാരം പിടിച്ചു തടങ്ങലിൽ വെയ്ക്കുവാൻ പോകുന്നുവെന്നായിരുന്നു ഭീഷണി. ഈ സംഗതി ഞാൻ ശ്രീ. കെ. പി. രാമമേനോനെ കണ്ടു പറഞ്ഞു. അങ്ങനെയൊരു സംസാരമുണ്ടെങ്കിൽ കുറച്ചു ദിവസം മാഹിയിൽ പോയി താമസിക്കുന്നതാണു് രക്ഷ എന്നദ്ദേഹം ഉപദേശിച്ചു. അതുപ്രകാരം സുമാർ ഏഴ് ആഴ്ചയോളം മാഹിയിൽ താമസിച്ചു. അതിന്നിടയിൽ ശ്രീ. മണ്ണാക്കാട്ടു് ഇളയ നായർ കോഴിക്കോട്ടു് ഏറനാട്ടിൽ അന്വേഷണം നടത്തി ഈ ഭീഷണി വെറും പൊള്ളയാണു് എന്നു് അറിഞ്ഞു് വിവരം എന്നെ അറിയിച്ചു.

ഞാൻ ഇല്ലത്തേക്കുതന്നെ മടങ്ങിവന്നു. അപ്പോഴേയ്ക്കും എനിക്കു ഭ്രഷ്ട് ഒരു ഡിഗ്രികൂടിയിരിക്കുന്നു. എനിക്കു് ഇല്ലത്തേക്കു് കടക്കുന്നതിനു് തടസ്സമായിരിക്കുന്നു. എന്നാൽ ഇതൊന്നും ആ സന്തോഷവേളയിൽ മനസ്സിൽ കൊണ്ടില്ല.

ഞാൻ മാഹിയിൽനിന്നു് മടങ്ങിവന്ന ദിവസം രാത്രി അപ്പുപ്പട്ടരുടെ മഠത്തിലാണു് താമസിച്ചിരുന്നതു്. പിറേറ ദിവസം കാലത്തു് പാലക്കാട്ടേക്കു പോയി. ഇളയ നായർ അവിടെ അദ്ദേഹത്തിന്റെ സ്വന്തം കെട്ടിടത്തിലാണു് അപ്പോൾ താമസിച്ചിരുന്നതു്. അദ്ദേഹത്തെ ചെന്നു കാണുവാനുള്ള ആഗ്രഹംകൊണ്ടു് അന്നു രാത്രി ഉറക്കംവന്നില്ല. പിറേറദിവസം ഞാൻ അദ്ദേഹത്തെ ചെന്നു കണ്ടു. അമ്പാടിയിൽ ചെന്ന അക്രൂരന്റെ അനുഭവമാണു് എനിക്കു ഉണ്ടായതു. പിന്നീടൊരു മാസത്തോളം അവിടെ ജയിലിൽനിന്നു് വിട്ടുവന്നവരുടെ സന്തോഷോത്സവം തന്നെയായിരുന്നു.

വിട്ടഉടനെ ഞാൻ ഇളയനായരെ കാണുവാൻ ചെന്നിരുന്നില്ല. എന്നെ വിട്ട വിവരം അറിഞ്ഞ അന്നുതന്നെയോ

പിറേറദിവസമോ അദ്ദേഹത്തിൻെറ അനുജൻ കുഞ്ചുണ്ണി നായർ മരിച്ചു. എന്നെ വിട്ട വിവരം അറിഞ്ഞ സന്തോഷ ത്തോടെയാണു് അദ്ദേഹം മരണമടഞ്ഞതു്. അതിൻെറ ശേഷക്രിയയും മററുമായി ഇളയനായർ മണ്ണാർക്കാട്ടു് താ മസമായിരുന്നു. മണ്ണാർക്കാട്ടു് നായർതറവാട്ടു് ഒരു സ്ഥാ നിത്തറവാടാണു്. അവിടെ "ശുദ്ധവും" മററും ധാരാള മുണ്ടു്. അവർ പൂണുനൂലില്ലാത്ത നമ്പൂതിരിമാരാണു്. ഞാ നെൻെറ "ഭ്രഷ്ടു്"കൊണ്ടു് അങ്ങോട്ടു ചെല്ലുന്നതു് അന്നു് അത്ര ഭംഗിയാവില്ല. എന്നിരുന്നാലും കുറച്ചു മാസങ്ങൾ ക്കുശേഷം എനിക്കവിടം കുറച്ചു കാലത്തേക്കു് ഒരു അഭയ സ്ഥാനമായിരുന്നു. അവിടം എനിക്കു് "എരിയുന്ന മഹാ വനങ്ങൾ അരികിൽ തന്നിടയിൽ ശീതള നീർത്തടാകം" ആയിരുന്നു.

ഒരു മാസത്തോളം പാലക്കാട്ടു ആഹ്ലാദസന്തോഷത്തോ ടുകൂടി കഴിഞ്ഞപ്പോൾ ചെർപ്പുളശ്ശേരിയിൽ നിന്നും തീയാടി വാസുദേവൻ നമ്പ്യാർ അവിടെ വന്നു. "ഇങ്ങനെ പാല ക്കാട്ടു് സന്തോഷിച്ചു കൂടിയാൽ പോരാ. ഇല്ലത്തെ കാര്യം മോശമാകുന്നു. അങ്ങോട്ടു വരണം" എന്നു പറഞ്ഞു. ഞാൻ ഇല്ലത്തേക്കുതന്നെ മടങ്ങി.

ഇല്ലത്തേക്കു മടങ്ങിവന്നപ്പോൾ എനിക്കു് "ഭ്രഷ്ടു്" പി ന്നെയും കൂട്ടിവെച്ചിരിക്കുന്നു. എനിക്കു് ഇല്ലത്തു കൂടി താമ സിക്കുവാൻ പാടില്ലെന്നു് തീർച്ചപ്പെടുത്തിയിരുന്നു. വേറിട്ടു താ മസിപ്പാൻ ഏർപ്പാടു ചെയ്തിരുന്നു. എനിക്കുണ്ടായിരുന്ന കരു ത്തും ഇല്ലംവക സ്വത്തിൻെറ ഭരണം എൻെറ കയ്യിലായിരു ന്നതാണു്. എന്നെ താക്കോലുവെപ്പിക്കാൻ പുരോഹിത ന്മാർക്കു് സാധിക്കില്ല. അതെടുത്തു കാര്യങ്ങൾ നടത്തുവാൻ ഇല്ലത്തെ മററുള്ളവർക്കോ, അവരുടെ ബന്ധുക്കൾക്കോ എളു പ്പമല്ല.

എനിക്കു് പ്രതീക്ഷിക്കാനുള്ളതു് കോൺഗ്രസ്സിൻെറ പിൻബലമാണു്. എന്നാൽ ലഹളക്കുശേഷം കോൺഗ്രസ്സുകാർ പൊതുവിൽ ഭ്രഷ്ടന്മാരായിരുന്നു. എനിക്കു് കൂറിന്മേൽ കുരു കൂടി പിണഞ്ഞുപോയി.

അക്കാലത്തു് ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഭവം ഉണ്ടായി. അടുത്ത മദ്ധ്യവേനലിൽ വൈക്കത്തുവെച്ചു് യോഗക്ഷേമസഭയുടെ വാഷികസമ്മേളനം ചേൻ്നു. ഞാൻ സഭക്കു് പുറപ്പെട്ടു. എന്നോടൊരുമിച്ചു് മററുപലരും ഉണ്ടായിരുന്നു. "അങ്ങോട്ടു താൻ വരണ്ട" എന്നു മുൻകൂട്ടി ചിലർ പറയാതിരുന്നില്ല. എങ്കിലും ഞാനവിടെ എത്തിച്ചേൻ്നു. സഭ കൂടുന്ന അന്നു് കാലത്തു് ആളുകൾ ക്ഷോഭിച്ചുതുടങ്ങി ഞാൻ അവിടെ ചെന്നതുകൊണ്ടാണു് അതുണ്ടായതു്. കാലത്തു് ഞാൻ അമ്പലത്തിൽ കുളിച്ചുതൊഴരുതെന്നു് അവർ താക്കീതുചെയ്തു. വൈക്കം സത്യാഗ്രഹത്തിൽ കുപ്രസിദ്ധി നേടിയ ഇണ്ടം തിരുത്തിയുടെ ഇല്ലത്തുവെച്ചു് അദ്ദേഹത്തിന്റെ സ്വാഗതസംഘാദ്ധ്യക്ഷതയിൽ ആണു് സഭ കൂടിയതു്. ഞാൻ അമ്പലത്തിൽ കടന്നാൽ എന്നെ ആളെക്കൂട്ടി അടിപ്പിക്കുമെന്നു് അയാൾ ഭീഷണിപ്പെടുത്തി. അടിയുടെ ഭയം പണ്ടേ തീൻ്നിരിക്കുന്നുവെന്നു് ഞാൻ അതിന്നു് മറുപടിയും കൊടുത്തു. ഞാൻ കടന്നാൽ അമ്പലം ശുദ്ധം മാറും. അമ്പലം ശുദ്ധം മാറിയാൽ എന്നെ പാമ്പുവന്നു് കടിക്കും എന്നായി പിന്നത്തെ ഭീഷണി. ഞാൻ കടന്നാൽ അമ്പലം ശുദ്ധം മാറുമെങ്കിൽ, എൻെറ ദേഹം ശുദ്ധം മാറിയിട്ടുണ്ടെങ്കിൽ, ആ ദേഹംകൊണ്ടു് എനിക്കു് പ്രയോജനമില്ല. പാമ്പു കടിച്ചുകൊള്ളട്ടെ എന്നു ഞാൻ പറഞ്ഞു. ഞാൻ കുളിച്ചു് അമ്പലത്തിൽ തൊഴുതു. അവിടെ പാമ്പിനേയും കണ്ടില്ല, ചേരയേയും കണ്ടില്ല. ദൈവകോപം ഇല്ലെന്നു കണ്ടപ്പോൾ മനുഷ്യകോപം വർദ്ധിച്ചു. അവിടം പ്രക്ഷുബ്ധമായി.

എനിക്ക് പുറത്തളത്തിൽവെച്ച് ചോറുതന്നു. എനിക്ക് മനസ്സിന്ന് വെറുപ്പുവരുന്നതുകൊണ്ട് ഭക്ഷണം അകത്തേക്ക ചെല്ലുന്നില്ല. ചോറവിടെ ഇട്ട് എഴുന്നേററുപോന്നു. ഉടനെ സ്ഥലം വിടാത്തപക്ഷം വല്ല അനിഷ്ട സംഭവങ്ങളും ഉണ്ടായേക്കുമോ എന്നും സമ്മേളനംതന്നെ മുടങ്ങുമോ എന്ന് ഭയമുണ്ടെന്നും ഉടനെ സ്ഥലം വിടണമെന്നും എന്റെ ഏററവും പ്രിയപ്പെട്ട സ്നേഹിതന്മാർ എന്നെ ഖേദപൂർവ്വം നിർബ്ബന്ധിച്ചു. ഞാൻ ഒററക്ക് സ്ഥലം വിട്ടുപോന്നു.

ഈ സംഭവം എൻെറ വിരോധികൾക്ക് കുറച്ചുകൂടി ശക്തി കൂട്ടി. എൻെറ ചങ്ങാതിമാരുടെ സഹായം ഇത്രത്തോളമെയുള്ളു എന്ന് അവർ മനസ്സിലാക്കി. എനിക്ക് "ഭ്രഷ്ട്" അനുദിനം കൂട്ടിവെച്ചു തുടങ്ങി.

അക്കാലത്ത് എൻെറ ഇല്ലത്തുണ്ടായ പ്രധാനസംഭവം ഒരു വേളിയാണ്. അതിനുള്ള ഒരുക്കങ്ങൾ എല്ലാം ഞാനാണ് ചെയ്തത്. പക്ഷെ അടുത്തുള്ള ആളുകൾ അതിൽ സഹകരിച്ചില്ല. കാരണം ഞാൻ അവിടെ ഉണ്ടായിരുന്നു. ഞാൻ അവിടം വിട്ടുപോകണമെന്നായിരുന്നു അവരുടെ ആവശ്യം. അകലത്തുള്ളവരുടെ സഹകരണം കൊണ്ട് അതൊരുവിധം ഭംഗിയായി കഴിഞ്ഞു. മേലാൽ ഞാനവിടെ താമസിച്ചാൽ അവരുടെ കൂടി സഹകരണം നഷ്ടപ്പെട്ടമന്നൊരു താക്കീതും ലഭിച്ചു.

എൻെറ ഇല്ലത്തുള്ളവർ എന്നോട്ട് നിസ്സഹകരിക്കുമെന്നും, ഞാനവിടെ നിന്ന് വിട്ടു പോകണമെന്നും എൻെറ ജ്യേഷ്ഠൻ പറഞ്ഞതായി ഇടമന ആര്യൻ എന്നോട്ടുപറഞ്ഞു.

എൻെറ ഇല്ലത്തുള്ളവർ രക്തബന്ധംകൊണ്ട് ഞാനുമായി വളരെ അകന്നവരാണ്. സുമാർ ഇരുന്നൂറുകൊല്ലത്തെ

അകലമുണ്ട്. ഞാനും എന്റെ രണ്ടമ്മമാരും ഒരു ജ്യേഷ്ഠനും ആണ് അന്നെന്റെ ശാഖ. ജ്യേഷ്ഠൻ ദേശസഞ്ചാരിയാണ്. പലപ്പോഴും ദേശാന്തരം പോയിരുന്നു. അവസാനം 1924-ൽ പോയതിനുശേഷം മടങ്ങി വന്നിട്ടില്ല. മറേറ ശാഖയിലാണ് ആളുകൾ അധികമുള്ളത്.

തറവാട്ട് എന്റെ രക്ഷയിലായിരുന്നു. ഇല്ലത്തുള്ളവരെ കൈവിടുവാൻ ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അവർക്ക് എന്നോട്ട് എത്രത്തോളം കൂറുണ്ടെന്ന സംഗതി ഞാൻ പരിശോധിച്ചുനോക്കിയിരുന്നില്ല. കൂറുണ്ടെന്നുള്ള സങ്കല്പത്തിലാണ് ഞാൻ പ്രവത്തിച്ചിരുന്നതു്. എന്റെ കുടുംബസ്നേഹം ആത്മനിഷ്ഠമായിരുന്നു. ജന്മികുടുംബം കാലഹരണപ്പെട്ട ഒരു ഘട്ടമായി തീൎന്നുതുടങ്ങിയിരുന്നു. അതിനെ സ്നേഹിച്ചവക്ക് നാശമാണ് ഫലം. അതിലെ ഭരണകത്താവിനെ നാട്ടുകാരും വീട്ടുകാരും വെറുത്തിരുന്നു. അവന്റെ കുടുംബസ്നേഹം നാട്ടുകാക്ക് ദ്രോഹമായിരുന്നു. അവന്റെ നിയന്ത്രണം വീട്ടുകാക്ക് ശ്വാസംമുട്ടലുമായിരുന്നു. അങ്ങിനെ ഇഹവും പരവും ഇല്ലാത്ത ഒരു കൃത്യമായിരുന്നു അന്നത്തെ തറവാട്ടു ഭരണം. മുപ്പത്തി ആറാമത്തെ വയസ്സിലാണ് എനിക്കതിൽ നിന്നു് മോചനം ലഭിച്ചതു്. അന്നെന്റെ കണ്ണുതുറപ്പിക്കത്തക്ക ഒരു സംഭവമുണ്ടായി.

ആചാരത്തിന്റെ പേരിൽ തമ്മിൽ പിണങ്ങി കുടുംബം നശിക്കുന്നതു് അന്നു് സങ്കടകരമായിരുന്നു. ഞാൻ അമ്മയോട്ട് യാത്ര പറഞ്ഞു് പട്ടാമ്പിക്ക് താമസം മാററി. ഇതുണ്ടായതു് 1098 മിഥുന മാസത്തിലാണ്.

ഞാൻ വിട്ടതോടെ അമ്മമാരുടെ കാര്യം കഷ്ടത്തിലായി. ഞാൻ വിട്ടുപോന്നപ്പോൾ അവരുടെ ആശ നശിച്ചു. എന്നോട് ഒന്നിച്ചു പോന്നാൽ അവരുടെ പരലോക സൌ

ഖ്യം നഷ്ടപ്പെട്ടമോ എന്നവക്ക് ഭയമുണ്ടായിരുന്നു. അവർക്ക് ഈ ലോകത്തില്ലള്ള പ്രതീക്ഷകളെല്ലാം നശിച്ചു. അവരുടെ ചിന്തകൾ പരലോകത്തെ പററിയായിരുന്നു.

1099 തുലാമാസത്തിൽ എൻെറ വലിയമ്മ മൃതിയടഞ്ഞു. അമ്മക്ക ദീനം കലശലാണെന്ന് എനിക്ക് എഴുത്തു കിട്ടി. അപ്പോൾ തന്നെ കാളവണ്ടി പിടിച്ച് ചെപ്പുളശ്ശേരിക്ക് പുറപ്പെട്ടു. സൂര്യോദയത്തോടെ ഞാൻ ഇല്ലത്തെത്തി. തലേദിവസം രാത്രിതന്നെ വലിയമ്മ മരിച്ചിരുന്നു. ഞാൻ അവിടെ ഒട്ടും നില്ക്കരുതെന്നും ഉടനെ അവിടെ നിന്നു പോകണമെന്നും അല്ലങ്കിൽ പല കുഴപ്പങ്ങളുമുണ്ടാകുമെന്നും കാരണവർ എന്നോടു പറഞ്ഞു. ഏതായാലും വലിയമ്മ മരിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി കുഴപ്പങ്ങളൊന്നും ഉണ്ടാകേണ്ട എന്നു കരുതി ഞാൻ മടങ്ങിപ്പോന്നു.

അടുത്തവേനലിൽ യോഗക്ഷേമസഭ തൃശ്ശൂരിൽവെച്ചാണ് യോഗം കൂടിയതു്. അതിൽ എനിക്കും പ്രവേശം അനുവദിച്ചു. അയിത്തം നിലനിത്തുവാൻ ശ്രമിച്ചാൽ സമുദായത്തിന്നു വരുന്ന ഭവിഷ്യത്തിനെ കുറിച്ച് ഞാനിവിടെ വെച്ച് ശക്തിയായ ഭാഷയിൽ പ്രസംഗിച്ചു. വെള്ളം വാർഷികത്തിന്നു ശേഷം വാർഷികയോഗങ്ങൾ ശുദ്ധമായി നടത്തുന്ന സമ്പ്രദായം നിത്തി. എൻെറ പ്രവേശന പ്രശ്നമായിരുന്നു അതിന്നു കാരണം. വെള്ളത്തുനിന്ന് ഞാൻ ഒററക്കു മടങ്ങിയെങ്കിലും അതു് പല സുഹൃത്തുക്കളുടേയും ഹൃദയം വേദനിപ്പിച്ചിരുന്നു.

## അവസാന സമരം:

പുരോഹിതന്മാരുടെ കാലുപിടിച്ച് ജാതിയിൽ ഒതുങ്ങിക്കൂടുവാൻ ഞാനൊരുക്കമുണ്ടായിരുന്നില്ല. എന്നാൽ ജാതിയിൽ നിന്നും വിട്ടുനില്ക്കണമെന്ന വിചാരവും എനിക്ക

ണ്ടായിരുന്നില്ല. ജാതിയുടെ ഉള്ളിൽ മാത്രം ഒതുങ്ങി ജീവിക്കുവാനും ഞാൻ ഒരുക്കമല്ല. ജാതിയിൽ സ്വതന്ത്രമായ ജീവിതമായിരുന്നു എന്റെ ലക്ഷ്യം. പുരോഹിതന്മാൎക്ക് എന്നോട്ടും അല്പം വിരോധമുണ്ട്. ഞാൻ യോഗക്ഷേമ സഭാ പ്രവൎത്തകനായിരുന്നു. പുരോഹിതന്മാർ യോഗക്ഷേമ പ്രസ്ഥാനത്തിനു് വിരോധികളും. മുമ്പുള്ളവിരോധത്തിന് പകരം വീട്ടുവാൻ ഇതുതന്നെ തഞ്ചം എന്നവരും കരുതി.

അവൎക്ക് എന്റെ പേരിലുള്ള ആവശ്യം കീഴ്‌വഴക്കമാണ്. അതിനു വേണ്ടി എന്നെ തേജോവധം ചെയ്യുകയാണവരുടെ ഉദ്ദേശം. അതിനു വഴിപ്പെട്ടുവാൻ ഞാനും ഒരുക്കമുണ്ടായിരുന്നില്ല.

ഞാനവസാനത്തെ സമരത്തിനു് ഒരുങ്ങി. ഒന്നുകിൽ അകത്തു് അല്ലെങ്കിൽ പുറത്ത്, രണ്ടാലൊന്നു തീൎച്ചപ്പെട്ടത്തണം. ഇല്ലത്തുവെച്ചാണ് സമരം ആരംഭിച്ചതു്. ഞാൻ പട്ടാമ്പിയിൽ നിന്നും ഇല്ലത്തേക്കു മടങ്ങിപ്പോയി. ആദ്യത്തെ നിയമലംഘനം കുളത്തിൽ ഇറങ്ങി കുളിക്കലാണു്. എനിക്ക് കുളം തൊടാൻ പാടില്ലെന്നു് വിധി കല്പിച്ചിരിക്കുന്നു. അതു ലംഘിച്ച ഞാനതിൽ കുളി തുടങ്ങി. ഞാൻ കുളം തൊട്ടപ്പോൾ കുളം തീപ്പിടിച്ചില്ല; ഇല്ലം വെന്തതുമില്ല. എന്നാൽ പഴമക്കാരുടേയും പുരോഹിതന്മാരുടേയും തലക്കാണ് തീപ്പിടിച്ചതു്. അവർ എനിക്കെതിരായി പ്രചരണം തുടങ്ങി.

ഒരു കുടുംബത്തിലുള്ളവർ മുഴുവനും ഒററക്കെട്ടായി നിന്നാൽ ആരുവിചാരിച്ചാലും അവരെ ജാതിയിൽ നിന്നും പുറത്താക്കാൻ സാധിക്കാത്ത ഒരു കാലഘട്ടം എത്തിയിരിക്കുന്നു. എന്റെ കുടുംബം കൂട്ടുകുടുംബമാണെങ്കിലും അവർ ആരും എന്നെ കൈവെടിയുകയില്ല എന്നബോധത്തിലാണ്

ഞാൻ സമരം ആരംഭിച്ചതു്. ആരംഭത്തിൽ അവരാരും എതിർപ്പു് പുറത്തേക്കു കാണിച്ചിരുന്നില്ല. മററു ശാഖയിലെ ചാർച്ചക്കാരാണു് അതു് ആദ്യം പുറത്തുകാണിച്ചതു് അവർ പച്ചക്കൊടി കാണിച്ചപ്പോൾ ഇല്ലത്തുള്ളവരും എതിർപ്പു കാണിക്കുവാൻ തുടങ്ങി.

ഇവിടെ ആശയത്തിൽ തന്നെയാണു് വലിയ വൈരുദ്ധ്യമുള്ളതു്. രാജ്യത്തിനു വേണ്ടി കഷ്ടപ്പാടും അനുഭവിച്ചു എന്ന കൃതാൎത്ഥതയും ആത്മാഭിമാനവുമാണു് എനിക്കവലംബം. ഉൽകൃഷ്ടമായ ജാതി കളഞ്ഞു കുളിച്ചു അധഃപതിച്ചു എന്നാണു് എതിരാളികളുടെ ധാരണ. ഒരു ധീരകൃത്യം ചെയ്ത ആത്മാഭിമാനമാണു് എൻെറ മനസ്സിൽ. അതുവിചാരിച്ചു് ഞാൻ തലയുയൎത്തിപ്പിടിക്കുന്നു. ജാതിപോയ അവമാനിതനാണു് എന്നു എതിരാളികൾ കരുതുന്നു. അതു നഷ്ടപ്പെട്ടവൻ തലതാഴ്ത്തണമെന്നാണവരുടെ വാദം.

"തനിക്കു സ്വന്തമായി യാതൊരു മേന്മയും ഇല്ലാത്തവൻ ജാതിയുടെ മേന്മയിൽ കേറിപ്പിടിച്ചിരിക്കുന്നു" വെന്നു് സ്വാമി വിവേകാനന്ദൻ പറയുന്നു. നമ്പൂതിരിമാൎക്കു് പണ്ടുണ്ടായിരുന്ന സകല മെച്ചങ്ങളും നഷ്ടപ്പെട്ടു് ആഭിജാത്യം മാത്രം പൊക്കിപ്പിടിക്കുന്ന കാലമായിരുന്നു അതു്.

ഒരു നമ്പൂതിരിക്കു് ജാതിഭ്രഷ്ടു് കല്പിച്ചാൽ അതിനെ ചോദ്യം ചെയ്യുന്ന പതിവു അന്നേവരെ ഉണ്ടായിട്ടില്ല. ഭ്രഷ്ടിന്നു് അന്നുവരെ പറഞ്ഞുവരുന്ന കാരണങ്ങൾ രണ്ടാണു്: ഒന്നു് വ്യഭിചാരം, രണ്ടാമതായി തീണ്ടിത്തിന്നൽ. ഇതിൽ രണ്ടാമത്തെ ചാർജ്ജാണു് എൻെറ പേരിൽ ഉന്നയിച്ചിരുന്നതു്. ഞാൻ മററുള്ളവരുടെ ഭക്ഷണം കഴിച്ചു എന്നാണു് എൻെറ പേരിൽ ചുമത്തിയ കുററം. മേൽപ്പറഞ്ഞ കുററ

ങ്ങളിൽ ഏതെങ്കിലും ചുമത്തിയ ഒരാൾക്കു് ജാതിഭ്രഷ്ട് ക ല്പിച്ചാൽ താൻ കുററം ചെയ്തിട്ടില്ലെന്നു് വാദിച്ചുനോക്കുന്നത ല്ലാതെ അതൊരു കുററമല്ലെന്നു് ആരും അതുവരെ വാദിച്ചി ട്ടില്ല. ഞാനതാണു് ആദ്യമായി ചെയ്തതു്. അന്യരുടെ ഭക്ഷണം കഴിക്കുന്നതു് ഒരു നമ്പൂതിരിക്കു് ദോഷമല്ല എന്നാ ണു് ഞാൻ വാദിച്ചതു്. ജയിലിൽ നിന്നു വിട്ടതിൽ പി ന്നെയും ഞാനതു ചെയ്തുവരുന്നുണ്ടു്. ഇപ്പോഴതു് സർവ്വത്ര ന ടപ്പായി കഴിഞ്ഞെങ്കിലും ഞാനതിന്നു് കനത്ത വിലകൊടു ത്തിട്ടുണ്ടു്.

ഇല്ലത്തുള്ളവരും എന്നോടു് വിരോധം കാണിച്ചു തുട ങ്ങി. ഈ ഘട്ടത്തിൽ ഞാൻ ആഢ്യപ്രഭുക്കന്മാരെ സമീ പിക്കാതിരുന്നില്ല, അവരും ഫലപ്രദമായ ഒരു സഹായവും ചെയ്തില്ല. യോഗക്ഷേമപ്രസ്ഥാനത്തിൻെറ നേതൃത്വം വ ഹിച്ചിരുന്നതു് ആഢ്യപ്രഭുക്കന്മാരാണു്. ഞാനതിലെ ഒരു സജീവ പ്രവർത്തകനായിരുന്നു. ഞാനൊരു വൈദികകുല ത്തിൽപ്പെട്ടവനുമാണു്. ഈ പ്രസ്ഥാനത്തിൽ ഞാൻ കുറു മാറി പ്രവർത്തിച്ചു എന്നാണു് വൈദികന്മാർക്കു് എൻെറ പേ രിലുള്ള പ്രത്യേക വൈരാഗ്യത്തിനു കാരണം. ആഢ്യപ്രഭു ക്കന്മാരുടെ സഹായം പ്രതീക്ഷിപ്പാൻ എനിക്കവകാശമു ണ്ടു്. പക്ഷെ നിസ്സഹകരണ പ്രസ്ഥാനത്തിൽ സജീവമാ യി പങ്കെടുത്തതു് അവർക്കിഷ്ടപ്പെട്ടില്ല. അവർക്കെൻെറ ആ ചാര സ്വാതന്ത്ര്യവും പിടിക്കാത്തമട്ടിലായിരുന്നു. അവസാ നം അവരുടെ സഹായവും എനിക്കു ലഭിച്ചില്ല. എനിക്കു് കീഴ്വഴക്കം പോരെന്നൊരാക്ഷേപം അവരും ഊന്നിപ്പി ടിച്ചു.

എതിരാളികൾക്കു് നല്ല സുഖമായി. സമരത്തിൻെറ ആരംഭത്തിൽ എനിക്കു് കുറച്ചൊരു പിൻബലമുണ്ടായിരു ന്നു. ഓരോരുത്തരായി പിന്മാറി.

ഒടുവിൽ അമ്മയെക്കണ്ടു് യാത്രപറഞ്ഞു് പട്ടാമ്പിക്കു് മടങ്ങിപ്പോരുകയും ചെയ്തു. അമ്മയുടെ അവസാനത്തെ ആശയും അററു.

ഇല്ലത്തുള്ളവരും ഞാനും തമ്മിൽ അഞ്ചാറു തലമുറയുടെ അകൽച്ചയുണ്ടു്. പിന്നിടെങ്ങിനെ അവരുടെ സഹായം പ്രതീക്ഷിച്ചു എന്നൊരു ചോദ്യം ഇവിടെ ഉത്ഭവിക്കുന്നു. കാര്യം എങ്ങിനെയാണെങ്കിലും ഏകോദര സഹോദരന്മാരെപ്പോലെയാണു് ഞങ്ങൾ ജീവിച്ചു പോന്നതു്. അക്കാലത്തു് രക്തബന്ധത്തേക്കാൾ കുടുംബ ബന്ധത്തിന്നു് ശക്തി കൂടിയിരുന്നു. എൻെറ അതുവരത്തെ അദ്ധ്വാനം മുഴുവനും കുടുംബത്തിന്നു് വേണ്ടിയായിരുന്നു. അതിന്നും പുറമെ കാരണവരും ഞാനുമായി ഗുരുശിഷ്യബന്ധവുമുണ്ടായിരുന്നു. ഹൈന്ദവസംസ്കാരത്തിൽ അതിന്നൊരു പ്രത്യേകതയുണ്ടു്. എന്നെ "ഓത്തു ചൊല്ലിച്ചതു്" എൻെറ കാരണവരാണു്. അതിന്നായി എൻെറ അമ്മ എന്നെ അദ്ദേഹത്തിനു് ഏല്പിച്ചു കൊടുത്തു.

ശിശു മർദ്ദനം മൂർദ്ധന്യദശയിലെത്തിയിരുന്ന കാലമായിരുന്നു അതു്. കുട്ടികളെ ശിക്ഷിച്ചു വളർത്തണമെന്ന ആശയാണു് അതിന്നടിസ്ഥാനം. ശിക്ഷ എന്നുവെച്ചാൽ വിദ്യാഭ്യാസവും സ്വഭാവ നിയന്ത്രണവുമാണു്. അതുമാറി ശിക്ഷ എന്നു പറഞ്ഞാൽ മർദ്ദനമായി. ആ മർദ്ദനം കുററമല്ല. അതൊക്കെ സ്നേഹത്തിൻെറ ലക്ഷണമാണു്. "അടികൊണ്ടു വളരണം, എന്നാലേ കുട്ടി നേരാവൂ" എന്നാണന്നത്തെ ധാരണ. ഞാനനുഭവിച്ച മർദ്ദനത്തിനു് കയ്യും കണക്കും ഇല്ല. ഒരു ദിവസം തട്ടിൻമുകളിൽ നിന്നു് എന്നെ താഴത്തേക്കു് ഉന്തിവിട്ടു. ഞാൻ രണ്ടു വാതിലും പിടിച്ചു. വീണ്ടും തള്ളി മറിവാതിൽ വന്നടഞ്ഞു. ഞാൻ താഴത്തു വീണു.

ശബ്ദംകേട്ട അമ്മ ഓടിവന്നു ''മതി'' ''മതി'' എന്നു പറഞ്ഞു. പിന്നീട്ട് എത്രയോ കഠിന മർദ്ദനങ്ങൾ ചെയ്തിട്ടുണ്ട്. അതിനൊന്നും അമ്മ ഒന്നും പറഞ്ഞിട്ടില്ല. എനിക്കന്നു് വയസ്സ് ഒമ്പതാണു്. ഈ വക മർദ്ദനങ്ങളൊന്നും വല്ല വികൃതിയും കാണിച്ചിട്ടല്ല. ''ഓത്തു ചൊല്ലിക്കുന്ന''തിൻെറ ശിക്ഷകളാണു്. മക്കളെ സ്നേഹമുള്ള മാതാപിതാക്കൾ തങ്ങൾക്കവരെ തല്ലുവാൻ ''കൈവരാത്തതുകൊണ്ടു്'' മററുള്ളവരുടെ കയ്യിൽ തല്ലിവളർത്താൻ അക്കാലത്തു് ഏല്പിച്ചിരുന്നു. നിസ്സഹായരായ കുട്ടികൾ അവരുടെ ക്രോധശമനത്തിന്നിരയാവും. പരമ്പരാഗതമായ ഗുരുഭക്തികൊണ്ടു് അതെല്ലാം മാഞ്ഞുപോവുകയും ചെയ്യും. ഞാനറിയുന്നതിന്നു് മുമ്പ് ചെർപ്പുളശ്ശേരിയിൽ മിഡിൽ സ്ക്കൂളിൽ ഒരു കേശവമേനോൻ ഹെഡ്മാസ്റ്ററുണ്ടായിരുന്നു. അയാളെ കുട്ടികൾ പേടിച്ചു് സ്വപ്നം കണ്ടിരുന്നു. അന്നു പഠിച്ചിരുന്നവർ ഇന്നു് ഉന്നതനിലയിൽ എത്തിയിട്ടുണ്ടു്. അതയാളുടെ ഹിംസയുടെ ഫലമായിരുന്നു എന്നു് അന്നത്തെ കാരണവന്മാർ പറഞ്ഞു കേട്ടിട്ടുണ്ടു്. ഞാനീ അഭിപ്രായത്തോടു യോജിക്കുന്നില്ല. പക്ഷെ പല മാന്യന്മാരും ഇതിനോടു് യോജിച്ചു കാണുന്നുണ്ടു്. ജവഹർലാലിന്നു ദോഷം അദ്ദേഹം അടികൊണ്ടു വളർന്നിട്ടില്ലെന്നാണു് എന്നു് അദ്ദേഹത്തോടു് അടുത്തു പെരുമാറീട്ടുള്ള ഒരു മാന്യൻ എന്നോടു് പറഞ്ഞിട്ടുണ്ടു്.

എന്നെപ്പോലെ ശിക്ഷ മർദ്ദനം അനുഭവിച്ചവർ ദുർലഭമായിരിക്കും. എൻെറ ശൈശവദശ ശിക്ഷതന്നെയാണു്. എന്നാൽ അതെല്ലാം ഗുരുനാഥന്റെ ശിഷ്യസ്നേഹമാണെന്നാണു് എൻെറ അമ്മ ധരിച്ചിരുന്നതും, ധരിപ്പിച്ചിരുന്നതും. ഏതൊരു ശിഷ്യനെ ഒരു ഗുരുനാഥൻ അധികം മർദ്ദിക്കുന്നുവോ അവനോടു് അധികം സ്നേഹമുണ്ടെന്നാണു് ഹിന്ദുക്ക

ളുടെ പഴയ സങ്കല്പം—അതിന്നു് എത്രയോ ഐതിഹ്യങ്ങളു ണ്ടു്. ഒരു ശിഷ്യൻ ഗുരുനാഥന്റെ ക്രൂരമർദ്ദനത്തിന്നു് പ്രതികാരംവീട്ടുവാൻ ശ്രമിച്ചുവെന്നും, അതിന്നിടയിൽ ഗുരുനാഥന്റെ സ്നേഹം മനസ്സിലാക്കി തന്റെ ദുഷ്ടവിചാരത്തിൽ പശ്ചാത്തപിക്കുകയും പാപമോചനത്തിനു് ഉമിത്തീയ്യിൽ നീറി മരിച്ചുവെന്നും ഒരു പുരാണ കഥയുണ്ടു്. (ഇക്കാലത്തു് അദ്ധ്യാപകന്മാരെ കൂക്കിവിളിക്കുന്ന വിദ്യാർത്ഥികൾ ഈ കഥ കേട്ടാൽ പൊട്ടിച്ചിരിച്ചു പോകും.)

ഈ സംസ്കാരത്തിന്റെ ഫലമായി എനിക്കു് എന്റെ കാരണവരുടെ പേരിൽ അതുല്യഭക്തിയുണ്ടായിരുന്നു. അദ്ദേഹത്തിനെന്നോടും അനുതാപാത്മകമായ കൂറുണ്ടായിരുന്നു. ജയിലിൽ ചെന്നപ്പോൾ ഐഡന്റിഫിക്കേഷന്നു് എന്റെ ദേഹത്തിൽ മുറിവേററകലയുണ്ടോ എന്നു ചോദിച്ചു. ഓത്തുചൊല്ലുമ്പോൾ അദ്ദേഹം മുറിപ്പെടുത്തിയതിന്റെ കല എന്റെ കാലിന്മേലുണ്ടു്. ഗുരുഭക്തികൊണ്ടു് ഞാനതു കാണിച്ചുകൊടുത്തില്ല. വേറൊരു കലയാണു് കാണിച്ചതു്.

ഞാൻ ജയിലിൽ നിന്നും വന്നു് കുറേനാൾ കഴിഞ്ഞ ശേഷം ഒരു ദിവസം പ്രസംഗവശാൽ എന്റെ കൌമാരദശയിലെ അനുഭവം ചിലതു പറയുകയുണ്ടായി. അന്നതുകേട്ട ഒരു സ്നേഹിതൻ "ഇവിടേക്കു് രണ്ടു ജയിൽ ശിക്ഷ ഉണ്ടായിട്ടുണ്ടോ?" എന്നു ചോദിച്ചു. അതിൽ ഒന്നു് ഓത്തു ചൊല്ലലാണു്.

എന്റെ ഗുരുഭക്തിയും അദ്ദേഹത്തിന്റെ ശിഷ്യവാത്സല്യവും അതുവരെ പൂർണ്ണമായി വിശ്വസിച്ചു. ആ സ്നേഹബന്ധംകാരണം കുടുംബം എന്നെ വിട്ടുനില്ക്കില്ലെന്നും ഞാൻ

വിശ്വസിച്ചു. പക്ഷെ സംഗതികളെല്ലാം മാറി മറിഞ്ഞു തുടങ്ങി. അദ്ദേഹത്തിന്റെ ബന്ധുക്കൾ എനിക്കു വിപരീതമായി. അദ്ദേഹത്തിന്റെ മനസ്സും അങ്ങോട്ടു ചാഞ്ഞു തുടങ്ങി. ഒടുവിൽ "ചോരയ്ക്കു കട്ടിക്കൂട്ടും വെള്ളത്തിനേക്കാൾ" എന്ന പഴമൊഴി പരമാർത്ഥമായി. എന്റെ അതുവരെയുണ്ടായിരുന്ന രക്ഷാകവചം പൊട്ടിപ്പോയി. "തനിക്കു താനും, പെരയ്ക്കു തൂണും" എന്നായി എന്റെ അവസ്ഥ. എനിക്കന്നു് വയസ്സു് 28 ആണു്.

അവസാനം ചെറുമുക്കു വൈദികനേയും ഒന്നു കാണാമെന്നു് ഞാൻ തീർച്ചപ്പെടുത്തി. നിസ്സഹായനായ എന്നെ കണ്ടപ്പോൾ അദ്ദേഹത്തിന്നു മൂച്ചുകൂടി. ചെറുമുക്കിൽ സോമയാജിപ്പാട്ടു് അടുത്ത ദിവസം മരിച്ചു പോയി. അദ്ദേഹം വൈദിക വ്യവസായത്തിൽ അഗ്രഗണ്യനായിരുന്നു.

പിന്നീട്ടു് വൈദികസ്ഥാനത്തു് വന്നതു് ഇപ്പോഴത്തെ കുഞ്ഞനോതിക്കൻ തന്നെയാണു്. പാരമ്പര്യാവകാശം വഴിക്കു മാത്രമാണു് ആ സ്ഥാനം. അദ്ദേഹം ഷോഡശക്രിയ കൂടി ചെയ്തിട്ടില്ല. അഗ്നിസാക്ഷിയല്ല അദ്ദേഹത്തിന്റെ വിവാഹം. അദ്ദേഹത്തിന്റെ ജോലി ബാങ്കുനടത്തലാണു്.

ഇങ്ങനെയൊക്കെയാണെങ്കിലും അദ്ദേഹം ഒരു "വൈദിക ശ്രേഷ്ഠൻ" തന്നെയാണു്. താനൊരു ഹരിശ്ചന്ദ്രനാണെന്നും കൃതയുഗം സൃഷ്ടിക്കുവാനുള്ള ഭാവമാണെന്നും നടിച്ചിരുന്നു.

വൈദികത്വത്തോടൊപ്പം ബാങ്കും പൊളിഞ്ഞതിൽ പിന്നെ അദ്ദേഹം വൈദിക വ്യവസായത്തിൽ ഏർപ്പെട്ടു. ഈ വിഷയത്തിൽ അദ്ദേഹം വലിയ ഒരു റിക്കാർഡ് സമ്പാദിച്ചു. കിളിമങ്ങിൽ ഉണ്ണിയന്റെ "ഷോഡശക്രിയ"

ചെയ്യിച്ചു് രാമസിംഹൻ നമ്പൂതിരിയാക്കി. മാപ്പിളമാരോടൊരുമിച്ച് ഭക്ഷണം കഴിച്ചതിന്നു് ജാതിയിൽ നിന്നും പുറത്തു പോകുവാൻ എന്നോട് കല്പിച്ച അദ്ദേഹം ഉണ്ണിയൻ സാഹിബിൻെറ ഭിക്ഷ അനായാസേന ഭക്ഷിച്ചു് അനുഗ്രഹം നൽകി പ്രതിഗ്രഹം വാങ്ങിയത്രെ!

എനിക്കും അദ്ദേഹം "മാറാത്ത രോഗത്തിനു് കിട്ടാത്ത മരുന്നു്" എന്ന മട്ടിൽ പ്രതിവിധി കല്പിച്ചു. അതും അവിടെവെച്ചല്ല കൂടല്ലൂർ മനക്കലേക്കു് വിളിച്ചിട്ടാണു്. "ഇല്ല" എന്നു പറയുവാനുള്ള അധികാരം കാരണവക്കു് എന്ന കണക്കിലാണു് എന്നെ അങ്ങോട്ടു വിളിച്ചതു്. അവരുടെ വിധി ഞാൻ സ്വീകരിച്ചില്ല. "തോണി മുങ്ങിയാൽ പുറം നല്ലു" എന്നു ഞാനും തീർച്ചപ്പെടുത്തി. തോണി മുങ്ങിയാൽ അതിന്നകത്തു് ഇരിക്കുന്നവർ മുങ്ങിച്ചാവും. പുറത്തു കേറിക്കൂടിയാൽ സാവകാശം കര പററാം. ഞാൻ ഇവിടം വിട്ടു് പട്ടാമ്പി സ്ഥിരതാമസമാക്കുവാൻ ഉറച്ചു. ഇതു് 1100 ധനു 1-ാംതിയാണു്. അമ്മയോടു യാത്രയും പറഞ്ഞു് പോന്നു.

ഇരുപത്തിനാല്

# അമ്മയുടെ മരണം

ചേമാരിപ്പടയിൽ ഞാൻ തോററു തുന്നംപാടി. എങ്കിലും എൻെറ ഉള്ളിലുള്ള "കുറുകുറുപ്പ്" തീൎന്നു. ഞാൻ നാറിപ്പുളിച്ച നമ്പൂതിരിത്വം വിട്ടു ഒരു സ്വതന്ത്ര പൌരനായി ജീവിക്കുവാൻ ഉറച്ചു. എൻെറ ചോരത്തിളപ്പ് അനശ്വരം വിജയിക്കട്ടെ!

ഈ അവസരത്തിൽ എൻെറ അമ്മയുടെ കഥയാണു് ഏററവും കഷ്ടമായതു്. അമ്മക്ക് വയസ്സ് 65 കഴിഞ്ഞു. അടിക്കടി ആപത്തുകൾ വന്നുകൊണ്ടിരുന്നതിനാൽ ആരോഗ്യം കാണക്കാണെ കുറഞ്ഞു തുടങ്ങി. ആകെ അമ്മക്കു രണ്ടു മക്കളേ ഉള്ളു. ജ്യേഷ്ഠൻ കേൾപ്പേരും കേൾവിയും ഇല്ലാതെ ദേശാന്തരം പോയിട്ടു കാലം കുറച്ചായി. എന്റെ കഥ ഇങ്ങിനേയും ആയി. അമ്മയുടെ ചൈതന്യം "വിലയോന്മുഖമായ തിങ്കളിൽ കലപോൽ" തേഞ്ഞു മാഞ്ഞു തുടങ്ങി.

ഒരു ദിവസം എനിക്കു് ഇല്ലത്തെ നാരായണൻെറ ഒരു കത്തു കിട്ടി. അഫൻെറ അമ്മ മരണത്തെ സ്വാഗതം ചെയ്യാൻ ധൃതിപ്പെട്ടുന്നു എന്നാണു് കത്തിലെ താല്പര്യം.

ഞാൻ ഒന്നു ഞെട്ടി. പെട്ടന്നു ഇല്ലത്തേക്കുചെന്നു. അമ്മ ഞെരുങ്ങി പൂമുഖത്തേക്കു വന്നു. മേലാസകലം നീരു വന്നിരിക്കുന്നു. ബുദ്ധി പാടെ നശിച്ചിരിക്കുന്നു. "എനിക്കു മരിക്കുവാൻ താമസമില്ല. എനിക്കു എനി പുറത്തേക്കുവരു

വാൻ സാധിക്കുകയുണ്ടാവില്ല.'' എന്നു പറഞ്ഞപ്പോഴേക്കും അമ്മയുടെ കണ്ണുനാളം കണ്ണീരുവന്നടിഞ്ഞുപോയി. ''ഛീ! ഇതിലൊന്നും അത്ര ഭയപ്പെട്ടുവാനില്ല'' എന്നു ഞാൻ അമ്മയെ ധൈര്യം കൊള്ളിച്ചു നോക്കി. ''എനിക്കു ജീവിച്ചിരുന്നിട്ടു് മതിയായി'', അമ്മ നിരാശ ഒന്നുകൂടി പിരിമുറുക്കി. ഞാൻ യാത്ര പറഞ്ഞപ്പോൾ ''കൂടക്കൂടെ ഓരോന്നു വന്നു് എന്നെ കണ്ടുപോകണേ'' എന്നു അമ്മ കരച്ചിലൊതുക്കി എന്നോടു പറഞ്ഞു.

അമ്മ പുറത്തളത്തിൽ നിന്നും ക്രമേണ പുറത്തേക്കു വരാതായി. ഈ ലോകത്തിൽ ഇരിക്കുന്നതിൽ മട്ടപ്പു പറഞ്ഞുതുടങ്ങി. പരലോകത്തുള്ളവരോട്ടു് കൂടിച്ചേരുവാനുള്ള വഴിയും മരിച്ചതിനുശേഷം തനിക്കു് പരലോകം ലഭിക്കാനുള്ള മാർഗ്ഗവും പറഞ്ഞു തുടങ്ങി. ''കാരണവർക്കു് പിണ്ഡം വെക്കണം, നാല്പത്തൊന്നു ദിവസം ദീക്ഷിക്കണം. എന്നാൽ എന്നെ മരിച്ചു പോയവരുടെ കൂട്ടത്തിൽ കൂട്ടും.'' എന്നൊക്കെ അമ്മ തൻെറ വിശ്വാസം പറഞ്ഞു. അമ്മയുടെ പ്രിയപ്പെട്ട വാദ്ധ്യാർഅപ്പുവിൻെറ സഹസ്രനാമജപം ദിവസേന പതിവായി. വാദ്ധ്യാർ ഒരു ജ്യോത്സ്യനാണു്. ''എനി എത്ര ദിവസത്തെ ഇരിപ്പുണ്ടു്'' എന്നും അമ്മ ദിവസേന അയാളോടു ചോദിക്കും. ''പുറപ്പെട്ടുപോയ ആൾ വന്നു കാണുവാൻ ഉള്ള യോഗമുണ്ടോ?'' എന്നു് തൊണ്ട ഇടറിക്കൊണ്ടു് ചോദിക്കും. ദേശാന്തരം പോയ ജ്യേഷ്ഠൻ തിരികെ വന്നു ഒന്നുകണ്ടു മരിക്കുവാൻ മാത്രമേ അമ്മക്കു അഭിലാഷം ബാക്കിയുള്ളൂ. അതു സാധിച്ചില്ല. ഏട്ടൻെറ പേർ പറയുവൻ കൂടി അമ്മക്കു വയ്യാതായി.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ വീണ്ടും എനിക്കു് എഴുത്തു കിട്ടി. ''അമ്മ മരണ ശയ്യയിൽ വീണു'' എന്നാണു്

കത്തു കൊണ്ടു തോന്നുക. ഞാൻ വേഗം ഇല്ലത്തെത്തി. അകത്തുകടന്നു. അമ്മ വടക്കെ തൊട്ടി അറയിൽ ഇടത്തുഭാഗം ചെരിഞ്ഞു കിടക്കുന്നു. ആ "ശരശയനം" കണ്ടപ്പോൾ എൻെറ ഉള്ളിൽ കത്തിയ തീയ്യിന്നു് പ്രത്യൌഷധമില്ല. അമ്മക്ക പക്ഷവാതം പിടിച്ചു. ഇടത്തുഭാഗം ഇളക്കുവാൻ വയ്യ. അട്ടത്തിരിപ്പാൻ മക്കളില്ല. ചെരിഞ്ഞു കിടക്കണമെങ്കിൽ താങ്ങണം. എങ്കിലും തൻേറടത്തിന്നും ബഹു ശക്തി. "കണ്ടില്ലെ! എൻെറ കിടത്തം!" എന്നു ചോദിച്ചു് അമ്മ എൻെറ മുഖത്തേക്കു് ഒന്നു നോക്കി. എൻെറ ഉള്ളു കലങ്ങി. "നമസ്കരിക്കു" എന്നു് അമ്മ എന്നെ ശാസിച്ചു. നമസ്കരിച്ചപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞുപോയി. അമ്മയുടെ ഇടനെഞ്ഞു പൊട്ടി.

അക്കാലത്തു് എനിക്കു് ഇല്ലത്തിൻെറ കാതംവഴി സമചതുരം കാലെടുത്തു കുത്തിക്കൂടാ, കുടികേറി പാർത്തുകൂടാ. അതുകൊണ്ടു് ഞാൻ തൽക്ഷണം മടങ്ങിപ്പോന്നു. അമ്മക്കു് മരണം അടുത്തു തുടങ്ങി. മരണത്തിനു് മററുള്ളവർ വട്ടം കൂട്ടിത്തുടങ്ങി. സഹസ്രനാമജപവും, പുരാണവായനയും മുഴങ്ങിത്തുടങ്ങി. പട്ടാമ്പി എത്തുമ്പോഴേക്കും അമ്മയെപ്പററി ആശങ്കമുഴക്കം. ഇല്ലത്തെത്തുമ്പോഴേക്കു് അടിരിപ്രഭൃതികളുടെ ലഹള വിചാരിച്ചു് ഭയപ്പെട്ടും. ഇങ്ങിനെ പരിഭ്രമത്തിൽ സൂര്യൻ നാലഞ്ചുതവണ ഉദിച്ചസ്തമിച്ചു. അമ്മയുടെ ആയുസ്സു് അതിവേഗത്തിൽ കുറുകിത്തുടങ്ങി. എന്നിട്ടും അമ്മക്കു് മരണം ലഭിക്കാത്തതുകൊണ്ടു് മട്ടത്തു. ഒടുവിൽ "എട്ടു ദിവസത്തിൽ ഇടക്കു മരിക്കണേ" എന്നു് നേന്നു് കാതിലെ ചിററു് തിരുനാവായക്കു് അമ്മ ഉഴിഞ്ഞുവെച്ചു. ഒടുക്കത്തെ തവണ, ഞാൻ ഇല്ലത്തു അമ്മ മരിക്കാൻ കിടക്കുന്ന അറയിലേക്കു ചെന്നു. ആ തൊട്ടിഅറ എൻെറ സൂതികാഗേഹമാണു്. അവിടെ കടന്നപ്പോൾ

എൻെറ മനസ്സ് അതീന്ദ്രിയമായി. അമ്മയുടെ പ്രകൃതത്തിൽ മരണലക്ഷണം അസ്പഷ്ടമായി കണ്ടുതുടങ്ങി. ഞാൻ ചെന്ന ഉടനെ നമസ്കരിച്ചു. മരിക്കുന്ന സമയം സാധിക്കുമോ; ആവോ! നിശ്ചയമില്ലല്ലോ. നമസ്കരിക്കുമ്പോഴേക്കും എൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. ആ നമസ്കാരം അവസാനമായ യാത്ര പറയൽ അല്ലേ? ഞാൻ ദുഃഖം ഒതുക്കി പുറത്തേക്കു പോന്നു.

അസ്തമിക്കുന്ന സമയത്തു് ഒന്നുകൂടി അകത്തേക്കു ചെന്നു. അമ്മയുമായി കുറച്ചുനേരം സംസാരിച്ചു. ഒട്ടുക്കത്തേതായ അമ്മയുടെ വാക്കുകൾ ഒക്കെ മരിക്കുവാനുള്ള ഒരുക്കവും മരിച്ചു കഴിഞ്ഞാലത്തെ കഥയുമാണു്. കൂട്ടത്തിൽ അമ്മ ഇങ്ങനെ പറഞ്ഞു: "പട്ടാമ്പി പുഴയിൽ ഒരു കൊല്ലം കുളിച്ചു വെലിയിടണേ, കുട്ടാ". ഇതുകേട്ടപ്പോൾ ഞാൻ സ്തംഭിച്ചു. അമ്മയുടെ മോഹം ഇത്ര താണുപോയല്ലോ. കഷ്ടം! അമ്മ ഈ പറഞ്ഞതെങ്ങനെ സഹിക്കും? നാണക്കേടു പൊറുക്കേണ്ടേ? പുഴയിൽ കുളിച്ചു് തോർത്തുമുണ്ടുകൊണ്ടു് മൂലസ്സാറും തററം ഒണങ്ങല്ലരിയും കറുകയുമായി ഒരു പഴയ ശൂദ്രൻമട്ടിൽ മണൽപുറത്തു് വെലിയിടുക എന്നതു് അഭിജാതകുലജാതനായ ഒരു നമ്പൂതിരിക്കു് ഒരു കാലത്തും നാണംകൊണ്ടു് സ്മരിക്കപോലും വയ്യാത്തതാണു്. അമ്മയോടു് ഒരു മറുപടി പറയണ്ടേ? എനിക്കു് ഒച്ച പൊന്തുന്നില്ല. ഒടുവിൽ ഞാൻ ധൈര്യംപൂണ്ടു് അമ്മയോടു് ഇങ്ങനെ പറഞ്ഞു: "അമ്മ മരിക്കുവോളവും, മരിച്ചാലും അമ്മയുടെ ഗുണത്തിന്നായി ഞാൻ വേണ്ടതൊക്കെ ചെയ്തുകൊള്ളാം". "എനിക്കു സന്തോഷമായി" എന്നു് ഒരു മറുപടി അമ്മയുടെ മുഖത്തുനിന്നു് ഊർന്നുവന്നു.

സമയം രാത്രി എട്ടുമണിയായി. ഞാൻ ഇവിടെ "അന്തി ഉറങ്ങിയാൽ" ഇണങ്ങർ കൂട്ടം കൂട്ടം; "കൊശ്രാക്കൊ

ളള'' ഉണ്ടാക്കും. ശവം എടുപ്പാൻകാലത്തും 'ഇണങ്ങർ കൂട്ടം' വരുന്നതും അമ്മയ്ക്കു ഭയമായിരുന്നു. അമ്മയെ വിചാരിച്ച് ഞാനും ഒതുങ്ങി. രാത്രി തന്നെ തിരികെ വണ്ടി വിട്ടുവാൻ ആളെ അയച്ചു. കോരിച്ചൊരിയുന്ന പ്രളയ പേമാരി എന്നെ പോകരുതെന്നു തടുത്തു. ഞാൻ പത്തായപ്പുരയിൽതന്നെ ചൂളിക്കൂടി. ഭയങ്കരമായ മഴ! കൂരാ കൂരിരുട്ട്! നാലുകെട്ടിലെ വർത്തമാനം പത്തായപ്പുരയിലേക്കെറിയില്ല. നാലുകെട്ടിലുള്ള തൊട്ടിഅറയിൽ അമ്മ ''സഞ്ചാരം'' കൊള്ളുന്നു. അതു് അമ്മക്ക് കാളരാത്രിയായിരുന്നു. സഞ്ചാരം സഹിക്കുന്നില്ല എന്ന വിവരം ഒരു ലേശമെങ്കിലും ആരും എന്നെ അറിയിച്ചില്ല. ഞാൻ ഒരുമിച്ചുണ്ടാകുന്നതു് മററുള്ളവക്കു് സുഖമില്ല.

പിറെറദിവസം കാലത്തു് ഞാൻ അമ്മയോടു് യാത്ര പറയുവാൻ ചെന്നു. അപ്പോഴേ കാര്യം അറിഞ്ഞുള്ളു. അമ്മയുടെ ''സഞ്ചാരം'' നിലച്ചു. ഒട്ടുക്കത്തെ മയക്കമായി. അവിടെ മരണത്തിൻെറ നിശ്ശബ്ദത പരന്നിരുന്നു. തൊട്ട കട്ടിലിൽ എൻെറ അച്ഛൻെറ പെങ്ങൾ ഇരുന്നിരുന്നു. ''കുട്ടാ, അമ്മെ എന്നു വിളിക്കു'' എന്നു് അവർ അവിടെ ഇരുന്നു് എന്നോടു് വിളിച്ചു പറഞ്ഞു. ഞാനതുകേട്ടപ്പോൾ ''അമ്മേ'' എന്നു വിളിക്കുവാൻ ശ്രമിച്ചു നോക്കി. എൻെറ കണ്ഠം സ്തംഭിച്ചിരുന്നു. ഒച്ച പുറത്തേക്കു വന്നുവോ എന്നു് സംശയം! എൻെറ ഞെരുക്കം കണ്ടു് ജ്യേഷ്ഠൻെറ അകത്തുള്ളാൾ (ഭാര്യ) അമ്മയെ വിളിച്ചു. ''അഫന്റെ അമ്മേ! പൊറോത്തപ്പൻ (ബ്രഹ്മദത്തൻ എന്നതിൻെറ ചുരുക്കം) വന്നിരിക്കുന്നു'' എന്നു പറഞ്ഞു. ഇതമ്മയുടെ ഉള്ളിൽ തട്ടിയപ്പോൾ ''നാഴി വെള്ളം തിളപ്പിച്ചു കൊടുക്കു............... നാഴി.........ഇടങ്ങഴി'' എന്നൊരു വാക്കു് അമ്മയുടെ വായിൽനിന്നു് പുറത്തുവന്നു. ഇതൊടുക്കത്തെ ശബ്ദമായിരുന്നു. പിന്നീടു് അമ്മ ശബ്ദിച്ചിട്ടില്ല.

30

ഏതായാലും അമ്മയുടെ അവസാനം കഴിഞ്ഞേ ഞാൻ പട്ടാമ്പിക്കു തിരികെ പോകുന്നുള്ളുവെന്നു് തീർച്ചപ്പെടുത്തി. ഞാൻ പുറത്തുപോയി കാപ്പികുടിച്ചുവന്നു. അതാ, അകത്തുനിന്നു് നിലവിളി കേൾക്കുന്നു! എല്ലാവരും ബദ്ധപ്പെട്ടു അവിടെ എത്തി. അമ്മ മലൻ വാ പൊളിച്ചു. കണ്ണു മിഴിച്ചു. ശ്വാസം മുറുകി. നാമഘോഷം മുഴങ്ങി. ഞാൻ ഇടവിടാതെ ഉറക്കെ നാമം ജപിച്ചു. "വെള്ളം കൊടുക്കിൻ" എന്നു കുട്ടികളെ ശാസിച്ചു. ഇടവിടാതെ ഓരോരുത്തർ വെള്ളം കൊടുത്തു. ഇക്കയ്യിന്നു് ആ പുണ്യകർമ്മം ചെയ്യുവാനുള്ള ഭാഗ്യം ഉണ്ടായില്ലെന്നാലോചിക്കുമ്പോൾ ഇപ്പോഴും എന്റെ ഇടനെഞ്ഞു പൊട്ടുന്നു. അമ്മ മോക്ഷം പ്രാപിച്ചതു് 1101 കന്നി 13-ാംനു (1925 സപ്തമ്പർ 29-ാംനു ചൊവ്വാഴ്ച) അവിട്ടം നക്ഷത്രത്തിൽ (ദ്വാദശിതിഥി) കാലത്തു് 9 മണിക്കുശേഷം 10 മണിയോടുകൂടിയാണു്. അല്ലയോ പ്രിയപ്പെട്ട വായനക്കാരേ, ഈ കൈകൾ ആ കരാള വൈദികപിശാചിന്റെ ഉദകക്രിയ ചെയ്യുവാൻ കൊതിക്കുന്നതിൽ വല്ല അസാംഗത്യവും തോന്നുന്നുണ്ടോ?

ഇരുപത്തിഅഞ്ച്

# അമ്മയുടെ മരണശേഷം

അമ്മയുടെ ശവസംസ്കാരകർമ്മം എനിക്ക് സ്വന്തം കയ്യുകൊണ്ടു് ചെയ്യുവാൻ സാധിച്ചില്ലെന്നു് പറയേണ്ടതില്ലല്ലോ. ഞാൻ തൊട്ടാൽ അവിടെ വഴക്കുണ്ടാകും. അങ്ങിനെ ഒരു വഴക്കുണ്ടാകരുതെന്നു് അമ്മയ്ക്കു് അഭിപ്രായമുണ്ടായിരുന്നു. അതു് അമ്മയുടെ പരലോകപ്രാപ്തിക്കു് തടസ്സമാവുമെന്നു് അമ്മയ്ക്കു് വിശ്വാസമുണ്ടായിരുന്നു. സ്വജനങ്ങൾ അങ്ങിനെ ഒരു കുററം എന്നിൽ ചുമത്തിയതിന്നു് അമ്മയ്ക്കു് ഖേദമുണ്ടായിരുന്നു.

അമ്മയുടെ ഇഷ്ടത്തിന്നനുസരിച്ചു് ഞാൻ ആ കർമ്മത്തിൽനിന്നു് വിട്ടു നിന്നു. എന്നാൽ സ്ഥലം വിട്ടില്ല. ഒപ്പം നിന്നു് മററുള്ളവരെക്കൊണ്ടു് ചെയ്യിക്കയാണുണ്ടായതു്, സംസ്കാരം കഴിഞ്ഞു സന്ധ്യയോടുകൂടി ഞാൻ കുളിച്ചു. അമ്മയുടെ ജീവിതം എൻെറ തളന്ന ഓർമ്മയിൽ ഉദിച്ചുയരുവാൻ തുടങ്ങി.

സന്ധ്യ കഴിഞ്ഞപ്പോൾ എൻെറ ദേഹവും മനസ്സും ക്ഷീണിച്ചിരുന്നു. പത്തായപ്പുരയുടെ ഉമ്മറത്തെ പടിമേൽ ഇരുന്ന ദിക്കിൽത്തന്നെ കിടന്നു ഞാൻ ഉറങ്ങിപ്പോയി. പിന്നീടുണന്നതു് അദ്ധരാത്രിക്കാണു്. എന്നെ തനിയെ പുറത്തു വിട്ടു് എല്ലാവരും മുകളിൽ പോയി ഉറക്കമായിരുന്നു. ഞാനവിടെ താമസിച്ചതിൽ മററുള്ളവക്കുള്ള വൈരാഗ്യം അതിൽനിന്നും സ്പഷ്ടമായി. പുറത്തേയ്ക്കുള്ള വാതിൽ അടച്ചിരുന്നില്ല.

അതുകൊണ്ടു ഞാൻ അന്നു മുകളിൽ കയറി കിടന്നു. പിറേറന്നു കാലത്തു് പട്ടാമ്പിക്കു പോരുകയും ചെയ്തു.

അമ്മ മരിച്ചതിൽ പിന്നെ ഞാൻ ഒരൊററയാനായി. അതുവരെ അമ്മയുടെ ഇഷ്ടത്തിനു മാത്രമായി ഞാൻ സ്വയം പാകം ചെയ്താണു് ഭക്ഷിച്ചിരുന്നതു്. അന്നുമുതൽക്കു് വേലക്കാരനെ ഭക്ഷണം പാകം ചെയ്യാൻ ഏല്പിച്ചു.

അമ്മ മരിച്ചതിൽ പിന്നെ ഞാൻ ആചാരങ്ങൾ ഉപേക്ഷിച്ചുതുടങ്ങി. എനിക്കുവയെല്ലാം ബാലിശങ്ങളായി തോന്നിത്തുടങ്ങി. പൂണുനൂൽ ഒരാഭാസമായി തോന്നി. അതില്ലാത്തവരുടെ കൂടെയായി ജീവിതം. അക്കാലത്തു് മണ്ണാർക്കാട്ടു ഇളയനായരുടെ അടുത്തു് ഞാൻ പലപ്പോഴും ചെന്നു താമസിക്കും. അവിടെ എനിക്കൊരഭയസ്ഥാനമാണു്. നായർ വീട്ടിലെ ഉണ്ണികളിൽ ചിലർ എന്റെ പൂണുനൂൽ ഊരിയെടുത്തു് അവരുടെ കഴുത്തിൽ ഇട്ടു നടക്കും. എനിക്കതിനോടു് അത്രമാത്രം അവഗണനയുണ്ടെന്നു് അവക്കറിയാം.

ആചാരങ്ങളെ ഞാൻ അവഗണിക്കാൻ തുടങ്ങിയതോടെ എനിക്കു് ഭ്രഷ്ടും കൂട്ടി വെച്ചുതുടങ്ങി. സമുദായത്തിൽ നിന്നും ഞാൻ അകന്നു തുടങ്ങി. ''യോഗക്ഷേമ സഭ''യിലും എനിക്കു സന്തോഷം കുറഞ്ഞു തുടങ്ങി. സഭ പിന്നോക്കം നീങ്ങുന്ന കാലമായിരുന്നു അതു്. ഖിലാഫത്തു വിപ്ലവം അതിന്റെ ഗതി പിന്നോക്കം തിരിച്ചിരുന്നു. ഞാൻ ജയിലിൽ പോകുമ്പോഴത്തെ സ്ഥിതിയല്ല വന്നപ്പോൾകണ്ടതു്. അതാണു് ഞാൻ ജയിലിൽവെച്ചു വിലയിരുത്തിയതിൽ തെററു പററിയതു്.

അക്കാലത്തു് എന്റെ അതിഥികളായി ഉണ്ടായിരുന്നവർ അധികവും നായന്മാരാണു്. അതിൽ പ്രധാനി മണ്ണാ

ക്കാട്ട് ഇളയനായർ തന്നെ. ഒരു നമ്പൂതിരിമാത്രം എൻെറ അതിഥിയായി പലപ്പോഴും കൂടെ ഉണ്ടായിരുന്നു. അതു് പെരുമങ്ങാട്ട് പരമേശ്വരനായിരുന്നു. അദ്ദേഹത്തിൻെറ അചഞ്ചലമായ മുഖപ്രസാദം ആവർജ്ജകമാണു്. നിഷ്കപടമായ സ്നേഹം സ്മരണീയമാണു്. അദ്ദേഹം എന്നെ സമുദായത്തോട്ട് ബന്ധിക്കുന്ന ഒരു കണ്ണിയായിരുന്നു. അദ്ദേഹം ഒരു വൈദികശ്രേഷ്ഠൻെറ മകനാണു്. ധൂർത്തു കാട്ടുവാൻ സ്ഥാനവുമുണ്ടു്. ആക്കും അതിനെ ആക്ഷേപിക്കുവാൻ ധൈര്യവുമില്ല. "ഉണ്ണിനമ്പൂതിരി" പത്രത്തിലേയ്ക്കു ലേഖനങ്ങൾ എന്നിൽനിന്നും വാങ്ങിക്കൊണ്ടുപോകുന്നതു് അദ്ദേഹമാണു്. എൻെറ ജയിലനുഭവങ്ങളെ "ഉണ്ണിനമ്പൂതിരി" പത്രത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹമാണു് എന്നെ പ്രേരിപ്പിച്ചിരുന്നതു്.

അതിന്നും ഒരു കാരണമുണ്ടായി. ഒരു ദിവസം ഞങ്ങൾ പലരും കൂടി മദിരാശിക്കു പോവുകയായിരുന്നു. വണ്ടിയിലിരുന്നു എൻെറ ജയിലനുഭവം കൂട്ടുകാൎക്കു് വിവരിച്ചു കൊടുപ്പാൻ ഇടയായി. ശ്രീ. പെരുമങ്ങാട്ടു പരമേശ്വരനും, മൂത്തിരിങ്ങോട്ട് ഭവദാസനും കൂട്ടത്തിലുണ്ടായിരുന്നു. ഈ അനുഭവങ്ങൾ "ഉണ്ണിനമ്പൂതിരി"യിൽ പ്രസിദ്ധപ്പെടുത്തണമെന്നു് അവർ എന്നെ ഉപദേശിച്ചു. മദിരാശിയിൽ നിന്നു് മടങ്ങിവന്നപ്പോൾ ശ്രീ. പരമേശ്വരൻ അതിനെന്നെ നിർബ്ബന്ധിച്ചു. അതെഴുതിവന്നപ്പോൾ നീണ്ട ഒരു ലേഖന പരമ്പരയായി. അതിൽ ആദ്യത്തേതും പിന്നെ പലതും, ശ്രീ. പരമേശ്വരൻ കയ്യിൽ വാങ്ങിക്കൊണ്ടു പോവുകയാണു് ചെയ്യുന്നതു്.

കൊല്ലവഷം 1101 ധനുമാസത്തിൽ 'യോഗക്ഷേമ' സഭയുടെ വാഷികം ചൊവ്വരയിൽ ചേന്നു. അതോടനുബ

ന്ധിച്ച യുവജനസംഘത്തിൻെറ വാഷികവും നടന്നു. അതിൽവെച്ചു് എനിക്കൊരു സമ്മാനം ലഭിച്ചു. ഒരു ലേഖനമത്സരത്തിൽ വിജയിച്ചതിന്നായിരുന്നു സമ്മാനം. "നമ്പൂതിരിമാരുടെ ഇന്നത്തെ ആവശ്യം'' എന്ന വിഷയത്തെക്കുറിച്ചു് ഒരു തീസിസായിരുന്നു അതു്. അതിനെക്കുറിച്ചു പല പ്രമുഖരും എഴുതിയതിൽ എൻേറതിന്നാണു് സമ്മാനം ലഭിച്ചതു്. ഞാനതവിടെ ചെന്നു സ്വീകരിച്ചു.

എന്നെ അന്നു് ഭക്ഷണത്തിനു് കൂട്ടത്തിൽ കൂട്ടിയിരുന്നില്ല. ബ്രാഹ്മണഭക്ഷണം കഴിഞ്ഞു "എച്ചിലെടുത്തു'' തളിക്കാതെ ഒരു ഭാഗത്തു വെച്ചാണു് എനിക്കും ഭക്ഷണം തന്നതു്. ഞാൻ സമുദായത്തിൽനിന്നു് പുറത്തു വന്നു് ഒററക്കു ജീവിക്കാൻ തുടങ്ങിയിട്ടു് കൊല്ലം നാലു കഴിഞ്ഞിരുന്നു. അത്തരം വൃത്തികെട്ട ദിക്കിലിരുന്ന ശീലം പോയിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു് അതിൽ എനിക്കല്പം വെറുപ്പുതോന്നി. എങ്കിലും ഞാൻ സമ്മേളനത്തിൽ സജീവമായി പങ്കെടുത്തു.

ഇല്ലത്തും എനിക്കു ഭ്രഷ്ടു കൂടിത്തുടങ്ങി. ഇല്ലത്തെ കുടുംബഭരണം എൻെറ രക്ഷയിലായിരുന്നുവെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന്നായി ഞാൻ പലപ്പോഴും അവിടെ ചെന്നിരുന്നു. ഒരു ദിവസം ചെന്നപ്പോൾ ഉച്ചക്കു ഭക്ഷണം കൊണ്ടുവരുന്നില്ല. താമസമെന്താണെന്നു് തിരക്കിയപ്പോൾ, പുറത്തേക്കു ഊണു കൊടുത്തതിന്നു ശേഷമേ എനിക്കു തരുവാൻ പാടുള്ളൂ എന്നാണു് ഒടുവിലത്തെ നിശ്ചയമെന്നു് അതിലൊരാൾ എന്നോടു പറഞ്ഞു. നമ്പൂതിരിമാർ മാത്രം അകത്തും ബാക്കിയുള്ളവരെല്ലാം പുറത്തും എന്നുള്ള സങ്കല്പത്തിലാണു് മേല്പറഞ്ഞ നിശ്ചയം ചെയ്തിരിക്കുന്നതു്. തോണി മുങ്ങിയാൽ അകത്തുപെട്ടവക്കു കഷ്ടമാണെന്നും, പുറത്തു പററിയവക്കാണു് രക്ഷയെന്നും വേണ്ട

സമയത്തു് അറിയാൻ വിവേകമില്ലാഞ്ഞതാണു് നമ്പൂതിരി മാർക്കു് പററിയ ഹിമാലയൻ അബദ്ധം.

മേല്പറഞ്ഞ നിശ്ചയമറിഞ്ഞതിൽ പിന്നെ ഞാൻ അവിടെനിന്നും ഭക്ഷണം കഴിക്കുന്നതു് നിൎത്തലാക്കി. ഭരണ സംബന്ധമായി പിന്നെയും ഞാനവിടെ ചെല്ലുക പതിവായിരുന്നു. എന്നാൽ ഭക്ഷണത്തിന്നുവേണ്ട ഏൎപ്പാടുകൾ പുറമെ ചെയ്യും. ഞാൻ ആചാരങ്ങളെല്ലാം ഉപേക്ഷിച്ചു കഴിഞ്ഞു. ഞാൻ ഇല്ലത്തു ചെല്ലുന്ന സമയം കുളിമുറിയിൽ കുളിച്ചും, തോൎത്തുമുണ്ടു പുതച്ചു്, പൂണൂലില്ലാതെ പത്തായപ്പുരയിലേക്കു കയറിച്ചെല്ലുന്നതു കാണുമ്പോൾ മററുള്ളവൎക്കു് ഒരു ഞെട്ടൽ ഉണ്ടായിരുന്നു. കുളം തൊടുവാൻ പാടില്ല എന്നു പറഞ്ഞപ്പോൾ എനിക്കായിട്ടൊരു കുളിമുറി അവിടെ ഉണ്ടാക്കി. വെളുത്തേടൻ എന്റെ വസ്ത്രങ്ങൾ അലക്കുവാൻ പാടില്ലെന്നു പട്ടാമ്പിയിലുള്ളവർ നിരോധിച്ചപ്പോൾ ഞാൻ ധോബിയെക്കൊണ്ടലക്കിച്ചു തുടങ്ങി. എനിക്കു് ഭ്രഷ്ടു് എത്ര കൂട്ടിയാലും ഞാനതു് ഉൎവ്വശീശാപമായി സ്വാഗതം ചെയ്യും.

അവസാനം ഒരു സംഗതി ഓൎമ്മവന്നതു് ഇവിടെ പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഞാൻ ഭ്രഷ്ടനാകും എന്നൊരു പ്രവചനം കുട്ടിക്കാലത്തുണ്ടായി. എന്റെ ആചാരലംഘനമാണു് അതിന്നു കാരണമായതു്. എന്റെ വിദ്യാഭ്യാസകാലം മുഴുവനും വേദാഭ്യാസമാണു് ചെയ്തിരുന്നതു്. അങ്ങിനെ തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിൽ വേദമഭ്യസിച്ചിരുന്ന കാലത്തു് ഒരു ദിവസം രാത്രി ഒരു മണ്ണെണ്ണ വിളക്കു് ബ്രഹ്മസ്വം മഠത്തിലേക്കു് ഞാൻ കടത്തി. ബ്രഹ്മസ്വം മഠത്തിൽ അമ്പലങ്ങളിലെന്നപോലെ മണ്ണെണ്ണവിളക്കു് ഉപയോഗിക്കാറില്ല. അതുവരെ ആരും മണ്ണെണ്ണവിളക്കു് അവിടേക്കു കടത്തിയിട്ടില്ല. ഞാൻ വിളക്കു കടത്തിയതു് ആദ്യമായാ

ണു്. അതു് ആരോ സൂക്ഷിച്ചു നോക്കിയിരുന്നമാതിരി പിറേറദിവസം കാലത്തെ വണ്ടിയ്ക്കു തന്നെ കൊച്ചി മഹാരാജാവിൻെറ സന്നിധിയിലേയ്ക്കു് ഓത്തന്മാരുടെ നിവേദനം കൊണ്ടുപോയി. കൊല്ലവർഷം 1089ലാണു് ഇതു സംഭവിച്ചതു്. തലേ ദിവസം രാത്രി 10 മണിയ്ക്കു് മോഴികുന്നം ബ്രഹ്മസ്വം മഠത്തിലേക്കു് മണ്ണെണ്ണ വിളക്കു കടത്തിയെന്നു് പിറേറ ദിവസം കാലത്തു 10 മണിയ്ക്കുമുമ്പു് മഹാരാജാവിൻെറ മുമ്പിൽ നിവേദനമെത്തി. എൻെറ പേരിൽ എന്തു നടപടി എടുക്കണമെന്നു ചർച്ച നടത്തി. ഒടുവിൽ കാലസ്ഥിതികൊണ്ടു് എൻെറ പേരിൽ നടപടി എടുക്കേണ്ടതില്ല എന്നു നിശ്ചയിച്ചു. എങ്കിലും അവർ ഗൌരവമായ ഒരു സമാധാനം കണ്ടെത്തി.

ബ്രഹ്മസ്വം മഠത്തിലേയ്ക്കു ആദ്യമായി ഇംഗ്ലീഷുപുസ്തകം കടത്തിയതു് വി. കെ, നാരായണഭട്ടതിരിയാണു് (കപ്ലിങ്ങാട്ടു്). അദ്ദേഹം ഭ്രഷ്ടനായിരിക്കുന്നു. ആദ്യം മണ്ണെണ്ണവിളക്കു കടത്തിയതു് മോഴികുന്നമാണു്. അദ്ദേഹവും ഭ്രഷ്ടനാകും എന്നൊരു നിഗമനത്തിൽ അവർ എത്തിച്ചേർന്നു.

ഈ വിവരം എന്നെ പേടിപ്പിക്കാനായി എന്നോടു പറഞ്ഞു; അതിന്നു ഞാനിങ്ങനെ സമാധാനം പറഞ്ഞു: "നാരായണ ഭട്ടതിരി ഭ്രഷ്ടായതുകൊണ്ടാണു് നമ്മൾക്കിപ്പോൾ ഇംഗ്ലീഷുപുസ്തകങ്ങൾ ബ്രഹ്മസ്വം മഠത്തിലേയ്ക്കു കടത്തുവാൻ സ്വാതന്ത്ര്യം കിട്ടിയതു്. ഞാൻ ഭ്രഷ്ടനായിട്ടെങ്കിലും ഇനിയുള്ളവൎക്കു് ബ്രഹ്മസ്വം മഠത്തിൽ മണ്ണെണ്ണ വിളക്കു പിടിച്ചു നടക്കാറാകട്ടെ."

എനിയ്ക്കുവശതകൾ കല്പിച്ചപ്പോൾ മേൽപറഞ്ഞ പ്രവചനം എൻെറ ഓൎമ്മയിൽ വന്നു.

ഇരുപത്തിആറ്

# കാലം തെളിഞ്ഞു തുടങ്ങി

ഖിലാഫത്തു് കഴിഞ്ഞിട്ടു് കൊല്ലം ഏഴെട്ടു കഴിഞ്ഞു. നിസ്സഹകരണപ്രസ്ഥാനം നിർത്തിവെച്ചതോട്ടുകൂടി മന്ദീഭവിച്ച ദേശീയ പ്രസ്ഥാനം നവോത്ഥാനം ചെയ്യുതുടങ്ങി. മോണ്ടേഗ്-ചെംസ് ഫോർഡ് ഭരണപരിഷ്ക്കാരം നടപ്പിലായി. പത്തുകൊല്ലം കഴിഞ്ഞ് വീണ്ടും ഭരണ പരിഷ്കാരം വരുത്തുവാൻ സൈമൺ കമ്മീഷനെ നിശ്ചയിച്ചു. ആ കമ്മീഷനെ ബഹിഷ്കരിക്കുവാൻ കോൺഗ്രസ്സ് നിശ്ചയിച്ചു. കോൺഗ്രസ്സിൻെറ ബഹിഷ്കരണത്തെ ഗവമ്മെണ്ടു് വകവെച്ചില്ല. കോൺഗ്രസ്സ് നേരിട്ടുള്ള സമരത്തിന്നൊരുങ്ങി. ചെറുപ്പക്കാർ സമര സന്നദ്ധരായി. നിയമലംഘനപ്രസ്ഥാനം ആരംഭിച്ചു. നാട്ടിൽ ഒരു ചലനാത്മകത്വം ഉടലെടുത്തു. അതു് പഴയ ആചാരങ്ങളെ ലംഘിക്കുവാൻ ജനങ്ങൾക്കു് ഉത്തേജനം നൽകി. അയിത്തോച്ചാടനം ഗുരുതരമായ ഒരാചാര ലംഘനമാണല്ലോ. ആചാരത്തിൻെറ കുത്തകക്കാരായ നമ്പൂതിരിമാക്കും ആചാരലംഘനത്തിനുള്ള ആവേശം ഉള്ളിൽത്തട്ടി.

ജനങ്ങൾക്കു് ഭൌതികബോധം വന്നു; ബ്രാഹ്മണഭക്തി നശിച്ചു തുടങ്ങി. രാഷ്ട്രീയമായ ഉൽബുദ്ധത ജനങ്ങൾക്കുണ്ടായിത്തുടങ്ങി. ബ്രാഹ്മണ്യം കൊണ്ടുള്ള കച്ചവടം നടക്കാതായി. നമ്പൂതിരിമാരുടെ ആചാരക്കുത്തക പൊളിഞ്ഞു. ഖിലാഫത്തിന്നു മുമ്പ് ഇവരുടെ ഭക്ഷണവും മേഞ്ചിലവും (pocket money) ബ്രാഹ്മണ്യം കൊണ്ടുമാത്രം നട

ന്നിരുന്നു അതുപോയി "കയ്യിൽ കാശുണ്ടെങ്കിലേ വായിൽ ദോശ കിട്ടൂ." എന്ന സ്ഥിതിയിലെത്തിച്ചേർന്നു. ഖിലാഫത്തിന്നുമുമ്പ് ഒരു നമ്പൂതിരിക്ക് ഏററവും വലിയ സ്വത്തു് ആഭിജാത്യമായിരുന്നു. അതുകൊണ്ടു തന്നെ അവന്നു് ജീവിക്കാമായിരുന്നു.

നമ്പൂതിരിയെ ആചാരത്തിൻെറ കുത്തകക്കാരനാക്കിവിട്ടതു് ജന്മിത്വമാണു്. ആചാരത്തിന്റെ കുത്തകക്കാരനായ നമ്പൂതിരി ജന്മിമാരും, ആചാരം ലംഘിക്കുന്ന പുതിയ ഉദ്യോഗസ്ഥന്മാരും തമ്മിൽ നടന്ന ആചാരവഴക്കുകൾ മലബാറിൽ ഒരു ഐതിഹ്യമാല തന്നെയാണു്. അതിൻെറ പ്രതിദ്ധ്വനി കേരളമൊട്ടുക്കുമുണ്ടു്. ആ ജന്മിത്വവും തകർന്നു കഴിഞ്ഞു. ഖിലാഫത്തിന്നുശേഷം ഇവിടെ ജന്മഭോഗം തടസ്സപ്പെട്ടുതുടങ്ങി. കുടിയാന്മാർ, പാട്ടമിച്ചവാരങ്ങൾ കൊടുക്കാതായി. ജന്മികൾ കടത്തിൽ മുങ്ങി. 1929 ലെ വിലയിടിവുംകൂടി പഴയ ജന്മികൾ പൊതുവിൽ തരിപ്പണമായി. ഒന്നാം ലോക മഹായുദ്ധത്തിന്നു ശേഷം ഭാരതമൊട്ടുക്കും സ്ഥിതിയിതുതന്നെയായിരുന്നു.

ജന്മിത്വമാണു് നമ്പൂതിരിമാരെ ആചാരത്തിൽ കുത്തകക്കാരാക്കിവിട്ടതെന്നതിന്നു് തെളിവുകൾ മററൊന്നും വേണ്ടതില്ല. ഭാരതത്തിലൊട്ടുക്കും ബ്രാഹ്മണർ മുൻപന്തിയിൽ എത്തിച്ചേർന്നതായി കാണാം. അവിടെ ബ്രാഹ്മണർ ജന്മികളല്ല. അവക്ക് അവരുടെ വളർച്ചക്കു് ആചാരം തടസ്സമായി നിന്നിട്ടില്ല. ഇവിടത്തെ ബ്രാഹ്മണർ ജന്മികളായതുകൊണ്ടു് അവക്കു ആചാരം ഉപേക്ഷിക്കേണ്ടതായ ആവശ്യം നേരിട്ടില്ല. മനുഷ്യൻെറ വളർച്ചക്കു് ജന്മിത്വമാണു് കാല്വെട്ടലായി തീർന്നതു്. അവർ ആചാരം മുറുകെപിടിച്ചു് ജന്മിത്വത്തോടൊപ്പം സ്വയം നശിച്ചുപോയി. ജന്മിത്വം

നശിയ്ക്കുകയും, ഭൌതികബോധം വർദ്ധിക്കുകയും ചെയ്തതോടെ നമ്പൂതിരിമാരുടെ ആഭിജാത്യം ഗതികെട്ടുപോയി. അവർക്കു ജീവിയ്ക്കുവാൻ ആചാരലംഘനം ആവശ്യമായി വന്നു.

ഈ വിധം സ്ഥിതിഗതികൾ മാറിവന്നതോടെ എനിയ്ക്കു് സമുദായത്തിലേയ്ക്കു് വീണ്ടും സ്ഥാനം ലഭിച്ചു. പഴമക്കാർ എന്നെ എതിർത്തുവെങ്കിലും പുതിയ തലമുറ എന്നെ സഹർഷം സ്വീകരിച്ചു.

ഇല്ലത്തുള്ളവർ പഴമക്കാരുടെ കൂടെ ചേർന്നു. അതോടെ മുമ്പു സിദ്ധിച്ച തറവാട്ടു ഭരണം 35-ാമത്തെ വയസ്സിൽ എൻെറ ചുമതലയിൽ നിന്നും ഒഴിഞ്ഞുപോയി.

# പിൻകുറിപ്പ്

ലഹളയുടെ സ്വഭാവം മനസ്സിലാക്കാനായി ചില അനുഭവ വിവരണങ്ങൾ ചുവടെ ചേർക്കുന്നു. തൃശ്ശിവപേരൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന "യോഗക്ഷേമ"ത്തിൽ നിന്നും എടുത്തവയാണിവ.

# ത്രികോണമത്സരം തുടക്കത്തിൽ

"മാപ്പിള ലഹള:"

[വൈലാശ്ശേരി മേലേടത്തു വാസുദേവൻ നമ്പൂതിരി 'മാപ്പിള ലഹളയിൽ' കഴിച്ചുകൂട്ടിയവിവരവും അതിനോടൊത്തുടർന്നുള്ള സംഭവങ്ങളുമാണ് ഈ ലേഖനം. മഞ്ചേരിയിൽ നിന്നും 10 നാഴിക കിഴക്കാണ് അദ്ദേഹത്തിന്റെ ഇല്ലം. ഞങ്ങളുടെ ഓഫീസിൽ വന്നപ്പോൾ എടുത്ത കൈപ്പുസ്തകത്താണ് ചുവടെ ചേർക്കുന്നതു്. ലഹളയുടെ കാരണത്തെപ്പററി വായനക്കാർക്ക് പലതും ആലോചിപ്പാൻ വകയുള്ളതിനാലും, സംഗതിയുടെ ഗൌരവം കൊണ്ടും മുഴുവൻ ചേർക്കുന്നു.]

"ചിങ്ങം 5-ാംനു- ഞാൻ വെള്ളക്കാട്ടു ഭട്ടതിരിയുടെ ഇല്ലത്തായിരുന്നു. ഉച്ചയ്ക്കു ഒരു തിയ്യൻ ഓടിവന്നു നിലവിളികൂട്ടി. ചുററുന്ന മുണ്ടു് ഉണ്ടായിരുന്നില്ല. വേഗം അതുകൊടുത്തു വർത്തമാനം ചോദിച്ചു. നിലമ്പൂർ വലിയ ലഹളയാ

ണെന്നും പൂക്കോട്ടൂർകാരാണ് ലഹളക്കാരെന്നും അവൻ പരിഭ്രമിച്ചു പറഞ്ഞു. ഞാൻ അവനെ സമാധാനിപ്പിച്ചു പറഞ്ഞയച്ചു. അപ്പോഴേയ്ക്കും വീണ്ടും ഒരു നായർ ഓടിവന്നു. നിലമ്പൂക്ക് പോകുവാൻ കൂടിവയ്യെന്നും മൂന്നു നാഴിക അടുത്തും കാട്ടശ്ശേരിയും ലഹളക്കാരെത്തിയിരിയ്ക്കുന്നുവെന്നും പറഞ്ഞു. ലഹള എത്രകണ്ടുണ്ടെന്നറിയാൻ വേണ്ടി ഞാൻ പുറത്തിറങ്ങി. ഒട്ടേറെ ആളുകൾ പോകുന്നതുകണ്ടു. എങ്കിലും സാരമില്ലെന്നു വിചാരിച്ചു ഞാൻ മടങ്ങി. പകൽ രണ്ടു മണിയായപ്പോൾ അടുത്ത രണ്ടു നാഴിക ദൂരേയുള്ള വണ്ടൂരിൽ ലഹള കലശലാണെന്നു കേട്ടു. വണ്ടൂർക്ക് വിവരം അറിയിയ്ക്കാനായി രണ്ടു പ്രമാണികളെ വിട്ടു. 5 മണിയോടു കൂടി ലഹള അതികഠിനമായി. മമ്പുറത്തുപള്ളി വെടിവെച്ചു എന്നാണ് മാപ്പിളമാരുടെ ധാരണ. (മമ്പറത്തുപള്ളി വെടിവെച്ചു വീഴ്ത്തി എന്ന ഒരു കിംവദന്തി പരന്നതും, അതാണ് മാപ്പിളമാർ ഇളകി വശാകുവാനുള്ള കാരണമെന്നും മുമ്പു പ്രസ്താവിച്ചതു് ഇത്തരുണത്തിൽ ഓർക്കുക —ഗ്രന്ഥകർത്താവ്). റജിസ്ട്രാഫീസ്, പോലീസ് സ്റ്റേഷൻ ഇതൊക്കെ കൊള്ളിവെച്ചു നശിപ്പിച്ച വിവരം അറിഞ്ഞു. ലഹളക്കാരൻ കൊല്ലപ്പെട്ട ഖാൻബഹദൂർ ചേക്കുട്ടി സാഹിബ്ബിൻെറ മകൻ അയമുട്ടിയാണ് വണ്ടൂർ സബ്ബിൻസ്പെക്ടർ. അയാളെ ലഹളക്കാർ പിടിച്ചു എന്നും തങ്ങളെ പിടിച്ചു ഇനി ഉദ്യോഗത്തിന്നു പോവില്ലെന്ന് സത്യം ചെയ്യിച്ചു വിട്ടു എന്നും കൂടി കേട്ടപ്പോൾ ഭയം വല്ലാതെ വദ്ധിച്ചു. എങ്കിലും എല്ലാവരും സൂക്ഷിച്ചിരുന്നു. വാതിലെല്ലാം അടച്ചു. തിരൂരങ്ങാടി ലഹളയെപ്പററിയും ചില വിവരങ്ങൾ ലഭിച്ചു. നേരം സന്ധ്യയുമായി. നേരത്തേ അത്താഴവും കഴിച്ചു. എല്ലാവരുംകൂടി ഇരിക്കുമ്പോൾ കാര്യസ്ഥൻ വന്നു. ലഹളക്കാർ മുക്കാൽ നാഴിക അടുത്തെത്തിയിരിയ്ക്കുന്നു വെന്നും

ഇങ്ങോട്ടു വരുമെന്നും പറഞ്ഞു. എല്ലാവരും ഭയപ്പെട്ടു. കുട്ടികളും അന്തർജ്ജനങ്ങളുംകൂടി നിലവിളിയായി. ഒടുക്കം ഒരുവിധം ഞാൻ അവരെ സമാധാനിപ്പിച്ചു. വൃദ്ധകൾ, പെററുകിടക്കുന്നവർ മുതലായവരെപ്പററി ഭയപ്പെട്ടു. കുട്ടികളെ എല്ലാം അടുത്തുള്ള വാരിയത്തേക്ക് പറഞ്ഞയച്ചു. എങ്കിലും അമ്പലത്തിന്നടുത്താകയാൽ അവിടെ നിന്നും അടുത്തുള്ള ഒരു നായർ വീട്ടിലേയ്ക്കു മാററി. കുറച്ചു കഴിഞ്ഞപ്പോൾ ആ വീട്ടിലെ ഒരു കുട്ടി മരിച്ചു. ഉടൻ ആ രാത്രിതന്നെ കുട്ടികളെ മാററി. അന്തർജ്ജനങ്ങളെയും നായർ വീട്ടിലാണു് സൂക്ഷിച്ചതു്. ഭട്ടതിരിപ്പാടന്മാർ രാത്രി ഒളിച്ചിരുന്നു കഴിച്ചു. ഇത്രയായപ്പോഴെയ്ക്കും ഭട്ടതിരിയുടെ ഇല്ലത്തുനിന്നും വാതിന്മേൽ ഒച്ചപ്പെടുത്തുന്നതായി തോന്നി. നല്ല നിലാവുണ്ടായിരുന്നതിനാൽ ഞാൻ ചുററിയ മുണ്ടഴിച്ച് കയ്യിലെടുത്തു് വേലിചാടി അടുത്തുചെന്നു് ചെവിയോർത്തു. രാത്രി 10 മണി കഴിഞ്ഞു. അടുത്ത ഒരു കാട്ടിൽ ഒളിച്ചിരുന്നപ്പോൾ രണ്ടു പേർ വന്നു് എൻെറ അടുത്തുള്ള കുററിക്കാട്ടിൽ ഇരിയ്ക്കുന്നതായി കണ്ടു. ഞാൻ ഭയപ്പെട്ടു. ഒടുക്കം "ആരാണതു്" എന്നു ചോദിച്ചു. നോക്കിയപ്പോൾ ഒരു നായരും, ഒരു ക്ഷുരകനുമാണു്. ഞാൻ ആളെ അറിയും, അതിലൊരുവനെ ഭട്ടതിരിയുടെ ഇല്ലത്തേയ്ക്കു വിവരം അറിയുവാനായി അയച്ചു. ഞാൻ മററാളെ കൂട്ടി എൻെറ ഇല്ലത്തേയ്ക്കു നടന്നു. മുമ്പയച്ചവൻ വരാത്തതുകൊണ്ടു് ഞാൻ മററവനെയും അയച്ചു. ഈ വീട്ടിൽ ഇരിയ്ക്കുന്നതു് അപകടമാണെന്നു് തോന്നിപ്പോയി. അവിടെ കണ്ടതായ തൊപ്പിക്കുടയും ഒരു കരിമ്പടവുമെടുത്തു വീണ്ടും കാട്ടിൽ പോയി ഇരുന്നു മഴയുണ്ടു്. എങ്കിലും കാട്ടിലിരുന്നു് ഒന്നു മയങ്ങിയപ്പോൾ ഒരുകൂട്ടം ആളുകളുടെ കാലൊച്ചയും മാററം കേട്ടുണർന്നു. നോക്കിയപ്പോൾ ഭട്ടതിരിയുടെ പടിയ്ക്കൽ കുറേ പേർ നില്ക്കുന്നു.

കാവൽക്കാർ:– "ആരാണത്?"

ലഹളക്കാർ:– "ഇത് ഞങ്ങളാണ്"

കാവൽക്കാർ:– "എന്തിനാ വന്നത്?"

ലഹളക്കാർ:– "ഇവിടുത്തെ തോക്കുകൾ വേണം. 5,000 ക യും."

കാവൽക്കാർ:– "പോടാ അവിടുന്ന്."

ലഹളക്കാർ:– "നമ്പൂരിശ്ശന്മാരെവിടെ?"

കാവൽക്കാർ:– "നിങ്ങളെ ഭയപ്പെട്ടു പോയിരിക്കുന്നു."

തുടന്ന് ഖിലാഫത്തിലേയ്ക്കുള്ള സംഖ്യ ഇപ്പോൾ വേണമെന്നും അകത്തു കടന്ന് പരിശോധിക്കണമെന്നും പറഞ്ഞപ്പോൾ ഒരു തോക്കും കൊടുത്തു. സംഖ്യ പകൽ വന്നാൽ തരാമെന്നു പറഞ്ഞു. അവർ പോയി വഴിവക്കിൽ കാട്ടിൽ ഇരുന്നു. 73 പേരെ ഞാൻ എണ്ണി. കാവൽക്കാരിൽ ഹാജിയാരുമുണ്ട്. ലഹളക്കാർ അയാളെ പിടിച്ച് കഴുത്തിൽ വാളുവെച്ചുകൊണ്ട് "നീ ഹിന്ദുക്കളെ സഹായിക്കുമോ?" എന്നു ചോദിച്ചു. "ഉവ്വ്, എനിയ്ക്കുവരാണ് രക്ഷ" എന്നയാൾ പറഞ്ഞു. "പള്ളി വെടിവെച്ചാലോ ഞാനതറിയില്ല" എന്നയാൾ വീണ്ടും പറയുന്നതു കേട്ടു. (മമ്പറത്തുപള്ളി വെടിവെച്ചു തകർത്തു എന്ന കിംവദന്തിയുടെ ധ്വനി വീണ്ടും–ഗ്രന്ഥകർത്താവ്). ഇതെനിയ്ക്കു കാണാമായിരുന്നു. "ഇപ്പോൾ പോ." എന്നു പറഞ്ഞു വിട്ടയച്ചു. പിന്നെ ഞാൻ ഭട്ടതിരിയുടെ ഇല്ലത്തേക്കു ചെന്നു. ഒരുനാഴിക ദൂരെയുള്ള ഉൽപ്പിലാപ്പറ്റ ഇല്ലത്തേക്ക് രണ്ട് ആളെ അയച്ച് അറിവു കൊടുത്തു. അപ്പോഴേക്ക് ഹിന്ദുക്കളിൽ പലരും ഓടിവന്ന് സങ്കടങ്ങൾ പറഞ്ഞു തുടങ്ങി. എങ്കിലും അശേഷം ഉറങ്ങാതെ 6–ാം തിയ്യതിപുലരുകയും ചെയ്തു. കുട്ടിക

ളേയും അന്തർജ്ജനങ്ങളേയും വീട്ടുകളിൽ കൊണ്ടുവന്നു. കുളി ച്ച് കാപ്പികഴിച്ചു. ഊൺകഴിഞ്ഞു് ഇല്ലത്തേക്കു പോകാമെ ന്നു് നിശ്ചയിച്ചു. നാലു് നാഴികയുണ്ടു്. ഇല്ലത്തെ വർത്ത മാനങ്ങൾ അറിയാഞ്ഞിട്ടു് യാതൊരു സമാധാനവുമില്ല. അ പ്പോഴേക്കു് രാത്രി ഉൽപ്പിലാപ്പററക്കു് പറഞ്ഞയച്ച ആൾ മ ടങ്ങി വന്നു. അവൻ മുഖാന്തരം ലഹളക്കാർ രാത്രി പ്രമാ ണിയായ ഒരു തിയ്യൻെറ ഭവനം കൊള്ളചെയ്തുവെന്നും 2500 ക. അയാൾക്കു് പോയി എന്നും കേട്ടു. എങ്കിലും ഭയ ത്തോടെ ഉണ്ണുവാൻ പുറപ്പെട്ടു. അപ്പോൾ ഒരു മാപ്പിളച്ചെ റുക്കൻ വിയർത്തും ഓടിവന്നു. "അങ്ങാടി ഇളകുന്നു, പാലം പൊളിക്കുന്നു, ലഹളക്കാർ നടക്കുന്നു, കൊള്ള ചെയ്യുന്നു; അവിടുന്നു് ഒക്കെ ഇപ്പോൾ ഒഴിക്കണം" എന്നു പറ ഞ്ഞു. ഏതായാലും വാതിലടച്ചു. ഉടനെ ഒരു നായർ ഓ ടിവന്നു. അപ്പോഴേക്കും ലഹളക്കാർ പടിക്കലെത്തി. ഞാൻ വേഗം ഇല്ലത്തേക്കു് ഓടി. വഴിക്കുവെച്ച് കുറേപേരെ ക ണ്ടു. ഉടനെ ഒരു കാട്ടിൽ ഇരുന്നു. അവർ പോയപ്പോൾ ഉടനെ അടുത്തു് ഒരു മാപ്പിളക്കുടിയാൻെറ വീട്ടിൽ ചെന്നു. അവിടേയും ലഹളക്കാർ ചെന്നിരുന്നു. അയാൾ കരഞ്ഞുതു ടങ്ങി. "ഞാൻ നാലു ദിവസമായി പോന്നിട്ടു്, ഇല്ലത്തേക്കു നീ പോരണം" എന്നു പറഞ്ഞു. അപ്പോൾ അവൻ "പോ വരുതു് സെയ്താവണമെന്നു് തങ്ങൾ ഇന്നലെ പറഞ്ഞിരി ക്കുന്നു. അവർ പോയതു് മരാട്ടു് നമ്പൂതിരിപ്പാടിൻെറ ഇ ല്ലത്തേക്കാണത്രെ. അവിടുത്തെ ഇല്ലം അവിടെ അടുത്താണു്. അതുകൊണ്ടു് പോകരുതു്. അടിയൻ മനസ്സുലേക്കു് ഒരാളെ അയക്കാം" എന്നു് പറഞ്ഞു. (ഈ ലഹള ഒരു 'ജന്മികുടി യാൻ' വഴക്കാണെങ്കിൽ ഒരു കുടിയാൻ മാപ്പിള ജന്മിക്കു് അഭ യം നല്കുക അസംഭാവ്യമാണല്ലോ—ഗ്രന്ഥകർത്താവ്). അവൻ ഉടനെ മകനെ പറഞ്ഞയച്ചു. ഞാനവിടെ ഒരു കട്ടിലിൽ

കിടന്നുകുറച്ചുറങ്ങി. അല്പം കഴിഞ്ഞപ്പോൾ ഒരു ലഹളകേട്ടുണന്നു. നോക്കിയപ്പോൾ 150ൽ പരമുള്ള ഒരു സംഘം ആ വീട്ടിലേക്കു് കടന്നു വരുന്നു. അതിൽ എട്ടുപത്തുപേരുടെ കയ്യിൽ തോക്കുണ്ടു്. പലരുടെയും കയ്യിൽ തോക്കും വാളുമുണ്ടു്. നാലഞ്ചുപേർ പ്രകൃതം മാറിയവരാണു്. ഒരുത്തൻ എന്റെ അടുത്തു് വന്നിരുന്നു. അപ്പോൾ ഞാൻ ചോദിച്ചു. "നിങ്ങളുടെ ഉദ്ദേശമെന്താണു്?"

അവൻ:– "പട്ടാളക്കാരോടു് യുദ്ധം ചെയ്യുവാൻ"

ഞാൻ:– "പട്ടാളക്കാരെവിടെ?"

അവൻ:– "തിരൂരങ്ങാടി. അങ്ങനെയാണു് ചമ്പ്രകശ്ശേരി തങ്ങൾ കല്പിച്ചിരിക്കുന്നതു്."

ഞാൻ:– "ഇപ്പോഴെങ്ങോട്ടാ?"

അവൻ:– "ഉപ്പിലാപ്പററ ഇല്ലത്തേക്കു്. അവിടെ നിന്നും ഞങ്ങൾക്കു് വല്ലതും തരില്ലേ?"

ഞാൻ:– "നിങ്ങൾ ചോദിച്ചാൽ തരാതിരിക്കുമോ?"

അവൻ:– "എന്നാൽ നമ്പൂരിശ്ശനും വരണം. കൂടിയേ കഴിയൂ."

ഞാൻ:– "ഞാനില്ല. ഇല്ലത്തേക്കു് പോകണം. വിടണേ."

അവൻ:– "വിടില്ല."

എന്നു പറഞ്ഞും അവനെന്നെ പിടിച്ചെഴുന്നേല്പിച്ചു. നിവൃത്തിയില്ലാതായപ്പോൾ ഞാനും പോയി. വഴിക്കു് പലതും ചോദിച്ചു. നെല്ലും, പണവും, തോക്കും വാളും കൈവശപ്പെടുത്തലാണുദ്ദേശമെന്നു പറഞ്ഞു. (ആഭ്യന്തരയുദ്ധത്തിന്നു വേണ്ട ധനശേഖരണവും ആയുധശേഖരണവും ആയിരുന്നു അവരുടെ ലക്ഷ്യം എന്നുവ്യക്തമാണു് – ഗ്രന്ഥകർത്താവ്).

ഏതായാലും ഉപ്പിലാപ്പററ ഇല്ലത്തിന്റെ പടിക്കലെത്തി. ഞാനവരോടു പറഞ്ഞു: "നിങ്ങൾ പടിക്കൽ നിന്നാൽ മതി ഞാൻ ശരിപ്പെടുത്തിത്തരാം. നാലാളു വന്നാൽമതി." "ഓ! അങ്ങിനെ മതി" എന്നു പറഞ്ഞു് അകത്തേക്കു് കടന്നുവന്നപ്പോൾ അധികമാളുകളും കടന്നു നെല്ലു വന്നാമെന്നു് പറഞ്ഞു കുറേ കഴിഞ്ഞപ്പോൾ കുറേ നെല്ലു കൊടുത്തു. എന്നോടവർ ഊണു കഴിപ്പാൻ നിർബ്ബന്ധിച്ചു. ഒടുവിൽ ഊണു കഴിച്ചു. "എന്നാൽ ഇനി ഞാൻ പോകട്ടെ?" എന്നു ചോദിച്ചു. അപ്പോൾ നാലു പ്രമാണികളെ വിളിച്ചു് ലഹളത്തലവൻ എന്നെ ഇല്ലത്തു കൊണ്ടാക്കുവാൻ കല്പിച്ചു. കുറേ പോയപ്പോൾ ഒരു കൂട്ടം ലഹളക്കാരെ കണ്ടു. ആകപ്പാടെ ഒരു തൻേറടവുമില്ല. ഏകദേശം ഇല്ലത്തെത്താറായി. ഒരു കുന്നു കയറിയപ്പോൾ മുൻപറഞ്ഞ തങ്ങളും കൂട്ടുകാരും അവിടെയെത്തിയിരിക്കുന്നു. അയമ്പതു് തോക്കോളം കണ്ടു. അനവധി കത്തിയും കുന്തവും ഉള്ളവരുമുണ്ടു്. "കിത്താബും" മററും ചൊല്ലുന്നുണ്ടു. ക്ഷോഭം മാറിയിരിക്കുന്നു. എന്നോടു് ഭയപ്പെടേണ്ടതില്ലെന്നു പറഞ്ഞപ്പോൾ ഞാൻ വെടികൊള്ളുവാൻ ഒരുങ്ങിനിന്നു. എന്നോടു് "ആരാണതെന്നു" ചോദിച്ചപ്പോൾ 'മേലേടത്തു നമ്പൂതിരിയാണെ'ന്നു് മറുപടി പറഞ്ഞു. "വല്ലീതാ?" "ചെറീതാ" എന്നു പറഞ്ഞു. "എന്നാൽ നമ്പൂര്യശ്ശനെ മനക്കൽ കൊണ്ടാക്കടാ" എന്നു കല്പനയായി. ഞാൻ ഓടി. അപ്പോഴേക്കു് മരാട്ടുപടിക്കൽനിന്നെന്നപോലെ "വാം" കൊടുക്കുന്നതുപോലെ ഒരു കൂട്ട നിലവിളി കേട്ടു. ഒടുവിലവർ മരാട്ടേക്കു കടന്നിട്ടില്ലെന്നു മനസ്സിലായി. ഇല്ലത്തു ചെന്നപ്പോൾ അവിടെ എല്ലാം പൂട്ടിയിരിക്കുന്നു. അവിടെയാരുമില്ല. ആകപ്പാടെ ഭയമായി. എല്ലാവരും കാലത്തുതന്നെ മരാട്ടേക്കു് പോയിരുന്നു. ലഹളക്കാർ നേരെ അടുത്തുള്ള പള്ളിയിലേക്കും പോയെന്നറിഞ്ഞു. ആകപ്പാടെ തല്ക്കാലം സമാധാനമായി. മരാ

ട്ടേക്കു് ആളെഅയച്ച് താക്കോൽ വരുത്തി. കാപ്പികഴിച്ചു. നേരം അഞ്ചുമണി കഴിഞ്ഞു. കുറെ നായന്മാരേയും മററുള്ളവരേയും വിളിച്ചു. കാവലിന്നും ഏർപ്പാട്ടചെയ്തു. രാത്രി നല്ലവണ്ണം കാവൽ വേണമെന്നു് നിശ്ചയിച്ചു. നായർ സ്ത്രീകളും വാരിയർ സ്ത്രീകളുംമററും അട്ടത്ത ദിക്കിൽക്കൂടി. അവരുടെ ഭവനങ്ങൾ സകലതും കുറേ അധികം പേർകൂടിയിട്ടുള്ളതിനാൽ രാത്രി ബീററു നടന്നു് കാക്കുവാനുറച്ചു. വരുന്നതു വരട്ടെ എന്നുറച്ച് ഉറക്കമിളച്ചു് കാവലായി. ഒട്ടക്കം കാവൽക്കാരിൽ നിന്നൊരു മാപ്പിളയെ ലഹളക്കാരുടെ സൂക്ഷ്മ വിവരം അറിയുന്നതിന്നയച്ചു. അന്നു രാത്രി വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ആധിപത്യത്തിൽ പകൽ പോയ ലഹളക്കാരുടെ സാന്നിദ്ധ്യത്തിൽ സഭ കൂടിയെന്നും ഈ യോഗത്തിൽ ഉടനെ രാജ്യഭാരം തുടങ്ങിയാൽ മതിയെന്നും മററും തീർപ്പ് ചെയ്തുവെന്നും പോയ മാപ്പിളമാരിൽ നിന്നു് മനസ്സിലായി. (ഈ പറഞ്ഞസമ്മേളനം ലഹളക്കാർ രാജ്യഭാരം ഏറെറടുത്തുവന്നതിന്നു് ഒരു തെളിവാണു് – ഗ്രന്ഥകർത്താവ്). ഈ സഭകഴിഞ്ഞു് തങ്ങളും കൂട്ടകാരും മടങ്ങുന്ന വഴി കുററീരി ഗോവിന്ദൻ നായരുടെ പുര തീ വെച്ചതായറിഞ്ഞു. കുറേയേറെസ്വത്ത് അയാൾക്കു് നഷ്ടപ്പെട്ടു. ലഹളക്കാർ പോയി. നേരം പുലന്നു. അപ്പോഴേക്കും അഫൻ ഇല്ലത്തേക്കു വന്നു. മേലാൽ വേണ്ടതാലോചിച്ചു. അഫൻ കുളിക്കുവാൻ പോയി. അപ്പോൾ 50 ൽ കുറയാത്ത ലഹളക്കാർ ഇല്ലത്തു കടന്നു വന്നു. പേടിച്ചാൽ ഇവർ ഓടിക്കുമെന്നു കരുതി ധൈര്യപ്പെട്ടുനിന്നു. കത്തിയെടുത്തു കയ്യിൽ പിടിച്ചു.

അവർ:– "ഇവിടെ തോക്കില്ലേ?"

കാവൽക്കാർ:– "അതുതരില്ല. അതു ഞങ്ങൾക്കുള്ളതാണു്. നിങ്ങളുടെ ഖിലാഫത്തും. മററും..."

അവർ:– "എന്നാൽ ഞങ്ങൾക്കു് ഉറുപ്പികവേണം".

ഞാൻ:– "അതു തരില്ല. പണവുമില്ല."

അവർ:– "ഇവിടെ കുറിവിളിച്ചിട്ടില്ലേ?"

ഞാൻ:– "ഉണ്ടു്. അതു് നിങ്ങൾക്കുള്ളതല്ല."

അവർ:– "എന്നാൽ ഞങ്ങൾ അകത്തുകടക്കും."

ഞാൻ:– "ഈ കത്തി കയ്യിലുണ്ടു്. ഞാൻ നിങ്ങളെ രണ്ടാളെയും കൊന്നേ അകത്തു കടത്തുള്ളു."

അവർ:– "അതുവ്വോ?"

ഞാൻ:– "അതുവ്വു്."

അവർ:– "ആട്ടേ, ഇപ്പോൾ ഞങ്ങൾ കുറച്ചേ ഉള്ളു. ഇതിന്നു പകരം ചോദിക്കും."

ഇങ്ങനെ ഒരു സംഭാഷണം നടന്നു ഞങ്ങൾ ഊണുകഴിപ്പാനായി പുറപ്പെട്ടു. അഫനും കൂടെ ഉണ്ടായിരുന്നു. വെപ്പുകഴിഞ്ഞു. അഫൻ ഉണ്ണാനിരുന്നു. ഞാൻവിളമ്പുവാൻ തുടങ്ങി. അപ്പോൾ ഒരു സ്ത്രീ ഓടിവന്നു: "മാപ്പിള! മാപ്പിള!" എന്നു പറഞ്ഞു. ഞാൻ ഉടനെ കത്തിയുമെടുത്തു് ഉമ്മറത്തു വന്നു. അകത്തേക്കു കടക്കുന്ന ഉമ്മറപ്പടിയിൽ നിന്നു. അപ്പോൾ ലഹളക്കാർ "ഇവിടെ തോക്കില്ലെ?"

ഞാൻ:– "ഉണ്ടു്."

അവർ:– "അതിങ്ങോട്ടു കാണട്ടെ!"

ഞാൻ:– "അതു നിങ്ങൾക്കുള്ളതല്ല."

അവർ:– "എന്നാൽ ഉറുപ്പികവേണം."

ഞാൻ:– "നിങ്ങൾക്കു തരാനുള്ളതല്ല! കടന്നു പോകുവിൻ!"

അപ്പോൾ കാവൽനിന്നിരുന്ന മാപ്പിളമാർ തട്ടിക്കയറി ചീത്ത പറഞ്ഞു. ഞാനും കൂട്ടത്തിൽക്കൂടി. ആകപ്പാടെ പററില്ലെന്നു കണ്ടപ്പോൾ അവർ പോയി. അതിലൊരുത്തൻ തലേദിവസം അഫന്റെ മോതിരം വാങ്ങിയെന്നറിഞ്ഞപ്പോൾ അവനെ കടന്നു പിടിച്ചു. കുറേ പിടിയും വലിയും കഴിഞ്ഞപ്പോൾ മോതിരം തന്നു. അവനും പോയി. ഞാനുടനെ മരാട്ടേക്കു പോയി. അവിടെ ചെന്നപ്പോൾ ഇക്കണ്ട ലഹളക്കാരൊക്കെയും അവിടെയുണ്ട്. മരാട്ടു നമ്പൂതിരിയും മററും ഭയപ്പെട്ട് അകത്തുകടന്ന് വാതിലടച്ചിരുന്നു, ഞാനങ്ങോട്ടുചെന്നു. ലഹളക്കാരുമായി കശപിശ കൂടി ചീത്ത പറഞ്ഞു അവരെയെല്ലാം പറഞ്ഞയച്ചു. അപ്പോഴേക്കും പുളിയത്തൊടിയും പഴയേടവും ഓടിയോടി വിയർത്തൊലിച്ചു വരുന്നു. ദേഹമാസകലം മുള്ളുകൊണ്ടോ മറേറാ കീറിയിരിക്കുന്നു. വർത്തമാനം ചോദിച്ചപ്പോൾ പത്തു മൈൽ അകലെയുള്ള കരിക്കാട്ടു ക്ഷേത്രത്തിൽ നിന്നും വരികയാണെന്നറിഞ്ഞു. പൂജകഴിഞ്ഞു ഉണ്ണുവാൻ തുടങ്ങിയപ്പോൾ ലഹളക്കാർ അവിടെ കടന്നു വന്നുവെന്നും ഉടനെ തങ്ങൾ പുറത്തേക്കോടിയെന്നും പിറകെ നാലു വാൾക്കാർ കുറേ ദൂരം ഓടിയെന്നും മനസ്സിലായി. അവർ ഓടിവന്ന് വീണു നിലവിളിച്ചു തുടങ്ങി. വേഗം കഞ്ഞിവെച്ച് അവർക്കു കൊടുത്തു. അതങ്ങിനെയിരിക്കട്ടെ, അപ്പോഴേക്കും അരീപ്രത്തു നമ്പൂതിരി (ഒരുവലിയ ജന്മി)യുടെ ഇല്ലത്ത് സകലതും കൊള്ള ചെയ്യുവെന്ന വിവരമറിഞ്ഞു. അതിന്റെ സൂക്ഷ്മ വിവരം അറിയാൻ രണ്ടാളെ അയച്ചു. അവർ പോയി. ഉടനെ അരീപ്രത്ത് നമ്പൂതിരിയുടെ കാര്യസ്ഥൻ മഠത്തിൽ രാമവാര്യരുടെ അടുക്കൽ പോയി വിവരം പറഞ്ഞു. "നമുക്കു പോകാം" എന്നു പറഞ്ഞു. രാമവാര്യർ താനും പോരാമെന്നു് പറഞ്ഞു. അപ്പോഴേയ്ക്കും പോയവർ കൊള്ളയുടെ സൂക്ഷ്മ

വിവരമറിഞ്ഞു വന്നു. ഒട്ടക്കം, രാത്രി കുറേപേർകൂടി അരീപ്രത്തും മററുമുള്ള അന്തർജ്ജനങ്ങളേയും കുട്ടികളേയും, അന്വേഷിക്കാൻ പോകാമെന്നു് തീർച്ചപ്പെടുത്തി. രാത്രി 11 മണിയായി. അപ്പോഴേക്കും കഷ്ടിച്ചു് ഒരു മൈൽ അകലെയുള്ള കിഴക്കേടത്തു നമ്പൂതിരിയുടെ വീട്ടിൽ കവർച്ചക്കാർ വന്നുവെന്നുകേട്ടു. ഒട്ടക്കം അങ്ങോട്ടു കുറേ പേർകൂടി പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ മുററം നിറച്ചു് ലഹളക്കാർ! കുറേ അകത്തു കടന്നു് സാമാനങ്ങൾ എടുത്തു കൊണ്ടുപോയിരിയ്ക്കുന്നു. ഉമ്മമാരുംകൂടി കൊള്ളയിലുണ്ടു്. കുറേ ലഹളക്കാരെ പിടിച്ചു. മററുള്ളവർ ഓടി. കിട്ടിയവരെക്കൊണ്ടു് സാമാനങ്ങൾ ഏററിച്ചു് മരാട്ടു് ഇല്ലത്തേക്കു് കൊണ്ടുവന്നു. എല്ലാവരേയും വിസ്തരിച്ചു. അറുപത്തിരണ്ടുപേരെ അവൻ പേരെടുത്തു പറഞ്ഞു. ഒട്ടക്കം അവരെ പേടിപ്പിച്ചു് തൽക്കാലം വിട്ടയച്ചു. ആകപ്പാടെ കൂട്ടം വിട്ടു ഒററക്കു് പിടിക്കപ്പെട്ടപ്പോൾ, അവർ വല്ലാതെ വിഡ്ഢികളായി. അന്നേക്കു് മൂന്നു ദിവസമായി ഊണും ഉറക്കവുമുണ്ടായിട്ടു്. രാത്രി നാലുമണിയായി. എങ്കിലും ഉടനെ എല്ലാവരും കൂടി അരീപ്രത്തു് ഇല്ലത്തേക്കു് പുറപ്പെട്ടു. പോകുന്നവഴി മണ്ണുഴി ഇല്ലത്തുകൂടിയാണു് പോയതു്. അവിടെയായിരുന്നു എന്റെ അമ്മ. ഞാൻ വിവരങ്ങൾ ചോദിച്ചറിഞ്ഞു. അപ്പോൾ അവിടെ ലഹളക്കാർ വന്നിരുന്നുവെന്നും അകത്തു കടന്നിട്ടില്ലെന്നും 2000 ൽ പരം ഉറുപ്പികയും സാമാനങ്ങളും കൊണ്ടുപോയി എന്നറിഞ്ഞു. ലഹളക്കാർ വന്നപ്പോൾ ഒരന്തർജ്ജനത്തിന്നു് പ്രസവ വേദനയായിരുന്നു. അരീപ്രത്തേക്കു് പോകുന്നുവെന്നും മടക്കത്തിൽ വരാമെന്നും പറഞ്ഞു അവിടെനിന്നും പുറപ്പെട്ടു. 7½ മണിയായപ്പോഴെക്കും അരീപ്രത്തെത്തി. ഇതു 9-ാംനു-രാവിലെയാണു്. കൂലിക്കാരും ദാസിമാരും എല്ലാവരുമുണ്ടു്. അവിടെ ചെന്നപ്പോൾ 825 ഓളം ലഹളക്കാരുമു

ണ്ട്. അവിട്ടത്തെ കുടിയാന്മാരും അട്ടത്തുള്ളവരുമാണ് ലഹളക്കാർ. നല്ല നല്ല പെട്ടികളും, കസേരകളും, ഭരണികളും മററും വെട്ടിപൊളിച്ചിരുന്നു. എണ്ണ, മണ്ണെണ്ണ, വെളിച്ചെണ്ണ മുതലായതെല്ലാം ആവശ്യമുള്ളതെടുത്ത് മററുള്ളത് നശിപ്പിച്ചിരുന്നു. പൂട്ടും, വാതിലും മററും കുത്തിപ്പൊളിച്ചിരുന്നു. മുപ്പതിനായിരത്തോളം പറ നെല്ലു പിരിവുള്ള ഒരു ജന്മിയാണദ്ദേഹം. കവർച്ച നടന്ന രാത്രി അന്തർജ്ജനങ്ങളും കുട്ടികളും ഒരു കാട്ടിലാണ് കഴിച്ചുകൂട്ടിയത്. പിറേറ ദിവസം പകലും കാട്ടിൽ കഴിച്ചുകൂട്ടി. ഏതായാലും ബാക്കിയുള്ള സാധനങ്ങളെടുത്ത് മരാട്ടേക്ക് തിരിച്ചു. അന്തർജ്ജനങ്ങൾക്ക് വസ്ത്രവും മററും നല്കി മരാട്ടേയ്ക്കയച്ചു. പോരുന്ന വഴി മണ്ണഴി വന്ന് അമ്മയേയും കൂട്ടി മരാട്ടെത്തി. നാലുദിവസം കഴിഞ്ഞിട്ടുകൂടി എനിക്ക് ഉറക്കം തുടങ്ങിയിട്ടില്ല.

ഞാൻ ഭഗവതീ സേവതുടങ്ങി. ഇടയിൽ ഒരു ദിവസം വാരിയൻ കുന്നത്തു് കുഞ്ഞഹമ്മദ് ഹാജിയും കൂട്ടരും മരാട്ട് വന്ന് 60 ക വാങ്ങിപ്പോയി. 1000 കയും മുന്നൂറുപറ നെല്ലും വെള്ളക്കാട്ടു ഭട്ടതിരി ലഹളക്കാർക്കു കൊടുത്തതു് 10-ാനു യാണ്. ഇങ്ങനെ കഴിഞ്ഞ് 16ാം ദിവസമാണ് പാണ്ടിക്കാട്ട് പട്ടാളം വന്നു എന്ന് കേട്ടതു്. ഉടനെ പുറപ്പെട്ട് കേമ്പിൽ ചെന്നു. അന്വേഷിച്ചപ്പോൾ പട്ടാളം വണ്ടൂർക്ക് പോയതായി പറഞ്ഞു. പട്ടാളം എത്തിയപ്പോൾ സമാധാനവുമായി. എങ്കിലും കാവൽ പിന്നേയും തുടന്നു. അതിന്നിടയിൽ ചെമ്പ്രശ്ശേരിപ്പള്ളിയിൽ അനേകായിരം മാപ്പിളമാർ കൂടിയിട്ടുണ്ടെന്ന് കേട്ടു. കുറച്ചു കഴിഞ്ഞപ്പോൾ ഒരുവൻ ഓടിവന്നു. 50 ലഹളക്കാർ അരനാഴിക ദൂരെ എത്തിയിട്ടുണ്ടെന്നു കേട്ടു. ആളെ അയച്ചന്വേഷിച്ചപ്പോൾ പട്ടാളക്കാർ തലേദിവസം നേരെയാക്കിയ പാലം

പൊളിക്കുകയാണെന്നും അറിഞ്ഞു. സാരമില്ലെന്നും കരുതി. അങ്ങിനെ പകൽ കഴിഞ്ഞു. രാത്രി 7½ മണിയായി. അപ്പോൾ ഏകദേശം 90 പേർ പടിക്കൽ വന്നു ഭക്ഷണം തരണമെന്നു ആവശ്യപ്പെട്ടു. ഇങ്ങനെ കുറേ കഴിഞ്ഞു. 9½ മണിയോളമായി. അപ്പോഴേക്കും പറമ്പിലും പാടത്തും മററും ചൂട്ടുകൾ കാണുകയും ലഹളക്കാർ ചുററുമുണ്ടെന്നു് മനസ്സിലാക്കുകയും ചെയ്തു. സകല വാതിലുകളും അടച്ചുപൂട്ടി. പൂളുതള്ളി ഭദ്രമാക്കി. കുട്ടികളും അന്തർജ്ജനങ്ങളും മിണ്ടുവാൻ കൂടി പാടില്ലെന്നു് ശട്ടം കെട്ടി. മരാട്ടു് ഇല്ലത്തെ മാളികയിൽ തോക്കും മററും സൂക്ഷിച്ചിരുന്നു. ചുററും നോക്കിയാൽ ചൂട്ടും പന്തവും കാണുന്നുണ്ടു്. കാവൽക്കാരെ വിളിച്ചു് പതുക്കെ വിവരങ്ങൾ ചോദിച്ചു. അപ്പോൾ പടിക്കലുള്ള വണ്ടിപ്പുരയിൽ വാരിയൻകുന്നത്തു് കുഞ്ഞഹമ്മദു് ഹാജിയുടെ ആൾക്കാർ 15 പേർ കിടക്കുന്നുണ്ടെന്നു് അറിഞ്ഞു. ഹാജി ഇന്നുവരുമെന്നു കൂടി അവർ പറഞ്ഞു. വിളക്കും മററും ധാരാളം കാണുന്നുണ്ടു്. ഏതായാലും രാവിലെ 4 മണിവരെ ഉറക്കം ഒഴിച്ചിരുന്നു. നേരം പുലന്നു. കാവൽക്കാരെ വാതിൽ തുറക്കാതെ വിളിച്ചു "പുറത്തിറങ്ങാമോ?" എന്നു ചോദിച്ചു. ആരും പോയിട്ടില്ലെന്നും അടുത്തുണ്ടെന്നും മനസ്സിലായി. അപ്പോഴെക്കും പുറത്തെ പറമ്പിൽ 1300 ഓളം ആൾക്കാരൊടൊത്തു് കുഞ്ഞഹമ്മദ് ഹാജിയും ചമ്പ്രകശ്ശേരി തങ്ങളും ഇരിക്കുന്നുണ്ടെന്നറിഞ്ഞു. അതാ രണ്ടു പേർ പടി കടന്നു വരുന്നു. പറമ്പിലിരിക്കുന്നവർക്കു് ഭക്ഷണത്തിന്നു് അരിയും ഉപ്പും മുളകും നാലു കാളകളും വെക്കാൻ ആളുകളും വേണമെന്നു പറഞ്ഞു. ഏതായാലും അവരെ ധൈര്യപൂർവ്വം ശകാരിച്ചയച്ചു. കാവൽക്കാരൻ ഒരു മാപ്പിളയെ വിവരമറിയുവാൻ

വിവരമറിയിച്ചു. 50 പേരുംകൂടി വീണ്ടും വന്നു. ഹാജി ക്ക് ഒരു ഷർട്ടും കോട്ടും ഒരു പട്ടയിന്മേൽ ചെറുതായ ഒരു വാളും ഒരു തോക്കും ഉണ്ട്. ഒരു തലേക്കെട്ടുമുണ്ട്. ഒരു കാക്കിമുണ്ടാണു് ചുററിയിരിക്കുന്നതു്. (കുഞ്ഞഹമ്മദ് ഹാജിയുടെ പട്ടാള ചിട്ടയിലുള്ള വേഷവിധാനം ശ്രദ്ധി ക്കുക—ഗ്രന്ഥകർത്താവ്). എന്നെ വെടിവെച്ചു കൊല്ലുണ മെന്നു് സങ്കടത്തോടെ പറഞ്ഞു. "ഞങ്ങളെ ഭയപ്പെട രുതു്. അന്തർജ്ജനങ്ങളും കുട്ടികളും വളരെയുണ്ടു്. നി ങ്ങൾ കൂട്ടം കൂടി കാണുമ്പോൾ അവർ എല്ലാം നിലവി ളിക്കും" എന്നൊക്കെ ഭയപ്പെട്ടു് നിലവിളിച്ചുകൊണ്ടു് പറഞ്ഞു. ഒടുവിൽ "ഹിന്ദുക്കളെ ഒന്നും കാണിക്കില്ലെ ന്നും ഭയപ്പെടേണ്ടെന്നും 15 പറ അരിയും 100ക. യും ഒരു പോത്തും പാത്രങ്ങളും വിറകും കൂട്ടാൻ വെക്കാനുള്ളതും ഇ പ്പോൾ കിട്ടിയേ തീരൂ" എന്നുമയാൾ പറഞ്ഞു. നിവൃത്തിയി ല്ലെന്നു കണ്ടപ്പോൾ അതെല്ലാം കൊടുത്തു. അപ്പോഴേക്കും ച മ്പ്രകശ്ശേരി തങ്ങളുടെ ഒരാൾ എന്റെ ഇല്ലത്തേക്കുവന്നു. കാര്യ സ്ഥൻ തങ്ങളെ കണ്ടു. തങ്ങൾ പാത്രം ചോദിച്ചു. അരിഅ യക്കണമെന്നും പറഞ്ഞു. അപ്പോൾ കാര്യസ്ഥൻ "മാരാട്ടു നിന്നും കൊണ്ടു പോയില്ലേ? അതുപോരെ?" എന്നു ചോദി ച്ചു. "അതു ഞമ്മക്കു വേണ്ട. മാരാട്ടു കാര്യം വേറെ, ആരെ ടാ, ആ മാരാട്ടു നമ്പൂതിരിപ്പാടിൻെറ സാമാനം മടക്കിക്കൊ ണ്ടു പോയികൊടുക്കു്" എന്നാജ്ഞാപിച്ചു. അപ്പോൾ കാ ര്യസ്ഥൻ "തങ്ങൾ അതു പറയരുതു്, സ്വന്തം വൈരം ഇ പ്പോൾ വേണ്ടാ, തങ്ങളിതു പറയരുതു്!" എന്നു പറ ഞ്ഞു. അപ്പോൾ തങ്ങൽ "ഒന്നുകിൽ 3000 ക. തരണം അ ല്ലെങ്കിൽ ഇല്ലം ഒഴിഞ്ഞു തരണം. അല്ലെങ്കിൽ വലിയ നമ്പൂ തിരയെയും, ചെറിയ നമ്പൂതിരിയേയും ഇങ്ങോട്ടു തന്നെ അയ ക്കണം. ഞങ്ങളും നമ്പൂതിരിയുമായി കുറെ ചണ്ടയാണെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടെ" എന്നു പറഞ്ഞു. കാര്യസ്ഥൻ

ഒന്നും മുണ്ടാതെ തിരിച്ചു പോന്നു. പിന്നെയും പല പഞ്ചായത്തും പറഞ്ഞു. ഒട്ടക്കം 1500 ക. മാരാട്ട് നമ്പൂതിരിമാർ രണ്ടുപേരും ഞാനും കൂടി കെട്ടിയെടുത്തു് ആ വലിയ മാപ്പിളക്കൂട്ടത്തിൽ കൊണ്ടുവന്നു. "ഈ യുദ്ധത്തിനായി തരുന്നു." എന്നു പറഞ്ഞു് അതു് കൊടുത്താൽ മാത്രം തമ്മിൽത്തീരാമെന്നു് സമ്മതിച്ചു. (ഇതൊരാഭ്യന്തരയുദ്ധമായിട്ടാണു് ലഹളക്കാർ കണക്കിലെടുത്തതെന്നതിന്നുള്ള ഒരു ദൃഷ്ടാന്തമാണിതു്—ഗ്രന്ഥകർത്താവു്.) ഒട്ടക്കം തങ്ങളും രണ്ടാളും കൂടി മരാട്ടു പടിയ്ക്കൽ വന്നു. നമ്പൂതിരിമാർ രണ്ടു പേരും, ഞാനും, കാര്യസ്ഥനും കൂടി പടിയ്ക്കലേയ്ക്കു ചെന്നു അടുത്തു ചെന്നപ്പോൾ ഞങ്ങളെല്ലാവരും കൂടി "രക്ഷിയ്ക്കണം!, രക്ഷിയ്ക്കണം!!" എന്നു പറഞ്ഞു കരഞ്ഞു തുടങ്ങി, അപ്പോൾ തങ്ങൾ പറഞ്ഞു: "നമ്പൂര്യശ്ശൻെറ സ്വന്തം മനസ്സാലല്ല കാര്യസ്ഥൻെറ ഉപദേശപ്രകാരമാണു്. അതുകൊണ്ടു് അയാളെ പടികടത്തരുതു്. സുഖക്കേടൊക്കെ തീർന്നു". ഇത്രയും പറഞ്ഞപ്പോൾ നമ്പൂതിരി 500 ക. അവർ നിർബ്ബന്ധിച്ച പ്രകാരം അവർക്കു് കൊടുക്കേണ്ടതായും വന്നു. പിന്നെയും തങ്ങൾക്കും 1000 ക. കൊടുത്തു. മാപ്പിളമാരെല്ലാം ആ ദേശത്തുനിന്നു് അന്നു പോയി. 18 ദിവസമായി ഞാൻ കുളിച്ചിട്ടും, ഉറങ്ങീട്ടും ഉണ്ടിട്ടും. നേരം അസ്തമിച്ചു. കുളിച്ചു ഊണു കഴിച്ചു് 9 മണിയ്ക്കു് കിടന്നുറങ്ങി. എഴുനേററതു് ഏഴു മണിയ്ക്കാണു്. പിന്നെ നാലഞ്ചു ദിവസം സമാധാനമായിക്കഴിഞ്ഞു. ഒരു ദിവസം പുലന്നപ്പോൾ പലേ വർഗ്ഗക്കാരുമായി 65-ൽ പരം ആളുകൾ സ്ത്രീകളും മററുമായി എൻെറ ഇല്ലത്തു വന്നിരിയ്ക്കുന്നു. വർത്തമാനം ചോദിച്ചപ്പോൾ വന്നിട്ടുള്ള നാസ്തികളും മററും പുരകത്തിയ്ക്കുകയാൽ ഓടി വന്നതാണെന്നു പറഞ്ഞു ഇന്നലെ രാത്രി 43 ആളുകളെ വെട്ടിക്കൊന്നിരിയ്ക്കുന്നുവെന്നും പറഞ്ഞു. പല പുരകളും കൊള്ള ചെയ്യിട്ടുണ്ടു്. ഇതു നടന്നതു

മാരാട്ടനിന്നും 3 നാഴിക ദൂരെയുള്ള തുവ്വൂരംശത്തിലാണു്. അവിടെ ശാന്തിക്കാരൻ എമ്പ്രാനെയും അനുജനേയും വെട്ടിക്കൊന്നു. ലഹളക്കാർ 50 ഹിന്തുക്കളെ പിടിച്ചു. അതിൽ 7 പേരെ വിട്ടു. ബാക്കിയുള്ള 43 പേരെ വെട്ടിക്കൊന്നു. തുവ്വൂർകിണർ അന്നു കുപ്രസിദ്ധമാണു്. ഒരുകിണററിലേക്കാണു് ആളുകളെ വെട്ടിത്തള്ളിയിരുന്നതു്. 7 പേർ ഓടിവന്നവരുടെ കൂട്ടത്തിലുണ്ടു്. വെട്ടിക്കൊല്ലുന്നതു കണ്ടവർ തന്നെയാണു് എന്നോടു പറഞ്ഞതു്. എൻെറ പരിഭ്രമം പതിരട്ടിച്ചു. എന്തു ചെയ്യണമെന്നു് വിവരമില്ലാതായി. പല ചിന്തകളും അങ്കുരിച്ചു. നാടുവിടണമെന്നു് പലരും അഭിപ്രായപ്പെട്ടു. എങ്ങോട്ടു പോകണമെന്നു വിവരമില്ലാതായി. ഈ വെട്ടിക്കൊന്നതും ലഹള നടന്നതും കന്നി 9–ാംനു- ഞായറാഴ്ചയാണു്. ഇതൊക്കെക്കഴിഞ്ഞു പിറെറ ദിവസം രാവിലെ ഊണു കഴിച്ചു പോരാൻ തീർച്ചയാക്കി. തിങ്കളാഴ്ച പകൽ ഒന്നരമണിയ്ക്കു പുറപ്പെട്ടു. (ആഭ്യന്തരയുദ്ധക്കാർ യുദ്ധപരിരിവും, ആയുധസംഭരണവും കൂടാതെ ഗവമ്മേണ്ടു കക്ഷിയിൽപ്പെട്ടവരെന്നു സംശയിച്ചിരുന്നവരെ വധിച്ചുതുടങ്ങിയതും അതോടെ സവർണ്ണർ നാടുവിട്ടുതുടങ്ങിയെന്നു മുമ്പു പ്രസ്താവിച്ചതും ലഹള ത്രികോണമത്സരമായി കലാശിച്ചതും ഓക്കുക — ഗ്രന്ഥകർത്താവു്). ഇല്ലത്തെ വക കച്ചീട്ടു് മുതലായ റിക്കാർഡുകളും, പരദേവതയുടെ വിഗ്രഹവുമെടുത്തു് മാരാട്ടു വന്നു. അവരും ഞങ്ങളോടു കൂടി പുറപ്പെട്ടു. 22 അന്തർജ്ജനങ്ങൾ, 23 നമ്പൂതിരിമാർ, 12 കുട്ടികൾ, 200 ഓളം മററുള്ള ഹിന്ദു സ്ത്രീകൾ — ഇങ്ങനെ ഒരു സംഘമായി പുറപ്പെട്ടു. 25,000 പറ നെല്ലു പിരിവുള്ള നമ്പൂതിരിയാണു് മാരാട്ടനമ്പൂതിരി. സകലരും, സർവ്വസ്വവും ഉപേക്ഷിച്ചു് പോകയാണു്. യാതൊരുത്തക്കും യാതൊരു സഹായവുമില്ല. ഞങ്ങൾ പാണ്ടിക്കാട്ടുള്ള പട്ടാളത്തിൻെറ ക്യാമ്പിൽ വന്നു. ഞങ്ങളുടെ തോക്കു് ഡെപ്പോ

സിററു വെയ്ക്കുവാൻ ആവശ്യപ്പെട്ടു. സായ്പ് (ഇംഗ്ലീഷു കാർ) ഞങ്ങളെയെല്ലാം വന്നു കണ്ടു. വളരെ അനുകമ്പാപൂർവ്വം "ഇന്നു 3½ മണിയാകയാൽ നാളെയേ പോകുവാൻ പാടുള്ളൂ" എന്നു പറഞ്ഞു. ഇന്നിന്ന വഴിയ്ക്കു പോകരുതെന്നും ഉപദേശിച്ചു. ഞങ്ങൾക്കു ഭക്ഷണ സൌകര്യവും ചെയ്തുതന്നു. പിറേറദിവസം രാവിലെ 10 നാഴിക നടന്നു മഞ്ചേരി എത്തി. ഞങ്ങളുടെ കൂടെ 25 റിസർവ്വ് പോലീസിനെ സായ്പ് അയച്ചുതന്നു. മഞ്ചേരിൽ ഞങ്ങൾക്കുവേണ്ടതായ സൌകര്യങ്ങൾ ഗവമ്മെണ്ടിൽനിന്നു ഞങ്ങൾക്കുകിട്ടി. തുക്കിടി സായ്പ്, ക്യാപ്ടൻ, അസിസ്റ്റന്റ് സൂപ്രണ്ട്, സക്കിൾ ഇൻസ്പക്ടർ മുതലായവർ ഞങ്ങളുടെ അടുക്കൽ വന്നു. ഭയപ്പെടേണ്ടന്നും, ഗവമ്മെണ്ട് ഭക്ഷണസൌകര്യം ഏപ്പെടുത്തിയിട്ടുണ്ടെന്നും, വേഗം ഊണു കഴിക്കണമെന്നും മററും പറഞ്ഞു. ഞങ്ങൾ അന്നവിടെ താമസിച്ചു. പിറേറ ദിവസം ഊണുകഴിച്ചു പുറപ്പെട്ടു. ബുധനാഴ്ച വൈകുന്നേരം കോട്ടയ്ക്കലെത്തി. ആദരപൂർവ്വം കോട്ടയ്ക്കൽ കോവിലകത്തുനിന്നു സകല സൌകര്യവും ചെയ്തുതന്നു. പിറേറ ദിവസം – വ്യാഴാഴ്ച – രാവിലെ, അവിടെ നിന്നും തിരൂരെത്തി. കോട്ടയ്ക്കൽ വക ഊട്ടിൽ എല്ലാവക്കും സൌകര്യമുണ്ടായിരുന്നു. അന്നു വൈകുന്നേരം ഞാൻ താമസിച്ചതു് അടുത്തുള്ള വന്നേരിയുടെ ഇല്ലത്താണ്. തിരൂരിൽ നിന്നു എല്ലാവരും കൂടി ഷൊർണ്ണൂർ വഴി ഒല്ലൂരിൽ തീവണ്ടി ഇറങ്ങി. അന്തജ്ജനങ്ങൾക്കു പ്രത്യേകമായി ഒരു കമ്പാർട്ടുമെൻറു് ഏപ്പാടു ചെയ്തു തന്നിരുന്നു. അതിൽ കുട്ടികളേയും, അന്തർജ്ജനങ്ങളെയും മററും കയററി. സഹായത്തിന്നായി ഷൊർണ്ണൂർ വന്നതും, കൊച്ചിവണ്ടിയിൽ കയററി അയച്ചതും മററും വന്നേരി അനിയൻ നമ്പൂതിരിയാണ്. ചെറുവത്തൂർ വക ഒരൊഴിഞ്ഞ ഇല്ലത്താണ് അരീപ്പുത്തുകാർ താമസിക്കുന്നതു്. മാരാട്ടു നമ്പൂതിരിയും

പൂല്ലൂരും മററും താമസിയ്ക്കുന്നതു് വെള്ളാംപറമ്പിലാണു്. എന്റെ കുടുംബം പഴയേടത്തിന്റെ ഇല്ലത്താണു്. അവിടെയാണു് പലരും പാക്കുന്നതു്. ഇതാണു് എൻെറ അനുഭവമായ പരമാർത്ഥം. എൻെറ ചാർച്ചക്കാരും, സ്നേഹിതന്മാരുമായി പലരും നാട്ടിലുള്ളതിനാൽ ഗവമ്മെണ്ടനുവാദത്തോടുകൂടി കന്നി 20-നു ഞാൻ നാട്ടിലേയ്ക്കു പോകുന്നു. അധികവിവരം അടുത്തതിൽ ചേക്കുവാൻ ഞാൻ പോയിവരുന്ന പക്ഷം സാധിയ്ക്കുന്നതാണു്. (യോഗക്ഷേമം, പുസ്തകം 12, ലക്കം 3)

മേൽക്കൊടുത്ത സ്വാനുഭവവിവരണത്തിൽ നിന്നു് ലഹളയുടെ വ്യക്തമായ ഒരു ചിത്രം വായനക്കാക്കു ലഭിച്ചുവല്ലോ. ലഹള തുടങ്ങിയ ഉടനെ ഞാൻ ജയിലിലിലടയ്ക്കപ്പെട്ടുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. അതിനാൽ പുറത്തുനടന്ന ലഹളയുടെ വ്യക്തമായ ഒരു ചിത്രം വായനക്കാക്കു നല്ലാൻ വേണ്ടി ഞാൻ നിരവധി അനുഭവസ്ഥരെ നേരിട്ടു കണ്ടു സംസാരിയ്ക്കുകയും, വളരെയധികം രേഖകൾ പരിശോധിയ്ക്കുകയും ചെയ്തതിൽ ഏററവും ഉചിതമായിട്ടുള്ളതാണു് മേലുദ്ധരിച്ചതു്. ഈ ലേഖനത്തിൽ ലഹളയുടെ ആദ്യസ്വഭാവത്തെയും, പിന്നീടുള്ള ത്രികോണമത്സരത്തേയും സവണ്ണരുടെ നാടുവിടലിനേയും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടു്. വളരെയധികം നമ്പൂതിരി പ്രഭുകുടുംബങ്ങളിൽ ലഹളക്കാർ കയറിച്ചെന്നതും, അവരുടെ പെരുമാററവും വേണ്ടത്ര വ്യക്തമായിട്ടുണ്ടു്. ലഹളക്കാർ നമ്പൂതിരി ഇല്ലങ്ങളിൽ കണ്ണുവെച്ചതു് ആഭ്യന്തരയുദ്ധഫണ്ടു പിരിവിന്നും, ആയുധശേഖരണത്തിന്നുമാണു്. തോക്കും പണവുമാണവർ ആവശ്യപ്പെട്ടതു്. പിന്നീടു വന്ന വഴിത്തിരിവോടു കൂടിയാണു് അവർ ഉഗ്രരംശത്തിൽ കൂട്ടക്കൊല നടത്തിയതു്. ശത്രുപക്ഷത്തിലാണെന്ന സംശയമാണു് അതിന്നവരെ പ്രേരിപ്പിച്ചതു്.

സവർണ്ണ ഹിന്ദുക്കൾ നാട്ടവിട്ട തുടങ്ങി. അതോടെ ലഹ ളക്കാരുടെ ശ്രദ്ധ അവർണ്ണ ഹിന്ദുക്കളിൽ പതിച്ചു.

## ലഹളയുടെ മട്ടമാറുന്നു:

"മലബാറിലെ ലഹളയുടെ പ്രകൃതത്തിന്നും വലുതായൊരു മാററം ഈ ആഴ്ചയിൽ വന്നിട്ടുണ്ടെന്നു് പറയാതെ തരമില്ല. ഗവർമ്മേണ്ടു് ലഹളക്കാരോട് പ്രയോഗിക്കുന്ന നയവും മാറിയിട്ടുണ്ടു്. ഗവർമ്മേണ്ടു് പട്ടാളത്തെ അധികം വരുത്തിയിട്ടുണ്ടു്. പുതിയ യുദ്ധ സാമഗ്രികളും ലഹളക്കാരോടുള്ള പെരുമാററത്തിൽ പുതിയ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ടെന്നുമാണു് കാണുന്നതു്. വൈസ്രോയിയുടെ കാര്യാലോചന സഭയിലെ (Executive Council) ഒരു പ്രധാന അംഗമായ സർ വില്യം വിൻസന്റ് (Sir William Vincent) കോഴിക്കോട്ട വന്നു് ലഹളയുടെ സ്വഭാവം നേരിട്ട കണ്ടുമനസ്സിലാക്കുന്നുണ്ടു്. അപരാധികളെ കുററത്തിൻെറ ഗൌരവം അനുസരിച്ചു് ശിക്ഷിക്കുവാൻ പട്ടാളസമ്പ്രദായ കോടതികൾ വെക്കുവാൻ പോകുന്നതായും കാണുന്നുണ്ടു്. ലഹളക്കാരാണെങ്കിൽ ജീവനെ വകവെയ്ക്കാതെ പല ക്രൂരകൃത്യങ്ങളും പട്ടാളത്തിൻെറ മുമ്പിൽ വെച്ചു് ചെയ്യുന്നുണ്ടു്. നശിക്കുന്നതിന്നനുസരിച്ചു് അവരുടെ സംഖ്യ വർദ്ധിക്കുന്നതായി പല സംഭവങ്ങളും പ്രത്യക്ഷപ്പെടുന്നുണ്ടു്. മലബാർ ജില്ലയുടെ തലസ്ഥാനമായ കോഴിക്കോട്ട പട്ടണത്തിൻെറ 5ഉം 6ഉം നാഴികക്കുള്ളിലായി മൂന്നു ഭാഗവും ലഹളക്കാർ സംഘം ചേർന്നു നടക്കുന്നുണ്ടെന്നും, പലവിധമായ ആക്രമണങ്ങളും കൊള്ളകളും നടത്തുന്നുണ്ടെന്നുമാണു് കാണുന്നതു്. ലഹളക്കാരോടു് വെറുപ്പു കാട്ടുന്നവരും, ഗവർമ്മേണ്ടു് ഭക്തികാണിക്കുന്നവരായ മാപ്പിളമാർ തന്നെ മാപ്പിളമാരോട് പൊതുവിൽ ഗവർമ്മേണ്ടും ഹിന്ദുക്കളും മററും പെരുമാറുന്ന സമ്പ്ര

ദായത്തിൽ അത്ര ഇഷ്ടപ്പെടാതെ ക്ഷോഭിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടില്ലെന്നു് പറഞ്ഞുകൂടാ. കോഴിക്കോട്ടും, പൊന്നാനിയിലുമുള്ള ലഹളക്കാർ വിവേകത്തോടെ പെരുമാറിയവരാണെങ്കിലും അവരും അവിവേകികളായി പോകുമോ എന്നു് പലരും സംശയിക്കുന്നുണ്ടു്........................

പുറമെയുള്ള മാപ്പിളമാർ ഏറനാട്ട മാപ്പിളമാരെ കുററം പറയുന്നുണ്ടെങ്കിലും മാപ്പിളമാരെന്നു പറഞ്ഞാൽ ആ സമുദായം മുഴവൻ ലഹളക്കാരാണെന്നു് സങ്കല്പിച്ചു് ചെയ്യുന്ന പ്രതിബന്ധങ്ങളെ പററി ആക്ഷേപം ചെയ്യുന്നുണ്ടു്......

ലഹളസ്ഥലങ്ങളിൽ നിന്നു് ഓടി രക്ഷപ്രാപിക്കുന്ന ഹിന്തുക്കൾക്കു് മററുള്ള സഹായം, ലഹളസ്ഥലങ്ങളിൽ പട്ടിണികിടന്നു കുഴങ്ങുന്ന മുസൽമാൻ സ്ത്രീകളുടേയും കുട്ടികളുടേയും നേരെ കാണിക്കാത്തതിനെപ്പററി പത്രങ്ങളിൽ എഴുതികാണുന്നുണ്ടു്." (യോഗക്ഷേമം പുസ്തകം 12, ലക്കം 6).

## ത്രികോണമത്സരം മർദ്ദനനടപടികൾ മുറുകിയപ്പോൾ

ഉണ്ണിക്കുട്ടിയുടെ ദാരുണമായ അനുഭവങ്ങൾ:

[വേങ്ങര ഉണ്ണിക്കുട്ടി എന്ന ആൾ അനുഭവിച്ച കഷ്ടപ്പാടുകളെപ്പററി അയാൾ "മിതവാദി"യിൽ എഴുതിയതിന്റെ ചുരുക്കം.]

"ഏറനാട്ടിൽ വേങ്ങര അംശക്കാർ വലിയ കഷ്ടപ്പാടുകൾ സഹിച്ചവരാണ്. ലഹളയുടെ ആദ്യഘട്ടങ്ങളിൽ ഒരിളക്കം ഇവിടങ്ങളിൽ ഉണ്ടായി. പിന്നീട് കുറേദിവസം ശാന്തമായിരുന്നു. ഈ നവമ്പർ ആദ്യം മുതൽ ലഹള വീണ്ടും തുടങ്ങി. 6-ാംനു- ആയപ്പോഴേക്കും പരസ്യമായി വെട്ടിക്കൊല്ലൽ കൂടി തുടങ്ങി. 7-ാംനു- രാത്രി അടുത്തുള്ള അനേകം കുടുംബക്കാർ— കുട്ടികളും, വൃദ്ധന്മാരും, സ്ത്രീകളും, പുരുഷന്മാരും മററുംകൂടി 125 ഓളം പേർചേന്നു് ഒരു സംഘമായി അരിയല്ലൂക്കു് പുറപ്പെട്ടു. മാപ്പിളമാർ കണ്ടെങ്കിലോ എന്നായിരുന്നു വലിയ ഭയം. കുട്ടികൾ വല്ലാതെ കരയുന്നുമുണ്ടു്. ആ സമയത്തു് ഇരുട്ടത്തു് പോകുന്നതിനേക്കാൾ ഭയമായിരുന്നു മാപ്പിളമാരെ. എടുക്കാനാവുന്ന സാധനങ്ങൾ എല്ലാം എടുത്തിട്ടുണ്ടു്. അങ്ങിനെ കുറേപോയി പനമ്പുഴ കടവുവരെ എത്തി. അപ്പോൾ മുൻഭാഗത്തുള്ളവരിൽനിന്നും, "അയ്യോ, കൊല്ലരുതേ, കൊല്ലരുതേ!!!" എന്ന നിലവിളി കേൾക്കുന്നു. ഞാൻ ഏകദേശം സംഘത്തിൻെറ മദ്ധ്യത്തിലായിരുന്നു. ഇതുകേട്ടപ്പോളാണ് 150 ഓളം മാപ്പിളമാർ മുൻവശത്തുനിന്നു് ആക്രമണം തുടങ്ങിയിരിക്കുന്നുവെന്നു് അറിഞ്ഞതു്. ഞങ്ങൾ പിൻതിരിഞ്ഞു് ഓട്ടം തുടങ്ങി. അപ്പോഴേക്കും പിൻ വശത്തുനിന്നു് ആക്രമണം തുടങ്ങി. സ്ത്രീയെന്നോ, വൃദ്ധനെന്നോ, കുട്ടിയെന്നോ, ഭേദമില്ലാതെ വെട്ടിത്തുണ്ടമാക്കിയിരുന്നു. വെട്ടുകൊണ്ടു ചാവാനാകാതെ നിലവിളിക്കുന്നവരുടെ നിലവിളി കേൾക്കവയ്യ. "നായിൻെറ മക്കളേ, എങ്ങോട്ടാ പോകുന്നതു്, വെട്ടിക്കളയിനെടാ" എന്നു് അട്ടഹസിക്കുന്നു. വെട്ടുന്ന കൂട്ടത്തിൽ തലയ്ക്കും കഴുത്തിനും കൈപ്പടത്തിനും ഓരോവെട്ട് എനിക്കും കൊണ്ടു. അതോടുകൂടി ഞാനും ഓടി. കുട്ടികളുടേയും സ്ത്രീകളുടേയും ആയി അനേകം മൃതദേഹത്തിൽ കൂടിയാ

ണ് ഞാൻ ഓടിയതു്. 100 പേരിൽ കുറയാതെ ചത്തുവീണു. എല്ലാവരുടേയും പണ്ടവും പാത്രവും പണവും കൊണ്ടുപോയി. മരിയ്ക്കാത്തവർ പിടഞ്ഞു കരയുന്നു. നിരത്തിൽ ചോരപ്രളയം തന്നെ. ഓടുമ്പോൾ എനിക്കു് ബോധമില്ല. ഞാൻ അടുത്തുള്ള പുഴയിൽ ചാടി ചാവാനൊരുങ്ങി. ഞാൻ ഭ്രാന്തുപിടിച്ചു് ഒരു ചാട്ടം ചാടി. പക്ഷെ വീണദിക്കിൽ നിലയുണ്ടു്. തണുപ്പു കിട്ടിയപ്പോൾ എനിക്കും കുറച്ചു തന്റേടംവന്നു. ഉടനെ ഞാൻ കയറി കരപററി. ആവഴി ഞാൻ പരപ്പനങ്ങാടിവന്നു. ഞാൻ അവിടെ കിടന്നു. നാട്ടുകാരനായ കാവൽക്കാർ എന്നെ കോഴിക്കോട്ടു് ആസ്പത്രിയിൽ കൊണ്ടുവന്നു കിടത്തി. ഇപ്പോൾ ഞാൻ ആശുപത്രിയിലാണു്''. (യോഗക്ഷേമം പുസ്തകം 12, ലക്കം 6).

## ഉപസംഹാരം

മാപ്പിളമാർ അനുഭവിച്ച ദുരിതങ്ങൾക്കു് കയ്യും കണക്കുമില്ല. അതിൻെറ സൂക്ഷ്മ വിവരം മനസ്സിലാക്കുവാൻ വിഷമമാണു്. അവരെ ഒന്നാകെ നിയമഭ്രഷ്ടരാക്കിയിരുന്നു. പട്ടാളക്കാരും പോലീസുകാരും അവരുടെമേൽ നടത്തിയിരുന്ന ക്രൂരകൃത്യങ്ങൾ പൈശാചികമായിരുന്നു. അതൊന്നും ഗവമ്മേണ്ടു റിക്കാർഡുകളിലോ, അന്നത്തെ പ്രസിദ്ധീകരണങ്ങളിലോ വിവരിച്ചു കാണുന്നില്ല. അന്വേഷണത്തിൽ യഥാർത്ഥവിവരം ആരും പറയുന്നുമില്ല.

അതിൽ മകുടംവെക്കുന്നതാണു് വാഗൻട്രാജഡി. 1921 നവമ്പർ 17-ാംനു ഒരു വാഗൺ നിറയെ തടവുകാരെ കയററി അടച്ചു പൂട്ടി തിരൂരിൽ നിന്നു് ഒരു തീവണ്ടി തെക്കോട്ടു പുറപ്പെട്ടു. കുടിക്കുവാൻ വെള്ളമോ ശ്വാസിക്കുവാൻ വായുവോ അവക്കു് കൊടുത്തിരുന്നില്ല. വണ്ടിനിന്ന ദിക്കിലെല്ലാം അവർ വെള്ളത്തിന്നു് നിലവിളി കൂട്ടിയതു് പുറമെ നിന്നവർ കേട്ടിണ്ടു്: പട്ടാളക്കാവലോടു കൂടിനില്ക്കുന്ന വണ്ടിയുടെ അടുത്തേക്കാരും അടുക്കുകയില്ല. ഒലവക്കോട്ടു സ്റ്റേഷനിൽ വണ്ടി സ്വല്പസമയം നിന്നു. അപ്പോഴും അവരുടെ മുറവിളി കേട്ടിരുന്നു. വണ്ടിതുറക്കുകയോ. വെള്ളം കൊടുക്കുകയോ ചെയ്തില്ല. നിർജ്ജീവ സാധനങ്ങളെ കയററികൊണ്ടു പോകുന്ന അങ്ങിനെയുള്ള വേഗനിലായിരുന്നു അവരെമൂട്ടിക്കെട്ടി കൊണ്ടുപോയിരുന്നതു്. ഈരണ്ടുപേരെക്കൂട്ടി കയ്യിന്മേൽ ആമം വെച്ചിരുന്നു. പോത്തന്നൂരിലെത്തിയപ്പോഴേക്കും നിലവിളിയുടെ ഒച്ച കേൾക്കാതായി. വണ്ടിയുടെ വാതിൽ തുറന്നപ്പോൾ അതിൽ മുക്കാൽഭാഗം പേരും ചത്തിരുന്നു. ബാക്കിയുള്ളവക്കു് ബോധംക്ഷയിച്ചുമിരുന്നു. ഒരു നൂറിലധികംപേർ ഇതിലുണ്ടായിരുന്നു. മരിച്ചവർ ദാഹിച്ചു് തൊണ്ട വരണ്ടു് ശ്വാസംമുട്ടി പല മരണ സഞ്ചാരങ്ങളും കാണിച്ചിരുന്നു. അന്യോന്യം കടിച്ചും മാന്തിയും മൃതദേഹം വികൃതങ്ങളായിരുന്നു. ശേഷിച്ചവരെ മരിച്ചവർ കടിച്ചു മാന്തി പൊട്ടിച്ചിരുന്നു.

ഈ ക്രൂരകൃത്യത്തിന്നു് ഉത്തരവാദിയായയവരെ തൂക്കികൊല്ലണമെന്നുപോലും ഇംഗ്ലണ്ടിലെ ചില ദിനപത്രങ്ങൾ

അഭിപ്രായപ്പെട്ടു. നമ്മുടെ നാട്ടിൽ അതിന്നു് ഗൌരവം കൊടുത്തതു് മതിയായിട്ടില്ല.

മേൽപ്പറഞ്ഞ വാഗൺ സംഭവത്തിൽ പെട്ട ഒരാൾ ഇന്നും പട്ടാമ്പിയിൽ ജീവിച്ചിരിപ്പുണ്ടു്. കളത്തുംപടി മൊയ്തുട്ടി എന്നാണയാളുടെ പേർ.



UNIVERSITY LIBRARY
APR 2003
CHENNAI-600 005
284414
V215:1:N21
32165

Printed at:
SAVIO PRINTING WORKS, AMALAPURI, KOZHIKODE-1.

2/12/70

PRINTED AT
THE SAVIO PRINTING WORKS, AMALAPURI, CALICUT-1